
# ബളാൽ ഗ്രാമ പഞ്ചായത്ത്

## സമഗ്ര വികസന രേഖ 1996







INDEX

| WARD NO | NAME OF WARD |
|---|---|
| 1 | കിടഞ്ഞോട് |
| 2 | കുണ്ടൻ ചിറ |
| 3 | ആനക്കൽ |
| 4 | ചെട്ടാൻ |
| 5 | ആനമഞ്ഞ |
| 6 | പുളിക്കൂ |
| 7 | മർഘ്യാസ് |
| 8 | മാലോം |
| 9 | ഞാണങ്കാട് |
| 10 | പുടോംകടവ് |

— — PANCHAYAT BOUNDARY
—— WARD BOUNDARY



151-3




# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ബളാൽ ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസന രേഖ

1996 ഡിസംബർ 3 ന് ബളാൽ ഗവ.ഹൈസ്കൂളിൽ വെച്ച് അവതരിപ്പിച്ചത്.




ഒമ്പതാം പദ്ധതി ജനകീയ വൽക്കരിക്കുന്നതിന്റെ ഭാഗമായി 'അധികാരം ജനങ്ങളിലേക്ക്' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിലാക്കി വരുന്ന 'ജനകീയ ആസൂത്രണപ്രസ്ഥാനം' ഏറെ ജനശ്രദ്ധ നേടിക്കഴിഞ്ഞുവല്ലോ. പരിമിതമായ സമയത്തിനുള്ളിൽ ഗ്രാമസഭാറിപ്പോർട്ടുകൾ കോർത്തിണക്കി തയ്യാറാക്കിയിരിക്കുന്ന ഈ വികസന രേഖ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ജനസമക്ഷം സമർപ്പിക്കട്ടെ.

ബളാൽ പത്രാധിപസമിതി

3.12.1996

ജില്ലാ റിസോർസ് ഗ്രൂപ്പ്

എ.വി.ചന്ദ്രൻ വി.എം ഷാഹുൽ ഹമീദ്
(പ്രസിഡൻറ് (കൺവീനർ ജനകീയാസൂത്രണസമിതി )
ബളാൽ ഗ്രാമപഞ്ചായത്ത്)
പി.കെ.വർഗ്ഗീസ് മാസ്റ്റർ കെ.അമ്പാടികുഞ്ഞി
ടി.കെ.എവുജിൻ ഷാജി മാത്യു
ടി.പി.എം.നൂറുദ്ദീൻ പി.മുകുന്ദൻ
പി.മോഹനൻ സി.വി.ബാലകൃഷ്ണൻ
പി.കുഞ്ഞികൃഷ്ണൻ നായർ



ഇന്ത്യയുടെ ആത്മാവ് കുടികൊ
ള്ളുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമങ്ങൾ സ്വ
യം പര്യാപ്തമായാലേ ഇന്ത്യയുടെ സമ
ഗ്ര പുരോഗതി സാധ്യമാകൂ.

## *അധികാരം ജനങ്ങളിലേക്ക്*

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ബളാൽ ഗ്രാമ പഞ്ചായത്ത്
## സമഗ്ര വികസന രേഖ




നാം ചെലവ് ചെയ്യുന്ന ഓരോരൂപയിലും
15 പൈസ മാത്രമാണ്
യഥാർത്ഥ ഗുണഭോക്താവിന് എത്തിച്ചേരുന്നത്


## മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



ബി.എം.കുഞ്ഞിരാമൻ നായർ



സി.കുഞ്ഞിക്കണ്ണൻ നായർ



പി.വി.മൈക്കിൾ




വി.നാരായണൻ നായർ
(ഇപ്പോഴത്തെ കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈ.പ്രസിഡൻറ്)

# ഇപ്പോഴത്തെ ഭരണ സമിതി



എ.വി.മാത്യു
(വൈ.പ്രസിഡൻറ്)



എ.വി.ചന്ദ്രൻ
(പ്രസിഡൻറ്)



പെണ്ണമ്മ ജോൺ
(സ്റ്റാൻറിംഗ് കമ്മറ്റി
ചെയർപേർസൻ)



എൻ.പി.മുഹമ്മദ് കുഞ്ഞി



അരിങ്കല്ല് ശങ്കരൻ



ടെസ്സി ഡൊമനിക്



രാജു കട്ടക്കയം



പി.വി.മൈക്കിൾ



തങ്കമ്മ ജെയിംസ്



രാധാകുഞ്ഞികൃഷ്ണൻ

# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തു മെമ്പർമാർ



ജോസ് കൊട്ടാരം
(ബളാൽ ഡിവിഷൻ)



എൻ.ടി.മാത്യു
(മാലോം ഡിവിഷൻ)

## ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരങ്ങൾ
3. സാമൂഹ്യ-സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി -വനം
5. വികസന മേഖലകൾ

5-1. കൃഷിയും ജലസേചനവും

5-2. മൃഗസംരക്ഷണവും മത്സ്യകൃഷിയും

5-3. വിദ്യാഭ്യാസം

5-4. കുടിവെള്ളവും പൊതുജനാരോഗ്യവും

5-5. വ്യവസായം

5-6. സാമൂഹ്യക്ഷേമവും പാർപ്പിടവും

5.7 സംസ്കാരം

5-8. വനിത

5-9. സഹകരണസംഘങ്ങൾ

5-10. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

5-11. ഗതാഗതം ഊർജ്ജം, മാർക്കറ്റ്

5-12. വിഭവസമാഹരണം.

5-13. ടൂറിസം

6. ഉപസംഹാരം
7. പഞ്ചായത്തിലെ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

# ആമുഖം

മഹത്തായ സംസ്കാരത്തിന്റെ പാരമ്പര്യമുള്ള നാടാണ് ഭാരതം ഇരുനൂറ് വർഷത്തെ വിദേശാധിപത്യം രാജ്യത്തെ സാമ്പത്തികമായി തളർത്തി. അജയ്യ ശക്തിയായിരുന്ന ബ്രിട്ടീഷ് കാർക്കെതിരെ ഇൻഡ്യൻ ജനത നടത്തിയ സ്വാതന്ത്ര്യ സമരം ഐതിഹാസികമായിരുന്നു. ഇന്ത്യ സ്വതന്ത്രയായിട്ട് അര നൂറ്റാണ്ട് തികയാൻ പോവുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ ശോഭനമായ ഭാവിയെപ്പറ്റി നമ്മുടെ രാഷട്ര പിതാവായ മഹാത്മാ ഗാന്ധിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഗ്രാമങ്ങൾ സ്വയം പര്യാപ്തമയാലേ ഇന്ത്യയുടെ സാർവ്വത്രിക പുരോഗതി സാധ്യമാകുയെന്ന് ആ ക്രാന്തദർശി മനസിലാക്കിയിരുന്നു. ഇന്ന് നടപ്പിലാക്കിയിട്ടുള്ള ത്രിതല പഞ്ചായത്ത് സംവിധാനം ഗ്രാമങ്ങളുടെ സമഗ്ര വികസന പ്രക്രിയയിലെ സുപ്രധാന നാഴികക്കല്ലാണ്. 73, 74 ഭരണ ഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത്രാജ് സംവിധാനം ഇന്ത്യൻ ഭരണ വ്യവസ്ഥയിലെ അവിഭാജ്യ ഘടകമായിത്തീർന്നിരിക്കുകയാണ്. വനിതകൾക്കും പട്ടിക ജാതിക്കാർക്കും അർഹമായ പ്രാതിനിധ്യം ഈ ഭരണ ഘടനാ ഭേഗദഗതികൾ ഉറപ്പു വരുത്തി. പഞ്ചായത്തിൽ പട്ടിക വിഭാഗത്തിൽപെട്ട ശ്രീ. എ. വി. ചന്ദ്രനെ പ്രസിഡൻറാക്കാൻ കഴിഞ്ഞത് ഇതിന്റെ ഫലമാണ് . പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആസൂത്രകനായ നമ്മുടെ മുൻ പ്രധാന മന്ത്രി ദിവംഗതനായ ശ്രീ രാജീവ് ഗാന്ധിയോടുള്ള ആദരവ് ഈ അവസത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇന്ത്യയുടെ സത്വര വികസനത്തിനു വേണ്ടി നാം പഞ്ചവൽസര പദ്ധതികൾ ആവിഷ്ക്കിരച്ച് നടപ്പിലാക്കി. രാഷ്ട്രത്തെ പുരോഗതിയുടെ പാതയിലേക്ക് നയിക്കാനും ജന ലക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്താനും ഒരു പരിധിവരെ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ആസൂത്രണം ഇക്കാല മത്രയും ഉന്നതങ്ങളിൽ നിന്നു താഴോട്ടായിരുന്നു. ഗ്രാമങ്ങളുടെ പൊതു സ്ഥിതിയോ ജനങ്ങളുടെ ആശയാഭിലാഷങ്ങളോ കണക്കിലെടുത്തിരുന്നില്ല. അധികാരം കേന്ദ്രീകൃതമായിരുന്നു. പരസ്പര ബന്ധമില്ലാത്ത ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനം വികസന പ്രക്രിയയെ തടസ്സപ്പെടുത്തി. ആസൂത്രണത്തിലോ നടത്തിപ്പിലോ ജനങ്ങൾക്ക് പങ്കാളിത്തം ഇല്ലായിരുന്നു. തൽഫലമായി കാർഷിക വ്യവസായിക മേഖലകളിൽ മാന്ദ്യമുണ്ടായി. ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളിൽ ഗണപരമായ നേട്ടമുണ്ടായെങ്കിലും ഗുണപരമായി പിന്നോട്ടുപോയി. ( നിലവാരത്തകർച്ചയുണ്ടായി. )

ഒൻപതാം പഞ്ചവൽസര പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. സ്വാഗതാർഹമായ ഒരു തീരുമാനമാണിത്. വികേന്ദ്രീകരണവും

ജന പങ്കാളിത്തവുമാണ് ജനകീയാസൂത്രണത്തിന്റെ മുഖ മുദ്ര. സമൂഹത്തിലെ എല്ലാത്തുറകളിലുമുള്ളവർ കക്ഷി രാഷ്ട്രീയ ജാതി മത ഭേദമന്യേ ആസൂത്രണ പ്രക്രിയയിൽ പങ്കു കൊള്ളുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. പ്രശ്നങ്ങളും സാധ്യതകളും ജനങ്ങൾ കണ്ടെത്തുന്നു. അധികാരം ജനനങ്ങൾക്കാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് നാം എത്തിച്ചേർന്നു കഴിഞ്ഞിരിക്കുന്നു. ജനകീയ അധികാര കേന്ദ്രമായി ഗ്രാമ സഭ മാറിക്കഴിഞ്ഞു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 40% വരെയുള്ള തുക എങ്ങിനെ ഉപയോഗിക്കണമെന്ന് ജനങ്ങൾ തന്നെ തീരുമാനിക്കുന്നു. പഞ്ചായത്ത് ഭരണ സമിതിക്ക് മാത്രമായി വികസന പ്രക്രിയ വിജയകരമായി പ്രവർത്തികമാക്കാൻ കഴിയില്ല. ജനങ്ങളുടെ കൂട്ടായ്മ ഗ്രാമങ്ങളുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അധ്വാന ശീലരും അർപ്പണ ബോധമുള്ളവരുമാണ് ബളാൽ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ. ഏറ്റവും വലിയ വിഭവ ശേഷിയായ ജനശക്തിയെ ഉത്തേജിപ്പിച്ച് നമ്മുടെ പഞ്ചായത്തിനേയും തദ്ദ്വാര രാജ്യത്തേയും നമുക്ക് അഭിവൃദ്ധിയിലേക്ക് നയിക്കാം. നാടിന്റെ നാനാ ഭാഗത്തും ഇന്നു കാണുന്ന റോഡുകൾ പോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിന്നിൽ ജനങ്ങളുടെ കൂട്ടായ്മയും കഠിനാധ്വാനവും നമുക്ക് ദർശിക്കാൻ കഴിയും. കാടിനോടും കാട്ടു മൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ച് മലനാടിനെ സമ്പന്നമാക്കിയ ജന ശക്തി ഇന്നു സജീവമാണ്. ഈ അജയ്യ .ശക്തിയായിരിക്കട്ടെ ഈ നാടിനെ പുരോഗതിയിലേക്ക് നയിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയകരമായ നടത്തിപ്പിന് ബളാൽ ഗ്രാമ പഞ്ചായത്ത് സർവ്വാത്മനാ സന്നദ്ധമായിക്കഴിഞ്ഞു. ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് 6.8.96 ലെ പഞ്ചായത്ത് ബോർഡ് യോഗത്തോടെയാണ്. 1996 സെപ്തംബർ 3,4,5 തീയതികളിൽ കാഞ്ഞങ്ങാട്ടുവച്ചു നടന്ന ജില്ലാതല പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും പഞ്ചായത്ത് പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, തുടങ്ങിയ എട്ടോളം പേർ പങ്കെടുത്തു. സെപ്തംബർ 8 ന് നടന്ന ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ ജനകീയാസൂത്രണത്തെപ്പറ്റി ചർച്ച ചെയ്യുകയും സഹകരണം അഭ്യർത്ഥിക്കയും ചെയ്തു. ഉദ്യോഗസ്ഥൻമാർ രാഷ്ട്രീയ, സാമൂഹ്യ , സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തുക്കുന്നവർ തുടങ്ങി വനിതകളടക്കം 75 പേരെ പങ്കെടുപ്പിച്ച് 11.9.96 ന് പഞ്ചായത്തുതല പരിശീലനം നടത്തി.

ജനകീയാസൂത്രണത്തിന്റെ സന്ദേശം എല്ലാ വീടുകളിലും എത്തിക്കുന്നതിനും ഗ്രാമ സഭകളിലേക്ക് അംഗങ്ങളെ ക്ഷണിക്കുന്നതിനുമായി വാർഡു തോറും സ്വാഗത സംഘങ്ങൾ രൂപികരിക്കുകയും സ്ക്വാഡു പ്രവർത്തനം നടത്തുകയും ചെയ്തു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബാനർ കെട്ടുകയും മൈക്ക് അനൗൺസ്മെൻറ് നടത്തുകയും ചെയ്തു.

ജനകീയാസൂത്രണത്തോടുള്ള ജനങ്ങളുടെ താൽപര്യം വിളിച്ചോതുന്ന തരത്തിൽഗ്രാമ സഭകളിൽ ജനങ്ങൾ ആവേശത്തോടെ പങ്കെടുത്തു. ഗ്രാമ സഭകളിൽ 200 മുതൽ 525 അംഗങ്ങൾ വരെ പങ്കെടുക്കുകയുണ്ടായി. 21-9-96, 22-9-96, 29 -9-96 തീയ്യതികളിലായി പത്തുവാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. എം.എൽ.എ., ജില്ലാ കലക്ടർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ്, പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് മെമ്പർമാർ, റിസോഴ്സ് ഗ്രൂപ്പംഗങ്ങൾ,സെക്രട്ടറി ഉൾപ്പെടെയുള്ള പഞ്ചായത്ത് സ്റ്റാഫംഗങ്ങൾ , ഇതര വകുപ്പ് ഉദ്യോഗസ്ഥൻമാർ എന്നിവർ ഗ്രാമസഭകളുടെ നടത്തിപ്പിൽ സജീവ പങ്കാളിത്തം വഹിച്ചു. ഒരു മാസത്തെ പ്രവർത്തനം കൊണ്ട് ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാൻ റിസോഴ്സ് ഗ്രൂപ്പിന് കഴിഞ്ഞു. പഞ്ചായത്തിലെ ഭൂപ്രകൃതി ജല വിഭവങ്ങൾ, വിളകൾ തുടങ്ങിയവയേപ്പറ്റി സാമാന്യ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി 19.10.96 ന് പഞ്ചായത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിൽ ഒരു പഠന പര്യടനം നടത്തുകയുണ്ടായി.

രണ്ടാം ഘട്ട ജില്ലാതല പരിശീലനം 1996 ഒക്ടോബർ 26,27,30 തീയതികളിലും പഞ്ചായത്ത് തല പരിശീലനം 6.11.96 നും നടന്നു. ഡോക്ടർമാർ, ഓഫീസ് തലവൻമാർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, വനിതകൾ തുടങ്ങി സേവന സന്നദ്ധരായ അറുപത്തഞ്ചോളം പേർ ഇതിൽ പങ്കെടുത്തു. രണ്ടാം ഘട്ട ജില്ലാ തല പരിശീലനക്കാലത്ത് അപ്രതീക്ഷിതമായി വന്ന ബന്താചരണം നമ്മുടെ പ്രവർത്തനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കി.

പഞ്ചായത്ത് വികസന സെമിനാറിൻെറ വിജയകരമായ നടത്തിപ്പിനു വേണ്ടി 8-11-96ന പഞ്ചായത്തം പ്രസിഡൻറിൻെറ ആധ്യക്ഷതയിൽ ചേർന്ന സ്വാഗതസംഘം രൂപികരണ യോഗത്തിൽ വിവിധ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും ഉദ്യോഗസ്ഥരും റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളും സർവ്വോപരി പഞ്ചായത്ത് ഭരണ സമിതിയംഗങ്ങളും സംബന്ധിച്ചു. 8.11.96 ന് തന്നെ പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.

പരിമിതമായ സമയ പരിധിക്കുള്ളിൽ കിട്ടാവുന്നത്ര സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് ജന സമക്ഷം സമർപ്പിക്കുന്നു. പഞ്ചായത്ത് വികസന സെമിനാർ ഇതിന് പൂർണ്ണത കൈവരുത്തുമെന്ന് വിശ്വസിക്കുന്നു.

# ബളാൽ പഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചാത്തിന്റെ പേര് : ബളാൽ ഗ്രാമ പഞ്ചായത്ത്

അതിരുകൾ :

| | |
|---|---|
| കിഴക്ക് | : കുടക് പ്രദേശം (കർണ്ണാടക സംസ്ഥാനം ) |
| തെക്ക് | : ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കിനാനൂർ-കരിന്തളം പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : കോടോം ബേളൂർ. |
| വടക്ക് | : പനത്തടി പഞ്ചായത്ത് |

വാർഡുകൾ : 10

പഞ്ചായത്തിൽ ഉൾപ്പെടുന്ന
വില്ലേജുകൾ : ബളാൽ, മാലോം, പരപ്പ (ഒരു ഭാഗം മാത്രം)

ജില്ലാ പഞ്ചായത്ത് : കാസർകോട്

ജില്ലാ പഞ്ചയത്ത് ഡിവിഷൻ : പനത്തടി

ബ്ലോക്ക് പഞ്ചായത്ത് : കാഞ്ഞങ്ങാട്

ബ്ലോക്ക് പഞ്ചാത്ത്
ഡിവിഷനുകൾ : ബളാൽ, മാലോം.
ജില്ല : കാസർഗോഡ്
താലൂക്ക് : ഹോസ്ദുർഗ്
അസംബ്ലി മണ്ഡലം : ഹോസ്ദുർഗ്
വിസ്തീർണ്ണം : 93.2 ചതുരശ്ര കിലോമീറ്റർ.
ആൾതാമസമുള്ള വീടുകൾ : 4259

ജനസംഖ്യ
പുരുഷൻമാർ : 10321
സ്ത്രീകൾ : 10112
ആകെ : 20433

പട്ടിക ജാതിക്കാർ

| | |
|---|---|
| പുരുഷൻമാർ | :2607 |
| സ്ത്രീകൾ | :2692 |
| ആകെ | :5299 |

പട്ടിക വർഗ്ഗക്കാർ

| | |
|---|---|
| പുരുഷൻമാർ | :28 |
| സ്ത്രീകൾ | :32 |
| ആകെ | :60 |

| | |
|---|---|
| ജനസാന്ദ്രത | :219.24 |
| പട്ടിക ജാതിക്കാർ,പട്ടികവർഗ്ഗക്കാർ മൊത്തം ജനസംഖ്യയുടെ | :26.23% |
| സാക്ഷരത | |
| പുരുഷൻമാർ | :7726 (74.85%) |
| സ്ത്രീകൾ | :7135 (70.59%) |
| ശരാശരി സാക്ഷരത | :72.75% |

(അവലംബം സെൻസസ് 1991)

***തൊഴിൽ മേഖല***

കർഷകർ

| | |
|---|---|
| പുരുഷൻമാർ | :613 |
| സ്ത്രീകൾ | :95 |
| ആകെ | 708 |

കർഷക തൊഴിലാളികൾ

| | |
|---|---|
| പുരുഷൻമാർ | :812 |
| സ്ത്രീ | :251 |
| ആകെ | 1063 |

കാലിവളർത്തൽ എസ്റ്റേറ്റ് തുടങ്ങിയ മേഖകളിൽ ജോലി ചെയ്യുന്നവർ

| | |
|---|---|
| പുരുഷൻമാർ | :2712 |
| സ്ത്രീകൾ | :570 |
| ആകെ | :3282 |

*വ്യാപാരികൾ*

| | |
|---|---|
| പുരുഷൻമാർ | :435 |
| | :14 |
| ആകെ | :449 |

*കുടിൽ വ്യവസായം ചെറുകിട വ്യവസായം തുടങ്ങിയ പ്രവർത്തി ചെയ്യുന്നവർ*

| | |
|---|---|
| പുരുഷൻമാർ | :202 |
| സ്ത്രീകൾ | :55 |
| ആകെ | :257 |

*നിർമ്മാണ തൊഴിലാളികൾ*

| | |
|---|---|
| പുരുഷൻമാർ | :128 |
| സ്ത്രീകൾ | :14 |
| ആകെ | :142 |

*ഇതര തൊഴിൽ ചെയ്യുന്നവർ*

| | |
|---|---|
| പുരുഷൻമാർ | :544 |
| സ്ത്രീകൾ | :288 |
| ആകെ | :852 |

*നാമമാത്രമായി തൊഴിൽ ചെയ്യുന്നവർ*

| | |
|---|---|
| പുരുഷൻമാർ | :220 |
| സ്ത്രീകൾ | :609 |
| ആകെ | :852 |

*തൊഴിൽ രഹിതർ*

| | |
|---|---|
| പുരുഷൻമാർ | :4645 |
| സ്ത്രകൾ | :8226 |
| ആകെ | :12871 |

(അവലംബം സെൻസസ് 1991)

പഞ്ചായത്ത് പ്രസിഡൻറ് : ശ്രീ എ.വി. ചന്ദ്രൻ
പഞ്ചായത്ത് വൈസ്
പ്രസിഡൻറ് : ശ്രീ എ.വി. മാത്യു

പഞ്ചായത്ത് ഭരണം : 10 - 6 - 1954 ൽ
ആദ്യപഞ്ചായത്ത്
ബോർഡ് നിലവിൽ വന്നു

1. ആദ്യ പഞ്ചായത്ത്
പ്രസിഡൻറ് : ശ്രീ ബി.എം.കുഞ്ഞിരാമൻ നായർ

ആദ്യത്തെ തെരഞ്ഞെടുപ്പിൽ ജനങ്ങൾ കൈപൊക്കി വോട്ടു ചെയ്താണ് പഞ്ചായത്ത് മെമ്പർമാരെ തെരഞ്ഞെടുത്തത്.

ഭരണ സമിതി അംഗങ്ങൾ :

1. ശ്രീ ബി.എം. കുഞ്ഞിരാമൻ നായർ
2. ,, പി. കുഞ്ഞമ്പു നായർ
3. ,, പി. കുഞ്ഞിക്കോമൻ
4. ,, എൻ ശങ്കരൻ നായർ
5. ,, കല്ലൻചിറ കുഞ്ഞാമദ്
6. ,, എ. കൃഷ്ണൻ നായർ
7. ,, പി. കുഞ്ഞിരാമൻ നായർ

2. 21 - 12 - 1963 ൽ നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതിയിൽ 7 അംഗങ്ങൾ ഉണ്ടായിരുന്നു. ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ ആയിരുന്നു പ്രസിഡൻറ്.

അംഗങ്ങൾ :

1. ശ്രീ സി. കുഞ്ഞിക്കണ്ണൻ നായർ
(പ്രസിഡൻറ് )
2. ,, ഇ. കരുണാകരൻ നമ്പ്യാർ
( വൈസ് പ്രസിഡൻറ് )
3. ,, എ. കുഞ്ഞിക്കോരൻ നായർ
4. ,, പി. മാണിക്ക്യൻ

5. ,, ടി.ടി. ജോസഫ്
6. ,, എ. നാരായണൻ നായർ
7. ,, എൻ. ശങ്കരൻ നായർ

17 - 1 - 1964 ൽ ശ്രീമതി ഇ. താരാമണി അമ്മയെ പഞ്ചായത്തു മെമ്പറായി തിരഞ്ഞെടുത്തു. അതോടുകൂടി 8 അംഗ ഭരണ സമിതിയായി.

3. 27 - 9 - 79 ൽ നിലവിൽ വന്ന പഞ്ചായത്ത് ആദ്യപകുതിയിൽ പി.വി. മൈക്കിളും തുടർന്ന് വി. നാരായണൻ നായരും പ്രസിഡൻറ് പദവി അലങ്കരിച്ചു.

അംഗങ്ങൾ :

1. ശ്രീ. പി.വി. മൈക്കിൾ ( പ്രസിഡൻറ് 27 - 9 - 74 മുതൽ )
2. ,, വി.നാരായണൻ നായർ ( പ്രസിഡൻറ് 30.12. 81 മുതൽ )
3. ,, പി.ജി. വാസുദേവൻ നായർ (വൈസ് പ്രസിഡൻറ് 29.9.79 മുതൽ)
4. ,, കെ. കരുണാകരൻ നായർ
5. ,, എ.വി. മാത്യു (വൈസ് പ്രസിഡൻറ് 14.1.81 )
6. ,, പൂവണിക്കുന്നേൽ ജോസഫ്
7. ശ്രീമതി വി. പാർവ്വതീ ഭായി
8. ശ്രീ ടി. അമ്പാടി

4. 9 - 2 - 1988 ൽ നിലവിൽ വന്ന പഞ്ചായത്ത് സമിതിയിൽ ഒൻപത് അംഗങ്ങൾ ഉണ്ടായിരുന്നു. ശ്രീ വി. നാരായണൻ നായർ ആയിരുന്നു പ്രസിഡൻറ്.

അംഗങ്ങൾ :

1. ശ്രീ വി. നാരായണൻ നായർ (പ്രസിഡൻറ് )
2. ശ്രീമതി പെണ്ണമ്മ ജോൺ (വൈസ് പ്രസിഡൻറ്)
3. ശ്രീ എ.വി. മാത്യു
4. ,, കെ കരുണാകരൻ നായർ
5. ,, ചാപ്പ മാണിക്യൻ
6. ,, പി.ജി. ദേവ്
7. ,, വി.സി ദേവസ്യ

8. „ ജോർജ്ജ് മുത്തോലി
9. ശ്രീമതി ഏലിക്കുട്ടി ജെയിംസ്

4. 4 – 11 – 95 ൽ നിലവിൽ വന്ന ഇന്നത്തെ ഭരണസമിതിയിൽ 10 അംഗങ്ങൾ ഉണ്ട്.

പ്രസിഡൻറ് : ശ്രീ എ.വി. ചന്ദ്രൻ

അംഗങ്ങൾ :

1. ശ്രീ എ.വി. ചന്ദ്രൻ (പ്രസിഡൻറ് )
2. „ എ.വി. മാത്യു (വൈസ് പ്രസിഡൻറ് )
3. ശ്രീമതി പെണ്ണമ്മ ജോൺ സ്റ്റാഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ )
4. ശ്രീ എൻ.പി. മുഹമ്മദ് കുഞ്ഞി
5. ശ്രീമതി ടെസ്സി ഡോമനിക്
6. ശ്രീ രാജു കട്ടക്കയം
7. „ അരിങ്കല്ല് ശങ്കരൻ
8. „ പി.വി. മൈക്കിൾ
9. ശ്രീമതി തങ്കമ്മ ജെയിംസ്
10. „ രാധാ കുഞ്ഞികൃഷ്ണൻ

# 3

# ബളാൽ പഞ്ചായത്ത് സാമൂഹിക - സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

പശ്ചിമ ഘട്ടത്തിന്റെ മടിത്തട്ടിൽ വിലസുന്ന പ്രകൃതി രമണീയമായ മലയോര പ്രദേശമാണ് ബളാൽ പഞ്ചായത്ത്. കർണ്ണാടക മല നിരകളാണ് ഇതിന്റെ പൂർവ്വ ഭാഗത്ത് അതിരിട്ടു നിൽക്കുന്നത്. സമുദ്ര നിരപ്പിൽ നിന്ന് 3000 അടിയിൽ അധികം ഉയരമുള്ള മല നിലകൾ ഇവിടെ ഉണ്ട്. ഉത്തര കേരളത്തിന്റെ ജീവനാഡിയായ കാര്യങ്കോട് പുഴ (തേജസ്വിനി പുഴ ) ഉത്ഭവിക്കുന്നത് കർണ്ണാടക വനങ്ങളിൽ നിന്നാണെങ്കിലും അത് ഒഴുകി രൂപം പ്രാപിച്ച് പുഴയായി പൂർണ്ണത നേടുന്നത് ഈ പഞ്ചായത്തിന്റെ പൂർവ്വപ്രദേശങ്ങളിൽ കിടക്കുന്ന മഞ്ചുച്ചാൽ മുതൽ മാലോം വരെയുള്ള പ്രദേശങ്ങളിലാണ് ഇവിടെ ഈ പുഴയ്ക്ക് ചൈത്രവാഹിനി എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച അപൂർവ്വ സസ്യ സമ്പത്ത് കൊണ്ട് സമ്പന്നമായ കോട്ടഞ്ചേരി മല നിരകൾ ഇവിടെയാണ്. കാസർകോട് ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളാണ് ഈ പഞ്ചായത്തിലെ പുഞ്ചയും മൈക്കയവും വള്ളിക്കൊച്ചിയും. മലബാറിന്റെ ഉത്തര ഭാഗത്ത് കിടക്കുന്ന ഈ പ്രദേശം മുമ്പ് സൗത്ത് കാനറാ ജില്ലയിലായിരുന്നു.

ഒരു നൂറ്റാണ്ട് മുമ്പ് ഈ പഞ്ചായത്തുൾപ്പെടുന്ന ഭൂമിയുടെ സിംഹഭാഗവും അനഭിഗമ്യങ്ങളായ വന പ്രദേശങ്ങൾ തന്നെ ആയിരുന്നു എന്നു പറയാം. മാവിലർ, വേട്ടുവർ, മലക്കുടിയന്മാർ, എന്നിവരും അപൂർവ്വമായി മാറാട്ടികളും ഇവിടെ ആദിവാസികളായിരുന്നു. ചെറവന്മാർ എന്ന് പൊതുവായി വിളിക്കപ്പെടുന്ന മാവിലർ, വേട്ടുവർ, തുടങ്ങിയവർ ജന്മികളോടൊപ്പം വന്നുചേർന്നവരാകാം. ഒരു പക്ഷെ വന ഭൂമികളിൽ വസിച്ചിരുന്ന ഇവർ ഈ നാടിന്റെ യഥാർത്ഥ അവകാശികളായിരിക്കാം. സമ്പന്നമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഉടമകളാകാം ഈ ജന വിഭാഗം. കാട്ടു കിഴങ്ങുകൾ തിന്നും മല ദൈവങ്ങളെ ആരാധിച്ചും ചാമുണ്ഡി, പരദേവത, പഞ്ചുരുളി, ഗുളികൻ, വീരൻ തുടങ്ങിയ തെയ്യങ്ങൾ കെട്ടിയും ഇവർ ജീവിച്ചിരുന്നു. ഫല പ്രദമായ പച്ചമരുന്നുകളും മന്ത്ര വാദങ്ങളും ഇവരുടെ ചികിൽസാ രീതിയായി ഉപയോഗിച്ചിരുന്നതായും അറിയുന്നു.

ചെറവർ എന്നറിയപ്പെടുന്ന കുടുംബങ്ങൾ ജന്മികുടുംബങ്ങളുടെ അടിമകളായിരുന്നു. ഇവരെ ജന്മിമാർ വീതിച്ചെടുക്കുകയും അന്യോന്യം പാട്ടത്തിനു കൊടുക്കുകയും ചെയ്തിരുന്നു. അടിമക്കച്ചവടത്തിന്റെ ലഘുവായ മറ്റൊരു രൂപം! ഓരോ കുടുംബവും വച്ചു പുലർത്തിയിരുന്ന ചെറവർ ആ കുടുംബത്തിന്റെ ജന്മക്കാർ ആയിരുന്നു. ജന്മി അനുവദിച്ച സ്ഥലത്ത് പട്ടം കെട്ടി തീർത്തും അപരിഷ്കൃതമായ രീതിയിൽ കേരളത്തിലെ ആഫ്രിക്കയുടെ ഭാഗമായി

അവർ ജീവിച്ചു പോന്നു. കായികശേഷി തെളിയിക്കുന്ന യുവാക്കൾക്കേ വിവാഹം ചെയ്യാൻ അനുവാദമുണ്ടായിരുന്നുള്ളു.

ഒരു പൊതി നെല്ല് ( 3 പറ) നെഞ്ചു തൊടാതെ ഉയർത്തിയായിരുന്നു കായിക ശേഷി പരീക്ഷിച്ചിരുന്നത്. വിവാഹാനന്തരം വരനും വധുവും ബന്ധുക്കളും ചേർന്നു ജന്മിയെക്കണ്ട് അനുഗ്രഹം വാങ്ങുന്ന ചടങ്ങ് ഒരു സവിശേഷതയായിരുന്നു. വിവാഹ ചെലവുകൾ മുഴുവനും ജന്മി വഹിച്ചിരുന്നു. മംഗലക്കളി എന്ന ആചാരകല വിവാഹ ആഘോഷങ്ങളിലെ ഒരു പ്രധാന ഇനമായിരുന്നു.

ഏറെ പ്രകീർത്തിതമായ കാർഷിക ബന്ധങ്ങളിൽ കേരളത്തിലെ ജന്മി-കുടിയാൻ ബന്ധങ്ങളിൽ സമൂലമായ അഴിച്ചുപണി നടത്തിയപ്പോൾ ജന്മികൾക്കു വേണ്ടി മണ്ണിൽ പണിയാനും അടിയാനും മാത്രം പിറന്ന അടിയാന്മാരാണ് തങ്ങളെന്ന ബോധത്തിൽ നിന്ന് ഇവർ മോചിതരായി. എങ്കിലും ഇന്നും പുരോഗതിയിലേക്കുള്ള ആദ്യസോപാനത്തിൽ തന്നെ അറച്ചു നിൽക്കുന്ന ഇവരെ പതിനെട്ടാം പടിയിലെത്തിക്കാനുള്ള ഉത്തരവാദിത്വം പുതിയ ആസൂത്രണം ഏറ്റെടുത്തേ മതിയാകൂ.

ഇന്നത്തെ ബളാൽ പ്രദേശങ്ങൾ അടക്കിവാണിരുന്നത് ബലിക്കടക്കോൻ എന്ന നായർ തറവാട്ടുകാരായിരുന്നു. ഇവരുടെ ആസ്ഥാനം അരീക്കരയായിരുന്നു. അരി വിളയുന്ന കരയാണ് അരിക്കരയായി തീർന്നതെന്നു പറയുന്നു. ഇവരുടെ തറവാട്ടുവക കൂലോങ്ങൾ അരീക്കരയിലും ബളാലിലും ഉണ്ടായിരുന്നു. മലോം കൂലോത്ത് മറ്റു തെയ്യങ്ങളോടോപ്പം മുക്രിപ്പോക്കർ എന്ന മാപ്പിള തെയ്യം കെട്ടിയാടിയിരുന്നു എന്നത് നമ്മുടെ മത സൗഹാർദ്ദത്തിന്റെ മൗലിയിൽ പതിച്ച മരതകമല്ലാതെ മറ്റെന്താണ് ? പുരാതനമായ കല്ലൻചിറ മാലോം എന്നീ മഖാമുകളുടെ പൂർവ്വ ചരിത്രമറിഞ്ഞാൽ കോരിത്തരിപ്പിക്കുന്ന ഐതീഹ്യങ്ങൾ വെളിവാകും. മഹാലോകമാണ് മാലോമായി പരിണമിച്ചതെന്ന് പറയപ്പെടുന്നു.

ബാലിക്കടക്കോൻ തറവാട് ക്ഷയിച്ചതോടെ മാലോം മേഖല കോടോത്ത് കുടുംബത്തിന്റെയും കൊന്നക്കാട് ഭാഗം ക്ലായിക്കോട് ചെറുവിട്ടാര വീട്ടുകാരുടെയും, ബളാൽ അരീക്കര പ്രദേശങ്ങൾ തൃക്കരിപ്പൂർ ഉടുമ്പന്തലക്കാർ എന്ന പ്രമുഖ മുസ്ലീം കടുംബത്തിന്റെയും, എടത്തോട് ചേരിപ്പാടി കുടുംബത്തിന്റെയും അധീനതയിലായി.

ഏതാണ്ട് 75 വർഷം മുമ്പ് പൊടവടുക്കം, ബാര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പേറയിൽ, അടുക്കാടുക്കൻ, പൊളിയപ്രൻ, മേലത്ത്, കൂക്കൾ, ചിറക്കര, ഇടയില്ല്യം, വേങ്ങയിൽ, ബേത്തൂർ, ഐക്കോടൻ, തുടങ്ങിയ അനേകം നായർ കുടുംബങ്ങൾ ഇങ്ങോട്ടു കുടിയേറുകയുണ്ടായി. ഇവിടെ തെളിമയുടെ ആദികിരണങ്ങൾവന്നു പതിച്ചത് ഈ കുടുംബങ്ങളുടെ കുടിയേറ്റത്തോടെയാണ്. യാദവർ, തീയർ തുടങ്ങിയ ജനവിഭാഗങ്ങളും ഇവിടെ വന്നു താമസം തുടങ്ങി. ഈ നൂറ്റണ്ടിന്റെ ആരംഭത്തിൽ തന്നെ ഇവിടെ മുസ്ലീം കുടുംബങ്ങൾ കുടിയേറിയിരുന്നു.

ലായിനാക്കില്ലത്ത്, പുഴക്കര, തുടങ്ങിയ പ്രമുഖ തറവാട്ടുകാർ ഈ പഞ്ചായത്തിലെ ആദികാല കുടിയേറ്റക്കാരിൽപ്പെടുന്നു.

കൃഷിയുടെ കാര്യമെടുത്താൽ പുനം കൃഷിയായിരുന്നു. അന്നു പ്രധാനം. മലയിലെ വലിയ കാടുകൾ കൊത്തിമറിച്ച് കത്തിച്ച് മൂത്ത മണ്ണിൽ നെല്ലും കൂടെ ചാമയും മുത്താറിയും തുവരയും മറ്റും വിതച്ചിരുന്നു. അപൂർവ്വമായി പുകയിലയും പരുത്തിയും കൃഷി ചെയ്തിരുന്നു. പുനം കൃഷിയെ താറുമാറാക്കാനെത്തുന്ന വന്യമൃഗങ്ങളെ തുരത്താൻ കൊട്ടും തുടിയും, കവണയും വില്ലുമായി രാവൊടുങ്ങുന്നതുവരെ കാവൽ കിടക്കുന്നതും ആദിവാസി ജനങ്ങളായിരുന്നു. പുനം മൂർന്നാൽ അവിടെ അവിടെ മുരിക്കുകാൽ നാട്ടുകയും കുരുമുളക് കൃഷി നടത്തുകയും ചെയ്യും. വ്യാപകമായ കൃഷിയും ഇതുതന്നെ ആയിരുന്നു.

കുടിയാൻമാർ അന്ന് ജൻമിക്ക് പത്തിന് രണ്ട് എന്ന പാട്ടം കൊടുത്തിരുന്നു. പത്തു കൊല്ലത്തിന് രണ്ടു കൊല്ലം ആദായം എടുക്കാനുള്ള അവകാശം ജൻമിക്കായിരുന്നു. കൂടാതെ കാലാകാലങ്ങളിൽ ജൻമി നിശ്ചയിക്കുന്ന പുറപ്പാട്ട സംഖ്യയും ബാരവും പാട്ടവും കപ്പക്കാർ കൊടുക്കേണ്ടിയിരുന്നു.

1942ൽ മാത്യു മീനാട്ടൂർ ബളാലിൽ ഉടുമ്പന്തല ജൻമിയിൽ നിന്നും 1000 ഏക്കർ ഭൂമി എസ്റ്റേറ്റ് പിടിപ്പിക്കുന്നതിനു വേണ്ടി വാങ്ങിയിരുന്നു. എൻ.എസ്.എസിനു വേണ്ടി ശ്രീ മന്നത്തു പത്മനാഭൻ വെള്ളരിക്കുണ്ടിൽ 1000 ഏക്കർ സ്ഥലം 1942 ൽ വാങ്ങുകയുണ്ടായി. പിന്നീടതു ഈശോ സഭക്കാരുടെ വകയായിത്തീരുകയും അവരതിനെ വിമല എസ്റ്റേറ്റ് എന്ന നാമധേയത്തിൽ തോട്ടമാക്കുകയും ചെയ്തു. 1995 ൽ അവരത് പലർക്കായി വിൽപ്പന നടത്തി. 1948 മുതൽക്കാണ് തിരുവിതാംകൂർ കുടിയേറ്റം വ്യാപകമായിത്തുടങ്ങിയത്. ബളാൽ, മാലോം, വെള്ളരിക്കുണ്ട്, എന്നീ സ്ഥലങ്ങളിലാണ് ആദ്യകുടിയേറ്റം നടന്നത്. തേക്കിൻകാട്ടിൽ, പൊടിപ്പാറ, മണിയഞ്ചിറ, എടാട്ടേൽ, കുറ്റിക്കാട്ടു തുടങ്ങിയവർ ആദ്യകുടിയേറ്റക്കാരിൽ ചിലരാണ്. വന്യമായിക്കിടന്നിരുന്ന കന്നിമണ്ണ് കുടിയേറ്റ ജനതയുടെ ത്യാഗോജ്വലമായ കഠിനാദ്ധ്വാനം കൊണ്ട് കനകം വിളയുന്ന ഹരിതഭൂമിയായിത്തീർന്നു. ഒരു പുത്തൻ സംസ്ക്കാരത്തിന് തെക്കിൻറെയും വടക്കിൻറെയും സമ്മിശ്ര സുസംസ്ക്കാരത്തിന് കുടിയേറ്റം വഴി തെളിച്ചു. റബ്ബർ, തേങ്ങ, അടക്ക, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ കേദാരഭൂമിയാക്കി ഈ നാടിനെ പരിവർത്തനം ചെയ്തത് കുടിയേറ്റ ജനതയാണ്.

സുപ്രസിദ്ധ സാഹിത്യകാരനായ എസ്.കെ. പൊറ്റക്കാടിൻറെ വിഷകന്യകയെ അമൃത കന്യകയാക്കി മാറ്റിയതും കുടിയേറ്റ ജനതയാണെന്നു പറയട്ടെ.

സമീപ കാലത്തു പണിത ബളാൽ ഭഗവതീ ക്ഷേത്രം ഇന്നത്തെ പ്രധാന ആരാധനാലയമാണ്. ഇതു കൂടാതെ ചെറിയ ചെറിയ പള്ളിയറകളും, ക്ഷേത്രങ്ങളും കാവുകളും നാനാ ഭാഗത്തുമുണ്ട്. കൊന്നക്കാട്, വള്ളിക്കടവ്, മാലോം, വെള്ളരിക്കുണ്ട്, ബളാൽ, ചുള്ളി എന്നിവിടങ്ങളിലെ തടക്കം 12 ക്രിസ്ത്യൻ ദേവാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അഞ്ചു സന്യാസിനി മഠങ്ങളുമുണ്ട്.

കല്ലൻചിറ, മാലോം, കൊന്നക്കാട്, ഇടത്തോട്, എന്നിവിടങ്ങളിൽ മുസ്ലീം പള്ളികളും മദ്രസകളും ഉണ്ട്. ബളാൽ ഭഗവതി ക്ഷേത്രത്തിലെ ഉൽസവം, മാലോം കല്ലൻചിറ ഉറൂസുകൾ, ക്രിസ്ത്യൻ പള്ളികളിലെ തിരുനാളുകൾ തുടങ്ങിയ ആഘോഷങ്ങളിൽ ജാതി മത ഭേദമന്യേ ജനങ്ങൾ സംബന്ധിക്കുന്നു. മത സൗഹാർദ്ദത്തിന്റെയും സമുദായ മൈത്രിയുടെയും നാടാണ് ബളാൽ. കൊന്നക്കാട് ക്രിസ്ത്യൻ പള്ളിക്കും മുസ്ലീം പള്ളിക്കും സ്ഥലം സൗജന്യമായി കൊടുത്തത് ശ്രീ കരിമ്പിൽ കുഞ്ഞിക്കോമൻ അവർകളും മാലോം മുസ്ലീം പള്ളിക്ക് സ്ഥലം സൗജന്യമായി കൊടുത്ത് ശ്രീമതി കെ.പി. നാരായണിയമ്മയും ആണ്. കല്ലൻ ചിറ ഉറൂസിനോടനുബന്ധിച്ച് നടത്തിയിരുന്ന നായാട്ടിലും നേർച്ചയിലും അന്ന ദാനത്തിലും ജാതി മത ഭേദമന്യേ ജനങ്ങൾ സംബന്ധിച്ചിരുന്നത് മത സൗഹാർദ്ദത്തിന്റെ മകുടോദാഹരണമാണ്.

ഈ പഞ്ചായത്തിലെ ആദ്യ സ്കൂൾ 1952 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ എടത്തോട് എന്ന സ്ഥലത്ത് സ്ഥാപിതമായി. സ്കൂളിന് സ്ഥലവും കെട്ടിടവും കൊടുത്തത് ശ്രീ ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ ആയിരുന്നു. ഈ സ്കൂളിലെ ആദ്യ അദ്ധ്യാപകൻ ശ്രീ കുഞ്ഞപ്പ മാസ്റ്റർ ആയിരുന്നു. ആദ്യകാലങ്ങളിൽ ഇവിടത്തുകാർ ഉന്നത വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത് ഉത്തര കേരളത്തിലെ കേളി കേട്ട വിദ്യാലയമായ നീലേശ്വരം രാജാസ് ഹൈസ്കൂളിനെയായിരുന്നു. ഇന്ന് ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകൾ (മാലോത്ത് കസബ, ബളാൽ, വെള്ളരിക്കുണ്ട്) അടക്കം 11 വിദ്യാലയങ്ങളുണ്ട്. മാലോം സെന്റ് തോമസ്, വെള്ളരിക്കുണ്ട് ടാഗോർ എന്നിവയാണ് പ്രധാൻ കോളേജുകൾ. വള്ളിക്കടവിലുള്ള മാലോത്ത് കസബ സ്കൂളിന് സൗജന്യമായി സ്ഥലമനുവദിച്ചത് ശ്രീ തോട്ടത്തിൽ ശങ്കരൻ നായരും ബളാൽ ഗവ. സ്കൂളിന് സ്ഥലം സൗജന്യമായി നൽകിയത് ശ്രീ കുഞ്ഞിക്കണ്ണൻ നായരും ആയിരുന്നു. വൈവിധ്യമോലുന്ന സംസ്ക്കാരവുമായി ഇവിടെ താമസമുറപ്പിച്ച ജനവിഭാഗങ്ങളുടെ സംസ്ക്കാരിക സമന്വയത്തിൽ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

1954ൽ ഇടത്തോട് ആസ്ഥാനമായി നിലവിൽ വന്ന മാലോത്ത് പഞ്ചായത്താണ് പിന്നീട് ബളാൽ പഞ്ചായത്തായി പരിണമിച്ചത്. 1962 മുതൽ പ്രസിഡൻറ് ശ്രീ ബി.എം. കുഞ്ഞിരാമൻ നായർ ആയിരുന്നു. 1963 മുതൽ ശ്രീ ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ ആയിരുന്നു പ്രസിഡൻറ്. അടിയന്തരാവസ്ഥക്കാലത്ത് നാലു വർഷം ശ്രീ ഇ. കരുണാകരൻ നമ്പ്യാർ പ്രസിഡൻറിന്റെ ചാർജ് വഹിച്ചിരുന്നു. മാലോം പട്ടേലർ എന്നറിയപ്പെട്ടിരുന്ന ശ്രീ ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ ഈ നാട്ടിലെ സാമൂഹിക സാംസ്ക്കാരിക പുരോഗതിയ്ക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും. ബളാൽ പഞ്ചായത്ത് ആഫീസിന് സ്ഥലം സൗജന്യമായി നൽകിയത് ശ്രീ എടാട്ട് ആൻറണിയാണ്. ശ്രീമാൻ പി.വി. മൈക്കിൾ, വി. നാരായണൻ നായർ ( ഇപ്പോഴത്തെ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ) എന്നിവർ പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനം വഹിച്ചിട്ടുണ്ട്. ഇവരുടെ ഭരണകാലത്ത് പഞ്ചായത്തിലുണ്ടായ

സാമ്പത്തിക സാമൂഹ്യരംഗങ്ങളിലെ പുരോഗതി പ്രത്യേകം എടുത്തു പറയത്തക്കതാണ്. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എ.വി. ചന്ദ്രനാണ്.

ശ്രീ സി. കുഞ്ഞികൃഷ്ണൻ നായർ (മുൻ എം.എൽ.എ. ) സ്വാതന്ത്ര സമരത്തിൽ പങ്കെടുക്കുകവഴി ഈ പ്രദേശത്തെ ദേശീയ ധാരയിലേക്ക് നയിച്ചു. സ്വാതന്ത്ര്യ സമര സേനാനികളായ ശ്രീമാൻ ചാക്കോ താനപ്പനാൽ, നലുപുരപ്പാട്ട് ഭാസ്ക്കരൻ, ഉറുമ്പിൽ വർഗ്ഗീസ് എന്നിവരുടെ ആഗമനം നമ്മുടെ സാമൂഹ്യ സാംസ്ക്കാരികരംഗത്ത മുതൽക്കൂട്ടായി. ശ്രീ ഇ. കരുണാകരൻ നമ്പ്യാർ സ്വാതന്ത്ര്യ സമരത്തിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായി പങ്കു കൊണ്ടു. കൊന്നക്കാട് ഭാഗത്ത് 101 എക്കർ സ്ഥലം ഭൂദാന പ്രസ്ഥാനത്തിന് ശ്രീ. കരിമ്പിൽ കുഞ്ഞിക്കോമൻ നൽകുകയുണ്ടായി. പ്രശസ്ത നോവലിസ്റ്റായ ശ്രീ സി.വി. ബാലകൃഷ്ണന്റെ കളമെഴുത്ത് , തടവറകളിലെ കലാപം, ആയുസ്സിന്റെ പുസ്തകം എന്നീ നോവലുകളുടെ പശ്ചാത്തലം ഈ നാടാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇന്നത്തെ കേരള മുഖ്യമന്ത്രി ബഹു. ശ്രീ. ഇ.കെ. നായനാർ മലബാറിലെ കർഷക സമര കാലത്ത് ഈ മണ്ണിൽ ഒളിവിൽ കഴിഞ്ഞതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ജന്മി- കുടിയാൻ ബന്ധങ്ങളിൽ മാനുഷിക പരിഗണനകൾക്ക് മുൻ തൂക്കം കൊടുത്തിരുന്നതു കൊണ്ടാകാം ഈ പ്രദേശങ്ങളിൽ കർഷക സമരങ്ങൾ ശക്തിപ്പൊടാതിരുന്നത്. ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കർഷകരുടെ സാമ്പത്തിക സാമൂഹിക നില തികച്ചും ഭദ്രമായി.

പരേതനായ ശ്രീ പല്ലാട്ടുകുന്നേൽ തോമസിന്റെ വക ഒരു അമൂല്യ ഗ്രന്ഥശേഖരം ഉണ്ടായിരുന്നു ബളാലിൽ. അനേകം പുസ്തകങ്ങളും പഴയതും പുതിയതുമായ ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുന്ന ഈ ശേഖരം നമ്മുടെ സാംസ്ക്കാരിക മേഖലയ്ക്ക് വില മതിക്കാനാകാത്ത മുതൽക്കൂട്ടാണ്.

ഈ പഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങളുമായി ബന്ധപ്പെട്ട റോഡുകൾ പലതും കൂപ്പു റോഡുകളായി ആരംഭിച്ചവയാണ്. നീലേശ്വരം- എടത്തോട് റോഡ് ചെറി കുടുംബക്കാരും, എടത്തോട് - ബളാൽ റോഡ് ശ്രീ സി. കുഞ്ഞിക്കണ്ണൻ നായരും കുന്നുംകൈ - കല്ലൻചിറ റോഡ് ഉടുമ്പന്തല തറവാട്ടുകാരും ജനങ്ങളുടെ നിർല്ലോഭമായ സഹകരണത്തോടെ നിർമ്മിച്ചവയാണ് . വെള്ളരിക്കുണ്ട് - കൊന്നക്കാട് റോഡിന്റെ നിർമ്മാണത്തിൽ നാട്ടുകാരോടോപ്പം ശ്രീ കരിമ്പിൽ കുഞ്ഞിക്കോമൻ, ശ്രീ സി. കുഞ്ഞിക്കണ്ണൻ നായർ, ശ്രീ. തോട്ടത്തിൽ ശങ്കരൻ നായർ തുടങ്ങിയവർ പങ്കു വഹിച്ചു.

വെള്ളരിക്കുണ്ട് , മാലോം, ബളാൽ, വള്ളിക്കടവ് , കൊന്നക്കാട്, എടത്തോട്, എന്നിവിടങ്ങളിലെ ടൗണുകൾ നല്ല കച്ചവടകേന്ദ്രങ്ങളായി വളരുന്നുണ്ട്. ഈ പഞ്ചായത്തിന്റെ സിരാകേന്ദ്രമാണ് വെള്ളരിക്കുണ്ട്. മലയോര മേഖലയുടെ പുരോഗതിക്ക് വെള്ളരിക്കുണ്ട് ആസ്ഥാനമായി മലയോര താലൂക്ക് രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ശ്രീ എം.ജി. കെ. മൂർത്തിയുടെ നേതൃത്വത്തിലുള്ള താലൂക്ക് പുനഃസംഘടനാ

കമ്മീഷൻ വെള്ളരിക്കുണ്ട് ആസ്ഥാനമായി ബളാൽ പഞ്ചായത്ത് രൂപീകരിക്കാൻ ശുപാർശ ചെയ്തിരുന്നു.

ബളാലിൽ ഹെഡ് ഓഫീസും മലോം, കൊന്നക്കാട് എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുമായി പ്രവർത്തിക്കുന്ന മാലോം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ഈ പഞ്ചായത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമാണ്. ആവശ്യമായ വായ്പാ സൗകര്യങ്ങൾ നൽകി ഈ കാർഷകി മേഖലയെ പുരോഗതിയിലേക്കു നയിക്കുന്നതിൽ ഈ സ്ഥാപനത്തിന് പ്രധാന പങ്കുണ്ട്. ഗ്രാമീണ ബാങ്കുകകൾ, കെ.ഡി.സി. ബാങ്കിന്റെ ശാഖ എന്നീ സ്ഥാപനങ്ങളും ജനങ്ങളുടെ വായ്പാ സൗകര്യങ്ങൾക്കും തദ്വാര നാടിന്റെ വികസനത്തിനും സഹായിക്കുന്നു.


ബളാൽ വെള്ളരിക്കുണ്ട്, കൊന്നക്കാട്, മാലോം, എടത്തോട്, എന്നിവിടങ്ങളിൽ വായന ശാലകൾ ഉണ്ട്. കൂടാതെ ആർട്സ് സൊസൈറ്റികൾ, പരിസ്ഥിതി ക്ലബ്ബുകൾ, ഫൈൻ ആർട്സ് സൊസൈറ്റികൾ, സ്പോർട്സ് ക്ലബ്ബുകൾ കാൻഫെഡ് ഓഫീസ് തുടങ്ങിയ സാംസ്ക്കാരിക മേഖലയെ പരിപോഷിപ്പിക്കുന്ന പല സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മാവിലർ, വേട്ടുവർ, തുടങ്ങിയ ജനവിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി ഐ.എച്ച്.ഡി.പി. പ്രവർത്തനം ഈ പഞ്ചായത്തിൽ മൂന്ന് ഇടങ്ങളിൽ ഉണ്ട്.

ആധുനിക ചികിൽസാ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്ന ബളാൽ പഞ്ചായത്തിൽ അലോപ്പതി, ഹോമിയോ, ആയൂർവ്വേദ ആശുപത്രികൾ സ്ഥാപിച്ചു തന്ന മുൻ മന്ത്രി ശ്രീ എൻ.കെ. ബാലകൃഷ്ണനോടുള്ള കൃതജ്ഞത ഇത്തരുണത്തിൽ പ്രകാശിപ്പിച്ചു കൊള്ളുന്നു.

വനം കൊള്ള മൂലം കുന്നുകൾ മൊട്ടയാകുന്ന പ്രവണത ഇവിടെ അധികമാണ്. മണ്ണൊലിപ്പ് വലിയ വിനയാകുന്നുണ്ട്. നായാട്ട് വന്യമൃഗങ്ങളുടെ വംശനാശത്തിനു കാരണമാകുന്നു. അധികൃതരുടെയും നിയമ പാലകരുടെയും കണ്ണുകളിൽ കരുതിക്കൂട്ടി അടയാതിരുന്നെങ്കിൽ എന്നു ജനങ്ങൾ ആശിക്കുന്നുണ്ട്. കള്ളവാറ്റ്, മൂലവെട്ടി മുതലായ വ്യാജമദ്യ വിലാസങ്ങളും നാടിന് തീർത്താൽ തീരാത്ത ശാപമായി മാറുമ്പോഴും നൂറു കണക്കിന് സ്ത്രീകൾ സംഘടിച്ച് വ്യാജ മദ്യവേട്ടക്കിറങ്ങുന്നത് ആവേശത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയു.

ചികിൽസാ സൗകര്യങ്ങളും യാത്രാ സൗകര്യങ്ങളും തീർത്തും അപര്യാപ്തമാണ്, ഇന്നും ഈ മേഖലയിൽ. വ്യവസായികമായി വളരെ പിന്നോക്കമാണീ പ്രദേശം.

പുതിയ ജനകീയ ആസൂത്രണത്തെ ജനങ്ങൾ നിറപറയും നിലവിളക്കും മനസിലൊരുക്കി സ്വീകരിക്കുന്നുണ്ട്. പോരായ്മയുടെ ഗർത്തങ്ങളെ നികത്താൻ ഈ പുതിയ ആസൂത്രണത്തിന് കഴിയുമാറാകട്ടെ എന്നു പ്രത്യാശിക്കാം. ആശംസിക്കാം.



# 4

# ഭൂപ്രകൃതി

മുളൽ പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് രണ്ടായി തരം തിരിക്കാം. പശ്ചിമഘട്ട മലനിരകൾ, താഴ്വരകൾ.

പശ്ചിമഘട്ട മലനിരകൾ പഞ്ചായത്തിന്റെ ഏറ്റവും വടക്ക് കിഴക്ക് പ്രദേശങ്ങളിൽ ഒരു കോട്ട പോലെ സ്ഥിതി ചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്ന് 2500 മുതൽ 3500 വരെ അടി ഉയരമുള്ള വൻ പർവത ശൃംഗങ്ങൾ ഇവിടെയുണ്ട്. ഏറ്റവും ഉയർന്ന പ്രദേശങ്ങൾ വനവും ബാക്കി ഭാഗങ്ങൾ കൃഷി ഭൂമിയുമാണ്. ഉയർന്ന പ്രദേശങ്ങൾ എപ്പോഴും കാറ്റടിക്കുന്നതും കൃഷിക്ക് യോഗ്യ മല്ലാത്തതുമായ പാറക്കെട്ടുകളാണ്. ഇവയിൽ ഒരു തരം മഞ്ഞപ്പുല്ലുകൾ ഇടതൂർന്നു വളർന്നിരിക്കുന്നു. ഇവിടെ വൃക്ഷങ്ങളോ മറ്റുസസ്യലതാദികളോ വളരുന്നില്ല. വർഷത്തിൽ മിക്ക സമയങ്ങളിലും മഞ്ഞുവീഴ്ച ഇവിടുത്തെ പ്രത്യേകതയാണ്. അത്ര ഉയരമല്ലാത്ത വനഭൂമികളിൽ ഏലം, കാപ്പി, ഓറഞ്ച്, എന്നിവ കൃഷി ചെയ്തുവരുന്നു. താലൂക്കിനെ നനയ്ക്കുന്ന ഒട്ടേറെ ജലസ്രോതസ്സു കളുടെ പ്രവഹസ്ഥാനം ഈ വനഭൂമികളാണ്. ജന്തു-സസ്യ വൈവിധ്യം കൊണ്ട് സമൃദ്ധമായ ഈ മേഖലയിലെ കോട്ടഞ്ചേരി പ്രദേശം പ്രത്യേകം എടുത്തു പറയേണ്ടതാണ്. വറ്റാത്ത ഔഷധ സസ്യങ്ങളുടെ കലവറയായ കോട്ടഞ്ചേരി സംസ്ഥാനാന്തര പ്രശസ്തി ഇതിനകം നേടിയിട്ടുണ്ട്.

പശ്ചിമഘട്ടത്തിലെ ഉയർന്ന പാറക്കെട്ടുകളും വനഭൂമിയും കഴിഞ്ഞാൽ ബാക്കിഭാഗം നല്ല കൃഷിഭൂമിയാണ്. ഇവിടെ ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധ വിളകൾക്കുപുറമേ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നിവ കൃഷി ചെയ്തുവരുന്നു.

കോട്ടഞ്ചേരിയിലെ ചിത്രദുർഗ, (പന്നിയൂർ മാനി ) തായേൻ കല്ല് (കൂമ്പൻ മല) എന്നിവയും (10-ാം വാർഡ്), പോപ്പുലർ എസ്റ്റേറ്റു ഭാഗത്തെ ഹിമദുർഗയുമാണ് (7-ാം വാർഡ്) പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള പർവ്വതങ്ങൾ. സമുദ്ര നിരപ്പിൽ നിന്ന് 3500 ലധികം അടി ഉയരമുണ്ട് ഇവയ്ക്ക്.

പശ്ചിമ ഘട്ടത്തിന്റെ താഴ്വരകൾ ചെറിയ കുന്നുകളും സമതലങ്ങളും നിറഞ്ഞതാണ്. പഞ്ചായത്തിലെ ജനസാന്ദ്രതയേറിയ ഈ പ്രദേശങ്ങളിലാണ് ടൗൺഷിപ്പും മറ്റുമുള്ളത്. മലനിരകളിൽ നിന്ന് ഒഴുകിയെത്തുന്ന ജലസ്രോതസ്സുകൾ താഴ്വരയിൽ വച്ച് ലയിച്ച് ഒന്നായി ചൈത്രവാഹിനിയായി രൂപം മാറുന്നു.

താഴ്വര പ്രദേശം പ്രത്യേകിച്ച്, ചൈത്രവാഹിനിയുടെ തടങ്ങൾ നല്ല കൃഷിഭൂമിയാണ്. റബ്ബറാണ് പ്രധാന കൃഷി. തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, നെല്ല്, ജാതിപത്രി, കൊക്കോ തുടങ്ങി മിക്ക വിളകളും ഇവിടെ കൃഷി ചെയ്യുന്നു.

കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. പർവ്വത പ്രദേശങ്ങളിൽ നിന്ന് ഉൽഭവിക്കുന്ന പുഴകളെല്ലാം ഇതിനാൽത്തന്നെ പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ ചേരുന്നവയാണ്. ചരൽ കലർന്ന ചെമ്മണ്ണാണ് (ലാറ്ററൈറ്റ് സോയിൽ) ഭൂരിഭാഗം പ്രദേശങ്ങളിലും. ചില പ്രദേശങ്ങളിൽ വ്യാപകമായി ചെങ്കല്ലും പർവ്വതങ്ങളുടെ മുകൾപ്പരപ്പിൽ കരിങ്കല്ലും കാണപ്പെടുന്നു.

ഋതുഭേദങ്ങൾ കേരളത്തിന്റെ ശരാശരിക്കൊത്തു നീങ്ങുന്നു. ഏപ്രിൽ മെയ് മാസങ്ങളിൽ വേനൽ മഴയും ജൂൺ ആദ്യവാരം മുതൽ ആഗസ്റ്റുവരെ കാലവർഷവും ഒക്ടോബർ - നവം ബറിൽ തുലാവർഷവും ലഭിക്കുന്നു. നവംബർ മുതൽ മെയ് വരെ വേനൽ തുടർച്ചയായി നിലനിൽക്കുന്നു. ഏപ്രിൽ മെയ് മാസങ്ങളിൽ വേനൽ മഴയോടെ വരൾച്ചയുടെ ആധിക്യം ഉണ്ടാകാറുണ്ട്. നവംബർ മുതൽ ജനുവരി വരെ തണുപ്പ് കാലമാണ്. സമീപ പഞ്ചായത്തു കളെക്കാൾ മഴയും തണുപ്പും കൂടുതലും വരൾച്ച കുറവുമാണ് ബളാലിൽ.

വർധിച്ച പാരിസ്ഥിതിക പ്രശ്നങ്ങളൊന്നും പഞ്ചായത്ത് നേരിടുന്നില്ല. ഫാക്ടറികളോ മറ്റ് വ്യവസായ സ്ഥാപനങ്ങളോ പഞ്ചായത്തിൽ എടുത്തു പറയത്തക്കതായി ഇല്ലാത്തതിനാൽ ജല-വായു-ശബ്ദ മലിനീകരണം ഇല്ല. ഹോട്ടലുകളിൽ നിന്നുമായി ഒഴുകിയെത്തുന്ന മലിന ജലം ടൗണുകളോട് ചേർന്ന പുഴകളേയും തോടുകളേയും മലിനപ്പെടുത്തുന്നുണ്ട്. വേനൽക്കാലത്ത് പുഴയിൽ ഓല ചീയിക്കുന്നതും വിഷവസ്തുക്കൾ കലർത്തി മീൻ പിടിക്കുന്നതും തോട്ട പൊട്ടിക്കുന്നതും മറ്റും പുഴയുടെ സംശുദ്ധിയെ ബാധിക്കുന്നു. കോട്ടഞ്ചേരിയടക്കമുള്ള വന ഭൂമികളിൽ വനം കൊള്ളക്കാരുടെ ആക്രമണം കാര്യമായ ഒരു പ്രശ്നമാണ്.

## വനം

ഭൂപ്രകൃതിയുടെ അഞ്ചിലൊരു ഭാഗം വന പ്രദേശങ്ങളുള്ള മലയോര പഞ്ചായത്താണ് ബളാൽ. കർണ്ണാടക സംസ്ഥാനത്തിന്റെ വന മേഖലയും പഞ്ചായത്തിനോട് ചേർന്ന് നീണ്ടു നിവർന്നു കിടക്കുന്നു എന്നതിനാൽ മഴയുടേയും കുളിർമയുടേയും നാടായി ബളാൽ അറിയപ്പെടുന്നു.

275.6 ഹെക്ടർ വനഭൂമിയാണ് ഈ പഞ്ചായത്തിലുള്ളത്. സമുദ്ര നിരപ്പിൽ നിന്നും 3000 മുതൽ 3500 വരെ അടി ഉയരമുള്ള പശ്ചിമ ഘട്ടത്തിന്റെ കുടകു മലനിരകളാണ് വനഭൂമിയിലേറെയും സ്ഥിതിചെയ്യുന്നത്.

ഏഴ് പ്രധാന വനമേഖലകൾ പഞ്ചായത്തിലുണ്ട്. പള്ളത്തുമല, അരിങ്കല്ല്, മരുതോം, കാറളം, വെന്തമല, പോപ്പുലർ, കോട്ടഞ്ചേരി എന്നിവയാണവ. ജൈവ വൈവിധ്യം കൊണ്ട് സമ്പന്നമായ ബളാൽ പ്രകൃതി ശാസ്ത്രജ്ഞന്മാരുടെ പ്രത്യേക ശ്രദ്ധ പതിഞ്ഞിട്ടുള്ള സ്ഥലമാണ്, പ്രത്യേകിച്ച് കോട്ടഞ്ചേരി മലനിരകൾ.

കൊടും വേനലിലും വറ്റാത്ത തെളിനീരുറവകൾ, കൊച്ചു കൊച്ചു ജലാശയങ്ങൾ, വമ്പൻ പാറക്കെട്ടുകൾ, ഗുഹകൾ എന്നിവ യൊക്കെ വനഭൂമികളെ സമ്പന്നമാക്കുന്നു. ആന, പുലി, കേഴമാൻ, കാട്ടുപോത്ത് തുടങ്ങി മിക്ക വന്യജീവികളും ഇവിടെ വനാന്തരങ്ങളിൽ വസിക്കുന്നു. ഈട്ടി, മരുത്, വെൺ തേക്ക്, ഈയൽ വാക, ഇരുപൂൾ, വേങ്ങ, അകിൽ, താന്നി, പുന്ന, വട്ട, കാട്ടുപ്ലാവ്, മരോട്ടി, പന, അരിമരം, ചാക്കോട്ട, അറയാനി, ചേര്, കുളമാവ്, തടിച്ചിൽ തുടങ്ങിയവയാണ് പ്രധാന മരങ്ങൾ. അപൂർവ്വമായി ചന്ദനമരങ്ങളും കണ്ടുവരുന്നു. കൂടാതെ മുള, ചൂരൽ, ഈറ്റ എന്നിവയും സുലഭമാണ്.


ബളാലിന്റെ ജനിതക ഭണ്ഡാരമാണ് കോട്ടഞ്ചേരി. ഇവിടുത്തെ സസ്യ-ജൈവ വൈവിധ്യത്തെ കുറിച്ച്, അതിന്റെ അപൂർവ്വതയെക്കുറിച്ച് ഒട്ടേറെ പഠനങ്ങൾ ഇതിനകം നടന്നിട്ടുണ്ട്. സംസ്ഥാനാന്തര പ്രശസ്തി നേടിയ കോട്ടഞ്ചേരിയെ പറ്റി ഒട്ടേറെ ഡോക്യുമെന്ററികൾ തയ്യാറാക്കപ്പെട്ടിരിക്കുന്നു. ബാലനോറ ഫംഗുസ്, താൻബേർജിയ, മൈസൂരാൻഡ്, ഡെയ്മോർണിയം, ബോട്ടാറിയം, ഇന്ത്യൻ ടെലിഗ്രാഫ് പ്ലാൻറ് എന്നിവ കോട്ടഞ്ചേരിയിലെ അപൂർവ്വ സസ്യശാഖകളിൽ പെടുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ പൂമ്പാറ്റയായ സതേൺ ബേവിംഗ്, പൂമ്പറ്റകളിൽ അപൂർവ്വ ഇനമായ ട്രീനിംഫ്, തേൻ കൊതിച്ചി പരുന്ത്, അപൂർവ്വയിനം ഓന്ത്, പച്ചിലക്കുരുവി പോലുള്ള ദേശാടനക്കിളികൾ കോട്ടഞ്ചേരിയുടെ മാത്രം പ്രത്യേകതകളാണ്.

ബളാലിന്റെ പരിസ്ഥിതി-ഭൂമി ശാസ്ത്ര സംരക്ഷണത്തിൽ വനങ്ങളുടെ പങ്ക് നിസ്തുലമാണ്. കാസറഗോഡ്-കണ്ണൂർ ജില്ലകളുടേയും കർണ്ണാടകത്തിലെ കുടഗു ജില്ലയുടേയും പരിസ്ഥിതി സംതുലനാവസ്ഥയെ നിയന്ത്രക്കുന്ന തിൽ കോട്ടഞ്ചേരി, പോപ്പുലർ വനങ്ങലുടെ പങ്ക് എടുത്തു പറയേണ്ടതുതന്നെ.ഈ പ്രദേശങ്ങളിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും മഴയെ വർദ്ധിപ്പിക്കുന്നതും നിബിഢമായ വനഭൂമി തന്നെ. മണ്ണൊലിപ്പ് തടയുന്നതിനും പുഴകളിലെ ജലനിരപ്പ് നിലനിർത്തുന്നതിനും പൊതു ബാഷ്പീകരണം കുറച്ച് വരൾച്ചയെ തടഞ്ഞു നിർത്തുന്നതിനും വനഭൂമിയുടെ ആധിക്യം സഹായിക്കുന്നു.

പഞ്ചായത്തിലെ മിക്ക വനഭൂമിയും ഉയർന്ന കുന്നിൻ പ്രദേശങ്ങളിലായതിനാൽ വിനോദസഞ്ചാരികളുടെ പ്രസക്തി തിരിച്ചറിയേണ്ടതാണ്. പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന മലനിരകളും, ജലാശയങ്ങളും, പാറക്കെട്ടുകളും ഒത്തു ചേർന്ന വനഭാഗങ്ങളിൽ 'ഇക്കോ ടൂറിസം' എന്ന ആശയം നടപ്പിലാക്കാവുന്നതാണ്.

വനം കൊള്ളക്കാരുടെ ആക്രമണം ബളാലിലെ വനഭൂമി നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അത്യാധുനിക സജ്ജീകരണങ്ങളോടെ ഇവർ നടത്തുന്ന വനം നശിപ്പിക്കലുകൾ ഇനിയും കണ്ടില്ലെന്നു നടിക്കരുത്. പരിസ്ഥിതി പ്രവർത്തരുടെ നിതാന്ത ജാഗ്രത, വനസംരക്ഷണ നിയമങ്ങളുടെ കർശനമായ നടപ്പിലാക്കൽ, പൊതുവായ ബോധവൽക്കരണം എന്നിവ ഇക്കാര്യത്തിൽ നല്ല ഫലം ഉളവാക്കും.


*നമുക്കൊന്ന് ആഘോഷിക്കാം എന്ന് പ്രകൃതി മന്ത്രിക്കുമ്പോൾ വസന്തം പിറക്കുന്നു* -റോബിൻ വില്യംസ്



# 5

# വികസന മേഖലകൾ

സമഗ്ര വികസന രേഖ



# 5 -1

# കൃഷിയും ജലസേചനവും

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

ബളാൽ പഞ്ചായത്ത് ഒരു കുടിയേറ്റ മലയോര ഗ്രാമമാണ്. സമുദ്ര നിരപ്പിൽ നിന്നും 1800 അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പ്രധാനമായും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷക കുടുംബങ്ങൾ അധിവസിക്കുന്ന 93.2 സ്കയർ കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് കർണ്ണാടക സംസ്ഥാനത്തോട് ചേർന്ന് കിടക്കുന്നു. റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, വാഴ, പയറുവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ നെല്ല് തുടങ്ങിയ പ്രധാന കൃഷികളാണ്.

ഭൂവിസ്തൃതിയുടെ ഏറിയ ഭാഗവും ചെരിവുള്ള പ്രദേശങ്ങളാണ് കുടിയേറ്റ കർഷകരുടെ ആവിർഭാവത്തിനു മുൻമ്പ് കൃഷിഭൂമികൾ ഏതാനും ചില ജന്മിമാരുടെ അധീനതയിൽ ആയിരുന്നു. ഫലഭൂയിഷ്ടമായ മണ്ണും വെള്ള സൗകര്യവുമാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. സാംസ്കാരികമായ പൈതൃകം നിലനിർത്തുന്ന ഇവിടുത്തെ ജനങ്ങൾ കാർഷികാഭിവൃദ്ധിയും ഈ പൈതൃകം നിലനിർത്തിപ്പോരുന്നു. കാർഷിക മണ്ഡലത്തിലെ ഒട്ടേറെ വിഷമതകൾ സഹിച്ചും കാർഷികാഭിവൃദ്ധിക്കു വേണ്ടി മണ്ണിനോടു മല്ലടിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളും ഈ ഗ്രാമ പ്രദേശത്തെ ധന്യമാക്കുന്നു.

| നമ്പർ | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | |
| 2. | പുരയിടം | |
| 3. | പുറംപോക്ക് | |
| 4. | കൃഷിയോഗ്യമല്ലാത്ത തരിശ് | |
| 5. | റിസർവ് ഫോറസ്റ്റ് | |
| | ആകെ | |
| | (അവലംബം കൃഷിഭവൻ) | |

6166 കുടുംബങ്ങളുള്ള ഈ ഗ്രാമത്തിൽ 98 കൃഷിക്കാരും ചെറുകിട നാമമാത്ര കർഷകരാണ് 40 വർഷങ്ങൾക്ക് മുൻപ് തദ്ദേശവാസികളായ കൃഷിക്കാർ പുനം കൃഷിയും കുരുമുളക്, കാലിമേയ്ക്കൽ, കശുമാവ് കൃഷി തുടങ്ങിയ കൃഷി ചെയ്തിരുന്നു കുടിയേറ്റ കർഷകരുടെ ആവിർഭാവത്തോടെ ഈ സ്ഥിതിക്ക് മാറ്റം വന്നു. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിയിടങ്ങളിൽ സ്ഥാനം പിടിച്ചു.

മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തിയിരുന്ന ഈ പ്രദേശത്ത് ഇന്നും ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.

നെൽകൃഷിക്കുവേണ്ടി പ്രത്യേകം പാടശേഖരങ്ങൾ ഇല്ലാതിരുന്ന ഈ പ്രദേശത്ത് ബളാൽ, ഇടത്തോട്,മാലോം എന്നീ സ്ഥലങ്ങളിൽ സ്ഥലം നിരത്തി നെൽപ്പാടങ്ങളായി മാറ്റി കൃഷി ചെയ്തു വരുന്നു.

ഈ പഞ്ചായത്തിൽ ഏറിയ ഭാഗവും ചരൽ

നിറഞ്ഞ ചെങ്കൽ പ്രദേശങ്ങളാണ്. 8% പാറക്കെട്ടുകൾ നിറഞ്ഞ കൃഷിയോഗ്യമല്ലാത്ത ഭൂമിയും ഉണ്ട്.

ഭൂ ഉടമസ്ഥരിൽ ആകെയുള്ള 90% വും ചെറുകിട, പരിമിത കൃഷിക്കാരാണ്.

പട്ടിക 2

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | ഒരു ഹെ. ൽ താഴെ | 4721 | 615 ഹെ. |
| 2. | 1ഹെ.2ഹെ. ഇടയിൽ | 1430 | 251ഹെ. |
| 3. | 2ഹെ. നു മുകളിൽ | 15 | 120ഹെ. |

### അവലംബം കൃഷിവെൻ

ഈ പഞ്ചായത്തിൽ മാലോം, ഇടത്തോട്, ബളാൽ ഭാഗങ്ങളിൽ മാത്രമാണ് നെൽ കൃഷിയുള്ളത്. ഭാരിച്ച ജോലിക്കൂലി കാരണവും, നെൽ കൃഷി ലാഭകരമല്ല എന്നുള്ള തോന്നലും നിലവിലുള്ള നെൽ കൃഷിയുടെ വിസ്തൃതിയിൽ കുറവു വന്നിട്ടുണ്ട്.

നാടൻ ഇനങ്ങളായ തവളക്കണ്ണൻ തൊണ്ണൂറാൻ പുഞ്ചക്കയമ എന്നീ ഇനങ്ങളിൽ ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നു. ശാസ്ത്രീയമായ കൃഷി ഇനങ്ങളുടെ

നെൽപാടങ്ങളുടെ പട്ടിക മുന്ന്

| നമ്പർ | നെൽപാടങ്ങളുടെ പേര് | കൃഷിക്കാരുടെ എണ്ണം | വിസ്തീർണ്ണം | ഒന്നാം വിള | രണ്ടാം വിള |
|---|---|---|---|---|---|
| 1 | ഇടത്തോട് | 3 | 3വി. | 3 | 3 |
| 2 | ബളാൽ | 21 | 15വി. | 15 | 10 |
| 3 | മാലോം | 17 | 7വി. | 7 | 7 |

| ക്രമം | വിളകളുടെ പേര് | വിസ്തൃതി ഹെക്ടറിൽ | ശ്രദ്ധിക്കേണ്ടത് |
|---|---|---|---|
| 1 | നെല്ല് | 684.4 | |
| 2 | കുരുമുളക് | 440 | |
| 3 | കശുമാവ് | 660 | |
| 4 | തെങ്ങ് | 1150 | |
| 5 | കവുങ്ങ് | 565 | |
| 6 | ഇഞ്ചി | 120 | |
| 7 | മഞ്ഞൾ | 10 | |
| 8 | വാഴ | 85 | |
| 9 | പച്ചക്കറികൾ | 3 | |
| 10 | പയർ | 4 | |
| 11 | മരച്ചീനി | 230 | |

ഇവിടെ ഈ പ്രദേശത്തെ പ്രധാന വിളയാണ് ശരാശരി ഒരു ഹെക്ടറിൽ നിന്ന് 60 -80 ടിപ്പോകൊപ്പം കിട്ടുന്നുണ്ട്. ഗ്രാമ്പുവിനോടൊപ്പം കൊക്കോ കൃഷിചെയ്താൽ കൊക്കോ കർഷകർക്ക് 25% മുതലായി അധികമായി കിട്ടുന്നുണ്ട്. ഗ്രാമ്പു പ്രധാനമായും പ്രധാന കടയ്ക്കലും ചുറ്റുമായി കുഴിച്ചിടുന്നു. ഓരോ ചെടിയുടെയും വിളവ് വർധനവ് ലക്ഷ്യമിട്ട് ഓരോ വളങ്ങളുടെ ഉപയോഗം എന്നിവയും ഓരോ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

ഓരോ കാലത്ത് ഈ മേഖലയെ സാമ്പത്തികമായി സമ്പുഷ്ടമാക്കുകയും വ്യാപകമായി കൃഷി ചെയ്യുകയും ചെയ്തിരുന്ന കുരുമുളക് കൃഷി ഈ മണ്ണിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ദ്രുതവാട്ടം മൂലം നിരവധി കൃഷിയിടങ്ങളിലെ കുരുമുളക് നശിച്ചു. ചെടികൾ നട്ടുപിടിപ്പിക്കുവാനും തൈകൾ ലഭ്യമാക്കുന്നുണ്ട്. ഇവിടെ ഓരോ ദേശത്തിനനുസരിച്ചുള്ള മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ കുരുമുളക് ഇനങ്ങൾ കൃഷിഭവനിലൂടെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നു.

കവുങ്ങ് കൃഷി ഈ പ്രദേശത്തെ പ്രധാന വിളയാണ്. ഇലപൊഴിയും രോഗങ്ങൾ വർദ്ധിച്ചുവരുന്നതും വിലകുറഞ്ഞ കവുങ്ങിനെ ബാധിച്ചിരുന്നു. ഇതിനെതിരെ പ്രതിരോധ നടപടികൾക്ക് കൃഷിഭവൻ നേതൃത്വം നൽകുന്നുണ്ട്.

തെങ്ങ് ഈ പ്രദേശത്തെ പ്രധാന വിളയാണ്. ഇലപൊഴിയും രോഗങ്ങൾ വർദ്ധിച്ചുവരുന്നതും വിലകുറഞ്ഞ കവുങ്ങിനെ ബാധിച്ചിരുന്നു. ഇതിനെതിരെ പ്രതിരോധ നടപടികൾക്ക് കൃഷിഭവൻ നേതൃത്വം നൽകുന്നുണ്ട്.

വലിയ പ്രദേശം കൂടാതെ തന്നെ തോട്ടം ചെയ്യാനും കൃഷിയാണ് തെങ്ങിന്റെ ഇടവിളകൾ ആയിട്ടുള്ള കൃഷികൾ ഇവിടെ ആദായകരമായ മിശ്രവിള കൃഷിയാണ്. വിളകളിൽ നിന്നും വിളകളിലേക്ക് രോഗങ്ങൾ പകരുന്നതിനും പുതിയ വിളകൾ പിടിപ്പിക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു.

ഇഞ്ചി മഞ്ഞൾ തുടങ്ങിയവ സ്ഥിരമായി കൃഷി ചെയ്തു വരുന്ന കൃഷിക്കാർ ഉണ്ട്. പലപ്പോഴും ലാഭകരം എന്ന് പറയാനാവാത്ത അവസ്ഥ ഈ കൃഷിക്കുണ്ട്.

## വളവും വളത്തിന്റെ ലഭ്യതയും.

എല്ലാ വിളകൾക്കും ശാസ്ത്രീയ പ്രദേശം നടത്തുന്നുണ്ട് ബ്ലോക്കിൽ ബ്ലോക്ക്, മാലോം, കൊന്നക്കാട്, ഇടത്തോട് എന്നിവിടങ്ങളിലെ സർവ്വീസ് സഹകരണ സഹകരണങ്ങളിൽ നിന്നും കൊടുക്കുന്നു. വെള്ളരിക്കുണ്ട് KDCRMS സഹകരണങ്ങളിൽ നിന്നും ഓരോ വളങ്ങളും കർഷകർക്ക് ലഭിക്കുന്നു. സഹകരണ കാരണങ്ങളാലും കാലാവസ്ഥയുടെ വ്യതിയാനം മൂലവും യഥാർത്ഥ ഉപയോഗം നടക്കുന്നില്ല.

ശാസ്ത്രീയമായി ഉപയോഗം സംബന്ധിച്ച് പട്ടിക 5

| വർഷം | വള NDK | P | K |
|---|---|---|---|
| 1992-93 | 19720Kg | 38880kg | 279000kg |
| 93-94 | 2880kg | 15900kg | 224400kg |
| 94-95 | 95220kg | 44220kg | 29700kg |
| 95-96 | 53740kg | 35000kg | 321420kg |

കവുങ്ങ്, തെങ്ങ്, കശുമാവ് , വഴുക്കറികൾ, നെല്ല് തുടങ്ങിയ കൃഷികൾക്ക് കിടനാശിനി പ്രയോഗം ആവശ്യമാണ്. കിടനാശിനികൾ സർവ്വീസ് സഹകരണ ബാങ്കുകൾ നിന്നും മാലോത്തുള്ള മിശ്രാണി കോളേജ് സ്റ്റോറിൽ നിന്നും ലഭ്യമാണ്.

കിടനാശിനികളുടെ ഉപയോഗം പട്ടിക 6

| വർഷം | ബോ | ബ്രോ |
|---|---|---|
| 1993-94 | 125Qtl | 400Ltr |
| 1994-95 | 141 Qtl | 520 Ltr |
| 1995-96 | 146 Qtl | 600 Ltr |

കാർഷിക ഉപകരണങ്ങൾ കുരുമുളക് സംരക്ഷണ സമിതി ഗ്രൂപ്പുകൾ ശേഖരണ കമ്മിറ്റി കേര സംരക്ഷണ സമിതി എന്നീ സമിതികൾ മുഖാന്തിരം ലഭ്യമാക്കുന്നു.

കാർഷിക ഉപകരണങ്ങളുടെ പട്ടിക 7

| ഉപകരണത്തിന്റെ പേര് | എണ്ണം | |
|---|---|---|
| ട്രാക്ടർ | 1 | പ്രൈവറ്റ് |
| ടില്ലർ | 2 | |
| റോക്കർ സ്പ്രെയർ | 18 | |

കൂടാതെ ബ്ലോക്ക് പഞ്ചായത്തിലെ മിക്ക കോളനികൾക്കും കൃഷിഭവനിൽ നിന്ന് റോക്കർ സ്പ്രേയർ മൺവെട്ടി പിക്കാസ്സ് തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

കൃഷിക്കാർക്ക് സ്വന്തമായി തന്നെ 940 ഓളം റോക്കർ സ്പ്രയറും 20 നാപ് സാക് സ്പ്രയറുകളും ഉണ്ട്. ഈ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ റിപ്പയർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

## നഴ്സറികൾ

ഗുണനിലവാരമുള്ള തൈകൾ ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി കൃഷിവകുപ്പിന്റെ അനുമതിയോടെ കുടി വള്ളിക്കടവിൽ കിഴക്കാനകത്ത് നഴ്സറി പ്രവർത്തിക്കുന്നു. വിവിധ ഇനം കുരുമുളക് വള്ളികൾ എന്നിവ പ്രസ്തുത നഴ്സറിയിൽ ഉല്പാദിപ്പിക്കുന്നു കൂടാതെ അഴകത്ത് റബ്ബർ നഴ്സറിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു

കാർഷിക അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളും ലോണുകളും

| സ്ഥാപനത്തിന്റെ പേര് | | ധനവിനിയോഗം | | തുക |
|---|---|---|---|---|
| | | 1993-94 | 1994-95 | 1995-96 |
| 1 | SCBബ്ലോക്ക് | - | - | 12729665 |
| 2 | NMGBവെള്ളരിക്കുണ്ട് | 6258000 | 4992000 | 625600 |
| 3 | NMGBവള്ളിക്കടവ് | 5097283 | 4864200 | 7202800 |
| 4 | DCBവെള്ളരിക്കുണ്ട് | 225000 | 345000 | 726000 |
| 5 | ADBഭീമനടി | - | - | 16550000 |

കൂടാതെ കാർഷിക വികസന ബാങ്ക് ഭീമനടി, ഫെഡറൽ ബാങ്ക് ഭീമനടി, SBI . കാഞ്ഞങ്ങാട് എന്നീ ബാങ്കുകളിൽ നിന്നും കർഷകർക്ക് വായ്പ ലഭ്യമാണ്

വിവിധ വിളകളുടെ ഉൽപാദനവും ഉൽപാദന ക്ഷമതയും

| വിളകളുടെ പേര് | മൊത്തം ഉൽപാദനം | ഉല്പാദന ക്ഷമത |
|---|---|---|
| നെല്ല് | 60000 Kg | 3 MT/L |
| തെങ്ങ് | 2570240 Nub | 9600 Nub |
| വാഴ | 1700 MT | 20 MT/L |
| കുരുമളക് | 1000 MT | 2.2 MT |
| കശുമാവ് | 405 MT | 0.75 MT |
| റബ്ബർ | 4657.5 MT | 4.05 MT |
| പയർ | 3000 Kg | 0.75 MT |
| പച്ചകറികൾ | 3.5 MT | 0.83 MT |
| മരച്ചീനി | 14400 MT | 72 MT |
| ഇഞ്ചി | 240 MT | 2 MT |

വിവിധ വർഷങ്ങളിലായി കൃഷിഭവനിൽനിന്നും അംഗീകൃത നഴ്സറികളിൽനിന്നും വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരങ്ങൾ

| നമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | തെങ്ങ് വിവിധ ഇനങ്ങൾ | 5300 | 100 Kg | 2281 L |
| 2 | കശുമാവ് ഗ്രാഫ്റ്റ് | 5360 Kg | 15845 | 5100 L |
| 3 | കുരുമുളക് വിവിധഇനങ്ങൾ | - | 23700 | 24800 L |
| 4 | കവുങ്ങ് വിവിധ ഇനങ്ങൾ | 150 | 1000 | 1125 |
| 5 | മാവ് ഗ്രാഫ്റ്റ് | 180 | - | 15 |
| 6 | നെല്ല് വിവിധ ഇനങ്ങൾ | 2590 Kg | 725 Kg | 300 Kg |
| 7 | ഗ്രാമ്പു | - | 70 | - |
| 8 | കൊക്കോതൈകൾ | 1000 | - | - |

ജലസേചന സൗകര്യങ്ങൾ പരിമിതമാണങ്കിലും തെങ്ങ്, കവുങ്ങ് ഇവകൾ നനക്കാൻ സൗകര്യമുള്ള തോട്ടങ്ങളിൽ ഇലക്ട്രിക്ക് മേട്ടറും ഉപയോഗിച്ച് നീർച്ചാലുകൾ തടഞ്ഞ് വെള്ളം ഒഴുക്കിയും ജലസേചനം നടത്തുന്നു. ഏകദേശം 260 ഓളം മണ്ണെണ്ണ ഡീസൽ മോട്ടോറും ഈ പഞ്ചായത്തിൽ ഉണ്ട്.

കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷൻമാർക്ക് 60 രൂപയും സ്ത്രീകൾക്ക് 32 രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു. ആവശ്യാനുസരണം കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുക എന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.

## ജലസോത്രസ്സുകളും ജലസേചന മാർഗ്ഗങ്ങളും

പ്രധാനമായും പുഴകൾ തടഞ്ഞു നിർത്തിയും, കിണറും, കുളങ്ങളും കുഴിയും ആണ് ജലസേചനം നടത്തുന്നത്.

പഞ്ചായത്തിന്റെ വിവിധ വാഡുകളിൽ കൂടി ഒഴുകുന്ന പ്രധാന പുഴകളുടെയും നീരൊഴുക്ക് ചാലിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

മൈക്കയം - പാറന്ചാൽ, മഞ്ചുച്ചാൽ, ഓട്ടക്കൊല്ലി, അശോകച്ചാൽ - കൊന്നക്കാട്, കാണിച്ചാൽ, മാവുഞ്ചാൽ കവത്തുമുണ്ട, ചൈത്രവാഹിനി പുഴ, നാട്ടക്കൽ ത്തോട്, ഞാണിക്കലവ് തോട്, വള്ളിക്കടവ് മര്യോംചാൽ, കാര്യോട്ട് ചാൽതോട്, ചുള്ളികാര്യോട് ചാൽ തോട്, ശിവഗിരി പാലച്ചാൽ തോട്, കൊടിയൽ കുണ്ട്. പുന്നക്കുന്ന്, ചാത്തിക്കര, തലക്കുളം, ആനമഞ്ഞൾ, കരുവുള്ളടുക്കം, ചെമ്പഞ്ചേരി കുഴിങ്ങാട് തോട്, മരുതാംകുളം, - ബളാൽ ചാലുകൾ, ബളാൽ - കല്ലൻ ചിറ തോട്, ബളാൽ വെള്ളരിക്കുണ്ട് ചാൽ, ഇടത്തോട് പരപ്പച്ചാൽ, അരീക്കര അത്തിക്കടവു ചാൽ, കോട്ടക്കുന്ന് - ബളാൽ ചാലുകൾ, നീലി പുഴചാൽ, പുഞ്ചത്തോട്, പടയംകല്ല് തോട്, പുവത്തും കൊല്ലി തോട്, പൊന്നുമുണ്ട തോട്, കക്കോൽ തോട്, ഒട്ടോമാളം തോട്, പയാളം - ഇടത്തോട് തോട്,

കപ്പളി പാലച്ചാൽ തോട്, മോതിരക്കുന്ന് തോട്, അരിങ്കല്ല് തോട് എന്നിവയാണ്.

ക്രോസ് ബാറുകൾ നിർമ്മിച്ച് ജലം തടഞ്ഞുനിർത്തി ജലസേചനം നടത്താൻ പറ്റുമെന്നുള്ളതിനാൽ ക്രോസ് ബാർ നിർമ്മിക്കേണ്ടതാണ്.

ജലസേയനത്തിനായി കൃഷി വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ് എന്നിവയിലൂടെ കുളങ്ങളും കിണറുകളും നിർമ്മിച്ചിട്ടുണ്ട്. വെസ്റ്റേൺ ഗാട്ട് ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം മുണ്ടപ്പോവ്, ചാലവളപ്പ്, പളത്തുമല, പയാളം, മുരിക്കും നീർ എന്നീ സ്ഥലങ്ങളിൽ കുളങ്ങൽ കുഴിച്ചിട്ടുണ്ട്. SCP പദ്ധതി പ്രകാരം കൃഷി ഭവനിലൂടെ മരുതോം, മുണ്ടമണി, വലിയമുറ്റം, കായക്കുന്ന്, കല്ലൻചിറ, പൊടിപ്പളം, തലക്കുളം, കുളിമട, പാടി, മാന്തിൻ തുടങ്ങിയ സ്ഥലങ്ങളിൽ കുളങ്ങൽ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ ഹരിജൻ കോളനികളിൽ ജലസേചലത്തിനായി കിണറുകളും, വിവിധ സ്കീമുകളിലൂടെ പഞ്ചായത്തിൽ മറ്റ് കിണറുകളും കുഴിച്ചിട്ടുണ്ട്.

## ചെക്കുഡാമുകൾ

ജലസേചനത്തിനായി ഇടത്തോട്ട് തോട്ടിൽ രണ്ടിടങ്ങളിലായി രണ്ട് ചെക്ക് ഡാമുകളും ഞാണിക്കടവിൽ ഒരു ക്രോസ് ബാറും നിർമ്മിച്ചിട്ടുണ്ടങ്കിലും വെള്ളം തടഞ്ഞു നർത്താൻ ആവശ്യമായ ഷട്ടറിട്ടിട്ടില്ല. ആയതിനാൽ ഷട്ടറിട്ട് ആവശ്യമായ തോടുകൾ നിർമ്മിച്ച് പൂർത്തിയാക്കണം. ഈ പദ്ധതികൾക്കൊന്നും മതിയായ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കൂടുതൽ ചെക്കു ഡാമുകളും, ജലസംഭരണികൾ പുതുതായി നിർമ്മിച്ചും, നിലവിലുള്ളവ റിപ്പയർ ചെയതും ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

## പ്രശ്നങ്ങൾ

1 പൊതുത്തായി കിടക്കുന്ന മലമ്പ്രദേശങ്ങളിലെ ഫലപുഷ്ടമായ മണ്ണ, മണ്ണൊലിപ്പ് മൂലം നഷ്ടമാകുന്നു.

2 കാലാവസ്ഥയുടെയും മറ്റ് സാഹചര്യങ്ങളുടെയും സമ്മർദ്ധത്തിൽ വിളകൾക്ക് നാശനഷടം സംഭവിക്കുന്നു.

3 പ്രധാന വിളകൾ ആയ കവുങ്ങ് തെങ്ങ് റബ്ബർ , നെല്ല് എന്നീ വിളകളിൽ ഉണ്ടാകുന്ന കീടരോഗ ബാധകൾ ഫലപ്രധമായി നിയന്ത്രിക്കാൻ കവിയുന്നില്ല.

4 മണ്ണ് പരിശോധിച്ച് മണ്ണിന്റെ ഗുണനിലവാരം അറിഞ്ഞ് രാസവള പ്രയോഗം നടത്താൻ കഴിയുന്നില്ല.

5 വളം കീടനാസിനികൾ എന്നിവ യഥാസമയങ്ങളിൽ വേണ്ടത്ര സബ്സിഡിയോട് കൂടി ലഭിക്കുന്നില്ല.

6 ഗ്രീപ്പ് ഫാമുകലുടെയും കുരുമുളക് കേരസംരക്ഷണ സമിതികളുടെയും പ്രവർത്തനം വേണ്ടത്ര തൃപതികരമല്ലാ.

7 ശാസ്ത്രിയ കൃഷി സമ്പ്രദായ പ്രചാരം ലഭിച്ചിട്ടില്ല.

8 അയൽ സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന വാർഡുകളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങൾ നശിപ്പിക്കുന്നു.

9. അമിതമായ കൂലി വർദ്ധനയും കാർഷിക തൊഴിലാളികളുടെ ക്ഷാമവും ഉല്പാദനചിലവിൽ വരുന്ന സാമ്പത്തിക ഭാരവും കൃഷിക്കാരെ കാർഷിക മണ്ഡലത്തിൽ നിന്ന് പുന്തിരിപ്പിക്കുന്നു.

10ജലസേചന സൗകര്യം ഇല്ലാത്തതു കൊണ്ട് മിക്കവിളകൾക്കും ഉല്പാദനം കുറയുന്നു.

11 യഥാസമയങ്ങളിൽ നാട്ടിൽ വസ്തുക്കൾ കിട്ടാത്തതുകൊണ്ട് വിത്തുകളിറക്കാൻ കഴിയാതെ വരുന്നു.

12 ആധുനിക കാർഷിക ഉപകരണങ്ങളുടെ അപര്യാപതത മൂലം യഥാ സമയങ്ങളിൽ കൃഷിയിറക്കാൻ കഴിയുന്നില്ല.

13 ബോധ വൽക്കരണ ക്ലാസ്സുകളുടെ അഭാവം മൂലം ശാസ്ത്രീയ അവബോധം കൃഷിക്കാരിൽ ഉണ്ടാകുന്നില്ല.

14 പ്രധാന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള പൊതു വിപണി ഇല്ലാത്തതു ഉൽപ്പന്നത്തിൽ ഗണ്യമായ മാറ്റം വരുത്തുന്നു.

15 കാർഷികാവശ്യത്തിനായി വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1 കൃഷി ഭൂമിക്ക് പട്ടയം അനുവദിക്കുക, പട്ടയം ഇല്ലാത്ത കർഷകർക്ക് പട്ടയം അനുവദിക്കുക.

2 പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിനും വാട്ടർ ഷെഡ് പദ്ധതി മുലവും വെസ്റ്റേൺ ഗാട്ട് പദ്ധതി മുലവും മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3 കാർഷിക ഉപകരണങ്ങൾ കർഷകർക്ക് സൗജന്യമായി ലഭ്യമാക്കുക.

4 പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കൃഷി ഭവൻ വാർത്താ ബോഡുകൾ സ്ഥാപിക്കുക.


5 കൃഷി വിജ്ഞാന വ്യാപനത്തിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക.

6 വിള ഇൻഷ്യുറൻസ് പദ്ധതി വ്യാരകമാക്കുക

7. വന്യമൃഗങ്ങൽ മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സാമ്പത്തിക സഹായം അനുവദിക്കുക.

8 പ്രധാവപ്പെട്ട തോടുകലിലും ചാലുകളിലും [illegible]

ഡാമുകൾ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
ചെക്കുഡാമുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ മുകളിൽ വിവരുക്കുന്നു.
9 പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുകയും കുളങ്ങളും കണറുകളും കൂടുതൽ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക.
10 വളവും കീടനാശിനിയും സബ്സിഡി നിരക്കിൽ കൃഷിഭവനിൽ നിന്ന് ലഭ്യമാക്കുക.
11 ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാൻ കൃഷിക്കാരെ ഉത്ബോധിപ്പിക്കുക
12 വിപണല സൗകര്യം ഉണ്ടാക്കുക
13. കൃഷി ഭൂമിക്ക് പട്ടയം നൽകുക.
14 പാടശേഖരങ്ങൾ നികത്തി മറ്റ് കൃഷികൾ ചെയ്യുന്നത് ഒഴിവാക്കുക
15 കമ്മ്യൂണിറ്റി ഇറിഗേഷൻ എല്ലാ സ്ഥലത്തും നടപ്പിൽ വരുത്തുക
16 നെൽകൃഷിക്ക് കൂടുതൽ സബ്സിഡി നല്കി പ്രോത്സാഹിപ്പിക്കുക.
17 മരുന്ന് തളി, മണ്ണ് പരിശോധന, വളപ്രയോഗം ജലസേചനം എന്നിവ കൂട്ടായി നടത്തുന്നതി നു ഫാർമേർസ് ക്ലബുകൾ രുപീകരിക്കുക.
18 ഗുണമേന്മയുള്ള വിത്തിനങ്ങളും നടുൽ വസ്തുക്കളും യഥാസമയത്ത് കൃഷിക്കാർക്ക് ലഭ്യമാക്കുക.
19 കാർഷിക ചിലവു കുറക്കാനുള്ള പദ്ധതികൾ ആവിശ്ക്കരിച്ച് നടപ്പിൽ വരുത്തുക.
20 കേര സമിതിയിലും കുരുമുളക് സംരംക്ഷണ സമിതിയിലും എല്ലാമരെയും അംഗങ്ങൾ ആക്കുക.
21 കാർഷിക വിലകൽക്ക് റിപ്ലാന്റിഗ് സബ്സിഡി ഏർപ്പെടുത്തുക.
22 തേനീച്ച വളർത്തൽ കൂൺ കൃഷി സെറിക്കൾച്ചർ എന്നിവ പ്രോത്സാഹിപ്പിക്കുക.
23 കാർഷികോത്പന്ന സംഭരണ – സംസ്ക്കരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
24 ചാൽക്കരകൾ കെട്ടി കൃഷിഭൂമി സംരക്ഷിക്കുക
25 ചെറുകിട കർഷകർക്ക് പണിയായുദ്ധങ്ങൾ നൽകുക.
26 കർഷക സമിതികൾക്ക് പമ്പ് സെറ്റുകൾ നൽകുക.
27 ജൈവവള നിർമാണം പ്രോത്സാഹിപ്പിക്കുക.
28 ജിയോളജിക്കൽ സർവ്വേയിലൂടെ കിണറുകളും കുളങ്ങളും നിർമ്മിക്കാൻ നടപടിയെടുക്കുക.
29 കൃഷിഭവന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുക.
30 പഞ്ചായത്തിന്റെ കിഴക്കൻ മേഖലകൾക്ക് പ്രയോജനപെടുത്തക്ക വിധം കൃഷിഭവൻ അനുവദിക്കുക.
31 മാലോം, കൊന്നക്കാട് എന്നിവിടങ്ങളിൽ കൃഷിഭവന്റെ സ്ബ്സ് ഓഫീസുകൾ സ്ഥാപിക്കുക.
32 നടീൽ വസ്തുക്കൾ കൃഷി ഭവനിൽ നിന്ന് വിതരണം ചെയ്യുമ്പോൾ കിഴക്കൻ പ്രദേശത്തിന് ഗുണകരമാകത്തക്കവിധം നടീൽ വസ്തുക്കൾ മാലോം, കൊന്നക്കാട് എന്നിവിടങ്ങളിൽ സ്റ്റോക്ക് ചെയ്യുക.
33 കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ഏകീകരിക്കുക.
34 കാർഷികാവശ്യത്തിനായി മണ്ണെണ്ണ പെർമിറ്റുകൾ കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുക.
35 അഗ്രോസർവ്വീസ് സെന്ററിന്റെ ഉദ്ദേശ ലക്ഷങ്ങൾ നടപ്പിൽ വരുത്തുക.
36 ചെറിയ പുഞ്ച ഇടക്കാനം, വെന്തമല, ദർഘസ്, പുല്ലൊടി, അരികല്ല്, കോട്ടക്കുന്ന്, മുണ്ടമണി, മാമ്പഴം പൊടിപ്പള്ളം, പുള്ളി ടൗൺ, കാരിയോട്ട് ചാൽ ചമ്പക്കുളം, കണ്ണീർ വാടി, ബളാൽ, പൊന്നുമുണ്ട, ചെമ്പൻചേരി, കൊടിയൻകുണ്ട്, പുന്നക്കുന്ന്, പാത്തിക്കര, കാറളം, തലക്കുളം, ആനമത്തൾ, കുരുവുള്ളടുക്കം, പയാളം, വള്ളിച്ചിറ്റ, തായിക്കയം, ഇടത്തോട്, പാലവളപ്പ് , തേങ്കയം, മൈക്കയം, കടവത്തുമുണ്ട, കമ്മാടി, അരയൽക്കുളം, ഓട്ടക്കൊല്ലി, പനത്താങ്ങി തുടങ്ങിയസ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കേണ്ടതാണ്.
37 മാതൃകാ നേഴ്സറികൾ ആരംഭിക്കുക.
38 വൈദ്യുതി ക്ഷാമം പരിഹരിക്കുക
39 കശുമാവു കൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കുക
40 സസ്യസംരക്ഷണ നടപടികൾ കൂടുതൽ വ്യാപകമാക്കുക
41 കുരുമുളകിന്റെ ധൃതുവാട്ടത്തിനും കുമികിന്റെ മഹാളിക്കും എതിരെ പ്രദിരോധനടപടികൾ കൈകൊള്ളുക.
42 കാർഷികാവശ്യത്തിനും ജലസ്യേചനത്തിനും ഉപാധികളില്ലാതെ ലോൺ അലുവദിച്ച് ഉൽപ്പാധനം മെച്ചപ്പെടുത്തുക.
43. വിള ഇൻഷ്യുറൻസ് പദ്ധതി വ്യാപകമാക്കി വിളനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുക
44 കൃഷിഭവന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുകയും എല്ലാ വാർഡിലും പദ്ധതികളെ പറ്റി അറിയാനും ആനുകൂല്യങ്ങൽ ലഭിക്കാനുമുള്ള സ്വതര നടപടികൾ ആവശ്യമാണ്.
45 കൃഷിഭവനിലൂടെ കർഷകരിൽ നിന്നുള്ള നിർമ്മാണ പിരിവരവു ഒഴിവാക്കുക (നിക്ഷേപങ്ങൾ) ( ഇന്ദിരാ വികാസ് പത്രം)



# 5 -2

# മൃഗസംരക്ഷണം

ബഹു ഭൂരി പക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഒരു മലയോര പഞ്ചായത്താണ് ബളാൽ. മൃഗസംരക്ഷണവും ക്ഷീരോത്പാദനവും മുഖ്യ ഉപ തൊഴിലാണ്. പശു, ആട്, പന്നി എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിലെ ഏകദേശം മുഴുവൻ വീടുകളിലുംകോഴികളെ വളർത്തിവരുന്നു. കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ പ്രധാന ശ്രോതസ്സാണ് മൃഗ സംരക്ഷണ മേഖല.

വളർത്തു മൃഗങ്ങളുടേയും കോഴിയുടെയും 1996 സെൻസസ് അനുസരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | പശു (നാടൻ) | 1262 |
| 2. | പശു സങ്കരയിനം | 3410 |
| 3. | എരുമ | 80 |
| 4. | കാള | 60 |
| 5. | ആട് | 950 |
| 6. | താറാവ് | 300 |
| 7. | കോഴി | 1240 |

മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ കണക്ക് ചുവടെ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | എണ്ണം | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1. | വെറ്ററിനറി ഹോസ്പിറ്റൽ | 1 | കൊന്നക്കാട് |
| 2. | ഊർജിത കന്നുകാലി വികസന ഉപകേന്ദ്രം | 4 | മാലോം ബളാൽ കനകപ്പള്ളി ഇടത്തോട് |

1. മൃഗചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് പഞ്ചായത്താസ്ഥാനമായ ബളാലിൽ നിന്നും 16 കി. മിറ്റർ അകലെ അതിർത്തി പ്രദേശമായ കൊന്നക്കാടാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ പ്രയോജനം പഞ്ചായത്തിലെ മറ്റു

പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല. കൃത്യ സമയത്ത് ചികിൽസ ലഭിക്കാതെ നിരവധി വളർത്തു മൃഗങ്ങൾ ചത്തൊടുങ്ങുന്നു.

ക്ഷീര സഹകരണ
സംഘങ്ങളും പാൽ സംഭരണവും

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ദിവസേനയുള്ളശരാശരി പാൽ സംഭരണം |
|---|---|---|
| 1. | കൊന്നക്കാട് അപ്കോസ് | 100 ലിറ്റർ |
| 2. | മാലോം ,, | 90 ,, |
| 3. | വെള്ളരിക്കുണ്ട് ,, | 200 ,, |
| 4. | ബളാൽ ,, | 170 ,, |
| 5. | എടത്തോട് ,, | 150 ,, |

പ്രധാന പ്രശ്നങ്ങൾ

2. രണ്ട് പാൽ സംഭരണ രംഗത്തെ പ്രശ്നങ്ങൾ

പഞ്ചായത്തിൽ അഞ്ച് അപ്കോസ് സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ചുള്ളിപോലുള്ള ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സഹകരണ സംഘങ്ങളില്ലാത്തതിനാൽ പാൽ സംഭരണത്തിന് വിഷമങ്ങൾ നേരിടുന്നു. പാലിന് ന്യായമായ വില ലഭിക്കാത്തത് ക്ഷീര കർഷകരുടെ നട്ടെല്ല് ഒടിക്കുന്നു. ന്യായമായ വില ലഭിക്കാത്തതിനാൽ പല കർഷകരും ഈ രംഗത്തു നിന്നും പിൻമാറുകയും അതു വഴി പാൽ സംഭരണം ഗണ്യമായി കുറയുകയും ചെയ്തു.

3. സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.

കറവമാടുകളെയും മറ്റു വളർത്തു മൃഗങ്ങളെയും വാങ്ങുന്നതിന് ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും ആവശ്യാനുസരണം വായ്പ ലഭിക്കുന്നില്ല.

4. കാലിത്തീറ്റയുടെ ക്രമാധീതമായ വില വർദ്ധനയും ഗുണ നിലവാരത്തിലുള്ള കുറവും.

എല്ലാ സമയത്തും കാലിത്തീറ്റ ആവശ്യാനുസരണം ലഭ്യമല്ല. കാലിത്തീറ്റയുടെ വിലയിൽ അടിക്കടിയുണ്ടാ യിക്കൊണ്ടിരിക്കുന്ന വർദ്ധനവ് ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. കൂടാതെ കാലിത്തീറ്റയുടെ ഗുണനിലവാരത്തിലുള്ള ഏറ്റക്കുറച്ചിലുകൾ മൃഗങ്ങളുടെ ആരോഗ്യത്തേയും പ്രജനനത്തേയും പാൽ ഉൽപാദന ത്തേയും പ്രതികൂലമായി ബാധിക്കുന്നു.

5. തീറ്റപ്പുല്ല് വൈക്കോൽ എന്നിവയുടെ ലഭ്യത കുറവ്.

തീറ്റപ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. വൈക്കോലിനു പ്രധാനമായും അന്യ സംസ്ഥാനങ്ങളെ

ആശ്രയിക്കേണ്ടിവരുന്നു. യഥാ സമയങ്ങളിൽ ആവശ്യാനുസരണം വൈക്കോൽ ന്യായമായ വിലയ്ക്ക് ലഭിക്കുന്നില്ല. ജലസേചന സൗകര്യങ്ങളുടെ പരിമിതികൾ നിമിത്തം ആവശ്യത്തിനു തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനു സാധിക്കുന്നില്ല.

6. അത്യുൽപ്പാദന ശേഷിയുള്ള പശുക്കൾ, ആടുകൾ , പന്നികൾ, കോഴികൾ എന്നിവയുടെ ദൗർലഭ്യം.

കർഷകരുടെ താൽപര്യങ്ങൾക്കനുസരിച്ച് അത്യുൽപാദന ശേഷിയുള്ള പശുക്കൾ ആടുകൾ പന്നികൾ, കോഴികൾ എന്നിവ ആവശ്യാനുസരണം ലഭിക്കുന്നില്ല. സർക്കാർ സ്ഥാപനങ്ങൾക്കും സ്വാകാര്യ ഏജൻസികൾക്കും ഇവയെ ആവശ്യാനുസരണം വിതരണം ചെയ്യാൻ കഴിയുന്നില്ല.

7. ക്ഷീര വകുപ്പ് സ്ഥാപനങ്ങളുടെ അപര്യാപ്തത.

ക്ഷീര വികസന വകുപ്പ് മുഖേന നിരവധിപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. താഴെ പറയുന്നവ അവയിൽ ചിലത് മാത്രമാണ്.

1. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സബ്സിഡി.

2. മോഡൽ ഡയറി യൂണിറ്റിനുള്ള സബ്സിഡി.

3. ക്ഷീര സഹകരണ സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഗ്രാൻറ്.

4. ഫർണിച്ചർ [illegible]ബ്സിഡി.

5. വർക്കിംഗ് ക്യാപിറ്റൽ ഗ്രാൻറ്.

6. മാനേജിരിയൽ സബ്സിഡി.

7. വൈക്കോൽ , യൂറിയ സമ്പുഷ്ടീകരണത്തിനുള്ള സബ്സിഡി.

8. സൈലേജ് നിർമ്മിക്കുന്നതിനുള്ള സബ്സിഡി.

9. പുൽ കൃഷി വികസനത്തിന് സബ്സിഡി നിരക്കിൽ വിത്തും രാസവളങ്ങളും നൽകി വരുന്നു.

8 പേപ്പട്ടി ശല്യം ഉണ്ടാകുന്നു.

അലഞ്ഞു തിരഞ്ഞു നടക്കുന്ന പേ നായ്ക്കളുടെ കടിയേറ്റ് പലർക്കും പേ വിഷ ബാധ ഉണ്ടാകുന്നു. നായ്ക്കളുടെ പേ വിഷബാധയ്ക്ക് പ്രതിരോധ കുത്തിവെയ്പ്പ് വ്യാപകമല്ല.

9. ആധുനിക രീതിയിലുള്ള അറവുശാലകളുടെ അപര്യാപ്തത.

പഞ്ചായത്തിൽ മാംസത്തിൻെറ ഉപഭോഗം കൂടുതലാണ്. അതിനനുസരിച്ച് ആധുനിക രീതിയിലുള്ള അറവു ശാലകളോ മറ്റ് സൗകര്യങ്ങളോ ഇല്ല. അറവു മൃഗങ്ങളുടെ പരിശോധന വേണ്ട വിധം നടക്കുന്നില്ല.

10. ആധുനിക രീതിയിലുള്ള മൽസ്യം മാംസ മാർക്കറ്റുകളുടെ അപര്യാപ്തത.

ആവശ്യാനുസരണം മൽസ്യവും മാംസവും ലഭിക്കുന്നതിന് വൃത്തിയും

വെടിപ്പുമുള്ള വിൽപ്പന ശാലകളുടെ അപര്യാപ്ത ഒരു പ്രശനമാണ്.

## സാധ്യതകൾ

ബളാൽ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മാത്രമാണു നിലവിലുള്ളത്. ബളാൽ പഞ്ചായത്തിനെ മാലോം , ബളാൽ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതാണ്. എന്നാൽ വിഭജനം നടന്നില്ല. വിഭജനം നടന്നിരുന്നെങ്കിൽ ഒരു പഞ്ചായത്തിൽ കുറഞ്ഞത് ഒരു മൃഗാശുപത്രിയെന്ന സർക്കാർ നയത്തിനനുസരിച്ച് തന്നെ ബളാലിൽ മൃഗാശുപത്രി അനുവദിച്ചു കിട്ടുമായിരുന്നു. എന്നിരുന്നാലും ബളാലിന്റെ ഭൂപ്രകൃതി പ്രത്യേക OUŠH MTfmWDhÅ vMfWZfWhÚ ICDP സബ് സെൻറർ അടിയന്തിരമായി ആശുപത്രിയായി ഉയർത്തേണ്ടിയിരിക്കുന്നു വെള്ളരിക്കുണ്ട് ആസ്ഥാനമായി താലൂക്ക് അനുവദിച്ചു കിട്ടുന്നതിനുള്ള സാധ്യതയെ മുൻനിർത്തി ബളാലിൽ ഒരു വെറ്റിനറി പോളിക്ലിനിക്ക് സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രദേശത്തെ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കുറേയൊക്കെ പരിഹാരമാകും. അകിടു വീക്കം , ഉദര രോഗങ്ങൾ പരാദ രോഗങ്ങൾ , ഉപാപചയ സംബന്ധമായ രോഗങ്ങൾ, ധാതു ലവണങ്ങളുടെ അഭാവം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ എന്നിവ വ്യാപകമായതിനാൽ പ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും മറ്റ് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. ചുള്ളിയിൽ ഒരു ഊർജ്ജിത കന്നുകാലി വികസന ഉപ കേന്ദ്രം തുറക്കുകയും കനകപ്പള്ളിയിലെ കേന്ദ്രത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും വേണം. കൂടാതെ സ്വന്തമായി കെട്ടിടം ടെലഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആവശ്യത്തിനു മരുന്നും ഉപകരണങ്ങളും ലഭ്യമക്കുകയും വേണം.

കൃത്രിമ ബീജ സങ്കലനം നടത്തിയതു സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വളർത്തു മൃഗം ഇനം | വർഷം | ബീജസങ്കലനം നടത്തിയവ | ഗർഭ ധാരണത്തിന് രണ്ടിലധികം തവണ ബീജം സ്വീകരിച്ചവ | ഗർഭധാരണം നടക്കാത്തവ |
|---|---|---|---|---|
| പശു | 92-93 | 381 | 6 | |
| | 93-94 | 421 | 3 | |
| | 94-95 | 368 | 22 | |
| | 95-96 | 262 | 10 | |
| | 96-97 | 75 | 3 | |
| കിടാരി | 92-93 | 139 | 5 | |
| | 93-94 | 146 | 9 | |
| | 94-95 | 125 | 17 | |
| | 95-96 | 91 | 8 | |
| | 96-97 | 27 | 3 | |
| എരുമ | 92-93 | 3 | - | |
| | 93-94 | | | |
| | 94-95 | | | |
| | 95-96 | 1 | | |

മൃഗസംരക്ഷണം മൃഗ ചികിൽസ, ആഹാര ക്രമം പുൽകൃഷി എന്നീ കാര്യങ്ങൾ കർഷകരെ ബോധവൽക്കരിക്കുന്നതിന് കർഷകരുടെ വീടുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് കാറ്റിൽ ഇംപ്രൂവ് മെൻറ് അസിസ്റ്റൻറ് മാരെ നിയമിക്കണം. എമർജൻസി മൊബൈൽ യൂണിറ്റുകൾ തുടങ്ങണം.

രോഗ വിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1 | ദഹന സംബന്ധം | 928 | 10 | 15 | 5 | 65 |
| 2 | ശ്വാസകോശ ,, | 145 | 5 | 10 | - | 70 |
| 3 | ഉപാപചയ ,, | 201 | 6 | - | - | - |
| 4 | ത്വക്ക് രോഗം | 208 | 10 | 5 | 7 | - |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 179 | 5 | 10 | - | - |
| 6 | പരാദ രോഗങ്ങൾ | 402 | 15 | - | - | 86 |
| 7 | പ്രത്യുത്പാദനപരം | 78 | 5 | - | - | - |
| 8 | വന്ധ്യത | 25 | - | - | - | - |
| 9 | അകിടു വിക്കം | 45 | 5 | 5 | | |
| 10 | മുടന്തൻ പനി | 54 | | | | |
| 11 | പകർച്ചവ്യാധി | - | - | - | - | - |

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| 1996ഏപ്രിൽ 1 മുതൽ 96 ഒക്ടോ15 വരെ | | | |
|---|---|---|---|
| വളർത്തു മൃഗംഇനം | ICDPഉപ കേന്ദ്രം മാലോം | ICDPഉപ കേന്ദ്രം ബളാൽ | ICDPഉപ കേന്ദ്രം എടത്തോട് |
| പശു | 160 | 75 | 75 |
| കിടാരി | 65 | 35 | 91 |
| എരുമ | | | 1 |

വാക്സിനേഷൻ വിവരങ്ങൾ

| വാക്സിനേഷൻ | CDPഉപ കേന്ദ്രം മാലോം | ICDPഉപ കേന്ദ്രം ബളാൽ | ICDPഉപ കേന്ദ്രം എടത്തോട് |
|---|---|---|---|
| F&M | 30 | 30 | 30 |
| RDV | 178 | 168 | 150 |
| HS | 20 | 20 | 20 |

2. പാൽ സംഭരണ വിതരണ ശൃഖല ശക്തിപ്പൊടുത്തേണ്ടിയിരിക്കുന്നു. എല്ലാ ക്ഷീരോത്പാദന സഹകരണ സംഘങ്ങളിലും രണ്ടു നേരവും പാൽ സംഭരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

ലോണെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് രണ്ടു നേരവും പാൽ വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിൽ മാത്രമേ വായ്പ കൃത്യമായി തിരിച്ചടക്കുന്നതിനും കാലിവളർത്തൽ ലാഭകരമാക്കുന്നതിനും സാധ്യമാകുകയുള്ളു. പാലിന് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ക്ഷീര വികസന സെമിനാറുകൾ ചർച്ചാ ക്ലാസുകൾ കന്നുകാലി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതിനും ക്ഷീര സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഗ്രാൻറ് അനുവദിക്കുകയും വേണം.

അരിങ്കല്ലിലും ചുള്ളിയിലും ആനന്ദ് മാതൃകയിൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കണം.

3. കർഷകർക്ക് കറവമാടുകളെ വാങ്ങുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ ഉദാരമായ വ്യവസ്ഥകകളിൽ വായ്പ ലഭ്യമക്കണം. വായ്പ വാങ്ങുന്ന മുഴുവൻ കർഷകർക്കും സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം.

4. കാലിത്തീറ്റയുടെ വിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിനെ നേരിടുന്നതിൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് കാലിത്തീറ്റയ്ക്ക് സ്ഥിരമായി സബ്സിഡി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. പഞ്ചായത്തിലെ അഞ്ചു ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി തന്നെ ഓരോ മാസവും നാലു ടൺ കാലിത്തീറ്റ വിൽപ്പന നടത്തിവരുന്നു. കർഷകർക്ക് ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭിക്കുന്നതിന് ഒരു കാലിത്തീറ്റ മിക്സിങ്ങ് യൂണിറ്റ് തുടങ്ങണം.

5. തീറ്റപ്പുൽ കൃഷി കൂടുതൽ വ്യാപകമാക്കുന്നതിനു പദ്ധതികൾ നടപ്പിലാക്കണം. വയ്ക്കോൽ യൂറിയ സംപുഷ്ടീകരണം സൈലേജ് നിർമ്മാണം എന്നിവയ്ക്ക് സബ് സിഡി നൽകി പ്രോത്സാഹിപ്പിക്കണം. പുൽ വിത്ത് പുല്ലിന്റെ കട ആവശ്യാനുസരണം ലഭ്യമാക്കുകയു കൃഷിക്കാവശ്യമായ രാസവളം സബ്സിഡി നിരക്കിൽ അനുവദിക്കുകയും വേണം. പുൽ കൃഷിക്ക് ജല സേചന സൗകര്യം ഏർപ്പെടുത്തുവാൻ കുളങ്ങൾ കിണറുകൾ എന്നിവ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും കർഷകർക്ക് സബ്സിഡിയോടു കൂടി വായ്പ ലഭ്യമാക്കണം.

6. അത്യുത്പാദന ശേഷിയുള്ള കറവമാടുകൾ ആട് , പന്നി, കോഴി എന്നിവയെ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത്തരത്തിലുള്ള നഴ്സറികളും ഫാമുകളും തുടങ്ങാൻ വേണ്ട പ്രോത്സാഹനം നൽകണം.

7. ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ കൂടുതൽ ഊർജിതമായി

നടപ്പിലാക്കണം. ജില്ലയിൽ ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ഡപ്യൂട്ടി ഡയരക്ടറും ബ്ലോക്ക് തലത്തിൽ ക്ഷീര വികസന വകുപ്പ് ഓഫീസർ, ഡയറി ഫോം ഇൻസ്ട്രക്ടർ എന്നിവരുമാണ്. എന്നാൽ പഞ്ചയത്ത് തലത്തിൽ ക്ഷീര വികസന രംഗത്തെ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ ഓഫീസുകൾ ഒന്നും തന്നെ നിലവിലില്ല. ആയതു കൊണ്ട് ക്ഷീര കർഷകരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം ഉണ്ടാക്കുന്നതിനും ക്ഷീരോത്പാദന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ കൂടുതൽ ഊർജിതമായി നടപ്പിലാക്കുന്നതിനും ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ കീഴിൽ പഞ്ചായത്ത്തലത്തിൽ ക്ഷീര വികസന വകുപ്പിന്റെ ഓഫീസ് തുറക്കണം.

8. വളർത്തു നായ്ക്കളിൽ പേ വിഷ നിർമ്മാർജ്ജന പരിപാടികൾ ജനകീയ പങ്കാളിത്തോടുകൂടി കാര്യക്ഷമായി നടപ്പിലാക്കണം.

നായ്ക്കളിൽ പേ വിഷ ബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തി ലൈസൻസ് സംബ്രദായം കർശന മാക്കണം. ലൈസൻസില്ലതെ വീടുകളിൽ നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9. പഞ്ചായത്തിൽ ശാസ്ത്രീയ രീതിയിലുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ അറവുശാലകൾ തുടങ്ങണം. ആടു മാടുകളുടെ അറവു ഇത്തരം അറവു ശാലകൾ വഴി മാത്രം നടത്തുകയും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ന്യായ മായ വിലയ്ക്ക് മാംസം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം. മൽസ്യം മാസം എന്നിവയുടെ വിൽപ്പനയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുകയും പ്രത്യേക സ്റ്റാളുകൾ നിർമ്മിക്കുകയും ചെയ്യുക.

10 പഞ്ചായത്തിലാവശ്യമായ മുട്ട, മാംസം എന്നിവയുടെ സിംഹഭാഗവും പുറമേ നിന്നും വരുന്നതാണ്. ആയതിനാൽ ഇറച്ചിക്കോഴി മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. ബാക്ക്യാർഡ് രീതിയിലും അതു പോലെ തന്നെ വലിയ യൂണിറ്റുകളും തുടങ്ങുന്നതിനാവശ്യമായ പരിശീലനവും പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

കോഴിക്കുഞ്ഞുങ്ങൾ , ഇറച്ചിക്കോഴികൾ, മുട്ട, കോഴിത്തീറ്റ എന്നിവ വിതരണം ചെയ്യുന്നതിനും വിൽപ്പന നടത്തുന്നതിനും വനിതാ പ്രാമുഖ്യമുള്ള സഹകരണ സംഘങ്ങൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കണം. കോഴിക്കുഞ്ഞുങ്ങളെ കൊണ്ടു വന്ന് രണ്ടു മാസം പ്രായം വരെ വളർത്തി കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നേഴ്സറികൾ സ്കൂൾ പോൾട്രി ക്ലബുകൾ എന്നിവ പ്രോത്സാഹിപ്പിക്കണം.

11. മുയൽ വളർത്തൽ വ്യാപകമല്ല. മുയൽ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ആവശ്യമാ പ്രോത്സാഹനം നൽകുകയും ചെയ്താൽ മുയൽ വളർത്തൽ വ്യാപകമാക്കാവുന്നതും അതു വഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതും മാംസത്തന്റെ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാവുന്നതുമാണ്.

12. ആടു വളർത്തൽ വളരെ ലാഭകരമായ കൃഷിയാണ്. വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണിത്. എന്നിരുന്നാലും നല്ല ഇനം ആടുകൾ പരിമിതം. രണ്ടോ മൂന്നോ ശാസ്ത്രീയ യൂണിറ്റുകളും അതുനോടനുബന്ധിച്ച് ബ്രീഡിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകണം.


13. പന്നി വളർത്തൽ വളരെ സാധ്യതകളുള്ള ഒരു മേഖലയാണ്. താൽപര്യമുള്ള കർഷകർക്ക് വിദേശ ജനുസുകളിൽപ്പെട്ട പന്നിക്കുഞ്ഞുങ്ങളെ ആവശ്യത്തിനു ലഭ്യമാക്കണം. പന്നിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകളും ഇറച്ചി ആവശ്യത്തിനുള്ള യൂണിറ്റുകളും പ്രോത്സാഹിപ്പിക്കുക. സബ് സിഡിയോടു കൂടി ഇൻഷൂർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക മുതലായവയാണ് ഈ മേഖലയിൽ അഭികാമ്യം.

14 മൽസ്യ കൃഷി വ്യാപകമല്ല. ശുദ്ധജല മൽസ്യ കൃഷിക്ക് സാധ്യതകളുണ്ട്. സ്വന്തമായി കുളമുള്ള സൗകര്യമുള്ള കർഷകർക്ക് മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു മൽസ്യകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പ്രകൃതിയുടെ ചൂതാട്ടത്തിനു വിധേയമാണ് കാർഷിക മേഖല. അതിവർഷവും വരൾച്ചയും പാവപ്പെട്ട കർഷകന്റെ കാർഷിക വിളകൾക്ക് നാശ നഷ്ടം വരുത്തുമ്പോൾ തകർന്നു തരിപ്പണമാകുന്ന അവന്റെ ഒരു പിടി സ്വപ്നങ്ങളാണ്. കാർഷിക മേഖലയുടെ വികസനത്തിന് താങ്ങും തണലുമാകുന്നത് വിളകൾക്കാവശ്യമായ ജൈവ വളത്തിന്റെ പ്രധാന ശ്രോതസ്സായ മൃഗ സംരക്ഷണ രംഗം മാത്രമാണ്. കൃഷിയോടൊപ്പം അല്ലെങ്കിൽ കാർഷിക മേഖലയിൽ തിരിച്ചടികളുണ്ടാകുമ്പോൾ കർഷകന് ആശ്രയിക്കാൻ കഴിയുന്ന രംഗമാണ് മൃഗസംരക്ഷണവും ക്ഷീര വികസനവും. ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഊർജിതമായി നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

*സ്വന്തം കൈ കൊണ്ട് അധ്വാനിച്ച് നേടിയതിനേക്കാൾ ഉത്തമമായ ഒരാഹാരവും ആരും കഴിച്ചിട്ടില്ല*

*-മുഹമ്മദ് നബി.*



# 5 -3
# വിദ്യാഭ്യാസം

പശ്ചിമ ഘട്ടത്തിന്റെ മടിത്തട്ടിലുറങ്ങുന്ന ഗ്രാമ പഞ്ചായത്താണ് ബളാൽ. കുടിയേറ്റ കർഷകർ നിബിഢമായി അധിവസിക്കുന്ന സ്ഥലം. 1948 മുതൽ ഈ കന്യാ ഭൂമിയിലേക്ക് കർഷകമക്കളുടെ കുടിയേറ്റം ആരംഭിച്ചു . ക്രമേണ ബളാലും പ്രാന്ത പ്രദേശങ്ങളും കാർഷിക വിഭവങ്ങളുടെ കേദാരമായി മാറി.

അധ്വാനത്തോടൊപ്പം തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിന് കർഷക മക്കൾ സമയം കണ്ടെത്തി. 1952 ൽ സ്ഥാപിതമായ എടത്തോട് ഗവ. എലിമെൻററി സ്കൂളാണ് ബളാൽ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ശ്രീ ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായരാണ് ഈ വിദ്യാലയത്തിനു വേണ്ടിയുള്ള സ്ഥലവും കെട്ടിടവും സംഭാവന ചെയ്തത്. പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച വളരെ. മന്ദഗതിയിലായിരുന്നു. മല നിരകളും കുത്തിയൊഴുകുന്ന നീർച്ചാലുകളും ഗതാഗത സൗകര്യങ്ങളുടെ അഭാവവും കർഷക ജനതയ്ക്ക് പ്രൈമറി വിദ്യാഭ്യാസം ഒരു പേടി സ്വപ്നമാക്കി മാറ്റി. ചുരുക്കം ചിലർ മാത്രം വളരെ ക്ലേശം അനുഭവിച്ച് ഏകദേശം 30 കി. മീറ്ററോളം അകലെയുള്ള നീലേശ്വരം രാജാസ് ഹൈസ്കൂളിൽ സെക്കൻററി വിദ്യാഭ്യാസം നേടി. വർഷങ്ങൾക്കു ശേഷമാണ് സമീപ പഞ്ചായത്തിലെ രാജപുരം ഹോളി ഫാമിലി ഹൈസ്കൂളും കുമ്പളപ്പള്ളി ഹൈസ്കൂളും, തോമാപുരം ഹൈസ്കൂളും നിലവിൽ വന്നത്. കുടിയേറ്റത്തിന്റെ ആരംഭ കാലത്ത് പഞ്ചായത്തിലെ വിദ്യാഭ്യസ പുരോഗതിക്ക് പ്രത്യേകിച്ചും പട്ടിക ജാതി പട്ടിക വിഭാങ്ങൾക്കിടയിലും സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കമുള്ള ജന വിഭാഗങ്ങൾക്കിടയിലും ഇറ്റാലിയൻ മിഷനറിയായ ഫാ. ടഫറേൽ പ്രശംസനീയമായ സേവനം കാഴ്ചവച്ചു.

മലബാറിലെ ഉന്നത പഠന കേന്ദ്രമായ കോഴിക്കോട് സർവ്വകലാശാലയിലേക്കുള്ള ദൂരവും യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം ഉന്നത വിദ്യാഭ്യാസം ഒരു മരീചികയായി മാറി.

ഇന്ന് പഞ്ചായത്തിലുള്ള ഒരു ഹൈസ്കൂളിൽ പോലും പ്ലസ് ടു നിലവിലില്ല എന്നുള്ളത് വിദ്യാഭ്യാസ രംഗത്ത് എടുത്ത് കാട്ടാവുന്ന

പട്ടിക 1

## വിദ്യാർത്ഥികൾ അധ്യാപകർ

| | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1. | ഗവ.എൽ.പി.സ്കൂൾ, ഇടത്തോട് | ഗവ. | 107 | 99 | 206 | 7 |
| 2. | ഗവ.എൽ.പി.സ്കൂൾ, കനകപ്പള്ളിത്തട്ട് | ഗവ. | 86 | 69 | 155 | 4 |
| 3. | എം.ഐ.എ.എൽ.പി.എസ്, കല്ലംചിറ | എയ് ഡഡ് | 48 | 60 | 108 | 5 |
| 4. | സെൻറ് ജൂഡ്സ് എൽ.പി. എസ്, ചെമ്പൻചേരി | ,, | 46 | 42 | 88 | 3 |
| 5. | നിർമ്മലഗിരി എ.എൽ.പി. എസ്, വെള്ളരിക്കുണ്ട് | ,, | 230 | 203 | 433 | 10 |
| 6. | ജി.എൽ.പി.എസ്, ചുള്ളി | ഗവ. | 43 | 43 | 86 | 3 |
| 7. | ജി.എൽ.പി.എസ് കൊന്നക്കാട് | ,, | 103 | 91 | 194 | 5 |
| 8. | ജി.എച്ച്.എസ് മാലോത്ത്കസബ എച്ച്.എസ് | ,, | 276 | 329 | 695 | 49 |
| | എൽ.പി. വിഭാഗം | ,, | 166 | 144 | 280 | |
| | യു.പി. വിഭാഗം | ,, | 375 | 341 | 716 | |
| 9. | ജി.എച്ച്.എസ് ബളാൽ (എച്ച്.എസ്) | ,, | 109 | 104 | 213 | 23 |
| | എൽ.പി. വിഭാഗം | ,, | 82 | 62 | 144 | |
| | യു.പി.വിഭാഗം | ,, | 129 | 141 | 270 | |
| 10 | സെൻറ് ജോസഫ് എസ്.എ യു.പി.എസ് വെള്ളരിക്കുണ്ട് | എയ് ഡഡ് | 260 | 254 | 514 | 14 |
| 11 | സെൻറ് ജൂഡ്സ് എച്ച്.എസ് വെള്ളരിക്കുണ്ട് | ,, | 247 | 294 | 541 | 18 |
| | | | 2307 | 2246 | 4553 | 141 |

ന്യൂനതയാണ്. സമീപത്തുള്ള പഞ്ചായത്തിലെ ഏക കോളേജാണ് എളരിത്തട്ട് ഗവ. കോളജ്. പ്രസ്തുത കോളജിൽ നാളിതുവരെ ശാസ്ത്ര വിഷയ പഠനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ശാസ്ത്ര വിഷയ പഠന സൗകര്യങ്ങളുള്ള കോളജുകളിൽ എത്തണമെങ്കിൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് 40 കി. മീറ്റർ മുതൽ 75 കി. മീറ്റർ വരെ യാത്ര ചെയ്യേണ്ടിവരുന്നു.

ഇന്ന് 20433 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും ഹൈസ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന രണ്ട് യു.പി. സ്കൂളുകൾ ഉൾപ്പെടെ മൂന്ന് യു.പി.സ്കൂളുകളും ഹൈസ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന 2 എൽ.പി. സ്കൂൾ ഉൾപ്പെടെ 9 എൽ.പി. സ്കൂളുകളും ഉണ്ട്. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലായി 1694 വിദ്യാർത്ഥികളും അഞ്ചു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലായി 1500 വിദ്യാർത്ഥിളും എട്ടു മുതൽ 10 വരെ ക്ലാസുകളിലായി 1359 വിദ്യാർത്ഥികളും ഉൾപ്പെടെ 4553 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. വിവിധ വിദ്യാലയങ്ങളിലായി 141 അദ്ധ്യാപകർ സേവനം അനുഷ്ടിക്കുന്നു. മാതൃ ഭാഷ പഠനത്തോടോപ്പം പഞ്ചായത്തിലെ രണ്ടു സ്കൂളുകളിൽ അറബിക്കും മൂന്നു സ്കൂളുകളിൽ സംസ്കൃതവും ഒരു സ്കൂളിൽ ഉറുദുവും പഠിപ്പിക്കുന്നുണ്ട്.

പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ നാട്ടുകാരുടെ ശ്രമ ഫലമായി നിർമ്മിച്ച് ഗവൺമെൻറിന് 1974 ൽ കൈമാറിയ മാലോത്ത് ഗവ. ഹൈസ്കൂളാണ്. 1954 ൽ ഒരുഎൽ പി. സ്കൂളായി പ്രവർത്തനമാരംഭിച്ചതാണ് ഈ സ്കൂൾ. 1981 ൽ അപ് ഗ്രേഡ് ചെയ്യപ്പെട്ട ബളാൽ ഗവൺമെൻറ്. ഹൈസ്കൂളാണ് പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ. മെച്ചപ്പെട്ട പഠന നിലവാരം പുലർത്തുന്ന ഹൈസ്കൂളാണിതെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. സ്വകാര്യ മേഘലയിലുള്ള ഏക ഹൈസ്കൂൾ 1982 ൽ റവ. ഫാ. അലക്സ് മണക്കാട്ടു മഠത്തിൻെറ മാനേജ് മെൻറിൽ സ്ഥാപിതമായ വെള്ളരിക്കുണ്ട് സെൻറ് ജൂഡ്സ് ഹൈസ്കൂളാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ പാരലൽ കോളജുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, നൃത്ത സംഗീത പരിശീലന സെൻററുകൾ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ ചിത്രകലാ പരിശീലന കേന്ദ്രങ്ങൾ, ടെലറിംങ്ങ് പരിശീലന കേന്ദ്രങ്ങളും ഇവിടെയുണ്ട്. പ്രീ പ്രൈമറി വിദ്യാലയങ്ങളും സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ 12 അങ്കൺ വാടികളും പള്ളികളോടനുബന്ധിച്ച് അൺ എയ്ഡഡ് വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. സമീപ കാലത്തു നടത്തുന്ന അനൗപചാരിക വദ്യാഭ്യാസ പ്രവർത്തനത്തിൻെറ ഫലമായി വളരെയധികം നിരക്ഷരരായ ആളുകൾക്ക് സാക്ഷരരാകാൻ കഴിഞ്ഞു.

കോളേജ് വിദ്യാഭ്യാസത്തിനായി എളേരിത്തട്ട് ഗവ. കോളജ്, കാസർകോട്

ഗവ. കോളേജ്, കാഞ്ഞങ്ങാട് നെഹ്റു കോളേജ്, പയ്യന്നൂർ കോളേജ് എന്നിവയാണ് മുഖ്യമായും ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിനായി കഞ്ഞങ്ങാട് നിത്യാന്ദ പോളിടെക്നിക്ക്, കാസർകോട് എൻജിനീയറിംഗ് കോളേജ്, മറ്റ് സ്വകാര്യ ഐറ്റിസികൾ ,എന്നിവയാണുളളത്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലയിൽ വളരെ പരിമിതമാണ്.

സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ 150 ഓളം വിദ്യാർത്ഥികൾ നലേശ്വരം, കാഞ്ഞങ്ങാട്, ചിറ്റാരിക്കൽ മുതലായ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യലയങ്ങളിൽ പോകുന്നതായി കണക്കാക്കിയിരിക്കുന്നു.

പ്രൈമറി വിദ്യാർത്ഥികളുടെ പഠനമുയർത്തുന്നതിനു വേണ്ടി ലോക ബാങ്കിന്റെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള ഡീപെപ്പ് പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ ആറ് സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്ക് അടിസ്ഥാന നൈപുണ്യങ്ങൾ (പ്രാപ്തികൾ) നേടി കൊടുക്കുക, എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക, കൊഴിഞ്ഞു പോക്ക് ഒഴിവാക്കുക, പഠനം ആനന്ദ പ്രദമാക്കുക, തുടങ്ങിയവയാണ് ഡിപെപ്പ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പരിശീലനം കൊടുക്കുക, പഠനോപകരണങ്ങൾ ഉണ്ടാക്കുക, സ്കൂൾ മോടിപിടിപ്പിക്കുക, ഭൗതിക സാഹചര്യം സൃഷ്ടിക്കുക, പെൺകുട്ടികൾക്കും ഹരിജൻ വിഭാഗത്തിലെ ആൺ കുട്ടികൾക്കും പാഠ പുസ്തകങ്ങളും നോട്ടു ബുക്കുകളും സൗജന്യമായി വിതരണം ചെയ്യുക, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പുത്തൻ ഉണർവ് ഇതു മൂലം ഉണ്ടായിട്ടുണ്ട്. ഡീപെപ്പ് സ്കൂളുകളിലെ അക്കാദമിക് - അക്കാദമികേതര പ്രവർത്തനങ്ങളിൽ ആരോഗ്യകരമായ മാറ്റങ്ങൾ ദൃശ്യമായി തുടങ്ങി. നമ്മുടെ പഞ്ചായത്തിൽ രണ്ടു ക്ലസ്റ്റർ ബിൽഡിങ്ങുകളും (കനകപ്പള്ളി, ക്കൊന്നക്കാട് ) ബളാൽ ഗവ. ഹൈസ്കൂളിന് രണ്ടു മുറികളുള്ള കെട്ടിടങ്ങളും ഈ പദ്ധതി പ്രകാരം അനുവദിച്ചു കിട്ടിയിട്ടുണ്ട്. 1995 - 96 അധ്യയന വർത്തിൽ ചിറ്റാരിക്കാൽ ഉപ ജില്ലയിലെ ഏറ്റവും നല്ല എം.എൽ.എൽ. സ്കൂൾ എന്ന അംഗീകാരം കനകപ്പള്ളി തട്ടിൽ ജി.എൽ പി. സ്കൂളിന് കിട്ടിയത് നമുക്ക് അഭിമാനമുണ്ട്.

പഞ്ചായത്തിൽ നിന്നും 32 പേർ കേരളത്തിനകത്തും പുറത്തുമുള്ള സ്കൂളുകൾ , കോളേജുകൾ, മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ മുതലായ വയിൽ അദ്ധ്യാപകരായി ജോലി നോക്കുന്നുണ്ട്.

1-ാം വാർഡിലെ കുറുമാനം3-ാം വാർഡിലെ പാലച്ചുരംതട്ട്,10-ാം വാർഡിലെ വാഴത്തട്ട് എന്നീ സ്ഥലങ്ങളിൽ ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കാൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എ.വി. ചന്ദ്രന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശ പ്രകാരം അനുവദിച്ച് കിട്ടിയിട്ടുണ്ട്. 1997 അധ്യയന വർഷത്തിൽ നിലവിൽ വരും.

കഴിഞ്ഞ അഞ്ചു വർത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞു വരുന്നതായി കാണാം. ജനന നിരക്കിലുള്ള കുറവ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആകർഷണം, അൺ എയ്ഡഡ് സ്കൂളുകളുടെ ആവിർഭാവം, ഇവയൊക്കെ ഇതിനു കാരണങ്ങളായി കാണാം. ചെമ്പൻ ചേരി, സെൻറ് ജൂഡ്സ് എ.എൽ.പി. സ്കൂൾ, ചുള്ളി ഗവ. എൽ .പി. സ്കൂൾ, എന്നിവ അൺ ഇക്കണോമിക്കായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൻെറ ഭൂമി ശാസ്ത്രപരമായ പ്രത്യകതയും വാഹന സൗകര്യങ്ങളുടെ അഭാവവും ' നിമിത്തം വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ എത്തിച്ചേരുവാൻ കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു.

സാമ്പത്തിക- സാമൂഹിക കരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നുണ്ട്. വിദ്യാലയ സ്ഥിതി വിവരകണക്കനുസരിച്ച്, പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കിടയിലാണ് കൊഴിഞ്ഞു പോക്ക് കൂടുതലായി കാണപ്പെടുന്നത്.

പട്ടിക 2

| സ്കൂളിലേക്കുള്ള യാത്രാ ദൂരം | | |
|---|---|---|
| തരം | ശരാശരി ദൂരംകി.മി | പരമാവധി ദൂരംകി.മി |
| എൽ.പി.സ്കൂൾ | 5 | 8. |
| യു.പി.സ്കൂൾ | 8 | 10 |
| ഹൈസ്കൂൾ | 8 | 10 |

പരിമിതമായ ഭൗതിക സാഹചര്യങ്ങൾക്കിടയിലും സർക്കാർ മേഖലയിലുള്ള ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളും ഏക സ്വകാര്യ ഹൈസ്കൂളായ വെള്ളരിക്കുണ്ടിലെ സെൻറ് ജൂഡ്സ് ഹൈസ്കൂളും എസ്.എസ്.എൽ.സി. വിജയ ശതമാന

പട്ടിക 3

| പഠനം നിർത്തിയവരുടെ കണക്ക് | | | | | |
|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 39 | 45 | 84 | 60 | 55 | 115 |
| ആകെ SC/ST + മറ്റുള്ളവർ- 199. | | | | | |

ത്തിൽ സാമാന്യം മെച്ചപ്പെട്ട നേട്ടം കൈവരിച്ചിട്ടുണ്ട്.

മുസ്ലീങ്ങളുടെ മത പഠന സ്ഥാപനമായ മദ്രസകൾ നാലെണ്ണം പഞ്ചായത്തിലുണ്ട്. കുടിയേറ്റ ജനതയുടെ വിദ്യാഭ്യാസ പരവും ആത്മീയവുമായ ഉണർവിന് കൃസ്തീയ പുരോഹിതൻമാർ നിർണായകമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉന്നമനത്തിനായി മുസ്ലീം - ഹൈന്ദവ-ക്രൈസ്തവ സഹോദരൻമാർ ഒന്നായി പ്രവർത്തിക്കുന്നു. മിക്കവാറും എല്ലാ സ്കൂളുകളിലും പി.ടി.എ. പ്രവർത്തിക്കുന്നു. കൂടാതെ പല സ്കൂളുകളിലും മാതൃ പി.ടി.എ യും നിലവിലുണ്ട്.

ഇന്ന് നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാ സമ്പന്നരും നമുക്കുണ്ട്.

പട്ടിക 4 എസ്സ്. എസ്സ്. എൽ. സി. വിജയ ശതമാനം

| സ്കൂൾ | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|---|---|---|---|---|
| H.S മാലോത്ത് കസ്ബ | - | - | - | - | 55 | 58 | 47 | 42 | 41 | 43 |
| H.S.ബളാൽ സെൻറ് ജൂഡ്സ് | - | - | - | - | 71 | 80 | 76 | 46 | 45 | 55 |
| H.S വെള്ളരിക്കുണ്ട് | 100 | 93 | 97 | 98 | 87 | 92 | 91 | 75 | 72 | 71 |

പട്ടിക 5

| ക്ലാസ്സുകൾ | 30%ത്തിനു താഴെ മാർക്ക് ലഭിച്ചവർ | 30%നും40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40%നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60%ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| 2 | 10 | 24 | 14 | 34 | 16 |
| 3 | 15 | 22 | 18 | 30 | 15 |
| 4 | 20 | 18 | 16 | 25 | 21 |
| 5 | 25 | 25 | 19 | 15 | 16 |
| 6 | 22 | 27 | 17 | 20 | 14 |
| 7 | 21 | 24 | 16 | 25 | 14 |
| 8 | 29 | 31 | 18 | 12 | 10 |
| 9 | 33 | 26 | 20 | 12 | 9 |
| 10 | 31 | 29 | 19 | 11 | 10 |

എങ്കിലും പഞ്ചായത്തിലെ പത്തു വാർഡിലും നിരക്ഷരരായ വളരെ അധികം ആൾക്കാരെ കാണാം. (അവലംബം ഗ്രാമ സഭാ റിപ്പോർട്ട് ). 90 ലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നില നിർത്താൻ കഴിയാതെ പോയതിനാൽ നവ സാക്ഷരരിൽ പലരും ക്രമേണ നിരക്ഷരരായ മാറി. പഞ്ചായത്തിൽ മൊത്തം 27% നിരക്ഷരുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം സ്കൂളുകളിലും പൊതു പഠന നിലവാരം വളരെ താഴെയാണ് എന്ന് സ്കൂൾ സർവ്വെ റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

വിവിധ വിദ്യാലയങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകാൻ എൻഡോവു മെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പല സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ ഭൂരിഭാഗവും സർക്കാർ സ്കൂളുകളാണ്. ഇടത്തോട്ട് ഗവ. എൽ.പി.സ്കൂളിൽ സൗജന്യ പാഠ പുസ്തകത്തിന് അർഹതയില്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും വർഷം തോറും ഇടത്തോട്

ശാന്താ- വേണുഗോപാൽ എജ്യുക്കേഷൻ ട്രസ്റ്റ് പാഠ പുസ്തക വിതരണം നടത്തുന്നു.

ഗ്രാമ സഭകളിലെ ചർച്ചകളിൽ നിന്നും ഉരിത്തിരിഞ്ഞു വന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങ ളുടേയും അടിസ്ഥാനത്തിലും പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ' ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

പത്തു ഗ്രാമ സഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചയ്ക്ക് വിധേയമായി പൊതുവായി അക്കാദമിക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, അച്ചടക്കം, മൂല്യ ശോഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും വിദ്യാഭ്യാസത്തെ വിലയിരുത്തി.

അക്കദമിക് ' നിലവാരത്തകർച്ച, സമരം കൊണ്ടും മറ്റും ഉണ്ടാകുന്ന അദ്ധ്യായന നഷ്ടം, പാഠ പുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാല താമസം , അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം , ഉച്ചക്കഞ്ഞി വിതരണത്തിലെ അപാകത, ഈ പ്രദേശങ്ങളിൽ പല യിടത്തും പ്രാഥമിക വിദ്യാലയങ്ങളുടെ കുറവുണ്ട്. ഡി. പി. ഇ.പി. പഠന പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന ന്യൂനത, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പ്രൊഫഷണൽ വിദ്യാഭ്യാസ സൗകര്യക്കുറവ്, പുതിയ സ്കൂളുകൾ, വായന ശാലകൾ, കോളേജുകൾ, നാഴ്സറി സ്കൂളുകൾ , സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത മുതലായ വിഷയങ്ങളെ കുറിച്ച് ഓരോ ഗ്രാമ സഭയിലും സമഗ്രമായ ചർച്ച നടന്നു.

കൂട്ട ക്ലാസു കയറ്റ രീതിയിലും വിദ്യാർത്ഥികളിലെ നിരക്ഷരതയിലും ചിലർ ഉത്കൺഠ രേഖപ്പെടുത്തി. അതോടൊപ്പം വിദ്യാലയങ്ങളിൽ വാർഷിക പരിശോധന ഏർപ്പെടുത്തേണ്ടതും അദ്ധ്യാപന രീതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. വിദ്യാലയ ജനകീയ സമിതികളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടു ത്താവുന്നതാണ്.

ഒരു വിദ്യാലയത്തെ സംബന്ധി ച്ചിടത്തോളം പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക് സൗകര്യങ്ങൾ, ലൈബ്രറി, ലബോറട്ടറി പഠനോപകരണങ്ങൾ, ദൃശ്യ- ശ്രവ്യ ഉപകരണങ്ങൾ, റീഡിംഗ് റൂം, ഭൂപടങ്ങൾ, ബ്ലാക്ക് ബോർഡുകൾ , ഫർണിച്ചർ, മുതലായ അത്യന്താപേക്ഷിതങ്ങളായ ഘടകങ്ങളാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങളുടെ പരിമിതി വെളിപ്പെ ടുത്തുന്ന പട്ടിക ആറിൽ കൊടുത്തി രിക്കുന്നു.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്ത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ബളാൽ ഗവ. ഹൈ സ്കൂളിന്റെ സ്ഥിതി എടുത്തു പറയേണ്ടിരിക്കുന്നു. പഞ്ചായത്തിലെ സർക്കാർ ഹൈസ്കൂളുകളിൽ ഒന്നായ

പട്ടിക 6 അക്കഡെമിക്ക് സൗകര്യങ്ങളുടെ ലഭ്യത

| സ്കൂൾ | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ വേണ്ടത്ര | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സ്ലൈഡ് പ്രൊജക്ടർ | സിനിമാ പ്രൊജക്ടർ | സ്വയംശ്രമങ്ങളുടെ ആവശ്യമുള്ളവ | കളിസ്ഥലം | ടൈപ്പ് റൈറ്റർ | ടെലിഫോൺ | പി. ടി.എ | മാതൃ പി. ടി എ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| G.L.P.S ഇടത്തോട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| G.L.P.S. കനകപ്പള്ളി | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| M.A.I.L.P.S കല്ലംച്ചിറ | ,, | ,, | ,, | ,, | ,, | ,, | ,, | ,, | -- | ഇല്ല | ,, | ,, | ,, | ,, |
| A.L.P.S ചെമ്പൻച്ചേരി | ,, | ,, | ,, | ,, | ,, | ,, | ,, | ,, | -- | ഇല്ല | ഇല്ല | ,, | ,, | ,, |
| A.L.P.S വെള്ളരിക്കുണ്ട് | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ,, | ,, | ,, | -- | ഉണ്ട് | ഉണ്ട് | ,, | ,, | ,, |
| G.L.P.S. ചുള്ളി | ,, | ,, | ,, | ,, | ഇല്ല | ,, | ,, | ,, | 1 | ,, | ,, | ,, | ,, | ,, |
| G.L.P.S. കൊന്നക്കാട് | ഇല്ല | ,, | ,, | ഇല്ല | ഇല്ല | ,, | ,, | ,, | 2 | ഇല്ല | ഇല്ല | ,, | ,, | ,, |
| A.U.P.S വെള്ളരിക്കുണ്ട് | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ,, | ,, | ,, | -- | ഉണ്ട് | ഉണ്ട് | ,, | ,, | ,, |
| G.H.S മാലോത്ത്കസ്ബ | ഉണ്ട് | ഉണ്ട് | ,, | ,, | ഇല്ല | ,, | ഉണ്ട് | ഉണ്ട് | 10 | ,, | ,, | ,, | ,, | ,, |
| G.H.S. ബളാൽ | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, | 5 | ഇല്ല | ,, | ,, | ,, | ,, |
| വെള്ളരിക്കുണ്ട് H.S | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | -- | ഉണ്ട് | ,, | ,, | ,, | ,, |

ബളാൽ ഗവ. ഹൈസ്കൂളിന്റെ ഭൗതിക സാഹചര്യ ഏറ്റവും ശോചനീയമാണ്. ആവശ്യമായ ക്ലാസു മുറികളോ പഠനോപകരണങ്ങളോ ഈ വിദ്യാലയത്തിനില്ല. ഹൈസ്കൂളിനു വേണ്ടി നാളിതുവരെ ഒരൊറ്റ കെട്ടിടം പോലും സർക്കാർ അനുവദിച്ചിട്ടില്ല. പല സ്കൂളുകളിലും ക്ലാസുകൾ നടത്തുന്നത് താൽക്കാലിക ഷെഡ്ഡുകളിലാണ്. ക്ലാസുകൾ തമ്മിൽ വേർതിരിക്കാൻ സ്ക്രീനുകൾ ഇല്ല. കുടിവെള്ളം ലഭ്യമല്ല. സ്കൂളുകളിൽ പലതിലും പ്രാഥമികാവശ്യങ്ങൾ പോലും നിർവഹിക്കാൻ സൗകര്യമില്ല. മലിനമായ പരിസരങ്ങളുള്ള സ്കൂളുകളുണ്ട്. യഥാ സമയം റിപ്പയർ ചെയ്യാത്ത സ്കൂളുകൾ പൊട്ടിപ്പൊളിഞ്ഞ ഫർണിച്ചർ, ചുറ്റു മതിലുകളുടെ അഭാവം, എന്നിവ ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ മൂന്നു ഹൈസ്കൂളുകളിൽ വെള്ളരിക്കുണ്ട് സെൻ ജൂഡ്സ് ഹൈസ്കൂളിൽ എൻ.സി.സിയുടെ ഒരു യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. അഞ്ചു

പട്ടിക 7 ഭൗതിക സാഹചര്യങ്ങൾ (വിദ്യാലയ സൗകര്യങ്ങൾ)

| ക്രമ നമ്പർ | സ്കൂൾ | വിസ്തീർണ്ണം(ഏക്കർ) | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | നെടുമുറ്റം | കളിസ്ഥലം | കിണർ | ചുറ്റുമതിൽ | ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | G.L.P.S ഇടത്തോട് | 1.5 | ഉണ്ട് | ഇല്ല | ഇല്ല | 400 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | പരിമിതം | ഉണ്ട് | ഭാഗികം | ഉണ്ട് |
| 2 | G.L.P.S. കനകപ്പള്ളി | 1.5 | ,, | ,, | ,, | 75 | ഇല്ല | ഇല്ല | ,, | ഇല്ല | ,, | ,, | ഇല്ല | പരിമിതം |
| 3 | M.A.I.L.P.S കല്ലംച്ചിറ | 1.22 | ,, | ,, | ,, | 75 | ,, | ,, | ,, | ,, | ,, | ,, | ,, | ഉണ്ട് |
| 4 | A.L.P.S ചെമ്പൻച്ചേരി | 1 | ,, | ,, | ,, | 75 | ,, | ,, | ഇല്ല | ,, | ,, | ,, | ,, | ,, |
| 5 | A.L.P.S വെള്ളരിക്കുണ്ട് | 2 | ,, | ,, | ,, | 100 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, |
| 6 | G.L.P.S. ചുള്ളി | 1 | ,, | ,, | ,, | 100 | ,, | ,, | ഇല്ല | ഇല്ല | ,, | ,, | ,, | പരിമിതം |
| 7 | G.L.P.S. കൊന്നക്കാട് | 1 | ,, | ,, | ,, | 80 | ഇല്ല | ഇല്ല | ,, | ,, | ,, | ,, | ,, | ,, |
| 8 | A.U.P.S വെള്ളരിക്കുണ്ട് | 1.5 | ,, | ,, | ,, | 600 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ,, | ഉണ്ട് |
| 9 | G.H.S മാലോത്ത്കസ്ബ | 3 | ,, | ഉണ്ട് | ഉണ്ട് | 1500 | ,, | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ഭാകികം | പരിമിതം |
| 10 | G.H.S ബളാൽ | 3 | ,, | ഇല്ല | ഇല്ല | 1000 | ,, | ,, | ,, | ,, | പരിമിതം | ,, | ഇല്ല | ,, |
| 11 | വെള്ളരിക്കുണ്ട് H.S | 3 | ,, | ഉണ്ട് | ഉണ്ട് | 2000 | ,, | ,, | ഇല്ല | ,, | ,, | ഇല്ല | ,, | ഉണ്ട് |

സ്കൂളുകളിൽ സ്കൗട്ട് ആൻറ് ഗൈഡ്സ് വിഭാഗം ഉണ്ട്. എല്ലാ ഹൈസ്കൂളുകളിലും റഡ് ക്രോസ് സൊസൈറ്റിയുടെ ഓരോ യൂണിറ്റു വീതം 1996 അധ്യയന വർഷം തന്നെ ആരംഭിക്കാൻ പദ്ധതിയിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും ഏതാനും കുട്ടികൾക്ക് നവോദയ വിദ്യാലയത്തിൽ പ്രവേശനം കിട്ടിയിട്ടുണ്ട് . കൂടേ കുട്ടികൾ എൽ.എസ്.എസ്, യു.എസ്. എസ്. സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

ഓരോ വാർഡിലും തനതായ ഒട്ടേറെപ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായി പരമാർശിക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

1. വിദ്യാലയങ്ങളിൽ അവശ്യം വേണ്ട ഭൗതിക സാഹചര്യങ്ങൾ, മൂത്രപ്പുര, കക്കൂസ് , കുടിവെള്ളം, കളിസ്ഥലം, മിക്ക വിദ്യാലയങ്ങളിലും ലഭ്യമല്ല.

2. ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കാൻ സഹായകമായ പ്രീ - പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു.

3. വിദ്യാർത്ഥികളിൽ പഠന നിലവാരത്തകർച്ചയും അക്ഷര പരിജ്ഞാനക്കുറവും കാണപ്പെടുന്നു.

4. അനവസരത്തിലുള്ള അധ്യാപകരുടെ സ്ഥലം മാറ്റവും അവ യഥാ സമയം നികത്തപ്പെടാത്തതും പഠന നിലവാരത്തെ ബാധിക്കുന്നു.

5. പഞ്ചായത്തിൽ ഉന്ന വിദ്യാഭ്യാസ സ്ഥാനപങ്ങളോ, സാങ്കേതിക വിദ്യാലയങ്ങളോ ഇല്ല.

6. ലബോറട്ടറി ലൈബ്രറി സൗകര്യങ്ങൾ വളരെ പരിമിതമാണ്.

7. പല സ്ഥലങ്ങളിലും രക്ഷിതാക്കളുടെ അവബോധക്കുറവു മൂലം കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുന്നില്ല.

8. സാമ്പത്തിക പരാധീനത പാഠ്യ പ്രവർത്തനങ്ങളിൽ നിന്നും വിദ്യാർത്ഥികളെ പിന്നോട്ട് പോകാൻ ഇടവരുത്തുന്നു.

9. യഥാ സമയം പാഠ പുസ്തകം ലഭ്യമാകാത്തതും പഠന നിലവാരത്തെ ബാധിക്കുന്നു.

10 അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് തുടർ പ്രവർത്തനത്തിന്റെ അഭാവം നവ സാക്ഷരരെ നിരക്ഷത യിലേക്ക് വഴുതി വീഴ്ത്തുന്നു.

11 വിദ്യാർത്ഥികൾക്ക് വേണ്ടത്ര യാത്രാ സൗകര്യമില്ല.

12. പ്രൈമറി ഹെഡ്മസ്റ്റർമാർക്ക് ഭരണ ചുമതലയോടൊപ്പം അക്കാദമിക് പ്രവർത്തനങ്ങൾ നടത്തേണ്ടതു കൊണ്ട് പഠന കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

ഗ്രാമ സഭകളിൽ പ്രശ്നങ്ങൾ ഉയർന്നതോടൊപ്പം തന്നെ ശ്രദ്ധേയമായ ധാരാളം നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദ വിവരം താഴെ

കൊടുക്കുന്നു.

1. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക. മൂന്നു മുതൽ അഞ്ചു വയസു വരെയുള്ള വർക്കെല്ലാം സൗജന്യ പ്രീ പ്രൈമറി വദ്യാഭ്യാസം ലഭ്യമാക്കണം.

2. എല്ലാ വിദ്യാലയങ്ങൾക്കും കുടിവെള്ളം,കക്കൂസ് , കളിസ്ഥലം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക.

3. എല്ലാ വിദ്യാലയങ്ങളിലും അതിന്റെ സർവ്വതോൻമുഖമായ വികസനത്തിന് വിദഗദരും വിദ്യാസമ്പന്നരും അടങ്ങുന്ന വിദ്യാലയ ഉപദേശക സമിതികൾ രൂപികരിക്കുക.

4. അദ്ധ്യാപക നിയമനങ്ങളും സ്ഥലമാറ്റങ്ങളും ഒഴിവുകൾ നികത്തലും അധ്യായന വർഷാരംഭത്തിൽ തന്നെ നടത്തുക.

5. ഹൈസ്കൂൾ തരം വരെയുള്ള എല്ല കുട്ടികൾക്കും ഉച്ച ഭക്ഷണം വിതരണം ചെയ്യുക.

6. സ്കൂൾ പി.ടി.എ. , മാതൃ പി.ടി.എ. എന്നിവ ഒരു ടേർമിൽ ഒരിക്കലെങ്കിലും വിളിച്ച് ചേർത്ത് അക്കദമിക് ആര്യങ്ങൾ ചർച്ച ചെയ്യുക. എക്സിക്യൂട്ടീവ് മാസത്തിൽ ഒരിക്കലെങ്കിലും ചേരണം.

ഡീ പെപ്പ് പാഠ്യ പദ്ധതി പ്രകാരമുള്ള സ്കൂളുകളിലെ പാഠ പുസ്തകങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുക.

8. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളോടും അനുബന്ധിച്ച് പ്ലസ് ടു ആരംഭിക്കണം.

9. സ്കൂളുകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കണം.

10 ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ ബോധന ക്ലാസുകൾ നടത്തണം.

11. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധ്യാപകരും വിദ്യാസമ്പന്നരുമായ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പരിഹാരബോധനം നടത്തണം.

12. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് പുന പരിശീലന സംവിധാനം ഏർപ്പെടുത്തണം.

13 സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാ സമയം നടത്തണം.

14.ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കണം.

15. അംഗൻ വാടികളിലും പ്രീ പ്രൈമറി വിദ്യാലയങ്ങളിലും ആവശ്യമായ കളിക്കോപ്പുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം.

16. പ്രൈമറി ഹെഡ്മാസ്റ്റർ മാരുടെ ക്ലാസ് ചാർജ് ഒഴിവാക്കുക.

17. മൂന്നാംവർഡിലെ മുണ്ടമാണി, അരിങ്കല്ല്, അഞ്ചാം വാരഡിലെ കൊടിയംകുണ്ട്, പുന്നക്കുന്ന്, ഏഴാം വാർഡിൽ പുഞ്ച, പടയൻ കല്ല്, ഒൻപതാം വാർഡിൽ വള്ളിക്കൊച്ചി എന്നീ പ്രദേശങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുക.

18. ഒന്നാം വാർഡിൽ ഇടത്തോട് ജി.എൽ.പി. സ്കൂൾ, രണ്ടാം വാർഡിൽ കനകപ്പള്ളി ജി.എൽ.പി. സ്കൂൾ, പത്താം വാർഡ് കൊന്നക്കാട് ജി.എൽ.പി.സ്കൂൾ എന്നിവ യു.പി.സ്കൂളായി അപ് ഗ്രേഡ് ചെയ്യുക കൂടാതെ ചുള്ളിയിൽ ഒരു യു.പി.സ്കൂൾ ആരംഭിക്കുക.

19. രണ്ടാം വാർഡിലെ കല്ലം ചിറയിലും ഏഴാം വാർഡിൽ പുഞ്ചയിലും പത്താം വാർഡിൽ കടവത്ത് മുണ്ട, അത്തിയടുക്കം, കോട്ടൻചേരി, എന്നിവിടങ്ങളിൽ നേഴ്സറി സ്കൂൾ ആരംഭിക്കുക.

20 പഞ്ചായത്തിലെ ഹൈസ്കൂളിനോടനുബന്ധിച്ച് കംപ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുക, പഞ്ചായത്തിൽ ഒരു ഐ.ടി.ഐയും., ഒരു പോളി ടെക്നിക്കും, ഒരു ബി എഡ് കോളേജും ആരംഭിക്കുക.

21. വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി കിനാനൂർ - കരിന്തളം എന്നീ പഞ്ചായത്തുകളുടെ സിരാ കേന്ദ്രമായ ബളാൽ ഗ്രാമ പഞ്ചായത്തിൽ ഒരു എൻജിനീയറിംഗ് കോളജ് ആരംഭിക്കുക.

22. എളേരി തട്ട് ഗവ. കോളജിൽ സയൻസ് വിഷയങ്ങളോടു കൂടിയ ഡിഗ്രി കോഴ്സ് ആരംഭിക്കണം.

23. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക് തടയാൻ ബളാൽ പഞ്ചായത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ഒരു ഹോസ്റ്റൽ പണിയുക.

24. ഒന്നാം വാർഡിൽ പള്ളത്തുമല, രണ്ടാം വാർഡിൽ കല്ലൻചിറ, അഞ്ചാം വാർഡിൽ കാറളം പാത്തിക്കര, ആനമഞ്ഞൾ , ആറാം വാർഡിൽ ചുള്ളി, ഏഴാം വാർഡിൽ പുഞ്ച, എട്ടാം വാർഡിൽ മലോം, ഒൻപതാം വാർഡിൽ അശോകച്ചാൽ, പത്താം വാർഡിൽ കടവത്ത്മുണ്ട എന്നീ പ്രദേശങ്ങളിൽ വായന ശാലകൾ സ്ഥാപിക്കക.

25. ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്കായി പഞ്ചായത്തിൽ ഒരു സ്കൂൾ ആരംഭിക്കുക.

26. വികലാംഗരായ വിദ്യാർത്ഥികൾക്ക്

വേണ്ടി വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രത്യേക തൊഴിൽ പരിശീലന സംവിധാനം ഏർപ്പെടുത്തുക.

27. സ്കൂൾ കോംപ്ലക്സ് സംബ്രദായം കാര്യക്ഷമമായി നടപ്പാക്കുക.

28. സംഘടന അടിസ്ഥാനത്തിലുള്ള സ്കുൾ കോളേജ് തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്തുക.

29. ആവശ്യമായ സ്കുളുകൾക്ക് ദൃശ്യ, ശ്രവ്യ ഉപകരണങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക. ശാസ്ത്രമാസികകളായ യുറീക്കയും ശാസ്ത്ര കേരളവും നിലവാരമുള്ള പ്രസിദ്ധീകരണങ്ങളും വിദ്യാർത്ഥികൾക്ക് വായിക്കാൻ സൗകര്യം നൽകുക.

30. സ്കൂളുകളിൽ ലൈബ്രറി , ലബോറട്ടറി, സൗകര്യങ്ങൾ ലഭ്യമാക്കുക.

31. വൈദ്യുതീകരിക്കാത്ത സ്കൂളുകൾ കഴിയും വേഗം വൈദ്യുതീകരിക്കുക.

32. പഞ്ചായത്തിലെ എല്ലാ ലോവർ പ്രൈമറിസ്കൂളുകളും ഡീപെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

33. കായിക പരിശീലന പരിപാടികൾ ദിനാചരണങ്ങൾ സാഹിത്യ സമാജങ്ങൾ, കൈ എഴുത്ത് മാസികകൾ , വിവിധ ക്ലബുകൾ, എൻ.സി.സി. , സ്കൗട്ട് ആൻറ് ഗൈഡ്സ്, റഡ്ക്രോസ്, പച്ചക്കറി ഔഷധ തോട്ടങ്ങൾ, പഠന യാത്രകൾ തുടങ്ങിയ ഒട്ടനവധി പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ വിദ്യാഭ്യാസ മേഖലയിൽ ഒരു നവോന്മേഷം പകരാൻ സാധിക്കും.

*വിളക്കിന്റെ പ്രകാശത്തിനു നന്ദി പറയുക, എന്നാൽ ക്ഷമയോടെ വിളക്കുപിടിച്ച് നിഴലിൽ നിൽക്കുന്നയാളെ മറക്കാതിരിക്കുക*

*-ടാഗോർ*



# കുടിവെള്ളവും പൊതു ജനാരോഗ്യവും

കുടിവെള്ളം :-

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ പ്രധാനമായത് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. ഉയർന്ന പ്രതീക്ഷിത ആയുസ്സ്, കുറഞ്ഞ മരണനിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞശിശുമരണ നിരക്ക്, കുറഞ്ഞ രോഗാതുരത ഇവയൊക്കെയാണ് ഒരു സമൂഹത്തിന്റെ പൊതുജനാരോഗ്യസ്ഥിതി നിർണ്ണയിക്കുന്ന ഘടകങ്ങൾ. പ്രതിശീർശവരുമാനത്തിന്റെയും രോഗാതുരതയുടെയും കാര്യത്തിലൊഴികെ മറ്റെല്ലാകാര്യങ്ങളിലും കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. പരിസരശുചിത്വം, ശുദ്ധവായു, ശുചിത്വമായ പാർപ്പിടം എന്നിവപോലെ പ്രാധാന്യമേറിയ മറ്റൊരു ഘടകമാണ് ശുദ്ധജലം. രണ്ടായിരാമാണ്ടിൽ ഏവർക്കും ആരോഗ്യമെന്ന ലക്ഷ്യപ്രാപതിക്ക് വേണ്ടി1978-ൽ റഷ്യിലെ ആൽമ-അറ്റ എന്ന സ്ഥലത്ത് വെച്ചുനടന്ന ലോകാരോഗ്യ സംഘടനയുടെ സമ്മേളനത്തിൽ ഏവർക്കും ശുദ്ധജലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാമെന്ന കരാറിൽ ഭാരതസർക്കാരും ഒപ്പ് വെച്ചെങ്കിലും കുടിവെള്ളത്തിനായി ഇന്നുംരണ്ട് കിലോമീറ്റർ വരെ യാത്രചെയ്യേണ്ട പരിതാപകരമായ അവസ്ഥയാണ് ഉള്ളത്.

ബളാൽ പഞ്ചായത്തിൽ 90% ത്തോളം ആളുകൾ കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ അരുവികളെയും ചെറിയ നാടൻ കുളങ്ങളെയും ആശ്രയിക്കുന്നവരുടെ എണ്ണവും കുറവല്ല. നിലവിലുള്ള കിണറുകളിൽ 40% മാത്രമാണ് ശരിയായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. ബളാൽ പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടേതായി ഒരു പൊതുടാപ്പ് പോലും ഇല്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| 1. പൊതുകിണറുകൾ | 99 |
| 2. പൊതുകുഴൽകിണറുകൾ | 22 |
| സ്വകാര്യകിണറുകൾ | |
| 1. സാനിറ്ററി കിണറുകൾ | 614 |
| 2. സാധാരണ കിണറുകൾ | 915 |
| 3. കുളങ്ങൾ | 35 |
| മൊത്തം ജലസ്രോതസ്സുകൾ | 1785 |

പൊതുകിണറുകളിൽ 13 എണ്ണം പഞ്ചായത്ത് മുൻകൈയിട്ടും 86 എണ്ണം ഗ്രാമവികസന വകുപ്പ് കൃഷി ആവശ്യത്തിനായി കുഴിച്ചതാണെങ്കിലും പൊതുജനങ്ങൾ കുടിവെള്ളത്തിന് വേണ്ടി ഉപയോഗിക്കുന്നു.പട്ടികജാതി സങ്കേതങ്ങളിലും മലയോരകർഷകർ തിങ്ങിപ്പാർക്കുന്ന കുന്നിൻ മുകളിലും വേനൽക്കാലങ്ങളിലെ 3 മാസങ്ങളിൽ രൂക്ഷമായ കുടിവാള്ള ക്ഷാമം അനുഭവപ്പെടുന്നതായും ഗ്രാമസഭകളിൽ പരാതികൾ ഉയർന്നു. രണ്ട് കി.മീ. വരെ കുടിവെള്ളത്തിനായി യാത്രചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ പരിദേവനങ്ങളായിരുന്നു ഗ്രാമസഭകളിൽ ഉയർന്ന് കേട്ടത്. സ്ത്രീകൾ ഏറ്റവും കൂടുതൽ സജീവമായി ഗ്രാമസഭാചർച്ചകളിൽ പങ്കെടുത്തതും ഈ മേഖലയിലായിരുന്നു.

കുടിവെള്ളത്തെക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ താഴെ പറയുന്ന പ്രകാരം ക്രോഡീകരിക്കാം. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

1-ാം വാർഡ്:-

പയാളം, തൊട്ടി, ചെറിയ എടത്തോട്, നായ്ക്കയം തട്ട്, കായക്കുന്ന്, പാറപ്പള്ളി എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2-ാം വാർഡ്:-

കനകപ്പള്ളി, കല്ലൻചിറ, വടക്കാകുന്ന്, ചീറ്റക്കാൽ, കുഴിങ്ങാട് തട്ട്, അരീക്കര, മങ്കയം, അരീക്കര കുന്ന്, എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

3-ാം വാർഡ്:-

മുണ്ടമാണി, അരിങ്കല്ല്, മാമ്പള്ളം, പാലച്ചുരം തട്ട്, പൊടിപ്പള്ളം, ചേണിയാർകുന്ന്, അത്തിക്കടവ്, ആലടിത്തട്ട്, കോട്ടക്കുന്ന്.

4-ാം വാർഡ്:-

പൊന്നുമുണ്ട, എടമല കോളനി, ചെമ്പഞ്ചേരി കോളനി, ചെമ്പഞ്ചേരി സ്കൂൾ പരിസരം, നായർക്കടവ് കോളനി.

5-ാം വാർഡ്:-

പുന്നക്കുന്ന്, ആനമഞ്ഞൾ, പാത്തിക്കര, വരിക്കപ്പള്ളി, കാറളം, കരിവെള്ളടുക്കം.

6-ാം വാർഡ്:-

വാരിക്കുഴി ഹരിജൻ കോളനി, പൂവ്വത്തുമൊട്ട, ചുള്ളിചർച്ച്, കണ്ണീർവാടി, കാഞ്ഞിരക്കുണ്ട് മുകൾഭാഗം, ചെമ്പക്കുളം, മരുതോം, ചുള്ളി സ്കൂൾ കിണർ.

7-ാം വാർഡ്:-

പുല്ലൊടി, കണ്ണീർവാടി ഹരിജൻ കോളനി, ചെത്തിപ്പൂഴത്തട്ട്, ബെന്തമല, വലിയ പുഞ്ച, പടയൻ കല്ല്, എടക്കാനം കണ്ണീർവാടി, ചെറിയ പുഞ്ച, ദർഘാസ്.

8-ാം വാർഡ്:-

വള്ളിക്കടവ്, മോതിരക്കുന്ന്, ചേരിപ്പാടി കോളനി, ഒട്ടേമാളം കോളനി, നാട്ടക്കൽ സ്കൂളിന് സമീപം, വാഴയിൽ കോളനി, വള്ളിക്കടവ് സ്കൂൾ പരിസരം, വട്ടക്കയം, മാലോം ടൗൺ (ചേരിപ്പാടി കോളനിയിൽ വർഷകാലത്ത് പോലും കുടിവെള്ളം ലഭിക്കാറില്ല)

9-ാം വാർഡ്:-

കൊന്നക്കാട് ടൗൺ, അശോകച്ചാൽ, മൈക്കയം, തുമ്പത്തട്ട്, നെല്ലിമല, വള്ളിക്കൊച്ചി, മഞ്ഞുച്ചാൽ, ശങ്കരങ്ങാനം.

10-ാം വാർഡ്:-

കൂളിമട, വലിയ പാമത്തട്ട്, ചെരിമ്പക്കോട്, പാമത്തട്ട്, മുട്ടോം കടവ്, വാഴത്തട്ട്, മാവുംചാൽ, അത്തിയടുക്കം, മുണ്ട.

സാദ്ധ്യതകൾ:-

I. നിലവിലുള്ള കിണർ ആഴം കൂട്ടുക.

II. കുടിവെള്ള ക്ഷാമമുള്ള സ്ഥലത്ത് പുതിയ കിണർ, കുഴൽകിണർ സ്ഥാപിക്കുക.

1. കടവത്തുമുണ്ട, നായ്ക്കയം, മരിക്കീർ, ഒട്ടേമാളം, പാറപ്പള്ളി എന്നിവിടങ്ങളിൽ മിനി വാട്ടർ സ്കീം നടപ്പാക്കുക.

2. 3-ാം വാർഡിലെ അരിങ്കല്ലിൽ ശുദ്ധജല പദ്ധതി നടപ്പിലാക്കുക.

3. മാലോം മുതൽ വള്ളിക്കടവ് വരെ ശുദ്ധജല വിതരണത്തിന് ഞാണിക്കടവ് പുഴയിലുള്ള ചെക്ക് ഡാമിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തി ജനസേചന പദ്ധതി നടപ്പിലാക്കുക.

4. നാലാം വാർഡിൽ ബാനുമുണ്ട ബ്ലോക്ക് വകകിണർ, അഞ്ചാം വാർഡിൽ കാറളത്തെ നിലവിലുള്ള കിണർ, ചുള്ളി സ്കൂൾ കിണർ എന്നിവ ആഴം കൂട്ടി കുടിവെള്ള ക്ഷാമം പരിഹരിക്കുക.

5. നാലാം വാർഡിൽ ചെമ്പഞ്ചേരി എൽ.പി. സ്കൂളിന് സമീപം ഇപ്പോൾ റോഡ് ഗതാഗത യോഗ്യമായത് കൊണ്ട് നേരത്തേ അനുവദിച്ചിരുന്ന കുഴൽ കിണർ നിർമ്മിക്കുക.

6. ഏഴാം വാർഡിൽ വെന്തമലയുടെ മുകൾഭാഗത്ത് കുളം നിർമ്മിച്ച് താഴെ ഭാഗത്ത് കുടിവെള്ളമെത്തിക്കുക.

7. ദർഘാസിലും പടയൻ കല്ലിലും വള്ളിക്കടവിലും കുഴൽക്കിണർ നിർമ്മിക്കുക.

8. ഉപയോഗശൂന്യമായ കുഴൽകിണറുകൾ ഉപയോഗപ്രദമാക്കുക.

9. കുന്നിന്മുകളിലുള്ള അരുവികളിൽ നിന്ന് വരുന്ന ജലം സംഭരിച്ച് താഴെ പ്രദേശങ്ങളിൽ വിതരണം നടത്തുക.

10. നീരൊഴുക്കുള്ള കല്ലൻ ചിറ തോടിലെ ജലം ഉപയോഗിച്ച് തൂവക്കുന്നിൽ ടാങ്ക് നിർമ്മിച്ച് താഴെ പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുക.

11. കോട്ടഞ്ചേരി, എടക്കാനം, പടയൻകല്ല് തുടങ്ങിയ ജല സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിക്കുക.

12. വള്ളിക്കടവ് സ്കൂൾ പരിസരത്തെ ഉപയോഗശൂന്യമായ കുഴൽകിണർ ഉപയോഗപ്രദമാക്കുക. പ്രസ്തുത കുഴൽകിണർ മോട്ടോർ ഘടിപ്പിച്ച് കുന്നിൻ മുകളിൽ ടാങ്ക് നിർമ്മിച്ച് ഹരിജൻ കോളനിയിൽ ശുദ്ധജലം എത്തിക്കുക.

13. വലിയ പുഞ്ച, ചെറിയ, പുഞ്ച എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കുക. എടക്കാനത്തും പടയൻകല്ലിലും കുളം നിർമ്മിച്ച് കണ്ണീർ വാടിയിലും കുടിവെള്ളമെത്തിക്കുക.

14. ജലശുദ്ധീകരണം കാര്യക്ഷമമാക്കേണ്ടതും നിലവിലുള്ള ജലസേചന സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതുമാണ്.

15. ബളാൽ പഞ്ചായത്ത് വാട്ടർ അതോറിറ്റി നടത്തിയ സർവ്വേ പ്രകാരമുള്ള ശുദ്ധജല പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ ആരംഭിക്കേണ്ടതാണ്.

വിശേഷാൽ ഗ്രാമ സഭകൾ ചേർന്നത് 9-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള കാര്യങ്ങൾക്കാണെങ്കിലും കുടിവെള്ളത്തിന് അടിയന്തിര പ്രധാന്യം നൽകി പദ്ധതികൾ നടപ്പിലാക്കണമെന്ന ഗ്രാമസഭയിൽ ഉയർന്ന ആവശ്യം പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. പല സ്ഥലങ്ങളിലും കുഴൽകിണർ കുഴിക്കണമെന്ന നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും റോഡുകളുടെ അപര്യപ്തത കുന്നിൻ മുകളിൽ കുഴൽ കിണർ കുഴിക്കാൻ പ്രയാസമാകുന്നു.

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. വ്യക്തി ശുചിത്വം പാലിക്കുന്ന കാര്യത്തിൽ ഏറ്റവും മുന്തിയ പരിഗണന നൽകുന്ന കേരളീയർ പരിസര ശുചിത്വം പാലിക്കുന്ന കാര്യത്തിൽ ശ്രദ്ധാലുക്കളല്ലാ എന്നത് ശ്രദ്ധേയമാണ്. റോഡ് നിർമ്മാണത്തിലും മറ്റേതൊരു കാര്യത്തിലും സർക്കാരും ഇതര ഏജൻസികളും കാണിക്കുന്ന ശുഷ്കാന്തി പൊതുജനാരോഗ്യ സംരക്ഷണത്തിലും പരിസരശുചിത്വത്തിലും കാണിക്കുന്നില്ല എന്നതാണ് വസ്തുത. ബളാൽ പഞ്ചായത്തിലെ 4529 കുടുബങ്ങളിൽ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെട്ട കക്കൂസുകളുടെ എണ്ണം 16% മാത്രമാണ്.

| ആകെ വീടുകൾ | സെപ്റ്റിക് ടാങ്ക് | ഇ.എസ്.പി | ഇല്ലാത്തവ |
|---|---|---|---|
| 4529 | 737 | 1059 | 2733 |
| ശതമാനം | 16% | 23% | 61% |

പഞ്ചായത്തിൽ കക്കൂസ് ഉപയോഗിക്കാതിരിക്കാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

1. സാമ്പത്തിക പരാധീനത.
2. കുറഞ്ഞവിലക്ക് സാധനസാമഗ്രികൾ ലഭിക്കാത്തത്.
3. അവശ്യബോധം ഇല്ലാത്തതിനാൽ.
4. ബോധവൽക്കരണത്തിന്റെ കുറവ്.
5. നിർമ്മിക്കപ്പെട്ട ഇ.എസ്.പി സിമൻറ് സ്ലാബുകൾ സൗകര്യപ്രദമായി വീടുകളിൽ എത്തിക്കാനുള്ള റോഡ് സൗകര്യമില്ലായ്മ.
6. മുഴുവൻ വീടുകളിലും ശുദ്ധജലവും ശുചിയായ കക്കൂസുകളും ലഭ്യമാക്കി ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട് ബളാൽ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത കഴിഞ്ഞ 3 വർഷങ്ങളിൽ ബളാൽ പഞ്ചായത്തിലുണ്ടായ പ്രാണിജന്യ രോഗങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. വയറിളക്കം, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം മറ്റു ജലജന്യ രോഗങ്ങൾ ഇവ കൂടിവരുന്നതായി സ്ഥിതി വിവര കണക്കുകൾ രേഖപ്പെടുത്തുന്നു.

| വർഷം | ജലജന്യം | പ്രാണിജന്യം | വായുജന്യം |
|---|---|---|---|
| 93-94 | 498 | 6 | 1872 |
| 94-95 | 395 | 7 | 1831 |
| 95-96 | 457 | 5 | 1752 |

(അവലംബം : ദ്വിതീയ വിവരശേഖരണം)

പരിസരശുചിത്വം :-

വ്യവസായവൽക്കരണം ഇല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പരിസരശുചിത്വത്തിന്റെ കുറവുകൾ കാണപ്പെടുന്നു. വെള്ളരിക്കുണ്ട്, ബളാൽ, എടത്തോട്, കൊന്നക്കാട്, മാലോം തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യക്കൂമ്പാരം തന്നെ കാണാവുന്നതാണ്. വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് നിലവിൽ സംവിധാനമില്ലാത്തതിനാൽ മലമ്പനി, വയറിളക്കം തുടങ്ങിയ രോഗങ്ങൾ പടരാനുള്ള സാധ്യത വളരെ ഏറെയാണ്. പഞ്ചായത്തിൽ മാലോം ടൗണിലൊഴികെ ഓവുചാലുകളില്ല. വെള്ളരിക്കുണ്ട്, കൊന്നക്കാട്, ബളാൽ തുടങ്ങിയ സ്ഥലങ്ങൾ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിനും മലിനജലനിർഗ്ഗമനത്തിനും അടിയന്തിര പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. വെള്ളരിക്കുണ്ടിലെ ഹോട്ടലുകളിൽ നിന്ന് മലിനജലം പുഴയിലേക്ക് ഒഴുക്കിവിടുന്നതിനാൽ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ടൈഫോയ്ഡ്, മഞ്ഞപ്പിത്തം തുടങ്ങിയ മാരകരോഗങ്ങൾ ഏറിവരുന്നതായി ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ചൂണ്ടിക്കാട്ടുന്നു. ഇതൊരു മഖ്യ പൊതുജനാരോഗ്യ പ്രശ്നമായി കാണേണ്ടതാണ്.

മണ്ണിൽ കനകം വിളയിക്കുന്ന മലയോര കർഷകരും ബളാൽ പഞ്ചായത്തിലെ ആദിമ വാസികളായ പട്ടികജാതി ജനവിഭാഗങ്ങളും തിങ്ങി പാർക്കുന്ന ബളാൽ പഞ്ചായത്തിലെ ആരോഗ്യരംഗം 1962 വരെ ഏതാനും നാട്ടുവൈദ്യന്മാരേയും പാരമ്പര്യ വൈദ്യന്മാരെയും ആശ്രയിച്ചുള്ളവ മാത്രമായിരുന്നു. ഏഴായിരത്തോളം വരുന്ന ജനസംഖ്യയിൽ വിരലിലെണ്ണാവുന്നവർക്കുമാത്രമേ 40 മതൽ 70 കലോമീറ്റർ വരെ അകലെയുള്ള കാഞ്ഞങ്ങാട്ടെത്തി ആധുനിക ചികിത്സ പ്രാപ്യമായിരുന്നുള്ളു. 1962-ലാണ് ആധുനിക ചികിത്സാരംഗത്തെ ആദ്യചുവടുമായി ബളാലിൽ മാതൃശിശു സംരക്ഷണകേന്ദ്രം ആരംഭിച്ചത്. എന്നിരുന്നാലും പച്ചമരുന്നുകളുടെ, അപൂർവ്വ ഫലസിദ്ധിയും ദൈവാനുഗ്രഹവും മാത്രമാണ് ജനങ്ങളെ മലമ്പനിയുടെയും മറ്റു സാംക്രമിക രോഗങ്ങളുടെയും കരാളഹസ്തത്തിൽ നിന്നും സംരക്ഷിച്ചിരുന്നത്.

1970 കളിലാണ് ആരോഗ്യരംഗത്ത് പുതിയ മാനങ്ങൾ കണ്ടെത്തിയത്. പഞ്ചായത്ത് ഭരണസമിതിയുടെയും നാട്ടുകാരുടെയും ശ്രമഫലമായി 1971-ൽ വെള്ളരിക്കുണ്ട് റൂറൽ ഡിസ്പെൻസറിയും മാലോത്ത് ആയുർവേദ ഡിസ്പെൻസറിയും 1972-ൽ ബളാലിൽ ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കപ്പെട്ടു. കൂടാതെ ഇന്ന് കരിമ്പിൽ കുഞ്ഞക്കോമൻ സ്മാരക പ്രാഥമിക ആരോഗ്യകേന്ദ്രം എന്ന പേരിലറിയപ്പെടുന്ന കൊന്നക്കാട് പി.എച്ച്.സി.-യും ആറ് കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളും മൂന്ന് സ്വകാര്യ ആശുപത്രികളും നാല് സ്വകാര്യ ആയുർവേദ ഫാർമസികളും നാല് സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും മൂന്ന് മെഡിക്കൽ ഷോപ്പുകളും ഏതാനും നാട്ടുവൈദ്യന്മാരും അടങ്ങിയതാണ് ബളാൽ പഞ്ചായത്തിലെ ഇന്നത്തെ ആരോഗ്യമേഖല.

1991-ലെ സെൻസസ് പ്രകാരം ബളാൽ പഞ്ചായത്തിലെ ജനസംഖ്യ 20433 ആണ്. ഇവരിൽ 10321 പേർ പുരുഷന്മാരും 10112 പേർ സ്ത്രീകളുമാണ്. ആറുവയസ്സിനു താഴെ പ്രായമുള്ളവർ 2872 ആണ്. സ്ത്രീ പുരുഷാനുപാതം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് എന്ന് കാണാം. (1000 പുരുഷന്മാർക്ക് 980 സ്ത്രീകൾ ; സംസ്ഥാന ശരാശരി 1000 ത്തിന് 1036) ഇപ്പോൾ പഞ്ചായത്തിലെ ജനസംഖ്യ ~~20540~~ 20573 ആണ്.

ജനന നിരക്ക്, മരണ നിരക്ക് എന്നിവ ശരാശരിയേക്കാൾ വളരെ കുറവായിക്കാണുന്നു. (ജനന നിരക്ക് 12.8 ; സംസ്ഥാന ശരാശരി 17 ; മരണ നിരക്ക് 2.8 ; സംസ്ഥാന ശരാശരി 5.9) ശിശുമരണ നിരക്കിൽ സംഥാന ശരാശരിക്കൊപ്പം നിൽക്കുന്നു.(സംസ്ഥാന ശരാശരി 16) കഴിഞ്ഞ രണ്ടുവർഷം മാതൃമരണങ്ങളൊന്നും സംഭവിച്ചിട്ടില്ല എന്നുള്ളത് ശുഭസൂചകമായ കാൽവെപ്പാണ്. എന്നാൽ വൃദ്ധന്മാരുടെ എണ്ണം പഞ്ചായത്തിൽ കൂടിവരുന്നത് ശ്രദ്ധേയമാണ്. ആയുർദൈർഘ്യത്തിൽ സംസ്ഥാന ശരാശരിയേക്കാളും കൂടിയ ആയുർദൈർഘ്യം രേഖപ്പെടുത്തുന്നു.

1993 മുതൽ 1996 വരെ പഞ്ചായത്തിൽ നടന്ന ജനനവും മരണവും.

പട്ടിക-2

| | 93-94 | 94-95 | 95-96 |
|---|---|---|---|
| ജനനം | 3292 | 312 | 292 |
| മരണം | 60 | 62 | 65 |

## സ്ഥാപനങ്ങളും സേവനങ്ങളും

പട്ടിക-2 ബളാൽ പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളും സ്ഥാപനപരമായ പ്രശ്നങ്ങളും

| | സ്ഥാപനത്തിന്റെ പേര് | സ്ഥലം | ജീവനക്കാരുടെ എണ്ണം | കെട്ടിടത്തിന്റെ സ്ഥിതി | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം വെള്ളരിക്കുണ്ട് | 1 ഏക്കർ | 10 | സ്വന്തം | വയറിംഗ് ജോലി പൂർത്തീകരിച്ചില്ല സ്റ്റാഫ് ക്വാർട്ടേഴ്സ്, ഒ.പി ബ്ലോക്ക് ഇവ ഇല്ല |
| 2 | കരിമ്പിൽ കുഞ്ഞിക്കോമൻ മെമ്മോറിയൽ പ്രാഥമികാരോഗ്യകേന്ദ്രം | 1 ഏക്കർ | 10 | വാടകയില്ലാത്തത് | കെട്ടിടം പണി പുരോഗമിക്കുന്നു. |
| 3 | ഹോമിയോ ഡിസ്പെൻസറി ബളാൽ | 1/2 " | 2 | വാടക | കെട്ടിടം പണി പുരോഗമിക്കുന്നു. |
| 4 | ആയുർവേദ ഡിസ്പെൻസറി മാലോം | 1/2 " | 4 | വാടക | അറ്റകുറ്റപ്പണി നടത്തി കെട്ടിടം ഉപയോഗപ്രദമാക്കുക |
| 5 | കുടുംബക്ഷേമ കേന്ദ്രം കനകപ്പള്ളി (കുഴിങ്ങാട്) | | 2 | സ്വന്തം | വൈദ്യുതിയില്ല കുടിവെള്ളമില്ല |
| 6 | കുടുംബക്ഷേമ കേന്ദ്രം ഇടത്തോട് | | 2 | വാടക | വൈദ്യുതി ഇല്ല |
| 7 | കുടുംബക്ഷേമ കേന്ദ്രം ബളാൽ | ലഭ്യമാണ് | 2 | വാടക | കെട്ടിടം പണിയേണ്ടതാണ്. |
| 8 | കുടുംബക്ഷേമ കേന്ദ്രം ചുള്ളി | ലഭ്യമാണ് | 2 | വാടക | കെട്ടിടം പണി പുരോഗമിക്കുന്നു |
| 9 | കുടുംബക്ഷേമ കേന്ദ്രം കൊന്നക്കാട് | ലഭ്യമല്ല | 2 | വാടക | |
| 10 | കുടുംബക്ഷേമ കേന്ദ്രം മാലോം | | 2 | സ്വന്തം | ഇല്ല |

സർക്കാർമേഖലയിൽ ഇത്രയേറെ സ്ഥാപനങ്ങളും നാല്പതോളം ജീവനക്കാരുമുണ്ടെങ്കിലും രോഗാതുരത കൂടിവരുന്നതായി സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു.

സേവനമേഖലകൾ

1. രോഗ പ്രതിരോധം :

പഞ്ചായത്തിലെ കുട്ടികളിൽ 97% നും രോഗപ്രതിരോധ ചികിത്സകൾ ലഭ്യമായിട്ടുണ്ടെന്ന് 12 അംഗൻവാടികളിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും ശേഖരിച്ച ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ രേഖപ്പെടുത്തുന്നു.

അവലംബം : അംഗൻവാടി രേഖകൾ, ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ

| | ലക്ഷ്യം ഗുണഭോക്താക്കൾ | | DPT | | | | OPV | | | | DT | | | | Mea-sels |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | I | II | III | B | I | II | III | B | I | II | III | B | |
| ഒരു വയസ്സിനു താഴെ | 287 | 280 | 268 | 240 | 216 | - | 268 | 240 | 217 | - | - | - | - | | 96 |
| 1-3 | 719 | 716 | 715 | 714 | 710 | 674 | 718 | 715 | 714 | 674 | 7 | 7 | - | | 718 |
| 3-6 | 1012 | 1009 | 1002 | 998 | 998 | 970 | 1005 | 1008 | 1004 | 978 | 364 | 10 | - | | 104 |

ആശുപത്രിയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

| TT | ആകെ ഗർഭിണികൾ | I | II | III |
|---|---|---|---|---|
| | 252 | 205 | 108 | Nil. |

2. വിദ്യാലയ ആരോഗ്യപരിപാടി :

വിദ്യാലയ ആരോഗ്യ പരിപാടിയുടെ ഭാഗമായി 8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുഴുവൻ വിദ്യാർത്ഥികളെയും വൈദ്യ പരിശോധനക്കും 4,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ രോഗപ്രതിരോധ കുത്തിവയ്പിനും വിധേയരാക്കി. സ്കൂൾ ഹെൽത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ജനസംഖ്യാ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തിവരുന്നു.

ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ രാജ്യത്തെമ്പാടുമുള്ള പ്രാഥമിക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ പരിശോധനക്ക് വിധേയമാക്കുന്ന പ്രാഥമിക വിദ്യാലയ ആരോഗ്യപരിപാടിയുടെ ഭാഗമായി ബളാൽ പഞ്ചായത്തിലെ 1643 വിദ്യാർത്ഥികളെ പരിശോധനക്ക് വിധേയമാക്കി. ദന്തരോഗങ്ങൾ, വിരശല്യം, ചെവിപഴുപ്പ് തുടങ്ങിയ രോഗങ്ങൾ മുഖ്യമായും കാണപ്പെട്ടു. പട്ടികജാതി വിദ്യാർത്ഥികളിൽ മഖ്യ പങ്കിലും രൂക്ഷമായ പോഷണവൈകല്യം അനുഭവപ്പെടുന്നതായിക്കണ്ടു.

പട്ടിക-4 പ്രാഥമികവിദ്യാലയ ആരോഗ്യപരിപാടി. ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ

| | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | വിളർച്ച | വിരശല്യം | നിശാന്ധത | അയഡിൻ കുറവ് | ചെവിയുടെ അസുഖം | ചൊറി | വ്രണങ്ങൾ | കാഴ്ച വൈകല്യം | ദന്തരോഗങ്ങൾ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചുള്ളി എ.എൽ.പിസ്കൂൾ | 86 | 13 | 10 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | 8 | 1 |
| 2 | കൊന്നക്കാട് എൽ.പി.സ്കൂൾ | 145 | 12 | 9 | ഇല്ല | " | 12 | 16 | 4 | ഇല്ല | 28 | ഇല്ല |
| 3 | ഗവ: ഹൈസ്കൂൾ മാലോത്ത് കസ്ബ | 271 | 33 | 21 | ഇല്ല | " | 7 | 7 | 2 | 1 | 61 | 2 |
| 4 | എസ്.വി.എം.ഗവ: എൽ.പി..സകൂൾ എടത്തോട് | 214 | 1 | - 2 | 1 | 2 | 10 | 6 | 14 | 6 | 41 | 2 |
| 5 | ഗവ:ഹൈസ്കൂൾ ബളാൽ | 145 | 18 | 15 | - | 3 | 16 | 17 | 11 | 8 | 56 | 20 |
| 6 | കെ.ഐ.എ.എൽ.പി.സ്കൂൾ കല്ലംചിറ | 109 | 6 | 22 | - | 4 | 5 | 8 | 2 | 5 | 7 | 3 |
| 7 | എ..എൽ.പി.സ്കൂൾ വെള്ളരിക്കുണ്ട് | 438 | 3 | 153 | 1 | 10 | 11 | 12 | 20 | 24 | 60 | 4 |
| 8 | ജി.എൽ.പി.എസ്. കനകപ്പള്ളി | 158 | 22 | 35 | 4 | 3 | 13 | 19 | 11 | 3 | 45 | 5 |
| 9 | എ.എൽ.പി.എസ്. ചെമ്പഞ്ചേരി | 77 | 4 | 23 | 1 | 2 | 1 | 3 | 1 | 2 | 17 | 1 |
| | | 1643 | 112 | 290 | 7 | 24 | 76 | 88 | 65 | 49 | 323 | 35 |

3. ബോധവൽക്കരണ പ്രവർത്തനങ്ങൾ:

സ്ത്രീകളെ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സ്വയം സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ ബളാൽ, കനകപ്പള്ളി, എടത്തോട്, പാത്തിക്കര, ചുള്ളി, മാലോം, കൊന്നക്കാട് എന്നീ അംഗൺവാടികളെ കേന്ദ്രീകരിച്ചുകൊണ്ട് മഹിളാ സ്വസ്ഥ് സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈസംഘങ്ങളുടെ രൂപീകരണ സമയത്തുണ്ടായിരുന്ന ജനപങ്കാളിത്തം ഇപ്പോഴുണ്ടെന്ന് പറഞ്ഞുകൂടാ. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാസ്സ് മീഡിയാ എഡ്യൂക്കേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി അദ്ധ്യാപകർ, ജനപ്രതിനിധികൾ, മറ്റ് സാമൂഹ്യസാംസ്കാരിക പ്രവർത്തകർ എന്നിവർക്കായി നേതൃത്വ പരിശീലനം നടത്തിവരുന്നു. പഞ്ചായത്തിൽ പതിനാറോളം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആരോഗ്യ ബോധവൽക്കരണ രംഗങ്ങളിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

## ആരോഗ്യമേഖല-പ്രശ്നങ്ങളും സാധ്യതകളും

ബളാൽ പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങലളുള്ള ആശുപത്രികളൊന്നും സർക്കാർ മേഖലയിലില്ല. ബളാൽ പഞ്ചായത്തിലെ കോട്ടഞ്ചേരിയിലുള്ളവർക്ക് 7 കി.മീ. നടന്ന് കൊന്നക്കാട്ടെത്തി 70 കി.മീ. സഞ്ചരിച്ച് വേണം കാഞ്ഞങ്ങാട്ടെത്തി കിടത്തി ചികിത്സാ സൗകര്യം ലഭിക്കുവാൻ. ഇതുകൊണ്ടുതന്നെ പട്ടികജാതി ജനവിഭാഗങ്ങളിൽ മുഖ്യ പങ്കും സർക്കാർ ആശുപത്രികളിലോ മറ്റു സൗകര്യങ്ങളേയോ ആശ്രയിക്കാറില്ല. പഞ്ചായത്തിൽ 933 ജനനങ്ങൾ 93-96 കാലഘട്ടത്തിൽ നടന്നിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനനങ്ങൾ 187

മാത്രമാണ്. ഇവയിൽ മുഖ്യപങ്കും വീടുകളിൽ നടന്ന പ്രസവങ്ങളാണ്. പ്രസവരക്ഷാ സൗകര്യങ്ങളുള്ള ആശുപത്രി ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഇത് ചൂണ്ടിക്കാണിക്കുന്നു.

1990 വരെ വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 കിടക്കകളുള്ള ആശുപത്രി പ്രവർത്തിച്ചിരുന്നു. 1994 വരെസ്ഥിരം ഡോക്ടറെ ലഭിക്കാത്തതും നിലവിലുള്ള ഡോക്ടർക്ക് ഒന്നിലധികം സ്ഥലങ്ങളിൽ അഡീഷണൽ ചാർജ്ജ് നൽകുന്നതും ക്വാർട്ടേഴ്സുകൾ നിലവിലില്ലാത്തതും സർക്കാർ ഉത്തരവുപ്രകാരം മലയോര മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം 8 മണിമുതൽ 1.30 വരെ ആക്കി നിജപ്പെടുത്തിയതും കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് വിഘാതമായി. സർവ്വോപരി 1989 വരെ പനത്തടി സി.എച്ച്.സി-യുടെ നിയന്ത്രണത്തിലായിരുന്ന ആറ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനവും നിയന്ത്രണവും ഈ സ്ഥാപനത്തിന്റെ പരിധിയിലേക്ക് അനുവദിക്കുക വഴി രോഗ ചികിത്സയേക്കാളുപരി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതായി വന്നു. 1994-ൽ കെട്ടിടത്തിൻറെ റിപ്പയറിങ് പദ്ധതികൾ പൂർത്തിയായെങ്കിലും വയറിംഗ് ജോലികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. നിലവിലുള്ള സാഹചര്യത്തിൽ കിടത്തി ചികിത്സ പൂർണ്ണമായ അർത്ഥത്തിൽ ആരംഭിക്കണമെങ്കിൽ ഒരു ഡോക്ടറെയും അനുബന്ധ സ്റ്റാഫിനെയും കൂടുതലായി നിയമിക്കേണ്ടിയിരിക്കുന്നു.

നിർദ്ദിഷ്ട മലയോര താലൂക്കിന്റെ ആസ്ഥാനവും ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കിനാനൂർ കരിന്തളം, കോടോം ബേളൂർ എന്നീ പഞ്ചായത്തുകളിലെ ഏകദേശം എൺപതിനായിരത്തോളം വരുന്ന ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ എത്തിപ്പെടാവുന്ന വെള്ളരിക്കുണ്ടിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തേണ്ടത് അത്യാവശ്യമാണ്.

മാലോത്ത് ആയുർവേദ ഡിസ്പെൻസറിക്കുവേണ്ടി പഞ്ചായത്ത് പണിത കെട്ടിടം അത്യാവശ്യം ചില അറ്റ കുറ്റപ്പണികൾ നടത്തിയാൽ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതും വാടക ഇനത്തിൽ സർക്കാരിന് സാമ്പത്തിക ലാഭമുണ്ടാക്കാവുന്നതുമാണ്. ഈ സ്ഥാപനം ആശുപത്രിയായി ഉയർത്തേണ്ടതാണെന്ന് ഗ്രാമ സഭകളിൽ നിന്നും ആവശ്യമുയർന്നു.

ബളാലിൽ നാളിതുവരെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോമി ഡിസ്പെൻസറിക്കുവേണ്ടി കെട്ടിടം പണി പുരോഗമിക്കുന്നു. ഈ സ്ഥാപനം ആശുപത്രിയായി ഉയർത്തിയാൽ മലയോര ജനതക്ക് വലിയൊരനുഗ്രഹമാകും.

വയോജന കേന്ദ്രം :

പുതിയ സാമൂഹിക. സാമ്പത്തിക ചുറ്റുപാടിൽ ന്യൂക്ലിയർ കുടുബത്തിൻറെ ആവിർഭാവത്തോടെ വയോജന കേന്ദ്രത്തേപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

യോഗപഠന കേന്ദ്രം :

ആധുനിക യാന്ത്രിക ഇലക്ട്രോണിക് യുഗത്തിൽ അലസരായ മനുഷ്യന്റെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് യോഗാപഠനം പുതിയ മാനങ്ങൾ നൽകും.

പ്രകൃതിചികിത്സ :

ആധുനിക ചികിത്സ കൊണ്ട് മാറ്റാൻ കഴിയാത്ത പല അസുഖങ്ങളും പ്രകൃതിചികിത്സ കൊണ്ട് ഭേദമായതായി കാണാൻ കഴിയും. ശരീരത്തിന് യാതൊരുതരത്തിലും ദോഷം ചെയ്യാത്ത ഈ ചികിത്സാ രീതിയെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

പാരമ്പര്യ മേഖല :

പ്രകൃതി രമണീയവും ഫലഭൂയിഷ്ടവുമായ ഈ മണ്ണ് ഔഷധ സസ്യങ്ങളുടെ അപൂർവ്വ കലവറയാണ്. പാരമ്പര്യ മേഖലയിൽ വളരെയധികം കുടുംബങ്ങൾ വൈദ്യ പാരമ്പര്യം നിലനിർത്തിപ്പോരുന്നു. പാരമ്പര്യ ചികിത്സാരീതിയുടെ അറിവുകൾ മറ്റുള്ളവർക്ക് പകർന്ന് നൽകിയാൽ ഫലസിദ്ധിയുണ്ടാവില്ലെന്ന വിശ്വാസം നിലനിൽക്കുന്നതിനാൽ ഈ മേഖല വേരറ്റുപോകുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ മേഖലയുടെ ശാസ്ത്രീയ പഠനത്തിനും ബോധവൽക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പൊതുശ്മശാനം :

ബളാൽ പഞ്ചായത്തിൽ കനകപ്പള്ളിയിൽ 0.95 ഏക്കറും വെള്ളരിക്കുണ്ടിൽ ഒരേക്കറും പൊതുശ്മശാനത്തിന് സ്ഥലം ലഭ്യമാണ്.

ഔഷധ നിർമ്മാണ രംഗം :

അമ്പതിൽപരം ശാഖകളുള്ള വിമല ആയുർവേദിക് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം ബളാൽ പഞ്ചായത്തിന്റെ ആസ്ഥാനമായ ബളാലിൽ ഔഷധ നിർമ്മാണ വിപണന രംഗത്ത് പ്രവർത്തിക്കുന്നു. ഫലഭൂയിഷ്ടവും സമ്പൽസമൃദ്ധവുമായ ഈ മണ്ണ് ഔഷധ സസ്യങ്ങളുടെ അപൂർവ്വ കലവറയാണ്. ഔഷധസസ്യക്കൃഷി, ഔഷധ നിർമ്മാണം, വിപണനം എന്നീ രംഗങ്ങളിൽ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കാനും പഞ്ചായത്തിന്റെ വികസനത്തിനും ഔഷധ നിർമ്മാണരംഗം പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന മറ്റ് നിർദ്ദേശങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു.

1. മുഴുവൻ വീടുകൾക്കും പഞ്ചായത്തോ മറ്റ് വികസന ഏജൻസികളോ മുഖേന സൗജന്യമായി കക്കൂസ് ലഭ്യമാക്കുക.

2. വെള്ളരിക്കുണ്ട്, കൊന്നക്കാട് ആശുപത്രികളിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

3. വെള്ളരിക്കുണ്ട്, കൊന്നക്കാട് ആശുപത്രികളിൽ ലാബോറട്ടറി ടെക്നീഷ്യൻ തസ്തിക അനുവദിക്കുക.

4. വെള്ളരിക്കുണ്ട് ആശുപത്രിയിലെ ഡോക്ടർമാർക്കും അനുബന്ധ സ്റ്റാഫിനും താമസസൗകര്യത്തിനായി ക്വാർട്ടേഴ്സ് ലഭ്യമാക്കുക.

5. കോട്ടഞ്ചേരി പ്രദേശത്തുള്ള കുട്ടികൾക്ക് രോഗ പ്രതിരോധ കുത്തിവയ്പിനുപോലും 7 കി.മീ വരെ സഞ്ചരിക്കേണ്ടിവരുന്നതിനാൽ ഏറ്റവും അടുത്ത സ്ഥലത്ത് കുടുംബേമ കേന്ദ്രം സ്ഥാപിക്കുക.

6. സ്ഥലം ലഭ്യമായ ബളാൽ കുടുബക്ഷേമ ഉപകേന്ദ്രത്തിന് കെട്ടിടം പണിയുക.

7. ഇടത്തോട്, കനകപ്പള്ളി കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് വൈദ്യുതി കണക്ഷൻ, കുടിവെള്ളം ഇവ ലഭ്യമാക്കുക.

8. കുടുംബക്ഷേമ കേന്ദ്രത്തിന്റെ ഉദ്ദേശ ലക്ഷ്യം നടപ്പാക്കുക. ആരോഗ്യവകുപ്പ് ജീവനക്കീരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

9. അരീങ്കല്ല്, കനകപ്പള്ളി, പഞ്ച എന്നിവിടങ്ങളിൽ കുടുംബക്ഷേണ കേന്ദ്രം അനുവദിക്കുക.

10. ഇടത്തോട്, ചുള്ളി, പുഞ്ച, വള്ളിക്കടവ്, കൊന്നക്കാട് എന്നിവിടങ്ങളിൽ ഹോമിയോ ഡിസപെൻസറികൾ ആരംഭിക്കുക.

11. ബളാൽ, ഇടത്തോട്, കൊന്നക്കാട് എന്നിവിടങ്ങളിൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുക.

12. ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക.

13. സന്നദ്ധ സംഘടനകൾ സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുക.

14. ഹോട്ടലുകളിലെ ഭക്ഷണങ്ങളുടെ ഗുണനിലവാരവും ശുചിത്വവും ഉറപ്പുവരുത്തുക.

15. ഹോട്ടലുകൾക്ക് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഹെൽത്ത് അതോറിറ്റികളുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതാണ്.

16. ഹോട്ടലുകളിൽ ജനപ്രതിനിധികളും ഹെൽത്ത് വിഭാഗം ജീവനക്കാരും മാസത്തിൽ ഒരു തവണയെങ്കിലും മിന്നൽപ്പരിശോധന നടത്തുക.

17. ഹോട്ടലുകളിൽ നിന്ന് മലിന ജലവും മറ്റ് മാലിന്യങ്ങളും പുഴയിലേക്ക് ഒഴുക്കിവിടുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

18. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ കക്കൂസും മൂത്രപ്പുരകളും നിർമ്മിക്കുക.

19. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദരിദ്രജനവിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി പോഷകാഹാരകിറ്റ് വിതരണം ചെയ്യുക.

20. അടുക്കളത്തോട്ടം നിർമ്മാണത്തിന് സാമ്പത്തികവും സാഹചേതികവുമായ സഹായം നൽകുക.

21. ഓല കുതിർത്തും തോട്ട പൊട്ടിച്ചും പുഴയിലെ ജലം മലിനപ്പെടുത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

22. അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുക. വളർത്തുപട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

23. നിലവിലുള്ള അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. മൃഗങ്ങളെ വെറ്റിനറി ഡോക്ടർ പരിശോധിച്ചു എന്നുറപ്പുവരുത്തുക.


24. കോളനികളിൽ മാസത്തിലൊരുതവണയെങ്കിലും ഡോക്ടർമാരടങ്ങിയ ടീം സന്ദർശനം നടത്തുകയും കോളനികളിൽ കാണപ്പെടുന്ന ക്ഷയരോഗവും മറ്റ് സാംക്രമികരോഗങ്ങളും തടയാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

25. പഞ്ചായത്തിന്റെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ (പട്ടിക വിഭാഗങ്ങൾ കൂടുതലുള്ള) പ്രത്യേകത പരിഗണിച്ച് വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി വാഹനം അനുവദിക്കുക.

ഈ ജനകീയാസൂത്രണ പരിപാടികളുടെ വിജയകരമായ നടത്തിപ്പുവഴി 'ശുചിത്വമുള്ള ഗ്രാമങ്ങളിൽ ആരോഗ്യമുള്ള ജനത' എന്ന ലക്ഷ്യം സാധൂകരിക്കാമെന്ന് നമുക്കാശിക്കാം.

'അധ്വാനവും അധ്യയനവും പ്രാർത്ഥനയുമാണ് ആരോഗ്യത്തിന്റെ താക്കോൽ.. ഏതെങ്കിലും ഒന്നിന്റെ അഭാവം ആരോഗ്യത്തെ ബാധിക്കും'

-ഗാന്ധിജി-



# 5.5
# വ്യവസായം

വ്യവസായ മേഖലയിൽ ബളാൽ ഗ്രാമം പഞ്ചായത്ത് വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ്. ഹോസ്ദുർഗ്ഗ് പഞ്ചായത്തിൻരെ കിഴക്ക് ഭാഗത്ത് സ്ഥിതിച്ചെയ്യുന്ന പഞ്ചായത്താണ് ബളാൽ. കർണ്ണാടക സംസ്ഥാ നത്തിനോട് തൊട്ട് കിടക്കുന്നതും, കുന്നുകളാലും, മലകളാലും ചുറ്റപ്പെട്ട് കിടക്കുന്നതും 70% കുടിയേറ്റക്കാരുമാണ്.

ബളാൽ ഗ്രാമ പഞ്ചായത്തിൽ പൊതുമേഖലയിലോ, സഹകാര്യ മേഖലയിലോ, വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ലെന്നു പറയാം. ചെറുകിട മേഖലയിൽ കാഷ്യൂവിന്റെ ഒരു സഹകാര്യ യൂനിറ്റാണുള്ളത്. സഹകരണ മേഖലയിൽ ചികിരിയുടെ ഒരു യൂനിറ്റും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ വിവിധ മേകലകളിൽ കർഷകത്തൊഴിലാളികൾ 812 പുരുഷൻമാരും 251 സ്ത്രീകലും ജോലി ചെയ്യുന്നു. സ്വന്തമായി കാർഷിക വൃത്തിയിൽ 2712 പുരുഷൻമാരും 570 സ്ത്രീകളും കാഠ തൊഴിലാളികളിൽ 35 പുരുഷൻമാരും 9 സ്ത്രീകളും കൂടിൽ വ്യവസായ തൊഴിലിൽ 43 പുരുഷൻമാരും 6 സ്തീകളും നിർമ്മാണ പ്രവർത്തിയിൽ 128 പുരുഷൻമാരും 14 സ്ത്രീകളും വ്യാപാര മേഖലയിൽ 435 പുരുഷൻമാരും 14 സ്ത്രീകളും ഗതാഗത് വാർത്താവിനിമയ മേഖലയിലവ് 134 പുരുഷൻമാരും മറ്റ് മേഖലയിൽ 395 പുരഷൻമാരും 292 സ്ത്രീകളും, മാർജിനിലായി 220 പുരുഷൻമാരും 209 സ്ത്രീകളുമാണ് ജോലിച്ചെയ്യുന്നത്. ഇതേ അവസരത്തിൽ 4635 പുരുഷന്മാരും 8203 സ്ത്രികളും ജോലിയില്ലാത്തവരാണ്.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിൽ, ചെറുകിട വ്യവസായ യൂനിറ്റുകൾ പട്ടിക രണ്ടിൽ, പരമ്പരാഗത കുടിൽ വ്യവസായം പട്ടിക മുന്നിൽ

പരമ്പരാഗത മേഖലയിൽ പ്രധാനമായി കൊല്ലപ്പണി. മരപ്പണി എന്നിവയാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം മുളകൊണ്ട് നിർമ്മിക്കുന്ന ഈറ്റി, തടുപ്പ, കൊട്ട, മുറം എന്നിവയാണ്. ഇതിന്റെ നിർമ്മാണം പട്ടികജാതിയിൽ പെട്ടവരാണ്. 300 ഓളം കുടുമ്പങ്ങൾ ഇതുമായി ബന്ധപ്പെട്ട് പോകുന്നു. പിന്നെ വളരെ കുറച്ച് പേർ ബീഡി തെറുപ്പ് പ്രവർത്തി ചെയ്യുന്നവരാണ്. സ്ത്രീകളാണ് ഇതിൽ മുഴുവനും.

പട്ടിക III

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | തടുപ്പ്, കൊട്ട, മുറം നിർമ്മാണം | 230 | 70 | 300 |
| 2 | ബിഡിതെറുപ്പ് | - | 30 | 30 |
| 3 | മസാല യൂണിറ്റ് | 4 | - | 4 |
| | ആകെ | 234 | 100 | 334 |

പട്ടിക 2. ചെറുകിട വ്യവസായയൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | ചകിരി നിർമ്മാണം | 1 | 20 | 15 | 35 |
| 2 | കാഷ്യു | 1 | 10 | 15 | 25 |
| 3 | ആയുർവ്വേദമരുന്ന് | 1 | 4 | 1 | 5 |
| 4 | അച്ചടി | 1 | 3 | 1 | 4 |
| 5 | വർക്ക് ഷോപ്പ് | 2 | 8 | - | 8 |
| 6 | ഓയിൽ & ഫ്ളോർ മിൽ | 9 | 18 | - | 18 |
| 7 | മറ്റുള്ളവ | 6 | 18 | | 18 |
| | ആകെ | 21 | | | |

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | ആകെ | |
| 1 | പരമ്പരാഗത കുടിൽ വ്യവസായം<br>a) തടുപ്പ്, കൊട്ട, മുറം നിർമ്മാണം.<br>b) ബീഡി തെറുപ്പ് | <br>230<br>- | <br>70<br>30 | <br>300<br>30 | 72.63<br>7.26 |
| 2 | ചെറുകിട വ്യവസായങ്ങൾ | 30 | 35 | 65 | 15.73 |
| 3 | മറ്റുള്ളവ | 18 | - | 18 | 4.35 |
| | ആകെ | 278 | 135 | 413 | |

### വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ സേനയിൽ പുരുഷന്മാരുടെ ആധിപത്യം ആണ് കുടുതലും ഉള്ളത്. സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവാണ്.

### പ്രശ്നങ്ങൾ

93.20 ചതുരശ്ര കി.മി. വിസ്തീർണ്ണവും 204.33 വരുന്ന ജനസംഖ്യയും 4253 വീടുകളും ഉള്ള ഈ പ്ചായത്തിൽ 5299 പട്ടികജാതിയിൽ പെട്ടവരും 60 പട്ടിക വർഗ്ഗത്തിൽ പെട്ടവരും ആണ്. വീടുകളിൽ 2492 എണ്ണം പട്ടിക ജാതി, പട്ടിക ജാതി, പട്ടികവർഗ്ഗ വീടുകളാണ്. ഇവർ കോളനികളായിട്ടാണ് താമസിക്കുന്നത്. ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങളുണ്ട്. പഴയ കാലങ്ങളേക്കാൾ പട്ടിക ജാതിയിൽ പെട്ടവർ മെച്ചപ്പെട്ട രീതിയിൽ ജീവിക്കുന്നവരാണ്.

പട്ടിക 4 വിവിധ മേഖലകളിലേ കൂലി നിരക്ക്.

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ |
| 1 | ചികരി നിർമ്മാണം | 54.00 | 46.00 |
| 2 | കാഷ്യൂ | - | 30.00 |
| 3 | അച്ചടി | - | 20.00 |
| 4 | ബേക്കറി | 50.00 | - |
| 5 | ആയുർവ്വേദം | 40.00 | - |
| 6 | ഓയിൽ & ഫ്ളോർ മില്ല് | 30.00 | - |
| 7 | സോഡാ നിർമ്മാണം | 40.00 | - |
| 8 | തടുപ്പ്, കൊട്ട, മുറം | 50.00 | 35.00 |
| 9 | വർക്ക്ഷോപ്പ് | 60.00 | - |
| 10 | ബീഡിതെറുപ്പ് | - | 15.00 |

നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂനിറ്റുപോലും വളർന്നുവരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ; ജന ക്ഷേമ പ്രവർത്തനങ്ങൾ, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള്ള താല്പര്യം എന്നിവയെല്ലാം ഉണ്ടായിട്ടും വേണ്ട തോതിൽ വ്യവസായങ്ങൾ വളർച്ച കൈവരിക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. അസംസ്കൃത സാധനങ്ങളുടെ ലഭ്യക്കുറവു.
2. സാങ്കേതിക പരിജ്ഞാനമില്ലായ്മ
3. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്
4. വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം.
5. വിപണന സാദ്ധ്യതക്കുറവ്.
6. സാങ്കേതിക പരിശീലനം ഇല്ലായ്മയും, പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യതക്കുറവു.
7. സംരംഭങ്ങൾക്ക് വ്യവസായ യൂനിറ്റ് തുടങ്ങുന്നതിനു താല്പര്യമില്ലായ്മയും പ്രേരണക്കുറവും.
8. മേഖലയുമായുള്ള സമ്പർക്കക്കുറവു.
9. വ്യാവസായിക വികസനവുമായി

ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവു.

10. തൊഴിലാലികൾക്ക് തൊഴിൽ ചോയ്യാനുള്ള ഉത്സാഹക്കുറവു.

11. നിലവിലുള്ള കുടിൽ വ്യവസായങ്ങളായ തടുപ്പ്, കൊട്ട മുറം എന്നിവ നിർമ്മിച്ച് വിൽക്കുന്നതിനു വേണ്ടി വിപണി ഇല്ലായമയും, സാമ്പത്തിക സഹായങ്ങൾ ലഭിക്കായകയും.

## സാദ്ധ്യതകൾ

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് റബ്ബർ ആണ്. അത് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങിയാൽ വളരെ അധികം പേർക്ക് തൊഴിൽ നൽകാനുള്ള സാധ്യത ഇവിടെയുണ്ടെന്ന് കാണുന്നു. അതുകൊണ്ട് ആയതിന് മുൻതൂക്കം നൽകി വ്യവസായം തുടങ്ങാനുള്ള താൽപര്യം ഉണ്ടാക്കിയെടുക്കണം. അങ്ങനെ റബ്ബർ ഉപയോഗിച്ച് ലാറ്റക്സ്, ചെരുപ്പ്, റബ്ബർബാന്റ് ഹവായ് ചെരുപ്പ് എന്നിവ നിർമ്മിക്കാനും അതോടൊപ്പം കൂടുതൽ പേർക്ക തൊഴിൽ നൽകാനും സാധിക്കും.

റബ്ബർ മരങ്ങളെ ശാസ്ത്രീയമായി സംസ്ക്കരിച്ചാൽ പലതരത്തിലുള്ള ഫർണ്ണിച്ചർ ഉണ്ടാക്കാൻ സാധ്യതയുള്ളത് കൊണ്ട് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങിയാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കും. അതുവഴി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ആയതിനാൽ ബോധവൽക്കരണവും സാങ്കേതിക പരിശീലനവും നൽകിയാൽ ഒരു വൻകിട വ്യവസായം തുടങ്ങാൻ എല്ലാ സാധ്യതകളും ഉണ്ട്. ആയതിനു മുൻകൈ എടുത്ത് പ്രവർത്തിക്കണം.

കൂടാതെ പഞ്ചായത്തിൽ കാർഷിക വിളയായ നാളികേരത്തിനാണ് രണ്ടാം സ്ഥാനം. ഇന്ന് സ്വന്തമായി നാളികേരം കൊപ്രയാക്കി വിപണനം നടത്തുന്നവർ ഉണ്ട്. അവർക്ക തേങ്ങ ചിരട്ട ചകിരി എന്നിവയുപയോഗിച്ചുള്ള വിവിധ ഇനം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നൽകുകയാണെങ്കിൽ ഈ മേഖലയിലേക്ക കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കഴിയും. ഒരു നാളി കേര അധഷ്ഠിത വ്യവസായം സ്ഥാപിക്കുവാനുള്ള സാദ്ധത വളരെ അധികം ഈ പഞ്ചെയത്തിലുണ്ട്.

ഇപ്പോൾ അധികവും കോൺക്രീറ്റ് ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. ആയതിനാൽ വേണ്ട കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുവാനുള്ള ഒരു യൂനിറ്റിനു സാദ്ധ്യതയുള്ളത് കൊണ്ട് പ്രേരണ നൽകുന്നത് നല്ലതാണ്.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള യൂനിറ്റുകൾ.

പട്ടിക 5.

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | നവീന രീതിയിലുള്ള തൊണ്ടഴുകൽ |
| 2. | യന്ത്രം ഉപയോഗിച്ച് ചൂല് ചകിരി നാര് നിർമ്മാണം. |
| 3. | യന്ത്രം ഉപയോഗിച്ച് ചൂടി നിർമ്മാണം. |
| 4. | ചകിരി നാര് ഉപയോഗിച്ച് ചവിട്ടി കിടക്ക തലയിണ തുടങ്ങിയവ. |
| 5. | ചകിരി ച്ചോര് ഉപയോഗിച്ച് വളം |
| 6. | ചിരട്ട ഉപയോഗിച്ച പലതരത്തിലുള്ള കൗതുക വസ്തുക്കൾ ചട്ടുകം, സ്പൂൺ എന്നിവ നിർമ്മാണം. |
| 7. | തെങ്ങ് കൊണ്ട് കെട്ടിട നിർമ്മാണം, സാമഗ്രികളും, ഫർണിച്ചറുകളും |
| 8. | തേങ്ങ വെള്ളം ഉപയോഗിച്ച് ശീതള പാനീയങ്ങൾ. |
| 9. | വെളിച്ചെണ്ണ. |
| 10. | തേങ്ങവെള്ളം ഉപയോഗിച്ച് ശീതള പാനീയങ്ങൾ. |
| 11. | ചിപ്സ് നിർമ്മാണം, മരച്ചീനി, നേന്ത്രക്കായ. |
| 12. | ചക്ക, മാങ്ങ, കൈതച്ചക്ക എന്നിവ ഉപയോഗിച്ച് ജാമുകൾ, അച്ചാറുകൾ. |

ഇന്ത്യയിൽ 75000 ത്തിലധികം വിവിധ തരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. 2 ലക്ഷം വരുന്ന ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നു. അതിൽ ഏകദേശം 80000/ കോടിയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

ആയിരത്തിലേറെ വിചുകളിൽ 100 ൽ അധികം ആളുകളെങ്കിലും വ്യവസായ യൂണിറ്റുതുടങ്ങുവാൻ സന്നദ്ധരാണെങ്കിലും ബാങ്കിന്റെ വിവിധതരം വായ്പാ പദ്ധതികൾ മൂലം വിപുലമായ വളരുവാൻ സാധ്യതയുള്ള നിരവധിയായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ മുതിരാത്ത നമ്മുടെ വ്യവസായങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിയെടുക്കുവാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കിയെടുക്കാൻ സാധിക്കണം.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ.

## പട്ടിക 6

| നമ്പർ | ഇനം |
|---|---|
| 1. | ഗാസ്ത്രീയ കോഴി വളർത്തൽ. |
| 2. | ആധുനിക രീതിയിലുള്ള ആയുർവേദ മരുന്നു നിർമ്മാണം. |
| 3. | മരം ഫർണിച്ചർ |
| 4. | അലങ്കാരപ്പണിചെയ്ത ചിരട്ട കൊണ്ടുള്ള വീട്ടുപകരണങ്ങൾ. |
| 5. | പ്ലാസ്റ്റിക്കുപകരണങ്ങൾ |
| 6. | ജനറൽ എഞ്ചിനിയറിംഗ് |
| 7. | വർക്ക് ഷോപ്പുകൾ |
| 8. | ഹവായ് ചെരുപ്പ് |
| 9. | സ്കൂൾ ബാഗ |
| 10. | പ്ലാസ്റ്റിക്ക് ബട്ടൻസ്. |
| 11. | ക്ലീനിങ്ങ് പൗഡർ |
| 12. | ഉന്നത നിലവാരമുള്ള റെഡി മൈഡ് വസ്ത്രങ്ങൾ |
| 13. | അലക്ക് സോപ്പ് |
| 14. | സോപ്പ് പൊടി നിർമ്മാണം. |
| 15. | കുട നോട്ട് ബുക്ക് നിർമ്മാണം. |
| 16. | പേപ്പർ കവർ |
| 17. | കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ |
| 18. | സിമന്റ് കൊണ്ടുള്ള ഇഷ്ടിക. |
| 19 | നെയ്ത്ത്. |
| 20. | പാനോപകരണങ്ങൾ |
| 21. | സ്റ്റീൽ ഫർണിച്ചറുകൾ |
| 22. | കറിപൗഡർ |
| 23. | കിടക്ക നിർമ്മാണം. |
| 24. | തടുപ്പ്, മുറം, കൊട്ട നിർമ്മാണം. |
| 25. | മുള (ഓട്) ചൂരൽ ഉപയോഗിച്ച ഫർണിച്ചറുകൾ |
| 26. | ഇഷ്ടിക നിർമ്മാണം. |
| 27. | വൈദ്യുതോപകരണങ്ങൾ. |

## വൻ കിട വ്യവസായങ്ങൾ

1. ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് കേന്ദ്രീകരിച്ച് രണ്ടു് അധിഷ്ഠിത ഫാക്ടറി നിർമ്മിക്കുക.
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് നാളികേര വ്യവസായ യൂണിറ്റ്.
3. കാഷ്യൂ വ്യവസായ യൂണിറ്റ്


## ടൂറിസം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്തിലെ കൊട്ടഞ്ചേരി എന്ന സ്ഥലം ടൂറിസ്റ്റ് പ്രദേശമാക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. ടൂറിസ്റ്റ് കേന്ദ്രമാക്കിമാറ്റിയാൽ തൊഴിൽ നൽകാനും വരുമാനം വർദ്ധിപ്പിക്കാനും സാധ്യതയുണ്ട്.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. വൈദ്യുതി അപര്യാപ്തത. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
2. ക്ഷീര വികസനം.
3. വനിതകൾക്ക് വ്യവസായ ആവശ്യമായ പരിശീലനം നൽകുക.
4. ഖാദി ബോർഡ് സാധ്യത.
5. ഈറ്റ, മുള, പുല്ല്, എന്നിവ കൊണ്ടുള്ള വ്യവസായം.
6. തൈവാഴ, പച്ചക്കറി, പഴം സംസ്കരണം.
7. സ്വാശ്രയ കുടുംബശ്രീ, കോഴി
8. തേനീച്ച വളർത്തൽ, വെട്ടുല്ല് ആട് എന്നീ വ്യവസായങ്ങൾ.

❖ ❖ ❖



# 5-6
# പാർപ്പിടവും സാമൂഹ്യക്ഷേമവും

ബളാൽ മാലോം വില്ലേജുകളും പരപ്പ വില്ലേജിലെ എടത്തോട്. പള്ളത്തുമല പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ബളാൽ പഞ്ചായത്തിൽ 36ശതമാനത്തോളം വീടുകൾ ഇപ്പോഴും ഓലമേഞ്ഞവയാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടിക ജാതിക്കാരും കാർഷിക മേഖലയിൽ പണിയെടുക്കുന്ന വരുമാണ് പഞ്ചായത്തിലെ ജനസംഖ്യയിൽ അതിക ഭാഗവും. അതുകൊണ്ട് തന്നെ ഇടത്തരം വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. പട്ടികജാതിയിൽ പെട്ടവർക്ക് ഗ്രാമവികസന വകുപ്പ് മുഖേനയും മറ്റുള്ളവർക്ക് ഭവനനിർമ്മാണ ബോർഡിന്റെ വെള്ളരിക്കുണ്ട് ശാഖ കാഞ്ഞങ്ങാട് ബ്ലോക്ക് സഹകരണ ഭവനനിർമ്മാണ സൊസൈറ്റി എന്നിവ വഴിയുമാണ് കൂടുതലായും ധനസഹായം ലഭിക്കുന്നത്. വായ്പയില്ലാതെ സ്വന്തമായി വീടുകൾ നിർമ്മിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിലെ എടത്തോട് മുതൽ കൊന്നക്കാട് വരെ പി.ഡബ്ലു.ഡി. റോഡ് വഴി സഞ്ചരിച്ചാൽ കോൺക്രീറ്റ് വീടുകൾ ഇരുവശങ്ങളിലുമായി കാണാമെങ്കിലും ഉൾഭാഗങ്ങളിലും .കോളനികളിലും അധികവും ഓലമേഞ്ഞതും ഓട് മേഞ്ഞതുമായ വീടുകളാണ്. പഞ്ചായത്തിൽ ആകെയുള്ള 6166 കെട്ടിടങ്ങളിൽ 3483 എണ്ണം ഓട് മേഞ്ഞവയും 2225 എണ്ണം ഓലമേഞ്ഞവയും 435 എണ്ണം കോൺക്രീറ്റ് കെട്ടിടങ്ങളുമാണ്.

**പഞ്ചായത്തിലെ വീടുകളുടെ തരംതിരിവ്**

| വാർഡ് | ആകെ എണ്ണം | ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ ഉള്ളവ | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| 1 | 602 | 1 | 47 | 395 | 159 |
| 2 | 695 | 3 | 78 | 423 | 191 |
| 3 | 638 | 2 | 37 | 344 | 255 |

മുകളിൽ കൊടുത്ത കണക്കിൽ നിന്നും 36 % വരുന്നഓലമേഞ്ഞ വീടുകൾ വാസയോഗ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് കാണാം. ഇത്രയും വീടുകൾക്ക് ധനസഹായം നൽകാൻ ഗ്രാമ വികസന വകുപ്പ്, ഭവനനിർമ്മാണ വകുപ്പ്, എന്നിവ മുഖേന കൂടുതൽ തുകപഞ്ചായത്തിന് അനുവദിക്കേണ്ടതാണ്. ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകൾ താഴെ പറയുന്നവയാണ്.

1. നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, വെട്ടുകല്ല്, പൂഴി, എന്നിവ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ നീലേശ്വരം, കാഞ്ഞങ്ങാട് ഭാഗത്തുനിന്നും കൊണ്ടുവരുന്നതിനാൽ ട്രാൻസ്പോർട്ട് ചാർജ് വളരെ കൂടുതലാകുന്നു. ഇതുമൂലം നിർമ്മാണച്ചിലവ് കൂടുന്നു.
2. 5വർഷം മുമ്പ് ഉണ്ടായിരുന്ന നിർമ്മാണ രംഗത്തെ തൊഴിലാളികളുടെ കൂലി ഇന്ന് ഇരട്ടിയിലധികമായിരിക്കയാണ്. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇത് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.
3. വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം.
4. സർക്കാർ ഏജൻസികളിൽ നിന്നും വായ്പ നേടിയെടുക്കുന്നതിനുള്ള രേഖകൾ ശരിയാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.
5. ഇടത്തരം വരുമാനക്കാർക്ക് ഈട് നൽകേണ്ടി വരുമ്പോൾ ഉണ്ടാക്കുന്ന വിഷമതകൾ.
6. മുൻകാലങ്ങളിൽ നിർമ്മിച്ച വീടുകൾക്ക്

| | | | | | |
|---|---|---|---|---|---|
| 4 | 548 | 3 | 48 | 338 | 159 |
| 5 | 617 | 2 | 53 | 355 | 207 |
| 6 | 613 | 1 | 13 | 336 | 263 |
| 7 | 545 | 2 | 25 | 270 | 248 |
| 8 | 759 | 4 | 72 | 494 | 189 |
| 9 | 616 | 4 | 53 | 307 | 252 |
| 10 | 533 | 1 | 9 | 221 | 302 |
| ആകെ | 6166 | 23 | 435 | 3483 | 2225 |

അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാതെ വരുന്ന പ്രശ്നങ്ങൾ

പരിഹാര നടപടികളായി താഴെ പറയുന്നവ സ്വീകരിക്കുവാനുന്നതാണെന്ന് ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും മനസിലാകുന്നു.

* വീടുവെയ്ക്കുന്നതിന് പട്ടിക ജാതിക്കാർക്ക് ഇന്ന് നൽകുന്ന ധന സഹായം 30000/- ആയി വർദ്ധിപ്പിക്കുക, നിർമ്മാണ സാമഗ്രികൾ, സിമൻറ്, കമ്പി മുതലായവയുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന റബ്ബർ മരങ്ങൾ സംസ്ക്കരിച്ച് വീട്ടുപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള തടികളായി രൂപപ്പെടുത്തുക
* തൊഴിൽ രഹിതരായ യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കുക, ആയതിന് സൈറ്റഷൻറ് നൽകി പരിശീലനം നൽകുന്നതിന് പഞ്ചായത്തിൽ തന്നെ സംവിധാനങ്ങൾ ഉണ്ടാക്കുക
* വായ്പയെടുക്കുന്ന വീട് തന്നെ ഈടട് നൽകി വായ്പ അനുവദിക്കുക, ഇതുമൂലം ജാമ്യവ്യവസ്ഥകളും മറ്റും ലഘൂകരിക്കാം.
* ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് മുഴുവനും സൗജന്യമായി വീടു നൽകുന്നതിനുള്ള ഏർപ്പാടുകൾ ഗ്രാമ വികസന വകുപ്പ് മുഖേന ചെയ്യുക.
* വിവിധ പദ്ധതികളിലായി പട്ടിക ജാതിയിൽ പെട്ടവർക്ക് അനുവദിച്ചിട്ടുള്ള വീടുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം അനുവദിക്കുക
* സ്വന്തമായി സ്ഥമില്ലാത്തവർക്ക് ഭൂമിയും, വീടു വെയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി അനുസരിച്ച് എല്ലാവാർഡുകളിലും ഇരുപത്തിയഞ്ചു വീടുകളെങ്കിലും നൽകുക. ഈ വീടുകൾ ഒരേ വീട്ടിൽ രണ്ടു കുടുംബങ്ങൾ ആയി താമസിക്കുന്നവർക്ക് മുൻഗണന നൽകുക
* മൈത്രി ഭവൻ പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ കൂടുതൽ വീടുകൾ അനുവദിക്കണം. അപേക്ഷകൻ പഞ്ചായത്ത് മുഖേന സ്വീകരിക്കണം.
* പട്ടിക ജാതി/ പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് ഇന്ന് വിവിധ വകുപ്പുകൾ മുഖേന കൊടുക്കുന്ന വീടുകൾക്കുള്ള അപേക്ഷകൾ പഞ്ചായത്ത് മുഖേന വാങ്ങണം.
* സ്വന്തമായി രേഖയില്ലാത്ത വീട്ടുനമ്പർ ഉള്ളവർക്ക് വീട്ടുനമ്പറിൻെറ അടിസ്ഥാനത്തിൽ സ്ഥലവും വീടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
* അഞ്ച് ലക്ഷത്തിൽ കൂടുതൽ രൂപ ചെലവിട്ട് വീടു നിർമ്മിക്കുന്നവരിൽനിന്നും 10% ആഡംഭര നികുതി പിരിക്കണം ഈ തുക പാവപ്പെട്ടവർക്ക് വീട് വെച്ച് നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്
* ചിലവ് വീടുകളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിൽ ഒരു സെൻറർ തുടങ്ങണം.

**വിവിധ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ പട്ടിക**

| ക്രമ നമ്പർ | ഏജൻസിയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഗ്രാമ വികസന വകുപ്പ് | 349 |
| 2 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 118 |
| 3 | പഞ്ചായത്ത് ജെ.ആർ.വൈ | 148 |
| 4 | പട്ടികജാതി - പട്ടിക വർഗ്ഗ വിസന കോർപ്പറേഷൻ | 78 |

## സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് പ്രനാനപ്പെട്ട രണ്ടു പരിപാടികൾ ദാരിദ്ര നിർമ്മാർജ്ജനവും, പെൻഷൻ പദ്ധതികളുമാണ്. ദാരിദ്രനിർമാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നത് പഞ്ചായത്തിലുള്ള രണ്ടു വി.ഇ.ഒ. ഓഫീസുകൾ മുഖേനയാണ് നാമമാത്ര മായതോതിൽ മറ്റുവകുപ്പുകളിൽ നിന്നുള്ള ധനസഹായവും പലരും പ്രയോജനപ്പെടുത്തുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയാണ് ഐ.ആർ.ഡി.പി.

**ഐ.ആർ.ഡി.പി. സർവ്വേപ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖകയ്ക്ക് താഴെയുള്ളവരുടെ കണക്ക്.**

| വാർഡ് നമ്പർ | ഐ.ആർഡി.പി. പ്രകാരമുള്ള കുടുംബങ്ങൾ | ഇതിൽ SC/ST | ഇതുവരെ സഹായം ലഭിച്ചവർ | ഇതിൽ SC/ST | |
|---|---|---|---|---|---|
| 1 | 284 | 122 | 136 | 95 | 1992-ൽ 1 മുതൽ 9 വാർഡ് മാത്രമേ ഉണ്ടായിരുന്നുള്ളൂ |
| 2 | 317 | 94 | 109 | 46 | |
| 3 | 249 | 100 | 94 | 53 | |
| 4 | 259 | 39 | 92 | 24 | |
| 5 | 323 | 152 | 75 | 31 | |
| 6 | 362 | 103 | 109 | 55 | |
| 7 | 225 | 39 | 75 | 31 | |
| 8 | 303 | 62 | 94 | 41 | |
| 9 | 334 | 92 | 117 | 83 | |
| 10 | 39 | 001 | - | - | |
| ആകെ | 2695 | 804 | 901 | 480 | |

1992 ലെ സർവ്വേ പ്രകാരം 2695 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയാണ്. അതേ സമയം ഐ.ആർ.ഡി.പി. പദ്ധതി തുടങ്ങിയതു മുതൽ നാളിതു വരെ 901 കുടുംബങ്ങളെ ഈ പദ്ധതിയനുസരിച്ച് സഹായിച്ചിട്ടുണ്ട്. 14 വർഷങ്ങളിലായി ശരാശരി ഒരു വർഷത്തിൽ 65 പേർക്ക് ഈ പദ്ധതിയനുസരിച്ച് ധന സഹായംനൽകിയിട്ടുണ്ട്. ഇതു വരെ സഹായം ലഭിച്ചവർ വളരെ കുറവാണ്. കൂടുതൽപേർക്ക് സഹായയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ധനസഹായം 10,000 തുകയാക്കി വർദ്ധിപ്പിക്കണം. ഇതിൽ നിന്നും ഐ.ആർ.ഡി.പി. പദ്ധതി പ്രദേശത്തിനനിയോജ്യമായ രീതിയിൽ പരിഷ്ക്കരിക്കേണ്ടതാണെന്നു കാണുന്നു. കൂടുതലും കാർഷികരംഗത്തുള്ള പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ടവർക്ക് അനുവദിക്കുന്ന വായ്പ്പകൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഒരു പരിധിവരെ ബാങ്കുകളുടെ നിസ്സഹകരണവും ജാമ്യവ്യവസ്ഥയും കൂടുതൽ പേർക്ക് വായ്പ്പനൽകുന്നതിന് വിഘാതമാകുന്നുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നു.

## ഡി.ഡബ്ലു.സി.ആർ.എ

ഗ്രാമീണ വനിതാ ശിശു വികസന പദ്ധതി 1994-95 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു ഇതുവരെയായി 6 യൂണിറ്റുകൾ പഞ്ചായത്തിൽ അനുവദിച്ചിട്ടുണ്ട് അവയിൽ 4 എണ്ണം പശുവളർത്തൽ യൂണിറ്റുകളും ഒരെണ്ണം ജില്ലി നിർമ്മാണ യൂണിറ്റും ആറാമത്തേത് റെഡിമെയ്ഡ്

വസ്ത്രനിർമ്മാണ യൂണിറ്റുമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപദ്ധതി എന്ന നിലയിൽ ഇതിൽ വളരെയധികം പ്രാധാന്യമുണ്ട്

**ഡി.ഡബ്ലൂ.സി.ആർ.എ പദ്ധതിയനുസരിച്ച് സഹായ ലഭ്യതാ കണക്ക്**

| വർഷം | തൊഴിൽ സരംഭത്തിന്റെ പേര് | അംഗങ്ങൾ | തുടങ്ങിയ വർഷം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 2 | കനകാപ്പള്ളി ജില്ലി നിർമ്മാണ യൂണിറ്റ് | 10 | 1994-95 | മാനേജ്മെൻറ് കാര്യക്ഷമത ഇല്ല |
| 2 | കനകാപ്പള്ളി പശു വളർത്തൽ യൂണിറ്റ് | 12 | 1994-95 | തരക്കേടില്ല |
| 4 | വെള്ളരിക്കുണ്ട് റെഡി-മെയ്ഡ് വസ്ത്ര യൂണിറ്റ് | 11 | 1995-96 | തരക്കേടില്ല |
| 7 | ചെരുപ്പ് നിർമ്മാണ യൂണിറ്റ്, പശുവളർ-ത്തൽ യൂണിറ്റ് 2 എണ്ണം | 111<br>15 | 1996-97 | പ്രവർത്തനം തുടങ്ങയില്ല |
| 8 | പശുവളർത്തൽ യുണിറ്റ് 2 എണ്ണം | 15 | | ,, |
| 9 | പശുവളർത്തൽ യൂണിറ്റ് | 15 | 1994-95 | ,, |

മേൽ പട്ടികയിൽ നിന്നും 78 കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധന സഹായം നല്കിയതായി കാണാം. യൂണിറ്റുകൾ തരക്കേടിഴാഴാത്ത വിധം നടക്കുന്നു എന്നു മാത്രമെ പറയാനാകൂ. വിവിധ കുടുംബങ്ങളിൽ വിവിധ സാഹചര്യങ്ങളിപ്പെട്ട 10 കുടുംബങ്ങളെ ഒരു യൂണിറ്റായി ഒരു സംഘടനയ്ക്കു കീഴെ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്നു പ്രശ്നങ്ങൾ പലതും സങ്കീർണ്ണങ്ങളാണ്. ആത്മാർത്ഥതയും സത്യസന്ധതയുമുള്ളവരുടെ നേതൃത്വം ഈ ഗ്രൂപ്പുകൾക്ക് അത്യാവശ്യമാണ്. യൂണിറ്റുകളുടെ നടത്തിപ്പിനായി കൂടുതൽ പരിശീലനം നൽകണം. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകൾ കിട്ടാത്തതും, കാലിത്തീറ്റ, മെഡിക്കൽ സൗകര്യങ്ങളുടെ അഭാവം നല്ലയിനം പശുക്കളുടെ ലഭ്യതയില്ലായ്മ എന്നവയും പശുവളർത്തൽ യൂണിറ്റുകളുടെ പ്രവർത്തന ക്ഷമതയെ കാര്യമായി ബാധിക്കുന്നുണ്ട്. 10 കുടുംബങ്ങൾക്ക് പകരം 5 പേരെ ചേർത്ത് ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റികൾ സ്ഥാപിക്കുയാണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തികൊണ്ടു പോകുന്നതിന് സാധിക്കുന്നതാണ്.

**ട്രൈസം**

18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവതീ-യുവാക്കളെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സജ്ജരാക്കുന്നതിനുനേണ്ടിയുള്ള പദ്ധതിയാണ് ട്രൈസം.

**ട്രൈസം പദ്ധതിയനുസരിച്ച് സഹായം നൽകിയവരുടെ പട്ടിക**

| വർഷം | ട്രൈസം പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ ലഭിച്ചവർ | ഇതരതൊഴിലുകൾ കണ്ടെത്തിയവർ |
|---|---|---|---|
| 1984-85 | 2 | 2 | - |
| 1987-88 | 2 | 1 | 1 |
| 1986-87 | 6 | 4 | 2 |
| 1990-91 | 2 | 2 | - |
| 1991-92 | 2 | 2 | - |
| 1993-94 | 1 | 1 | - |
| 1994-95 | 3 | 3 | - |

മേൽപട്ടിക പരിശോധിച്ചാൽ പരിശീലനം ലഭിച്ച 8 പേരിൽ 15 പേർ സ്വയം തൊഴിൽ കണ്ടെത്തിയതായും കാണാം. തൊഴിൽ ഇല്ലാത്തവരും അഭ്യസ്ഥവിദ്യരുമായ ധാരാളം പേർ ഉണ്ടെങ്കിലും അവർക്ക് താൽപ്പര്യമുള്ള ട്രേഡുകളിൽ പരിശീലനം ലഭിക്കുന്നതിന് ഇന്ന് സൗകര്യം കുറവാണ് ഇതിന് ഒരു കാരണം പരിശീലന കേന്ദ്രങ്ങളുമായുള്ള ദൂരക്കൂടുതലാണ് ആയതിനാൽ ഇന്ന് നൽകുന്ന സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കണം. കെട്ടിട നിർമ്മാണം കാർഷികരംഗം എന്നീ വിഭാഗങ്ങളിൽ കൂടുതൽ പേർക്ക് പരിശീലനു നൽകണം ഇതിനായി കോഴിവളർത്തൽ, തേനീച്ച വളർത്തൽ എന്നിവ പരിഗണിക്കാവുന്നതാണ്. മലയോര പഞ്ചായത്തുകളിലെ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽക്കുന്നതിന് ഒരു ട്രെയിനിങ്ങ് സെൻറർ വെള്ളരിക്കുണ്ടിൽ സ്ഥാപിക്കണം.

## ടൂൽക്കിറ്റ്

ഗ്രാമീണകൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി 1994-95ൽ ജില്ലയിൽ ആരംഭിച്ചു. ഉപകരണങ്ങൾ ഗുണഭോക്താക്കൾതന്നെ നേരിട്ട് വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യ്താൽ നല്ലതായിരിക്കും.

**പഞ്ചായത്തിൽ ഇതുവരെ തൊഴിലുപകരണങ്ങൾ നൽകിയവരുടെ പട്ടിക.**

| | |
|---|---|
| വാർഡ്-1 | 10 |
| വാർഡ്-2 | 13 |
| വാർഡ്-3 | 02 |
| വാർഡ്-4 | 07 |
| വാർഡ്-5 | 07 |
| വാർഡ്-6 | 07 |
| വാർഡ്-7 | 18 |
| വാർഡ്-8 | 05 |
| വാർഡ്-9 | 03 |
| വാർഡ്-10 | 05 |
| ആകെ | 77 |

## സി.ആർ.എസ്.പി.

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് ഇരട്ടക്കുഴി കക്കൂസുകൾ നൽകുന്ന ഈ പരിപാടി അനുസരിച്ച് കഴിഞ്ഞ രണ്ട് വർഷങ്ങളായി 125 കക്കൂസുകൾ പഞ്ചായത്തിൽ നൽകിയിട്ടുണ്ട്. കക്കൂസ് ആവശ്യമുള്ളവരുടെ എണ്ണവുമായി തട്ടിച്ചു നോക്കിയാൽ ഇത് വളരെ കുറവാണ്. 2500/- തുക നിർമ്മാണച്ചിലവ് കണക്കാക്കി 2000/- തുകയാണ് സർക്കാരിൽ നിന്നും നൽകുന്നത്. നിർമ്മാണച്ചിലവിൻെറ 100/-ൽ 1മാത്രമേ ഇത് കൊണ്ട് തികയുന്നുള്ളൂ. അതിനാൽ കുറഞ്ഞത് 7500/- തുകയെങ്കിലുമാക്കണമെന്ന് ഗ്രാമ സഭകളിൽ നിന്നുള്ള ആവശ്യങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. അതുപോലെ തന്നെ കക്കൂസ് വളരെ പ്രധാനപ്പെട്ട ആരോഗ്യപ്രശ്നമെന്നനിലയിൽ കണക്കിലെടുത്ത് സന്നദ്ധസംഘടനകളുടെ സഹായത്തോട് കൂടി പഞ്ചായത്തിലെ മുഴുവൻ പേർക്കും ധന സഹായം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. കക്കൂസ് നിർമ്മാണ രംഗത്തെ സാകേതിക വിദ്യ കൂടുതൽ പേരെ പരിശീലിപ്പിക്കണം.

## ദശലക്ഷം കിണർ

ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ കൃഷിമെച്ചപ്പെടുത്തുന്നതിന് നടപ്പിലാകുന്ന ഈ പദ്ധതി 1990 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട് ഇത് പട്ടികജാതിക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയതു മറ്റുള്ളവർക്ക് പ്രയോ ജനം ചെയ്യിന്നില്ല. ആയതിനാൽ ദാരിദ്ര രേഖയ്ക്ക്താഴെയുള്ള ചെറുകിട കർഷകരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പേർക്ക് ധനസഹായം ലഭ്യമാക്കണമെന്ന് ഗ്രാമസഭാ ചർച്ചകളിൽ കാണുന്നുണ്ട്. ഏറിയ പങ്കും കാർഷികവിളകളെ അവലംഭിച്ച് വരുമാനം കണ്ടെത്തുന്നവരാകയാൽ ഈ പദ്ധതി അവർക്കികൂടി പ്രയോജനപ്പെടുത്തണം. കുന്നിൽ പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് 40,000 തുക ചിലവെങ്കിലും കിണർ നിർമ്മാണത്തിനു ധനസാഹായം അനുവദി ക്കേണ്ടതാണ്.

### ദശലക്ഷം കിണർ പദ്ധതിയനുസരിച്ച് നിർമ്മിച്ച കിണറുകളുടെ പട്ടിക

| വർഷം | അനുവദിച്ച കിണർ |
|---|---|
| 1991-92 | 12 |
| 1992-93 | 10 |
| 1993-94 | 8 |
| 1994-95 | 14 |
| ആകെ | 51 |

### പഞ്ചായത്തിൽ നടപ്പിലാക്കുന്ന വിവിധ പെൻഷൻ പദ്ധതികൾ

**കർഷകതൊഴിലാളി പെൻഷൻ**

കർഷകരംഗത്ത് വളരെ കൂടുതൽ തൊഴിലാളികൾ ഈ പഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട് അവരൊന്നും തന്നെ സാഘടിതരല്ല അതുകൊണ്ടു തന്നെ അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. പട്ടികജാതിയിൽപ്പെട്ടവർ ഏതാണ്ട് മുഴുവൻ പേരും ഒരു ദശാബ്ദം വരെ കാർഷിക കേഖലയിൽ മാത്രം തൊഴിൽ ചെയ്ത് വന്നവരാണ്. അർഹരായവരെ കണ്ടെത്തുന്നതിനും പഞ്ചായത്തുകൾ വഴി തുക വിതരണം ചെയ്യുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | സഹായം ലഭിക്കുന്നവരുടെ എണ്ണം | 1995-96 ൽ ലഭിച്ച അപേക്ഷകൾ ബാക്കിയുള്ളവ |
|---|---|---|---|
| 1 | വിധവാ പെൻഷൻ | 28 | 05 |
| 2 | വാർദ്ധക്യകാല പെൻഷൻ | 08 | 37 |
| 3 | കർഷകതൊഴിലാളി പെൻഷൻ | 75 | 39 |
| 4 | പ്രസവാനുകൂല്യം | | |
| 5 | വികലാംഗ പെൻഷൻ | | |

**വാർദ്ധക്യകാല പെൻഷൻ**

വാർദ്ധക്യകാല പെൻഷന് ധാരാളം അപേക്ഷകൾ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഇന്നുള്ള നിയമമനുസരിച്ച് ജോലിചെയ്യാൻ കഴിവുള്ള ആൺമക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരുടെ മാതാപിതാക്കൾക്ക് പെൻഷൻ അനുവദിക്കാൻ സാധിക്കുന്നില്ല. പട്ടികജാതി യിൽ പെട്ട പലകുടുംബങ്ങളുടെയും റേഷൻ കാർഡുകളിൽ കുടുംബനാഥന്റെ മക്കളുടെ മുഴുവൻ പേരുകളും കാണുന്നുണ്ടെങ്കിലും അവരെല്ലാം തന്നെ ഒന്നിച്ചു താമസിക്കുകയോ മാതാപിതാക്കളെ സംരക്ഷിക്കുകയോ ചെയ്യുന്നില്ല. അതിനാൽ വ്യവസ്ഥകൾ ലഘൂകരിച്ച് അർഹരായവർക്ക് മുഴുവൻ പെൻഷൻ ലഭ്യമാക്കേണ്ടതാണ്.

**തൊഴിലില്ലായ്മാവേതനം**

പഞ്ചായത്തിൽ പേർക്ക് ഇപ്പോൾ തൊഴിൽ ഇല്ലായ്മാവേതനം ലഭിക്കുന്നുണ്ട്. എന്നാൽ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണവുമായി തട്ടിച്ചു നോക്കിയാൽ ഇതിവളരെ കുറവാണ്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ തന്നെ ചെറിയ തോതിലെങ്കിലും മറ്റുതൊഴിലുകൾ ചെയ്യുന്നവരുമാണ് അതുകൊണ്ട് തന്നെ വേതനമായി നഴ്കുന്ന തുകയുപയോഗിച്ച് ഫലപ്രദമായിതൊഴിൽ സംരഭങ്ങൾ പാഞ്ചായത്തിനകത്ത് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബളാലിൽ കാർഫെഡിന്റെയും, കാഞ്ഞങ്ങാട് സ്വാമിനിത്യാനന്ദ പോളിടെകനിക്കിന്റെയും സംയുക്താഭിമുഖ്യത്തിൽ, പമ്പ്സെറ്റ് റിപ്പേർ, വയറിംഗ്, മറ്റുള്ള കാർഷികോപകരണ ങ്ങളുടെ റിപ്പെർ എന്നിവയിൽ പരിശീലനം നൽകിവരുന്ന തുകൂടാതെ, വിവിധ അപേക്ഷാ ഫോറങ്ങർ വിതരണം ചെയ്യുകയും ബോധവൽക്കരണ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം തന്നെ പ്രദേശത്തെ ജനങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നുണ്ട്.

**അങ്കൺ വാടികൾ**

നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 12 അങ്കൺവാടികൾ നിലവിലുണ്ട്. 1000 ജനങ്ങൾക്ക് ഒരു അങ്കൺവാടി എന്നതാണ് ഐസി. ഡി. എസ്സിന്റെ പ്രഖ്യാപിത ലക്ഷ്യമെന്നതിനാൽ അത് നിരവേറ്റാൻ ഇപ്പോപൾ നിലവിലുള്ളത്രയും തന്നെ

അങ്കൺവാടികളിൽ ഇനിയും അനുവദിക്കേണ്ടതുണ്ട്. അതേ സമയം നിലവിലുള്ള അങ്കൺവാടികളിൽ ആവശ്യത്തിന് കുട്ടികൾ ഇല്ലതാനും. അതിനുള്ള പ്രധാനകാരണം പ്രദേശത്തിന്റെ ഭൂപ്രകൃതി, അങ്കൺവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, അങ്കൺവാടികൾ ദാരിദ്ര്യജനവിഭാഗങ്ങൾക്കു മാത്രമാണെന്ന ധാരണ എന്നിവയാണ് എടുത്തു പറയത്തക്ക കാരണങ്ങൾ.

അങ്കൺവാടികൾ കാര്യക്ഷമമായി നടത്തി കൊണ്ടു പോകുന്നതിനുള്ള നിർദ്ദേശങ്ങൾ, ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നവ താഴെ ചേർക്കുന്നു.

1.വർക്കർ, ഹെൽപ്പർ, എന്നീ രണ്ടു തസ്തികളാണ് നിലവിലുള്ളത്. ഇവരുടെ സേവന വേതന നിരക്കുകൾ വളരെ താഴ്ന്നതാണ്. അത് വർദ്ധിപ്പിക്കണം.
2.പൊതു പ്രവർത്തനത്തിൽ വർക്കർ മാരേയും ഹെൽപ്പർമാരേയും പങ്കാളികളാക്കണം.
3.അങ്കൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടം, കിണർ, ചുറ്റുമതിൽ, കക്കൂസ് എന്നിവ നിർബ്ബന്ധമായും മെച്ചപ്പെട്ട നിലയിൽ നിർമ്മിച്ച് സംരക്ഷിക്കണം.
4.വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണമേൻമയേ കുറിച്ച് അമ്മമാർക്ക് ബോധവൽക്കരണം നടത്തണം.
5.നിലവിലുള്ള ജനകീയ കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. മഹിളാ സമഖ് സംഘ് കാര്യക്ഷമമാക്കണം. എല്ലാ അങ്കൺവാടികളോടനുബന്ധിച്ചും സ്ഥാപിക്കണം.

**അങ്കൺവാടികളുടെ സ്ഥിതിവിവര കണക്ക്**

പുതിയതായി അങ്കൺ വാടികൾ താഴെ ചേർത്ത സ്ഥലങ്ങളിൽ തുടങ്ങണം.

1.അരിങ്കല്ല്
2.മരുതോം
3.കുഴിങ്ങാട്
4.തുമ്പടൽ
5.വലിയ പാമ
6.മങ്കയം
7.കുറുമാണം
8.കാറളം
9.ചെമ്പൻ ചേരിതട്ട്
10.ഏറാൻ ചിറ്റ
11. പുല്ലരി
12.കോട്ടക്കുന്ന്

**കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധി**

പഞ്ചായത്തിൽ കെട്ടിടനിർമ്മാണരംഗത്ത് ഏറെപ്പേർ ജോലിചെയ്യുന്നുണ്ട്. അവരെല്ലാം തന്നെ അസംഘടിതരാണ് അതുകൊണ്ടു തന്നെ ക്ഷേമനിധിയുടെ ആനുകൂല്യം പൂർണ്ണമായും ലഭിക്കുന്നില്ല.

**പൊതുവിതരണം**

പഞ്ചായത്തിൽ 9ത് റേഷൻ ഷോപ്പുകൾ നിലവിലുണ്ട്. ഇവ കൂടാതെ, കിനാനൂർ, കരിന്തളം പഞ്ചായത്തിലെ പരപ്പ, പരപ്പച്ചാൽ എന്നീ റേഷൻ ഷോപ്പുകളിൽ നിന്നും 1,2 വാർഡുകളിലെ കാർഡുടമകൾ റേഷൻ വാങ്ങുന്നതുകൊണ്ട് പൊതുവിതരണം കാര്യക്ഷമമാണെന്ന് പറയാൻ കഴിയില്ല. ഭക്ഷ്യധാന്യങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല,


| ക്രമ നമ്പർ | അങ്കൺവാടിയുടെ പേര് | കെട്ടിടം ഉണ്ടോ സ്വന്തമാണോ? | കിണർ | കക്കൂസ് | കളിക്കോപ്പ് | ചുറ്റുമതിൽ | സ്ഥലം ലഭ്യമായവ |
|---|---|---|---|---|---|---|---|
| 1 | ഇടത്തോട് | സ്വന്തം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 2 | ബളാൽ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | കനകപ്പള്ളി | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ലഭ്യമായവ |
| 4 | മരുതും കുളം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ലഭ്യമായവ |
| 5 | പടയം കല്ല് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ലഭ്യമായവ |
| 6 | പഞ്ഞിക്കര | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 7 | ചുള്ളി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 8 | മാലോം | വാടക | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | കൊന്നക്കാട് | വാടക | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 10 | അശോകചാൽ | വാടക | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ലഭ്യമാണ് |
| 11 | പുഞ്ച | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 12 | മുട്ടോം കടവ് | സ്വന്തം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |

ഗുണനിലവാരം കുറഞ്ഞതാണ്, അളവിലും തൂക്കത്തിലും കൃത്യതയില്ല എന്നീ പരാതികൾ എല്ലാഗ്രാമ സഭകളിലും ഉയർന്നുവന്നിട്ടുണ്ട്.

പൊതുവിതരണ രംഗത്ത് റേഷൻ ഷാപ്പുകളെ കൂടാതെ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ പഞ്ചായത്തിൽ നിലവിലില്ല. ഇപ്പോൾ ഏറ്റവും അടുത്ത മാവേലി സ്റ്റോർ വെസ്റ്റ് എളേരി പഞ്ചായത്തിലെ നർക്കിലക്കാടാണ്. അത് ഇവിടെയുള്ളവർക്ക് ഉപയോഗിക്കാൻ ദൂരക്കൂടുതൽ മൂലം സാധിക്കുന്നില്ല. ആയതിനാൽ വെള്ളരി ക്കുണ്ടിൽ മാവേലി സ്റ്റോർ സ്ഥാപിക്കണം.

റേഷൻ വിതരണത്തിൽ റേഷൻ ഷാപ്പുടമകൾ ഇന്നനുഭവിക്കുന്ന ഒരു പ്രശ്നം ദൂരക്കൂടുതലാണ്. ഇപ്പോൾ റേഷൻ സാധനങ്ങൾ കൊണ്ടുവരുന്നത് കാഞ്ഞങ്ങാട് നിന്നാണ്. അതിനു പകരം മലയോര പഞ്ചായത്തുകൾക്ക് ഉപകരിക്കത്തക്ക വിധം റേഷൻ മൊത്ത വിതരണ ഡിപ്പോ വെള്ളരി ക്കുണ്ടിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.



# സംസ്ക്കാരം

'പൊട്ടന്റെ'യും പരദേവതയുടെയും മായിത്തിക്കളിയുടെയും ആത്മാവുനെഞ്ചേറ്റുന്ന ഒരു പുരാതന സംസ്കൃതിയുടെ ചിത്ര ശിലാപാളികൾ കൊണ്ടു തീർക്കപ്പെട്ട മഹനീയ ശ്രീകോവിലാണ് ബളാൽ. പഴഞ്ചൊല്ലുകളിൽ പോലും സ്ഥാനം പിടിച്ചതും കന്നടയുടെയും മറാത്തായുടെയും അവശിഷ്ടങ്ങൾ പേറുന്നതുമായ ഒരു സഞ്ചിതസംസ്കാരം. കോട്ടഞ്ചേരി ദേവ സ്ഥാനവും അരീക്കര (ബളാൽ), മാലോം കൂലോമുകളും മാലോം കല്ലഞ്ചിറ മഖാമുകളും ചൈത്രവാഹിനിയും ചേർന്ന് രൂപപ്പെടുത്തിയെടുത്ത ഗ്രാമീണതയുടെ തനിമയാർന്ന സംസ്കാരം..

നൂറ്റാണ്ടുകൾക്കു മുമ്പേ കാലിയെ മേയിച്ചും മറ്റും മറാത്താ ഭൂപ്രദേശങ്ങളിൽ നിന്നും ഇവിടെ എത്തിച്ചേർന്ന നായിക്കരും വനഭൂമിയോട് തേർന്ന് വാസമുറപ്പിച്ച മായിലരും വേട്ടുവരുമാണ് ഈ പഞ്ചായത്തിലെ ആദിമനിവാസികൾ. ജനനവം തിരണ്ടുകല്യാണവും വിവാഹവും മരണവുമെല്ലാം ആചാര - അനുഷ്ഠാനങ്ങളാൽ വാരിനിറയ്ക്കപ്പെട്ട ഇവർക്കിടയിൽ 'കൂളി'ക്ക് നറുക്കില മുറിച്ച് ചാരായവും മാംസവും നേദിച്ചശേഷം മദ്യപിക്കുന്ന 'കാരി'യിൽ ദേവതകളെ മാത്രമല്ല ദുർദേവ തകളെയും ആരാദിക്കുന്ന പ്രാകൃതരീതി നില നിന്നിരുന്നു വനങ്ങളിലോ വനത്തോട് ചേർന്ന കാടുകളിലോ ഇവർ വസിച്ചുവരുന്നു. ഹാരപ്പൻ സംസ്കാരത്തിന്റെ പാരമ്പര്യം പേറുന്ന ഇവർ ദ്രവിഡഗോത്രസ്മൃതിയുണർത്തി ഇന്നും ജീവിത രീതികളിൽ കാര്യമായി മാറ്റങ്ങൾ വരുത്താതെ മലഞ്ചെരുവുകളിൽ തുടർന്നുപോരുകയാണ്.

ബാലിക്കടുക്കോനും കോടോത്തും ഉടുമ്പു ന്തലയും മറ്റുമാണ് ബളാലിലെ ആദ്യകാല പ്രമു ജന്മിക്കുടുംബങ്ങൾ ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിലും സംസ്കാരപോഷണത്തിലും മേൽപറഞ്ഞ ജന്മികുടുംബങ്ങൾ അടക്കമുള്ള സവർണവർഗം താൽപര്യം പ്രകടിപ്പിച്ചി തിരുവാതിര, വിഷു, ഓണം, പൂരം യവയുമായി ബന്ധപ്പെട്ട് ഇന്നും തുടർന്നു പോരുന്ന ഹൈന്ദവ ആചാരങ്ങൾക്ക് പവിത്രതയും മഹനീ യതയും നിലനിർത്തുന്നതിൽ ജന്മികുടുംബങ്ങളും അവരോടൊപ്പം കടന്നുവന്ന മറ്റു നായർ, തി തുടങ്ങിയ സമൂഹങ്ങളും ശ്രദ്ധചെലുത്തി. ധ മാസത്തിലെ തിരുവാതിര നാളിൽ തിര തിരക്കളിയും പൂരംനാളിൽ കാമദേവപൂജയും തുടർന്നുപോരുന്ന കുടുംബങ്ങൾ ഇന്നും ത്തിലുണ്ട്. സൽഗുണസമ്പന്ന ഭർത്തൃയോഗ കാമദേവപൂജയുടെ അടിസ്ഥാനം പൂക്കൾ കൊണ്ട് കാമദേവ രൂപം സൃഷ്ടിച്ച് കന്യകമാർ അർച്ചിക്കുന്നു. 'ഇനിയത്തെക്കൊല്ലവും നേരത്തേകാലത്തെ വരണേ കാമാ.....'

കലയുടെ കളിത്തൊട്ടിലായിരുന്നു എന്നും ബളാൽ. മതവും കലയും സയാമീസ് ഇരട്ട കളാണെന്നത് സുവിദിതമാണല്ലോ. നമ്മുടെ പഞ്ചായത്തും ഇന്നിന് അപവാദമല്ല. ദേവ സ്ഥാനങ്ങളോടും മ്പലങ്ങളോടും മുസ്ലീം ക്രിസ്തീയ ദേവാലയങ്ങളോടും ചേർന്ന് ഇവിടെ കലയും സംസ്കാരവും വളർന്നുവന്നു. പുരാതന ജന്മിഗൃഹങ്ങളുടെ അകക്കെടുകളും അടിയാളരുടെ വള്ളിക്കുടിലുകളും വരെ കലയുടെ കേളീ രംഗ മായിപരിലസിച്ചു. തോറ്റം പാട്ടുകളും തുടി താളങ്ങളും നാടിന്റെ ഹൃദ്സ്പന്ദനങ്ങളുടെ പര്യായമായി മാറുകയും കലയുടെ വർണ്ണഭംഗി

വിടർത്തുകയും ചെയ്തു. നാട്ടിപ്പാട്ടുകൾ മംഗല പ്പാട്ടുകൾ, എന്നിവ പാട്ടുപ്രസ്ഥാനത്തിന്റെ വളർ ച്ചയ്ക്കായി ബളാലും സംഭാവനചെയ്തു. ഗുളിഗൻ, പൊട്ടൻ, പരദേവത, കല്പുരുട്ടി തുടങ്ങിയ തെയ്യ കോലങ്ങൾ ആചാര-അനുഷ്ഠാനങ്ങളുടെ വേലി ക്കെട്ടുകൾക്കപ്പുറത്ത് കലയുടെ വലിയൊരു ലോകം തുറന്നുകാണിച്ചു. മാലോം കൂലോത്തെ മുക്രി പോക്കർ തെയ്യം ഒരു സവിശേഷതയാണ്. നൂറ്റാ ണ്ടുകളായി ബളാൽ പുലർത്തിച്ചുപ്പോരുന്ന ഹിന്ദു - മുസ്ലീം മൈത്രിയുടെ പ്രതീകം കൂടിയാണത്. കർക്കിടകത്തെയ്യം എന്നറിയപ്പെടുന്ന ഗളിഞ്ചൻ (കളിഞ്ചൻ) മറ്റൊരു സവിശേഷ തെയ്യമാണ്. ചേട്ടയെ തള്ളി ലക്ഷ്മിയെ സ്വീകരിക്കുന്ന സന്ദർഭത്തിന്റെ പ്രത്യക്ഷ വൽക്കരണമാണ് ഇത്. കർക്കിടകം 18ന് ഈ തെയ്യം കെട്ടിയാടുന്നു. ബളാൽ ഭഗവതീക്ഷേത്രത്തിലെ ഉൽസവം പ്രധാനമാണ്.

ക്രിസ്തുമത ദേവാലയങ്ങളിലെ പള്ളി പ്പെരുന്നാളുകളും മുസ്ലീം പള്ളികളിലെ ഉറൂസുകളും നാട്ടിലെ പ്രധാന സാംസ്കാരിക മേളകൾ കൂടിയാണ്. പെരുന്നാളുകളോടും ഉറൂസു കളോടുമനുബന്ധിച്ച് കലാസാംസ്കാരിക പരി പാടികൾ അരങ്ങേറുന്നു. മാർഗം കളി ക്രിസ്തു മതത്തിന്റെയും ദഫ്മുട്ട് മുസ്ലീം മതത്തിന്റെയും പ്രധാന കലയാണ്. കല്യാണവസരങ്ങളിൽ ഒപ്പന മുസ്ലീം വിഭാഗത്തിന് ഒഴിവാക്കാനാവാത്ത ചട ങ്ങാണ്. ക്രിസ്മസ്, പഞ്ചായത്തിലെ പ്രധാന ഉൽസവങ്ങളിലൊന്നായി ആഘോഷിക്കപ്പെട്ടു വരുന്നു. 'ഉണ്ണിയേശു'വിനെ സ്വാഗതം ചെയ്തു നിർമ്മിക്കുന്ന പുൽക്കൂടുകളും ക്രിസ്മസ്ട്രീയും ക്രിസ്മസ്പ്പായും ആത്മീയതയുടെ അനശ്വര ഗാനങ്ങൾക്കൊപ്പം കലയുടെ മാസ്മരിക പ്രപഞ്ചവും സൃഷ്ടിക്കുന്നു.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലോ കർഷ കസമരങ്ങളിലോ ബളാൽ കാര്യമായി പങ്കുവ യ്ക്കുകയുണ്ടായില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്വാധീനം വിധൂര മലയോര പഞ്ചായത്ത് എന്നതിനാൽ ഇങ്ങോട്ടേക്ക് അക്കാലത്തേക്ക് എത്തിയിട്ടില്ലെന്നു വേണം കരുതാൻ. പഞ്ചായത്തിൽ കയ്യൂർ സമരത്തിൽ പങ്കെടുത്ത നാലുപുരപ്പാട്ട് ഭാസ്കരൻ (പക്കീരൻ) -കൊന്നക്കാട്, തിരുവിതാം കൂറിൽ വച്ച് സ്വാതന്ത്ര്യസമര പങ്കാളിത്വം വഹിച്ച ഉറുമ്പിൽ വർഗ്ഗീസ്-മാലോം, തോമസ് ചാക്കോ താനപ്പനാൽ - ബളാൽ എന്നിവരാണ് ഈ രംഗത്തെ ബളാലിന്റെ സംഭാവനകൾ. ഇതിൽ തോമസ് ചാക്കോ താനപ്പനാൽ മാത്രമാണ് ഇന്ന് ജീവിച്ചിരിക്കുന്നത്.

1940 കളിലാണ് മൂന്നാം കുടിയേറ്റം എന്നു വിശേഷിപ്പിക്കാവുന്ന തിരുവിതാംകൂർ ദേശക്കാരുടെ കുടിയേറ്റം ഉണ്ടായത്. ഇവരിൽ ഭൂരിഭാഗവും ക്രിസ്തുമതാനുയായികളായിരുന്നു. കാർഷിക വൃത്തിക്കും വിദ്യാഭ്യാസത്തിനും പ്രാമുഖ്യം നൽകി കൊണ്ടുള്ള ഇവരുടെ കടന്നുവരവ് പഞ്ചായ ത്തിന്റെ സാമൂഹിക -സാംസ്കാരിക -സാമ്പത്തി കമേഖലയിൽ വമ്പിച്ചമാറ്റങ്ങളാണ് വരുത്തിവച്ചത്. പുതിയൊരുസാംസ്കാരധാരയുടെ പ്രവാഹ സരണി ക്ക് നാൽപ്പതുകളിൽ ആരംഭംകുറിച്ചു ബളാൽ വള്ളിക്കടവ് എന്നിവയാണ് ആദ്യകാല കുടിയേറ്റകേന്ദ്രങ്ങൾ. ബളാലിൽ ഫാ.മാത്യു ചാലിലും വള്ളിക്കടവിൽ ഫാ.ജോസഫ് മുളവരി ക്കലും കുടയേറ്റജനതയുടെ സാംസ്കാരിക ഉന്നതിക്കു നേതിർത്വം നൽകി.

ക്രിസ്തുമതാനുയായികളും കൂടി ബളാലി ന്റെ ഭാഗമായതോടെ ഇവിടുത്തെ സമിശ്ര സംസ്കാരം പൂർണ്ണതനേടി എന്നു പറയാം. വിഷു, കർക്കിടകവാവ്, പത്താമുദയം റംസാൻ, ബക്രീദ് എന്നിവയോടൊപ്പം കുരുത്തോലപ്പെരുന്നാളും ഉയിർപ്പുതിരുന്നാളും (ഈസ്റ്റർ) ജനജീവിത ത്തിന്റെ അത്മാംശങ്ങളിലേക്ക് കടന്നുവന്നു. ഓരോ വിഭാഗത്തിന്റെയും ആഘോഷങ്ങൾ പഞ്ചായത്തിലെ ജനത സ്വന്തം ഉൽസവമായി കണക്കുകൂട്ടുന്നു. തികഞ്ഞ മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണമാണ് ബളാൽ.

ബളാലിന്റെ സാംസ്ക്കാരി കോൻമന ത്തിന് സ്കൂൾ സാഹിത്യസമാജങ്ങൾ, സന്നദ്ധ-സാംസ്ക്കാരിക സംഘടനകളുടെ അനൗപ ചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കലാമേളകൾ എന്നിവ നൽകിയ സംഭാവന നിസ്തുലമാണ്.

സാംസ്ക്കാരിക രംഗത്തിന് അതുല്യസംഭാവന നൽകിയ വ്യക്തികളാണ് പ്രശസ്തനോവലിസ്റ്റ് സി.വി. ബാലകൃഷ്ണൻ (അന്നൂർ), ഇ.വി. ചാക്കോ (കൊന്നക്കാട്) പല്ലാടുകുന്നേൽ തോമസ് (ബളാൽ), ശ്രീ. ചെരിപ്പാടി കുഞ്ഞിക്കണ്ണർ നായർ ശ്രീ. കരിമ്പിഗ കുഞ്ഞികോമൻ എന്നിവർ. ശ്രീ. സി.വി. ബാല കൃഷ്ണന്റെ കളമെഴുത്ത്, തടവറകളിലെ കലാപം, ആയുസ്സിന്റെ പുസ്തകം എന്നിവയുടെ പശ്ചത്തലം മാലോം ഗ്രാമമാണ്. ഇ.വി. ചാക്കോയുടെ കൃതികൾ: മുഗംധാനുരാഗം, ജോഷ്വാൻ, പല്ലാട്ടുകുന്നേൽ തോമസിന്റെ വൈവിധ്യഗ്രന്ഥ ശേഖരം അമൂല്യമാണ്. പഞ്ചായത്തിന്റെ സാംസ് കാരിക രംഗത്ത് ശ്രീ. ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ, ശ്രീ. കരിമ്പിൽ കുഞ്ഞിക്കോമൻ എന്നിവർ നൽകിയ സംഭാവനകൾ നിസ്തുലമാണ്. നല്ല വായനാശീലമുള്ള ജനതയാണ് പഞ്ചായത്തിലേത്. മലയാളത്തിലെ പ്രശസ്തങ്ങളായ എല്ലാ പത്രമാസികകളും ഇവിടെ പ്രചാരത്തിലുണ്ട്. പ്രധാന സാംസ്കാരിക പ്രസിദ്ധീകരണങ്ങളായ മാത്രഭൂമി വാരിക, ഭാഷാപോഷിണി, കലാകൗമുദി, ഇന്ത്യടുഡെ തുടങ്ങിയവയ്ക്കൊപ്പം ശാസ്ത്ര-ചരിത്ര-പരിസ്ഥിതി സംബന്ധമായ പ്രസിദ്ധീ കരണങ്ങൾക്കും ഇവിടെ നല്ല വായനക്കാരുണ്ട്.

മൂന്ന് ഹൈസ്ക്കൂളും ഒമ്പത് പ്രൈമറി സ്ക്കൂളും നാടിന്റെ സാംസ്കാരിക പുരോഗതിക്ക് തനതായ സംഭാവനകൾ നൽകുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് പാരലൽ കോളേജുകളുടെ സംഭാവന ചെറുതല്ല. സ്കൂൾ കോളേജ് വിദ്യാർ ത്ഥികളുടെ എണ്ണം ഇവിടെ സംസ്ഥാന ശരാശരി ക്കൊപ്പമാണ്. നഗരവിദ്യാഭ്യാസം ലഭിച്ച പുത്തൻ തലമുറകളുടെ സ്വാധീനം പഞ്ചായത്തിനെ സംബ ന്ധിച്ച് എടുത്ത് പറയേണ്ടതാണ്. സാക്ഷരതാ യജ്ഞം പോലുള്ള ജനകീയ പരിപാടികൾ പഞ്ചായത്തിൽ വൻ വിജയമായതിനു പിന്നിൽ ഈ പുത്തൻ തലമുറയുടെ നിസ്വാർത്ഥസേവന മാണുള്ളത്. സാക്ഷരതാ എജ്ഞം സാംസ്കാരി കമായും സാമൂഹികമായും വൻപരിവർത്ത നത്തിനു കാരണമായി.

പത്രപ്രവർത്തനരംഗത്തെ മുന്നേറ്റമാണ് ജില്ലയിലെ മറ്റേതു പഞ്ചായത്തിനെയും അപേ ക്ഷിച്ച് ബളാലിന്റെ മാറ്റ് കാസർഗോഡ്, കാഞ്ഞ ങ്ങാട് മുൻസിപ്പാലിറ്റികൾ കഴിഞ്ഞാൽ ഏറ്റവു മധികം പത്രപ്രവർത്തകരുള്ള പഞ്ചായത്താണ് ബളാൽ, എല്ലാ പ്രമുഖ ദിനപ്പത്രങ്ങളുടെയും സായാഹ്ന പത്രങ്ങളുടെയും ഒന്നോ അതില ധികമോ ലേഖകൻമാർ പഞ്ചായത്തിന് സ്വന്തമാണ്. നിർദ്ദിഷ്ട മലയോര താലൂക്കിന്റെ ആസ്ഥാനമായി പരിഗണിക്കപ്പെടുന്ന പഞ്ചായത്തിലെ വെള്ളരിക്കുണ്ടിനെ കേന്ദ്രീകരിച്ച് പത്രപ്രവർത്ത കരുടെ സംഘടനയായ 'മലയോര പ്രസ്ഫോറം' പ്രവർത്തിച്ചുവരുന്നു.

ബളാലിന്റെ സംസ്കാരം സമ്മിശ്രമാ ണെന്ന് ആദ്യമേ തന്നെ സൂചിപ്പിച്ചിരുന്നുവല്ലോ. വ്യത്യസ്ത മതവിഭാഗങ്ങളുടെ എന്നു മാത്രമല്ല ഭാഷ, ദേശം എന്നിവയുടെയും സങ്കലനം ഇവിടെ ദർശിക്കാം. തുളു, കന്നട, മറാത്ത എന്നീ ഭാഷകൾ മലയാളത്തിന് പുറമെ ഇവിടെ ചെറിയൊരു വിഭാഗത്തിനിടയിലെങ്കിലും സംസാരഭാഷയാണ്. തിരുവിതാംകൂർ കുടിയേറ്റത്തോടെ മലബാർ-തിരുവിതാംകൂർ സങ്കലനവും സാംസ്കാരിക രംഗത്തുണ്ടായത് പ്രത്യേകം ചൂണ്ടിക്കാണിക്കേ ണ്ടതാണ്. കർണ്ണാടകാ സംസ്കാരത്തിന്റെ ബാക്കി പത്രങ്ങൾ ഇന്നും ഇവിടെയുണ്ട്. ആചാരാ നുഷ്ഠാനങ്ങളിലും ഭക്ഷണക്രമങ്ങളിലും വരെ അത്രവലുതല്ലാത്ത രീതിയിലാണെങ്കിൽ പോലും കർണ്ണാടക സ്വാധീനമുണ്ട് . ഒരിക്കൽ ദക്ഷിണ കാനറാ ജില്ലയുടെ ഭാഗമായിരുന്നു എന്നതി നാലാകാം ഇത്. സ്ഥലനാമങ്ങളിലും കർണ്ണാടക സ്വാധീനം ഇന്നും നിലനില്ക്കുന്നുണ്ട് (ഉദാ: മാലോത്ത് കസ്ബ; കസ്ബ -അതിർത്തിഗ്രാമം)

നൂറ്റാണ്ടുകളുടെ പൈതൃകം പേറി ഹിമാല യൻ തലയെടുപ്പോടെ നിവർന്നുനിൽക്കുന്ന ബളാൽ പഞ്ചായത്തിന്റെ സംസ്കൃതി ഇരുപത്തി യൊന്നാം നൂറ്റാണ്ടിന്റെ വർണ്ണപ്രഭയാർന്ന ലോകത്തിലേക്ക് കുതിക്കാൻ വെമ്പുന്നതാണു നാം വർത്തമാന കാലത്തിന്റെ രേഖകളിൽ കാണുന്നത്. കേബിൾ ടിവിയുടെയും ആധുനികഫേഷൻ ലോകത്തി ന്റെയും ലോകത്തിലേക്ക് ബളാലിന്റെ പുത്തൻ

ലമുറ നടന്നുനീങ്ങുന്നു. പഴമയുടെ പനയോല ക്കെട്ടുകൾ പിച്ചിച്ചീന്തികൊണ്ട് മുന്നോട്ടുള്ള പയാണം തെല്ല് ആശങ്ക ഉളവാക്കുന്നരീതി പുലർത്തുന്നുണ്ടെങ്കിലും തടുത്തു നിർത്താനാ വാത്തവിധം അതിശക്തമാണ്.

ഇലക്ട്രോണിക്ക് മാധ്യമങ്ങൾ സമ്പന്ന വിഭാഗങ്ങൾക്കൊപ്പം ദരിദ്ര ജനവിഭാഗങ്ങളെയും സ്വാധീനിക്കുന്നതായികാണാം. പത്തുരൂപ മുതൽ മുടക്കിൽ തൊണ്ണൂറ് രൂപ പരസ്യത്തിന് ചെലവാക്കുന്ന വൻകിട കമ്പനികൾ സമ്പന്നരേയും ഇടത്തട്ടുകാരേയും ദരിദ്രജനവിഭാഗങ്ങളെയും ഒരുപോലെ ചൂഷണം ചെയ്യുന്നു. വൻകിട കമ്പനികളുടെ പരസ്യ മോഡലുകൾ നമ്മുടെ ഗ്രാമീണ സ്ത്രീകളെയും കുട്ടികളെയും മാനസീകമായി തകർക്കുകയും ചെയ്യുന്നു. ഈ മാധ്യമങ്ങളുടെ സ്വാധീനം കേരളത്തോടൊപ്പം ബളാൽ പഞ്ചായത്തിലും ഗഹനമായ വായനാ ശീലത്തിന് വികാതമാകുന്നു. എന്നിരുന്നാലും പഞ്ചായത്തിലെ $^{1}/_{3}$ ഭവനങ്ങളൾ മലയാളത്തിലെ പ്രമുഖദിനപത്രങ്ങളുടെ വരിക്കാരാണ്.

നാടൻ കലകൾ ഇന്ന് നാമാവശേഷമായി ക്കൊണ്ടിരിക്കയാണ്. ഒരു കാലത്ത് ഹിന്ദു ഭവനങ്ങളെ സന്ധ്യാനേരത്ത് സജീവമാക്കിയ കാരക്കോലിന്റെ താളവും പ്രസാദാത്മക ഗീതവും ഒത്തിണങ്ങിയ കോൽക്കളി ഇന്ന് അന്യമായി ക്കൊണ്ടിരിക്കുന്നു. താളവും ഗീതവും ചുവടുവെപ്പും സമന്വയിപ്പിക്കുന്ന ഈ കല നമ്മുടെ സംസ്കാര ത്തിന്റെ ഭാഗമാണ്. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ 'എരുതുകളിയും' 'മരമീടനും' 'മായിത്തിക്കളി'യും പരിപോഷിപ്പി ക്കേണ്ടിയി രിക്കുന്നു. തെയ്യം കലാരൂപങ്ങൾക്ക് മാത്രമാണ് ഇന്ന് വേണ്ടത്ര അംഗീകാരം ലഭിക്കുന്നത്.

ദഫ്മുട്ടും മാർഗ്ഗം കളിയും മതവിഭാഗ ങ്ങളുടെ പ്രത്യേക കലാരൂപങ്ങൾ എന്നനിലയിൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ് . നാടക സംഘങ്ങളും കലാസമിതികളും ഒരു കാലത്ത് സജീവമായിരുന്നു. ഇന്ന് പ്രൊഫണലിസത്തിലേക്ക് മാറിയ നാം നമ്മുടെ തനതായ കലാരൂപങ്ങളെയും കഴിവിനെയും പണയം വെക്കുകയാണ്. സുകുമാര കലകൾ പ്രോൽസാഹിപ്പിക്കാൻ രൂപമെടുത്ത ഫൈൻ ആർട്സ് സൊസൈറ്റികളും ഇതിൽ നിന്ന് വിഭിന്നമല്ല.

പഞ്ചായത്തിൽ പതിനാറോളം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട് സാമ്പത്തിക പരാധീനതമൂലവും സംഘടിതനേതിർത്വത്തിന്റെ അഭാവവും വാർഷിക പരിപാടികൾ നടത്തുന്നതിൽ കവിഞ്ഞ് ഇവയ്ക്ക് മറ്റ് സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിന് വിഘാതങ്ങൾ ശ്രിഷ്ടിക്കുന്നു.

### സാമൂഹ്യ-സാംസ്കാരിക രംഗം നേരിടുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിലെ മിക്കഗ്രന്ഥാലയങ്ങൾക്കും ക്ലബ്ബുകൾക്കും സ്വന്തമായ കെട്ടിടമോ മറ്റ് ധനാകമ മാർഗ്ഗങ്ങളോ ഇല്ല. പഞ്ചായത്ത് ഇതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ട താണ്.

പഞ്ചായത്തിൽ നടത്തപ്പെടുന്ന കേരളോൽ സവങ്ങളും കായികമേളകളും സർക്കാർ പരിപാടി എന്നതിൽ കവിഞ്ഞ് ജനകീയമാകാറില്ല.

അഞ്ച്, ആറ്, ഏഴ്, പത്ത് വാർഡുകളിൽ വായനാശാലകൾ ഇല്ല. ജനകീയ സഹകരണ ത്തോടെ വായനാശാലകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

വായനാശാലകളിലും ക്ലബ്ബുകളിലും ടെലിവിഷൻ സെറ്റുകൾ വേണ്ടത്ര ഇല്ല. ഉള്ളവ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തുതലത്തിൽ സാംസ്കാരിക മുന്നേറ്റത്തിന് പഞ്ചായത്തുതല കോ-ഓർഡിമ നേഷൻ സമതികൾ നിലവിൽ ഇല്ല. പഞ്ചായത്ത് തലത്തിൽ കോ-ഓർഡിനേഷൻ സമിതികൾ ഉണ്ടാക്കേണ്ടതാണ്. നിർജ്ജീവാവസ്ഥയിലുള്ള സാക്ഷരതാ പ്രവർത്തനം സാംസ്കാരി കമുന്നേറ്റത്തിന് വിഘാതമാകുന്നു. വിദ്യാലയ ങ്ങളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വായനശീലവും സാഹിത്യസമാജവു. കാര്യക്ഷമമാ

കേകേണ്ടതാണ്.

കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാംസ്കാരിക സമ്മേളനങ്ങൾ, ശിൽപശാലകൾ, കലാസാഹിത്യ മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക.

തനതുകലാരൂപങ്ങളും മറ്റ് അനുഷ്ഠാനകലകളും പ്രോൽസാഹിപ്പിക്കുന്ന തിനുവേണ്ടി ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുക.

വായനാശീലം വളർത്തുന്നതിനു വേണ്ടി പഞ്ചായത്തുതലത്തിൽ പ്രശ്നോത്തരികളും പരീക്ഷകളും സാഹിത്യമൽസരങ്ങളും സംഘടിപ്പിക്കുക.

അതതു പ്രദേശത്തെ നാടൻപാട്ടുകൾ, ഐതിഹ്യങ്ങൾ, മിത്തുകൾ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കുവാൻ സാംസ്കാരിക പ്രവർത്തകരുടെ പഞ്ചായത്തുതല സമിതി രൂപീകരിക്കുക.

അന്യമായികൊണ്ടിരിക്കുന്ന നാടൻ കലകളെ പ്രോൽസാഹിപ്പിക്കുക.

അവശകലാകാരൻമാർക്ക് പെൻഷൻ അനുവദിക്കുക.

മികച്ച കലാ-സാഹിത്യകാരൻമാർക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരം നൽകുക.

സ്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ട് ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുക.

ബളാൽ കമ്മ്യൂണിറ്റിഹാളിന്റെ പണി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുക.

വെള്ളരിക്കുണ്ട് ടൗൺഹാൾ, ഇടത്തോട്, കൊന്നക്കാട്, എന്നിവിടങ്ങളിൽ സാംസ്കാരിക മണ്ഡപവും നിർമ്മിക്കുക.

നിലവിലുള്ള വായനാശാലകൾക്ക് നൽകുന്ന പത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുക.

നാടൻകലകൾക്കും ശാസ്ത്രീയനൃത്ത വിഭാഗങ്ങൾക്കും വേണ്ടിയുള്ള പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

**കായികരംഗം**

കൃഷിയുമായി ബന്ധപ്പെട്ട് കായികാധ്വാനത്തിലെ വിദഗ്ധർ ഏറെയും പഞ്ചായത്തിൽ കായികരംഗം പൊതുവെ ശുഷ്കമാണ്.

കബഡ്ഡി, വോളിബാൾ എന്നിവയാണ് പഞ്ചായത്തിൽ ഏറെപ്രചാരമുള്ള കളികൾ. കബഡ്ഡി, വോളിബാൾ രംഗങ്ങളിൽ ജില്ലാതലത്തിൽ ശ്രദ്ധിക്കപ്പെട്ട ടീമുകൾ പഞ്ചായത്തിലുണ്ട്. ജില്ലാ അന്തർജില്ലതലങ്ങളിലുള്ള വോളിബോൾ, കബഡ്ഡി ടൂർണമെൻറുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നടത്താറുണ്ട്. ടി.വി സംസ്കാരത്തിന്റെ ആവിർഭാവത്തോടെ കബഡ്ഡി, വോളിബാൾ രംഗങ്ങളിൽ നിന്നും യുവജനങ്ങൾ ക്രിക്കറ്റിന്റെ മാസ്മരിക പ്രഭയിലേക്ക് വഴുതി നീങ്ങുന്നു. എന്നാൽ അത്ലറ്റിക് രംഗങ്ങളിൽ കാര്യമായസംഭാവനകളൊന്നും പഞ്ചായത്ത് തലത്തിൽ ഉണ്ടാകാറില്ല. വെള്ളരിക്കുണ്ട് വള്ളിക്കടവ് സ്കൂളിലൊഴികെ പഞ്ചായത്തിലൊരിടത്തും അത്ലറ്റിക് രംഗം പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ പരിശീലനകോട്ടുകൾ ഇല്ല എന്നുള്ളത് എടുത്തു പറയേണ്ടതാണ്. കായിക പരിശീലനം ബാല്യത്തിലെ തുടങ്ങേണ്ടതാണെങ്കിലും നിലവിലുള്ള സംവിധാനം അശാസ്ത്രീയമാണ്. എൽ.പി. സ്കൂളുകളിൽ കായികാദ്ധ്യാപകനെ നിയമിക്കുന്നില്ല എന്നു മാത്രമല്ല നിലവിലുള്ള ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകരുടെ എണ്ണം രണ്ട് മാത്രമാണ് താനും.

**നിർദ്ദേശങ്ങൾ**

1. സ്കൂളുകളോടനുബന്ധിച്ചും പൊതു ഗ്രൗണ്ടുകളിലും കായികമേഖല പ്രോൽസാഹിപ്പിക്കുന്ന

തിനാവശ്യമായ സൗകര്യം ഉണ്ടാക്കുക.

2. സംക്കൂൾതല പ്രതിഭക്ക് പഞ്ചായത്ത്തല പരിശീലനം നൽകുക.

3. എല്ലാവിദ്യാലയങ്ങളിലും കായികാദ്ധ്യാപകരെ നിയമിക്കുക.

4. പഞ്ചായത്തിൽ കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തുക.

5. പഞ്ചായത്ത്തല കായിക മൽസരങ്ങളും കായികമേളകളും കൂടുതൽ ജനകീയവൽക്കരിച്ച് കാര്യക്ഷമമാക്കുക.

6. കലാ-കായിക സാംസ്കാരിക കലണ്ടർ ഉണ്ടാക്കുക.

ബളാൽ പഞ്ചായത്തിലെ വായനശാലകളും സന്നദ്ധ സാംസ്കാരിക സംഘടനകളും

1. ചേരിപ്പാടി കുഞ്ഞികണ്ണൻ നായർ സ്മാരക ഗ്രന്ഥാലയം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ബളാൽ
2. ദേശോദ്ധാരണി സാംസ്കാരിക വേദി, ബളാൽ
3. നവോദയാ വാ.നശാല, ബളാൽ
4. മഹാത്മാ റിക്രിയേഷൻ ക്ലബ്, ബളാൽ
5. ജോതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പാലച്ചുരം
6. യമുന വായനശാല, കനകപ്പള്ളി
7. പുലരി ആൻട്സ് ആൻറ് സ്പോർട്സ് ക്ലബ്, കനകപ്പള്ളി
8. ഏ.കെ.ജി. മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, എടത്തോട്
9. ഗ്രാമീണവായനാശാല, എടത്തോട്
10. കരിമ്പിൽ കുഞ്ഞികോമൻ മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, കൊന്നക്കാട്
11. മേഘ, പുഞ്ച
12. യുവജന സാംസ്കാരികകേന്ദ്രം, മാലോം
13. യംഗ്സ്റ്റാർ യൂത്ത് ക്ലബ്ബ്, കൊന്നക്കാട്
14. കസബ യുവജന കേന്ദ്രം, വള്ളിക്കടവ്
15. കസബ് പരിസ്ഥിതിസംരക്ഷണ സമിതി, വള്ളിക്കടവ്
16. കെ.സി.വൈ.എം. ലൈബ്രറി, വള്ളിക്കടവ്
17. റിക്രിയേഷൻ ക്ലബ്ബ്, വള്ളിക്കടവ്
18. ജൂനിയർ ചേംബർ, മാലോം
19. തേജസ്സ് യൂത്ത് ക്ലബ്ബ്, മാലോം
20. ഫൈൻ ആർട്സ് സൊസൈറ്റി, വള്ളിക്കടവ്
21. ഫൈൻ ആർട്സ് സൊസൈറ്റി, വെള്ളരിക്കുണ്ട്
22. മലയോര പ്രസ്ഫോറം, വെള്ളരിക്കുണ്ട്.

വടക്കൻ പാട്ടുകളിലെ വീരനായികയായ ഉണ്ണിയാർച്ചയുടെയും സ്വാതന്ത്ര്യസമരചരിത്രത്തിലെ വീരവനിതയായ ഝാൻസിറാണിയുടെയും കഥകൾ ചരിത്രത്താളുകളിലെ അധ്യായങ്ങളാണ്. എന്റെ ജീവരക്തത്തിലെ അവസാനതുള്ളി രക്തവും എന്റെ രാജ്യത്തിനാണെന്ന് ഉദ്ഘോഷിച്ച് രാജ്യത്തിനുവേണ്ടി വീരചരമം പൂകിയ ഇന്ദിരാജിയുടെയും ജീവിതം, വനിതാ എന്ന വിഷയം ചർച്ചചെയ്യപ്പെടുമ്പോൾ നാം സ്മരിക്കേണ്ടതുണ്ട്. 'നസ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന മനുസ്മൃതിക്കെതിരെ ജനമദ്ധ്യത്തിൽ പോരാടി അധികാരാവകാശങ്ങൾ നേടിയെടുക്കുന്ന ഈ കാലഘട്ടത്തിൽപോലും നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും അടുക്കളയുടെ അകത്തളങ്ങളിൽ ജീവിതം ഹോമിക്കപ്പെട്ട, അബലകളെന്നും ചപലകളെന്നും വിളിക്കപ്പെട്ട്, സ്ത്രീ സർഗ്ഗശക്തിയെ കൂച്ചുവിലങ്ങിട്ട സമൂഹത്തിന്റെ ഭാഗമാണ് സ്ത്രീ. അവൾ ലോകമാനവികതയുടെ, കുടുംബസംസ്കാരത്തിന്റെ അടിത്തറയിട്ടവളാണ്.

ബളാലിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ എടുത്തുപറയത്തക്ക സംഭാവനകളൊന്നും ഈ സമൂഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിയെന്ന് പറയാനാവില്ല. 21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കലെത്തിയ ഈ സന്ദർഭത്തിൽപോലും സാമൂഹ്യപരമായ നേതൃത്വം സ്ത്രീകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. യഥാർത്ഥ ഗ്രാമസ്വരാജ് എന്നതുകൊണ്ട് ഗാന്ധിജി അർത്ഥമാക്കിയത് സ്ത്രീജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം കൂടിയാണ്. ആ ഗ്രാമ സ്വരാജ് 63-64 ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പാക്കിയപ്പോൾ നമ്മുടെ പഞ്ചായത്തിലെയും സ്ത്രീ സമൂഹത്തിന് മൂന്നിലൊന്ന് പ്രാതിനിധ്യം ലഭിക്കുകയും ഉന്നത പദവികൾ അലങ്കരിക്കാൻ അവസരം നൽകുകയും ചെയ്തു.

സ്ത്രീ അമ്മയെന്നും സഹോദരിയെന്നും ഭാര്യയെന്നും സർവ്വോപരി ശാന്തിയുടെയും സമാധാനത്തിന്റെയും മൂർത്തിഭാവമെന്ന് ഉദ്ഘോഷിക്കുമ്പോഴാണ് മറ്റൊരു ഭാഗത്ത് സ്ത്രീ പീഡനങ്ങളും അക്രമങ്ങളും അരങ്ങേറുന്നത്.

ബളാൽ പഞ്ചായത്തിലെ 1991 സെൻസസ് പ്രകാരം സ്ത്രീ ജനസംഖ്യ 10112 ഉം പുരുഷ ജനസംഖ്യ 10321 ഉം സ്ത്രീ പുരുഷ അനുപാതം ആയിരം പുരുഷന്മാർക്ക് 980 മാത്രമാണ്. സംസ്ഥാന ശരാശരിയേക്കാൾ ഈ അനുപാതം കുറവാണെന്ന കാര്യം പഠനവിധേയമാക്കേണ്ടതുണ്ട്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണത്തിലും ഈ അന്തരം പ്രകടമാണ്.

| | |
|---|---|
| ആകെ ജനസംഖ്യ | 20433 |
| സ്ത്രീകൾ | 10112 |
| പുരുഷന്മാർ | 10321 |
| അനുപാതം | 980 |
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | |
| പെൺകുട്ടികൾ | 1383 |
| ആൺ കുട്ടികൾ | 1489 |
| അനുപാതം | |

സാക്ഷരതാ നിരക്കിൽ സ്ത്രീകൾ പിന്നിലായി കാണപ്പെടുന്നു.

പുരുഷസാക്ഷരത 75% ഉം സ്ത്രീ 71% ഉം ആണ്. 1990-ൽ സാക്ഷരതായജ്ഞം നടക്കുമ്പോഴുള്ള അവസ്ഥയാണ് മേൽ പറഞ്ഞത്. തുടർപരിപാടികളൊന്നും നടത്താത്തതിനാൽ സാക്ഷരതാനിലവാരം ഫലവത്താണെന്ന് പറയാൻ കഴിയില്ല. സ്ത്രീകളോട് കാണിക്കുന്ന ക്രൂരമായ അവഗണന തൊഴിൽ മേഖലയിലും പ്രകടമാണ്.

| തൊഴിൽ മേഖല | സ്ത്രീ. | പുരു. |
|---|---|---|
| കർഷകൻ | 180 | 800 |
| കർഷകത്തൊഴിലാളി | 288 | 1408 |
| അനുബന്ധ തൊഴിലാളികൾ | 12 | 351 |
| കോറപ്പണി | 4 | 76 |
| കെട്ടിട നിർമ്മാണം | 12 | 21 |
| മറ്റുള്ളവ | 555 | 1857 |

തൊഴിൽ മേഖലയിൽ 199-ലെ ഈ അവസ്ഥയിൽ നിന്നും ഇപ്പോൾ വളരെയധികം മാറ്റം കാണപ്പെടുന്നു എന്നുള്ളത് ശുഭോദർക്കമാണ്. കർഷകത്തൊഴിലാളി, ബീഡിതെറുപ്പ്, തയ്യൽ, കോറപ്പണി തുടങ്ങിയ മേഖലകളിൽ സ്ത്രീ പ്രാതിനിധ്യം കൂടിവരുന്നതായിക്കാണാം. എന്നാൽ കാർഷിക മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നതായിക്കാണുന്നു. 1991-ലെ സെൻസസ് പ്രകാരമുള്ള കണക്കുകളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ രംഗങ്ങളിലേക്ക് വളരെയധികം സ്ത്രീകളെ ആകർഷിച്ചുവരുന്നു. മറ്റ് മേഖലകളെ അപേക്ഷിച്ച് ലഭിക്കുന്ന വർദ്ധിച്ച കൂലി നിരക്കാണ് സ്ത്രീകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്.

തൊഴിൽമേഖലകളിൽ തുല്യ ജോലിയാണ് സ്ത്രീ പുരുഷന്മാർ ചെയ്യുന്നതെങ്കിലും കൂലി നിരക്കിൽ പ്രകടമായ അന്തരം കാണപ്പെടുന്നു.

| ഇനം | സ്ത്രീ | പുരു. |
|---|---|---|
| കർഷകത്തൊഴിലാളി | 35 | 70 |
| കോറപ്പണി | 80 | 150 |
| അച്ചടി | 35 | 50 |

സ്ത്രീകളുടെ ഉന്നമനത്തിനായി 6 DWCRA യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ 4 എണ്ണം പശുവളർത്തൽ യൂണിറ്റും ഒരു ജില്ലി നിർമ്മാണ യൂണിറ്റും ഒരു വസ്ത്രനിർമ്മാണ യൂണിറ്റുമാണ്. ഇവയിൽ മൊത്തം 88 സ്ത്രീകൾ ജോലിചെയ്യുന്നു. DWCRA യൂണിറ്റുകൾതുടങ്ങുന്നതിന് നിലവിൽ 10 അംഗങ്ങൾ വേണമെന്ന നിബന്ധന പല വിഷമതകളും സൃഷ്ടിക്കുന്നു.

പണ്ട് കാലത്ത് സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം കല്പിച്ചിരുന്നില്ല. സ്ത്രീ അടുക്കളയിൽ ഒതുങ്ങിക്കൂടേണ്ടവളാണെന്ന് സമൂഹം കരുതി. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉപജീവനത്തിനായി മാതാപിതാക്കൾ ജോലിക്ക് പോകുമ്പോൾ ചെറിയ കുട്ടികളെ സംരക്ഷിക്കപ്പെടേണ്ടവരായോ വിട് കാവൽക്കാരായോ ഒതുങ്ങിക്കഴിയേണ്ടിവന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും ആവശ്യകതാബോധം ഇല്ലാത്തതും സ്ത്രീ വിദ്യാഭ്യാസത്തെ നിരുത്സാഹപ്പെടുത്തി. 1950 കളിൽ മാത്രമാണ് പഞ്ചായത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചത് അതുവരെ അക്ഷരാഭ്യാസം എന്നുള്ളത് വിരലിലെണ്ണാവുന്ന സമ്പന്നർക്ക് മാത്രമുള്ളതായിരുന്നു. എന്നാൽ പട്ടികജാതി വിദ്യാർത്ഥിനികൾക്ക് SSLC വരെ പഠിക്കാൻ കഴിഞ്ഞത് 80 കളിൽ മാത്രമാണ്. കുടിയേറ്റകർഷകരുടെ വരവോടുകൂടി സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സമൂഹത്തിൽ സ്ത്രീകൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ബോധവാന്മാരാകുകയും ചെയ്തു. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ ഇന്നും 35 മുതൽ 70 കി.മീ. വരെ യാത്ര ചെയ്തുവേണം ഉന്നത വിദ്യാഭ്യാസം കൈവരിക്കുവാൻ. അതുകൊണ്ടുതന്നെ പെൺകുട്ടികളുടെ വിദ്യാഭ്യാസം SSLC അല്ലെങ്കിൽ PDC വരെയായി നിർത്തേണ്ടിവരുന്നു. തൊഴിൽ അധിഷ്ടിത കോഴ്സുകളിൽ പഠിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം.

പഞ്ചായത്തിൽ മൂന്ന് മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് പറഞ്ഞുകൂടാ. സാമൂഹ്യ സേവന രംഗത്ത് 12 അംഗൺ വാടികളുണ്ടെങ്കിലും പലതിനും അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ല. അംഗൺ വാടികളിൽ ജോലിചെയ്യുന്നവരുടെ വേതനം തുലോം തുച്ഛമാണുതാനും. ആരോഗ്യ ബോധവല്ക്കരണ രംഗങ്ങളിൽ അംഗൻ വാടികളെ കേന്ദ്രീകരിച്ച് മഹിളാ സമിതി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകളെ സ്വയം പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഈ സംഘങ്ങളുടെ രൂപീകരണസമയത്തുണ്ടായിരുന്ന ജനപങ്കാളിത്തം ഇപ്പോഴില്ല. കൂടാതെ അംഗൺവാടികളെ കേന്ദ്രീകരിച്ച് മാതൃസംഗമങ്ങളും നടത്തിവരുന്നു.

സാമൂഹ്യ സാമ്പത്തിക തൊഴിൽ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ മധ്യമായും മൂന്നായി തിരിക്കാം. ലോക ജനസംഖ്യയിൽ പകുതിയോളം വരുന്ന വനിതകളാണ് ലോകത്താകമാനമുള്ള മനുഷ്യ ക്ഷേമ പ്രയത്നങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം ചെയ്യുന്നത് സ്ത്രീകളാണെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു. ദരിദ്ര ജനവിഭാഗങ്ങളിലെ കുടുംബങ്ങളിൽ

ഉപജീവനത്തിനായി കൂലിവേല ചെയ്യുന്നതോടൊപ്പം കൃത്യസമയത്ത് ഭക്ഷണം ഉണ്ടാക്കൽ, മറ്റ് വീട്ടുജോലികൾ, കുട്ടികളുടെ സംരക്ഷണം ഇവയും അധികമായി ചെയ്യേണ്ടിവരുന്നു. ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ കാര്യത്തിലും ഇവയിൽ മാറ്റം വരുന്നില്ല. മനുഷ്യസേവനത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ചെയ്തിട്ടുപോലും തങ്ങൾ ചെയ്യുന്ന ജോലി ഒരു അദൃശ്യതയായി നിലനിൽക്കുന്നു.

സ്വയം തൊഴിൽപരമായോ മറ്റ് മേഖലകളിലോ ഉള്ള പ്രശ്നങ്ങൾ വരുമ്പോൾ നേരിടുന്ന ആത്മ വിശ്വാസക്കുറവാണ് സ്ത്രീകൾ നേരിടുന്ന മുഖ്യമായ പ്രശ്നം. സാമ്പത്തിക പരാധീനതയും സംഘബോധത്തിന്റെ കുറവും സ്ത്രീകളുടെ ആത്മവിശ്വാസം കുറയ്ക്കുന്നു.

നിയമപരമായി സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്ന് സ്ത്രീകൾക്ക് മാത്രമായുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് മറ്റൊരു പ്രധാന ഘടകം അത് കൊണ്ടുതന്നെ സ്ത്രീകളുടെ ഈ അറിവില്ലായ്മ പരിഹരിക്കേണ്ടതിനാവശ്യമായ ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ നാടിന്റെ സമ്പൽസമൃദ്ധിക്കുവേണ്ടി ഒരു പുരുഷനെ പഠിപ്പിച്ചാൽ ഒരുവ്യക്തിക്കും ഒരു സ്ത്രീയെ പഠിപ്പിച്ചാൽ കുടുംബത്തിനും സമൂഹത്തിനുമാണെന്നുള്ള ഗാന്ധിജിയുടെ വചനം അന്വർത്ഥമാക്കേണ്ടതുണ്ട്.

സ്ത്രീകളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്യുകയുണ്ടായി. പ്രശ്നപരിഹാരത്തിനുള്ളസാധ്യതകൾ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

1 DWCRA യൂണിറ്റ് രൂപീകരിക്കണമെങ്കിൽ 10 അംഗങ്ങളെങ്കിലും വേണമെന്നുള്ള നിലവിലുള്ള നിബന്ധന പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ അംഗങ്ങളുടെ എണ്ണം 5 ആക്കേണ്ടതാണ്.

2. സ്ത്രീകളെ പൂർണ്ണമായി തൊഴിൽ മേഖലയിൽ പങ്കാളികളാക്കുന്നതിന് തൊഴിൽ മേഖലയിൽ മാറ്റം വരുത്തേണ്ടതാണ്.

3. സ്ത്രീകളിലുള്ള ആർത്തവം ഗർഭധാരണം ഇവയെക്കുറിച്ച് ശാസ്ത്രീയമായി ചിന്തിക്കുവാൻ വേണ്ട ബോധവൽക്കരണം നടത്തുക.

4. സ്ത്രീകൾക്കെതിരെ ഒറ്റപ്പെട്ട അക്രമണങ്ങളും ലൈംഗിക ചൂഷണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും സ്ത്രീകളുടെ നിയമപരമായ ആവശ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകേണ്ടതുമാണ്.

5. സ്ത്രീകളുടെയും പുരുഷന്മാരുടെയും വേതനത്തിൽ അന്തരം നിലനിൽക്കുന്നതിനാൽ തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പുവരുത്തേണ്ടതാണ്.

6. സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ച് അറിവ് നൽകുകയും തൊഴിൽ സംരംഭങ്ങളെക്കുറിച്ച് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുക.

7. അംഗൺവാടി ജീവനക്കാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുകയും 1000 ജനങ്ങൾക്ക് ഒന്ന് എന്ന ക്രമത്തിൽ അംഗൺവാടി അനുവദിക്കുകയും ചെയ്യുക.

8. വിധവകൾക്കുള്ള പെൻഷൻപദ്ധതി ലഘൂകരിക്കുകയും വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഉയർത്തുകയും ചെയ്യുക.

9. വിധവകൾക്കുള്ള പെൻഷൻ പദ്ധതി ആനുകൂല്യങ്ങൾ 40 വയസ്സ് പൂർത്തിയായ അവിവാഹിതർക്കും നൽകുക.

10. പഞ്ചായത്തിലെ എല്ലാ അംഗൺവാടികളിലും മഹിളാ സ്വാശ്രയ സംഘം അനുവദിക്കുകയും പ്രവർത്തന ലക്ഷ്യം വ്യാപിപ്പിക്കുകയും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

11. സ്ത്രീകൾക്ക് ജോലി സംവരണം 35% ആയി ഉയർത്തുക.

12. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുക.

13. എല്ലാ സ്കൂളിനോടനുബന്ധിച്ചും പ്രീ-പ്രൈമറി വിദ്യാലയം ആരംഭിക്കുക.

14. കാർഷിക മേഖല മാന്യമായ തൊഴിൽ മേഖലയാണെന്നുള്ള അവബോധം സൃഷ്ടിക്കുകയും അടുക്കളത്തോട്ട നിർമ്മാണം, തേനീച്ച വളർത്തൽ,

നാടൻ കുളങ്ങളിൽ മത്സ്യക്കൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ഔഷധസസ്യങ്ങൾ തുടങ്ങിയ കൃഷികൾക്കാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹകരണം നൽകുക.

15. കാരഷിക വിഭവങ്ങളുടെ വിപണനത്തിന് സംവിധാനം ഏർപ്പെടുത്തുക.

16. ഫലവർഗ്ഗങ്ങളായ കശുമാങ്ങ, കപ്പ, കൈതച്ചക്ക, ചക്ക, മാങ്ങ തുടങ്ങിയവ കൊണ്ടുള്ള ഉല്പന്ന നിർമ്മാണത്തിന് സാങ്കേതിക സാമ്പത്തിക വിപണന സൗകര്യം ഏർപ്പെടുത്തുക.

17. റബ്ബർ അധിഷ്ഠിത ചെറുകിട, വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

18. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി എല്ലാ വീടുകളിലും മുട്ടക്കോഴികളെ സൗജന്യമായി വിതരണം ചെയ്യുക.

19. വെള്ളരിക്കുണ്ട് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും പ്രസവരക്ഷാ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

20. വിവാഹമോചന കേസുകൾക്ക് പരിഹാരമുണ്ടാക്കുന്നതിന് പഞ്ചായത്തിനകത്ത് സൗകര്യമുണ്ടാക്കുക.

21. സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന എ സർട്ടിഫിക്കറ്റ് സിനിമാ പ്രദർശനം തടയുകയും അശ്ലീല പോസ്റ്ററുകൾ പതിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുക.

22. പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ്ടു കോഴ്സുകൾ അനുവദിക്കുകയും സ്ത്രീകൾക്കുമാത്രമായി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.

23. പഞ്ചായത്തിൽ വനിതാ പോളിടെക്നിക്ക് ആരംഭിക്കുക.

24. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിധവകളുടെ പെൺമക്കൾക്ക് അനുവദിക്കുന്ന വിവാഹ ധനസഹായം അനുവദിക്കുക.

25. മദ്യം പൂർണ്ണമായി നിർത്തലാക്കുക.വ്യാജമദ്യ വില്പനക്കാർക്കെതിരെ സ്ത്രീകളെ മുന്നിൽനിർത്തി ജാഗ്രതാ സമിതികൾ രൂപീകരിക്കുക.

26. ദരിദ്രകുടുംബങ്ങളിലെ സ്ത്രീകൾക്ക് അസുഖം മൂലമോ പ്രസവ സംബന്ധമായോ സാമ്പത്തിക പരാധീനത നേരിടുമ്പോൾ പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകുക.ഇതിനായി എല്ലാ വാർഡുകളിലും പഞ്ചായത്ത് തലത്തിലും സഞ്ചിതനിധി ഏർപ്പെടുത്തുക.

27. സ്ത്രീകൾ സമർപ്പിക്കുന്ന ഏതൊരപേക്ഷയിന്മേലും ഒരാഴ്ചക്കകം തീർപ്പുകല്പിക്കുക.

28. മന്ദബുദ്ധികളായ വിദ്യാർത്ഥികൾക്കാവശ്യമായ സംരക്ഷണവും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനം ആരംഭിക്കുക.

29. ബളാലിലെ ഖാദിഭവൻ പഞ്ചായത്ത് ഏറ്റെടുത്ത് അനുയോജ്യമായ വനിതാ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

30. മഹിളാസമാജങ്ങൾ എല്ലാ വാർഡിലും ഉണ്ടാക്കുവാൻ പ്രേരണ നൽകുക.

31. ഏറ്റവും നല്ല സാമൂഹ്യ പ്രവർത്തകർക്ക് പഞ്ചായത്ത് തലത്തിൽ അംഗീകാരം നൽകുക.

തമിഴ് നാട്ടിൽ നിന്ന് പച്ചക്കറിയും കർണ്ണാടകയിൽ നിന്ന് മുല്ലപ്പൂവും എത്തിയില്ലെങ്കിൽ മലയാളി മങ്കയുടെ മാംഗല്യത്തിന് നിറവും മണവും നഷ്ടപ്പെടുന്നു.

ഇന്ത്യയിലെ സാധാരണക്കാരും ഇടത്തട്ടുകാരും പാവപ്പെട്ടവരുമായ കർഷക ജനതയുടെ അഭിവൃദ്ധിയെ ലക്ഷ്യം വച്ചുകൊണ്ടാണ് 1904-ൽ സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത്. അന്ന് രൂപീകരിച്ച സഹകരണ ക്രഡിറ്റ് സൊസൈറ്റി നിയമമനുസരിച്ചാണ് ഇന്ത്യയിൽ ആദ്യമായി ക്രഡിറ്റ് സൊസൈറ്റികൾ രൂപമെടുത്തത്.

1954-ൽ ചേർന്ന ഇന്ത്യൻ പാർലിമെൻറ് ഈ രാജ്യത്തെ എല്ലാവിധ സാമ്പത്തിക നയങ്ങളുടെയും പ്രധാന ലക്ഷ്യം സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമൂഹ്യക്രമമായിരിക്കുമെന്ന് പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനമനുസരിച്ച് സാമ്പത്തിക മേഖലയിൽ പരിവർത്തനം വരുത്തുവാൻ കഴിയണമെങ്കിൽ ഭൂരിഭാഗം ജനങ്ങളും കർഷക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്ന ഈ രാജ്യത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ പൂർവ്വാധികം പ്രവർത്തന ശേഷിയോടുകൂടി വളർന്നുവരേണ്ടതായിട്ടുണ്ട്, എന്ന് മനസിലാക്കുകയും നമ്മുടെ സംസ്ഥാനത്തെ പ്രമുഖ സഹകാരികളെല്ലാം അതിനുവേണ്ടി അക്ഷീണം പ്രവർത്തിക്കുയും ചെയ്തു. അങ്ങനെ 1969-ലെ 21-ാം ആക്ട് പ്രകാരം കേരള സഹകരണ സംഘം ആക്ട് 15-5-1969 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

## മാലോത്ത് സർവ്വീസ് സഹകരണ ബേങ്ക്

കേരളമൊട്ടാകെ നടന്ന സഹകരണ മുന്നേറ്റത്തിൻറെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും സഹകരണ പ്രസ്ഥാനത്തിൻറെ മഹത്വം മനസിലാക്കാനുള്ള ശ്രമം നടന്നു. കണ്ണൂർ ജില്ലയിലെ അവികസിത പ്രദേശമായ മാലോം ഗ്രാമം പ്രകൃതി കനിഞ്ഞരുളിയ ഫലഭൂയിഷ്ടമായ ഭൂപ്രദേശമെന്നല്ലാതെ മറ്റൊരു മേന്മയും ഈ പ്രദേശത്തിനുണ്ടായിരുന്നില്ല. പണത്തിൻറെ ക്ഷാമം അനിർവചനീയമായിരുന്നു. ഉള്ളത് വൻകിട ജന്മിമാരുടെയും കച്ചവടക്കാരുടെയും കയ്യിൽ മാത്രം. പാവപ്പെട്ട കൃഷിക്കാരുടെയും തൊഴിലാളികളുടേയും അന്നത്തെ ദയനീയ ചിത്രം ആ കാലങ്ങൾ കടന്നുവന്നിട്ടുള്ള ഏതൊരാൾക്കും മറക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. ഭൂമി നിരാധാരമാക്കിയും വിളകൾ മുൻകൂർ വിറ്റും അന്നത്തെ സാധാരണക്കാർ പണത്തിൻറെ ആവശ്യം നിറവേറ്റാൻ നിർബന്ധിതരായിത്തീർന്നു.

സമൂഹത്തിലെ ചില ഉന്നത വ്യക്തികളെയും കാഞ്ഞങ്ങാട്ടെ ചില വ്യാപാരികളേയും ആശ്രയിച്ചുള്ള സാമ്പത്തിക ഇടപാടിൽ നിന്നും മോചനം നേടേണ്ടത് നാടിൻറെ ഒരാവശ്യമായി വന്നു. അതിനാൽ ഇത്തരം ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും വേഗം വിമുക്തമാകണമെന്നും നമ്മുടെ പ്രദേശത്തും ഒരു ഐക്യ നാണയ സംഘം പ്രവർത്തിക്കണമെന്നും തദ്വാരാ ഒരു പരിധിവരെ മോചനം നേടാം എന്നും സാധാരണക്കാരായ കൃഷിക്കാർക്ക് തോന്നിത്തുടങ്ങി.

1958 ജനുവരി മാസത്തിൽ മാലോം മണ്ഡലം കണ്ടത്ത് വച്ച് നടന്ന പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ സമ്മേളനത്തിൽ സംബന്ധിക്കുവാൻ വന്ന മുൻ സഹകരണ വകുപ്പ് മന്ത്രിയും അന്നത്തെ സർക്കിൾ കൊ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാനുമായിരുന്ന ശ്രീ. എൻ.കെ.ബാലകൃഷ്ണൻ മുമ്പാകെ കാര്യങ്ങളുടെ ദയനീയാവസ്ഥ പറഞ്ഞ് മനസിലാക്കുകയും ഏതാനും ആഴ്ചകൾക്ക് ശേഷം മാലോത്ത് കസ്ബ സ്കൂളിൽ വച്ച് കൃഷിക്കാരുടെ ഒരു യോഗം അദ്ദേഹം തന്നെ വിളിച്ചുകൂട്ടുകയും ഐക്യനാണയ സംഘം രൂപീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

അങ്ങനെ 1958 ആഗസ്റ്റ് മാസത്തിൽ മാലോത്ത് കസ്ബ സ്കൂളിൽ വച്ച് കൂടിയ യോഗത്തിൽ യശ്ശ:ശരീരനായ ശ്രീ.വി.വി.കുഞ്ഞമ്പുവിൻറെ അദ്ധ്യക്ഷതയിൽ യശ്ശ:ശരീരനായ ശ്രീ.എൻ.കെ.ബാലകൃഷ്ണനാൽ മാലോത്ത് ഐക്യനാണയസംഘം ഉൽഘാടനം ചെയ്യപ്പെട്ടു.

ശ്രീ.കരിമ്പിൽ കുഞ്ഞിക്കോമൻ പ്രസിഡണ്ടായും ഈശ്വരപിള്ള സെക്രട്ടറിയായും, ശ്രീ.കെ.കെ.ജോസഫ് കൊളത്തിനാൽ, പി.എച്ച്. മുഹമ്മദ് കുഞ്ഞി, തോമസ്സ് കല്ലേക്കുളം, പി.ജെ.തോമസ്സ് പൊടിപ്പാറ, ജോർജ്ജ് മുത്തോലി എന്നിവരടങ്ങുന്ന ഭരണ സമിതിയേയും തിരഞ്ഞെടുത്തു. പിന്നീട് വിവിധോദ്ദേശ സഹകരണ സംഘമായും സർവ്വീസ് സഹകരണ സംഘമായും ഉയർത്തപ്പെടുകയുണ്ടായി.. 27-9-1973-ൽ അന്നത്തെ പ്രസിഡണ്ടായിരുന്ന ശ്രീ.ജോർജ്ജ് മുത്തോലിയുടെ പ്രവർത്തനഫലമായി യശ്ശ:ശരീരനായ

ശ്രീ.എൻ.കെ.ബാലകൃഷ്ണൻ സഹകരണവകുപ്പ് മന്ത്രിയായപ്പോൾ സർവ്വീസ് സഹകരണ ബേങ്ക് ആയി ഉയർത്തപ്പെടുകയുംപ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു. തുടർന്ന് വന്ന ഭരണസമിതിയുടെയും മെമ്പർമാരുടെയും അക്ഷീണമായ പ്രവർത്തന ഫലമായി ഇന്നത്തെ നിലയിൽ എത്തുകയും ചെയ്തു. ഇന്ന് ശ്രീ.ജോർജ്ജ് മുത്തോലിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ബാങ്ക് ഭരണം ഇന്നും നടത്തിക്കൊണ്ടുപോകുന്നത്.

1958-ൽ ആരംഭിച്ച ഐക്യ നാണയ സംഘം കേവലം ഒരു രൂപ ഇരുപത്തഞ്ചു പൈസ ഷെയർ കാപ്പിറ്റലിലാണ് തുടങ്ങിയത്. അന്ന് കേവലം 55 അംഗങ്ങളോട് കൂടി ആകെ 500-ൽ പരം രൂപ മൂലധനത്തോട് കൂടി തുടങ്ങിയ സംഘം ഇന്ന് വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഈ സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

ബളാലിൽ ഹെഡ്ഡാഫീസും മാലോം, കൊന്നക്കാട് എന്നിവിടങ്ങളിൽ സ്വന്തം കെട്ടിടത്തോട് കൂടിയ ശാഖകളും പ്രവർത്തിച്ചുവരുന്നു. കർഷികപ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ദൈനംദിന ആവശ്യങ്ങൾക്ക് ഒഴിച്ചുകൂടാൻപറ്റാത്ത ഒരു സ്ഥാപനമായി മാലോത്ത് സർവ്വീസ് സഹകരണ ബേങ്ക് വളർന്നുകൊണ്ടിരിക്കുകയാണ്.

ഇന്ന് 6289 മെമ്പർമാരും 149.8 ലക്ഷം രൂപ ഓഹരി മൂലധനവുമുള്ള ബേങ്ക് 227 ലക്ഷം രൂപ നിക്ഷേപമായി സ്വീകരിക്കുകയും കാർഷിക വായ്പയായും കാർഷികേതര വായ്പയായും 3.02 കോടി രൂപ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പടുകയും ചൊയ്തിട്ടുണ്ട്. പ്രവർത്തന മൂലധനമായി 365 ലക്ഷം രൂപയുമുണ്ട്. ഇത്രയൊക്കെയാണെങ്കിലും നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാരായ എല്ലാവിഭാഗം ജനതയുടെയും ആവശ്യങ്ങൾ നിറവേറ്റാൻ ബേങ്കിന് കഴിയുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.

മാലോത്ത് സർവ്വീസ് സഹകരണ ബേങ്കിന് പുറമേ ഹോസ്ദുർഗ്ഗ് കാർഷിക വികസന ബേങ്കും കാസർഗോഡ് ജില്ലയിലെ വായ്പാവിതരണ സംഘത്തിലെ അപ്പക്സ് സ്ഥാപനമായ കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബേങ്കും നമ്മുടെ പഞ്ചായത്തിലെ വായ്പ വിതരണ മേഖലയിൽ പ്രവർത്തിക്കുന്നു. കാർഷിക വികസന ബേങ്കിന്റെ ഭീമനടി ശാഖയാണ് ജനങ്ങൾ കാര്യമായി ആശ്രയിക്കാറ്. കാർഷിക വായ്പയായി 165 ലക്ഷം രൂപയും കാർഷികേതര വായ്പയായി 6.85 ലക്ഷം രൂപയും വാഹന വായ്പയായി 19.3 ലക്ഷം രൂപയും ഭവന വായ്പയായി 40.6 ലക്ഷം രൂപയും കാർഷിക വികസന ബേങ്ക് വഴി വിതരണം ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലാ സഹകരണ ബേങ്കിന്റെ വെള്ളരിക്കുണ്ട് ശാഖ വഴിയും കാർഷിക വായ്പകളും, കാർഷികേതര വായ്പകളും, വാഹന ഭവനനിർമ്മാണ വായ്പകളും വിതരണം ചെയ്തുവരുന്നു.

പട്ടിക-1 കാർഷിക വായ്പാ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (ലക്ഷം) | കടം (ലക്ഷം) | നിക്ഷേപം (ലക്ഷം) | വായ്പകൾ (ലക്ഷം) | | പ്രവർത്തന മൂലധനം (ലക്ഷം) | ലാഭ നഷ്ടങ്ങൾ | | ലാഭ നഷ്ടങ്ങൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | ലാഭം (ലക്ഷം) | നഷ്ടം (ലക്ഷം) | സ്വന്തം | മറ്റുള്ളവർ |
| മാലോത്ത് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം | 1958 | ബളാൽ പഞ്ചായത്ത് | 6289 | 149.8 | 721 | 227 | 162 | 140 | 360.3 | | 7 | 16 | 2 |
| ഹോസ്ദുർഗ്ഗ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ഡവലപ്പ്മെന്റ് ബേങ്ക് | | ഹോസ്ദുർഗ്ഗ് താലൂക്ക് | 1200 (പഞ്ചായത്ത് പരിധിയിൽ) | | | | 165 | 241 | | | | | |

## നടപ്പിലാക്കേണ്ട പദ്ധതികൾ-പോരായ്മകൾ

1. മാലോത്ത് സർവ്വീസ് സഹകരണ ബേങ്ക് 30-6-96-ലെ കടധനപട്ടിക പ്രകാരം 7 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷടം നികത്തുന്നതിന് നഷ്ടത്തിന് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കേണ്ടതാണ്.

2. വായ്പ എടുത്ത് തിരിച്ചടക്കുന്ന എല്ലാ അംഗങ്ങൾക്കും ഒരാഴ്ചക്കകം തന്നെ പുതിയ വായ്പ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഇന്ന് വസ്തു പണയത്തിന്മേൽ പരമാവധി കൊടുക്കുന്ന 50000/- രൂപ ഒരു ലക്ഷമായി ഉയർത്തേണ്ടതാണ്.

3. വെള്ളരിക്കുണ്ട്, എടത്തോട് എന്നീ സ്ഥലങ്ങളിൽ ബേങ്കിന്റെ ശാഖകൾ തുടങ്ങി പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. വ്യപാര കേന്ദ്രമായ വെള്ളരിക്കുണ്ടിൽ പ്രഭാത, സായാഹ്നശാഖയും പ്രവർത്തിക്കേണ്ടതാണ്.

4. ഭവന നിർമ്മാണ മേഖലയിലും വാഹനവായ്പ മേഖലയിലും വായ്പ ലഭ്യമാക്കാൻ സഹകരണ ബേങ്കിന് കഴിയണം.

5. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് സാധാരണക്കാർക്ക് എത്തിച്ച് കൊടുക്കുന്നതിന് പ്രധാനപ്പെട്ട രണ്ട് മൂന്ന് കേന്ദ്രങ്ങളിൽ കൺസ്യൂമർ ഷോപ്പുകൾ ബേങ്കിന് കീഴിൽ ആരംഭിക്കണം.

6. വനിതകൾ, തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവാക്കൾ എന്നിവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ട ധനസഹായം ചെയ്യുന്നതിൽ കുറേക്കൂടി ലളിതമായ സമീപനം ആവശ്യമാണ്.

7. അർഹരായ വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പുവരുത്തണം.

8. സഹകരണ ബേങ്ക് കർഷകരെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ അടങ്ങിയ ഒരു ലാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടത് ഓരോ കർഷകർക്കും ഒരു വർഷത്തേക്കാവശ്യമായ വായ്പ മുൻകൂട്ടി നിശ്ചയിച്ച് വായ്പയുടെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

9. സൗകര്യപ്രദമായ ഒരു ഹെഡ്ഡ് ഓഫീസ് കെട്ടിടത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ മാലോത്ത് സർവ്വീസ് സഹകരണ ബേങ്കിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കേണ്ടതാണ്.

## റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി

കാസർഗോഡ് ജില്ലയിലെ സഹകരണ വിപണന രംഗത്തെ എറ്റവും വലിയ സ്ഥാപനമായ കാസർഗോഡ് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് ബളാൽ പഞ്ചായത്തിൽ മൂന്ന് ഡിപ്പോകൾ ഉണ്ട്. 7-4-1967-ൽ പ്രവർത്തനമാരംഭിച്ച് 31-1-1971-ൽ സഹകരണ മാർക്കറ്റിംഗ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ട സൊസൈറ്റിക്ക് നമ്മുടെ പഞ്ചായത്തിൽ 600 മെമ്പർമാർ ഉണ്ട്. അംഗീകൃത ഓഹരി മൂലധനമായി 125 ലക്ഷം രൂപയുള്ള സംഘത്തിന് ജില്ലയിൽ പതിനൊന്ന് ഡിപ്പോകളും വെസ്റ്റ് എളേരി പഞ്ചായത്തിലെ മാങ്ങോട് എന്ന സ്ഥലത്ത് സെൻട്രിഫ്യൂജിംഗ് ലാറ്റക്സ് ഫാക്ടറിയും ഉണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരെ ഇടത്തട്ടുകാരുടേയും കച്ചവടക്കാരുടേയും

ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സൊസൈറ്റി വെള്ളരിക്കുണ്ട്, മാലോം, കൊന്നക്കാട് എന്നീ സ്ഥലങ്ങളിൽ ഡിപ്പോകൾ ആരംഭിക്കുകയും റബ്ബർ ശേഖരണം നടത്തിവരികയും ചെയ്യുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് റബ്ബർ ഉല്പാദനരംഗത്ത് വർഷം തോറും 20% ത്തിന്റെ വർദ്ധനവ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1994-95, 95-96 വർഷങ്ങളിൽ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും നമ്മുടെ സംസ്ഥാനത്തെ നികുതിയും അയൽ സംസ്ഥാനങ്ങളിലെ നികുതിയും തമ്മിലുള്ള ഗണ്യമായ വ്യത്യാസം നിമിത്തം സംഘത്തിൽ ലഭിക്കുന്ന റബ്ബറിന്റെ അളവ് ഗണ്യമായി കുറയുകയാണുണ്ടായത്. നികുതിയിനത്തിലുള്ള വ്യത്യാസം കാരണം നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഭൂരിഭാഗം റബ്ബറും കള്ളക്കടത്തായി കർണ്ണാടകയിലേക്ക് പോകുന്നതുകൊണ്ട് നികുതി ഇനത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടവും ഉണ്ടാകുന്നു.

റബ്ബർ ശേഖരണം ആർ.എസ്സ്.എസ്സ് ഗ്രേഡ് ആർ.എസ്സ്.എസ്സ് അൺഗ്രേഡ് എന്നീ തരംതിരിച്ചെടുത്ത് കർഷകർക്ക് പരമാവധി വില ഉറപ്പാക്കുന്നതോടൊപ്പം തന്നെ കർഷകർക്ക് ആവശ്യമായ വളം, കീടനാശിനികൾ, ആസിഡ് മറ്റ് കൃഷി ആയുധങ്ങൾ എന്നിവയുടെ വില്പനയും സംഘം വഴി ചെയ്തുവരുന്നു. ഒട്ടുപാൽ, ചിരട്ടപ്പാൽ എന്നിവയ്ക്ക് ന്യായമായ വില ലഭിക്കുന്നതിനും സംഘത്തിന്റെ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

റബ്ബർ ശേഖരണവും വിപണനവും നടത്തുന്നതിനോടൊപ്പം തന്നെ പൊതുജനങ്ങളിൽ നിന്ന് സ്ഥിരം നിക്ഷേപങ്ങളും ഹ്രസ്വകാല നിക്ഷേപങ്ങളും സ്വീകരിച്ച് ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സംഘം ശ്രമിക്കുന്നു. സംഘത്തിന്റെ വിവിധ ഡിപ്പോകൾ വഴി റബ്ബർ പാൽ സംഭരണവും നടത്തിവരുന്നു.

റബ്ബറിന് സംസ്ഥാനസർക്കാർ പർച്ചേഴ്സ് ടാക്സ് ഇനത്തിൽ ഈടാക്കുന്ന ഭീമമായ നികുതി ഒരു പരിധിവരെ കുറച്ചാൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും റബ്ബർ കള്ളക്കടത്ത് തടയുന്നതിനും അതുവഴി സംസ്ഥാനത്തിന് ലക്ഷക്കണക്കിന് രൂപയുടെ നികുതി ആധിമായി ലഭിക്കുന്നതിനും കാരണമാകും.

പട്ടിക-2 റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി

| സംഘത്തിന്റെ പേര് | പഞ്ചായത്ത് പരിധിയിലെ മെമ്പർമാർ | റബ്ബർ ഇനങ്ങൾ വാങ്ങിയത് | | | റബ്ബർ കർഷകർക്ക് അവശ്യ വസ്തുക്കൾ വിതരണം | | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|
| | | 93-94 (ലക്ഷം) | 94-95 (ലക്ഷം) | 95-96 (ലക്ഷം) | 93-94 (ലക്ഷം) | 94-95 (ലക്ഷം) | 95-96 (ലക്ഷം) | |
| കാസർഗോഡ് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി വെള്ളരിക്കുണ്ട് ഡിപ്പോ, വെള്ളരിക്കുണ്ട് | 210 | 98.6 | 91.7 | 125.4 | 9.26 | 13.3 | 17.3 | 2 |
| മാലോത്ത് ഡിപ്പോ | 260 | 77 | 97.3 | 100.1 | 7.7 | 9.9 | 11.7 | 3 |
| കൊന്നക്കാട് ഡിപ്പോ | 260 | 58.4 | 71.4 | 73.0 | .8 | 1.1 | 5.1 | 2 |

## ക്ഷീര സഹകരണസംഘങ്ങൾ

ബളാൽ പഞ്ചായത്തിലെ ഒന്നാം വാർഡ് പ്രവർത്തന പരിധിയായി ഇടത്തോട് ക്ഷീരോത്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നു. നിലവിൽ സംഘത്തിൽ 275 മെമ്പർമാരുണ്ട്. നൂറ്റി അമ്പത് ലിറ്റർ പാൽ മാത്രമെ ഇപ്പോൾ ദിനംപ്രതി സംഘത്തിന് ലഭിക്കുന്നുള്ളു. പാൽ ഉല്പാദകരായ കർഷകർക്ക് പ്രചോദനം നൽകുനതിന് വേണ്ടി ഉല്പാദക ബോണസ്സ് വിതരണം ചെയ്ത് വരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സംഘത്തിൽ പാൽ ഉല്പാദനം 5 ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

ബളാൽ ക്ഷീരോല്പാദക സഹകരണ സംഘം പഞ്ചായത്തിലെ 3, 4 വാർഡുകൾ ഉൾക്കൊള്ളുന്നതാണ്. 1985-ൽ പ്രവർത്തനമാരംഭിച്ച സംഘം ക്ഷീരകർഷകരിൽ നിന്ന് പാൽ ശേഖരിക്കുന്നതോടൊപ്പം കർഷകർക്ക് ആവശ്യമായ സേവനങ്ങളും സംഘം ചെയ്തു കൊടുത്തുവരുന്നു. മുടങ്ങാതെ ഉല്പാദക ബോണസ്സ് വിതരണം ചെയ്ത് വരുന്ന സംഘം വഴി നല്ലയിനം പശുക്കളെ വിതരണം ചെയ്ത് വരുന്നു. അഞ്ച് വർഷം കൊണ്ട് ഉല്പാദനം 1000 ലിറ്റർ ആയി വർദ്ധിപ്പിക്കേണ്ടതാണ്. സംഘത്തിന്റെ കീഴിൽ വനിത ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

വെള്ളരിക്കുണ്ട് ക്ഷീരോല്പാദക സഹകരണ സംഘം പഞ്ചായത്തിലെ 2,5 വാർഡുകൾ ഉൾപെടുന്നതാണ്. നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സംഘത്തിന്റെ കീഴിൽ ക്ഷീരോത്പന്ന നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഉല്പാദക ബോണസ്സ് സ്ഥിരമായി നൽകിവരുന്ന സംഘത്തിൽ നിലവിൽ ലഭിക്കുന്ന പാലിന്റെ അളവ് വളരെ കുറവാണ്.

പഞ്ചായത്തിലെ 6,7,8 വാർഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിച്ചു വരുന്ന മാലോം ക്ഷീരോല്പാദക സഹകരണ സംഘം സമീപകാലത്തായി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. 1985-ൽ പ്രവർത്തനമാരംഭിച്ച സംഘത്തിൽ നിലവിൽ 307 മെമ്പർമാരുണ്ട്. കർഷകർക്ക് മറ്റ് ആവശ്യമായ മറ്റ് സേവനങ്ങൾ ചെയ്തുകൊടുക്കുന്നതോടൊപ്പം സംഘത്തിന്റെ കീഴിൽ വനിതാ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റും ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംഘം വഴി എസ്.എൽ,ബി.പി. പദ്ധതിയുടെ 70 യൂണിറ്റും ഉണ്ട്. നിലവിൽ 150 ലിറ്റർ പാൽ മാത്രമേ ലഭിക്കുന്നുള്ളൂ.

1983-ൽ പ്രവർത്തനമാരംഭിച്ച കൊന്നക്കാട് ക്ഷീരോല്പാദക സഹകരണ സംഘം 9,10 വാർഡുകൾ പ്രവർത്തന പരിധിയിലാണ്. പാൽ ശേഖരണത്തോടൊപ്പം തന്നെ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റും എസ്.എൽ,ബി.പി. പദ്ധതിയുടെ 90 യൂണിറ്റും സംഘത്തിന്റെ കീഴിൽ ഉണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സംഘത്തിലും നിലവിൽ 160 ലിറ്റർ പാൽ മാത്രമെ ലഭിക്കുന്നുള്ളൂ.

പഞ്ചായത്തിലെ 5,6 വാർഡുകൾ ഉൾപ്പെടുന്ന ചുള്ളിയിലും 7-ാം വാർഡിൽ പുഞ്ചയിലും 10-ാം വാർഡിൽ മുട്ടോം കടവിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക-3 ക്ഷീരോല്പന്ന സഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | സംഘം പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി വാർഡുകൾ | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | വ്യാപാര ഇടപാടുകൾ (ലക്ഷം) | നിക്ഷേപം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ലാഭം | നഷ്ടം | സ്ഥി. | താൽക്കാലികർ |
| ഇടത്തോട് ക്ഷീരോല്പാദക സഹകരണ സംഘം | 1983 | 1-ാം വാർഡ് | 275 | 5040 | 4.51 | - | 3.43 | 25 | - | 2 | - |
| ബളാൽ ക്ഷീരോല്പാദക സഹകരണ സംഘം | 1985 | 3,4 വാർഡുകൾ | 300 | 5500 | 5.2 | 3000 | 3.0 | 23 | - | 2 | 4 |
| വെള്ളരിക്കുണ്ട് ക്ഷീരോല്പാദക സഹകരണ സംഘം | 1985 | 2,5 വാർഡുകൾ | 4.2 | 6200 | 6.2 | - | 3.5 | 35 | - | 4 | 4 |
| മാലോം ക്ഷീരോല്പാദക സഹകരണ സംഘം | 1985 | 6,7,8 വാർഡുകൾ | 307 | 4444 | 5.16 | - | 1.8 | 28 | - | 2 | - |
| കൊന്നക്കാട് ക്ഷീരോല്പാദക സഹകരണ സംഘം | 1983 | 9,10 വാർഡുകൾ | 252 | 3890 | 5.32 | - | 2.9 | 26 | - | 2 | 4 |

നിർദ്ദേശങ്ങൾ

1. ഇന്നത്തെ ഉല്പാദനച്ചിലവുമായി താരതമ്യം ചെയ്യുമ്പോൾ ക്ഷീരകർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. ന്യായമായ വില ലഭിക്കുന്നതിന് വേണ്ട നടപടികൾ ആവശ്യമാണ്.

2. ക്ഷീരകർഷകർക്ക് നല്ലയിനം കറവമാടുകളെ വിതരണം ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദിപ്പിക്കുന്ന പാൽ പഞ്ചായത്തിൽ തന്നെ സംസ്കരിക്കുന്നതിനും പുതിയ വ്യവസായ സഹകരണസംഘം രൂപീകൃതമാവണം

3. ക്ഷീരകർഷകരായ മുഴുവൻ കർഷകർക്കും ക്ഷീരസംഘങ്ങളിൽ അംഗത്വം നൽകണം.

4. കാലിത്തീറ്റ വിതരണം പലപ്പോഴും മുടങ്ങുന്നത് പാൽ ഉല്പാദനക്കുറവിന് കാരണമാവുന്നു. കാലിത്തീറ്റ വിതരണത്തിന് സ്ഥിരം സംവിധാനം വേണം.

5. ക്രീത്രിമ ബീജദാന പദ്ധതി പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ലഭിക്കുന്ന രീതിയിലാക്കണം.

6. കന്നുകാലി സംരക്ഷണത്തിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം കൃത്യസമയത്ത് ലഭിക്കുന്നതിന് പദ്ധതിവേണം.

പട്ടിക-4 ചകിരിവ്യവസായ സഹകരണസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പിരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | വ്യാപാര ഇടപാടുകൾ (ലക്ഷം) | പ്രവർത്തന മൂലധനം | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|
| | | | | | | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവ |
| ഇന്ദിരാജി യന്ത്രവല്ക്കൃത ചകിരിവ്യവസായ സഹകരണ സംഘം | 1993 | പഞ്ചായത്ത് മുഴുവൻ | 35 | 57 | - | 31.85 | - | - | - |

## ചകിരി വ്യവസായ സഹകരണ സംഘം

1994 രജിസ്റ്റർ ചെയ്ത് വള്ളിക്കടവിൽ പ്രവർത്തിച്ചുവരുന്ന ഇന്ദിരാജി യന്ത്രവല്ക്കൃത ചകിരി വ്യവസായ സഹകരണ സംഘം പഞ്ചായത്തിലെ ഏക വ്യവസായ സഹകരണ യൂണിറ്റാണ്. 35 മെമ്പർമാരും കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ സബ്സിഡിയോടെയും എൻ.സി.ഡി.സി. യുടെ വായ്പയോടെയും 21.85 ലക്ഷം രൂപ പ്രവർത്തന മൂലധനമുള്ള സംഘം പ്രവർത്തന ക്ഷമമാകുന്നതോടെ 35 പേർക്ക് നേരിട്ടും കുറേ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാനിടയാകും. അസംസ്കൃതവസ്തുവായ ചകിരിതൊണ്ട് ഉപയോഗിച്ച് ചകിരിനാര് ഉണ്ടാക്കുന്നതിനും ചകിരി ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്നതിനും ആണ് പദ്ധതി. ചകിരിതൊണ്ട് സുലഭമാണെങ്കിൽ പരിപൂർണ്ണമായ യന്ത്രവൽക്കൃത യൂണിറ്റായതിനാൽ ഉർജ്ജസ്രോതസ്സിന്റെ ലഭ്യക്കുറവ് പ്രശ്നമാകാൻ ഇടയുണ്ട്. ചകിരിനാര് ഉപയോഗിച്ച് കയർ, കയറ്റുപായ മുതലായ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന 35 റാട്ട് ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്.

എടത്തോട് കേന്ദ്രമായി പ്രവർത്തിച്ചുവന്നിരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം നല്ല രീതിയിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. എങ്കിലും പില്ക്കാലത്തുണ്ടായ രാഷ്ട്രിയാതിപ്രസരം പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കാൻ കാരണമായി. സഹകരണ മേഖലയിൽ പ്രധാന്യമുള്ള പ്രസ്തുത പ്രസ്ഥാനം പുനരുജ്ജീവിപ്പേക്കണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കൊന്നക്കാട് ആസ്ഥാനമായി രൂപീകരിച്ച കടലാസുകളിലൂടെ ജീവീക്കുന്ന സഹകരണ ആശുപത്രിയും പുനരുജ്ജീവീപ്പിക്കേണ്ടതും പ്രസ്തുത സംഘത്തെ ഇന്നാട്ടിലെ ആരോഗ്യ രംഗത്ത് നിറഞ്ഞ് നിൽക്കുന്ന ഒരു പ്രസ്ഥാനമായി മാറ്റുകയും ചെയ്യണം.

റബ്ബർ ഉല്പാദക സംഘങ്ങൾ റബ്ബർ കർഷക ാ അംഗങ്ങളാക്കി പ്രവർത്തിച്ചുവരുന്നു. എടത്തോട്, ബളാൽ, അത്തിക്കടവ്, വെള്ളരിക്കുണ്ട്, മാലോം, കോലുങ്കൽ, കൊന്നക്കാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഉല്പാദകസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. റബ്ബർ ബോർഡ് ഉല്പാദകസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ വളം, കീടനാശിനികൾ, ആസിഡ് മുതലായവ വിതരണം ചെയ്ത് വരുന്നു. ഇതിൽ പുഞ്ച, കോലുങ്കാൽ സംഘങ്ങൾ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന പരാതി ഗ്രാമ സഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

കേരളത്തിലെ സമ്പദ് വ്യവസഥയെ നിയന്ത്രിക്കുന്ന സഹകരണ പ്രസ്ഥാനത്തിന് കാർഷിക മേഖലയായ ബളാൽ പഞ്ചായത്തിലെ കൃഷിയെ സഹകരണ പ്രസ്ഥാനവുമായി സമന്വയിപ്പിച്ചുകൊണ്ട് ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. പ്രധാനമായും കാർഷിക വസ്തുക്കളുടെ വിപണന രംഗത്ത് സഹകരണ പ്രസ്ഥാനങ്ങൾ ആവശ്യമാണ്. റബ്ബറിനും റബ്ബറിന്റെ മറ്റ് ഉല്പന്നങ്ങൾക്കും കി.ഗ്രാമിന് 2 മുതൽ 3 രൂപവരെ കുറച്ചാണ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി നമ്മുടെ പഞ്ചായത്തിൽ ഡിപ്പോകൾ ആരംഭിക്കുന്നതിന് മുമ്പ് കച്ചവടക്കാർ വാങ്ങിയിരുന്നത്. എങ്കിൽ സൊസൈറ്റിയുടെ പ്രവർത്തനത്തിലൂടെ കൊച്ചി, കോട്ടയം പത്രവിലയേക്കാൾ കൂടിയ വില ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭിച്ചുവരുന്നു എന്നത് സഹകരണ മേഖലയുടെ ആവശ്യകതയെ ബോധ്യപ്പെടുത്താൻ സഹായകമാണ്.

കാർഷിക വിഭവങ്ങൾ കർഷകരിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നതിനും കർഷകർക്ക് വിലക്കുറവുള്ള അവസരങ്ങളിൽ ഉല്പന്നങ്ങൾ സ്റ്റോക്ക് കടം കൊടുക്കാൻ സാധിക്കുന്ന രീതിയിൽ പഞ്ചായത്തിലെ പ്രധാന പ്രദേശങ്ങളായ ബളാൽ, വെള്ളരിക്കുണ്ട്, മാലോം എന്നിവിടങ്ങളിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കണം. കൺസ്യൂമർ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്നത് ദുഃഖകരമാണ്. എടത്തോട്, ബളാൽ, വെള്ളരിക്കുണ്ട്, ചുള്ളി, മാലോം, കൊന്നക്കാട് എന്നീ പ്രദേശങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ചുള്ളിമേഖലയിൽ വർഷങ്ങളായി പ്രവർത്തിച്ചുവന്നിരുന്ന റേഷൻഷാപ്പ് ഇപ്പോൾ ഏറ്റെടുത്ത് നടത്താൻ ആളില്ലാത്തതിനാൽ മാലോം റേഷൻ ഷാപ്പിനോട് ചേർന്നാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത റേഷൻഷാപ്പ് സഹകരണ മേഖലയിൽ ആരംഭിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിലെ മാലോം, കൊന്നക്കാട് ഭാഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് വനവിഭവങ്ങൾ ശേഖരിക്കുന്നതിനും കുട്ടനെയ്ത്ത്, പായ നെയ്ത്ത് മുതലായവ നടത്തുവാൻ കഴിയും വിധം ഒരു സഹകരണ സംഘം ആരംഭിക്കണം. തയ്യൽ തൊഴിലാളി സഹകരണ സംഘവും ആരംഭിക്കാവുന്നതാണ്. നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനം ആരംഭിച്ചാൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ സാധിക്കും.

ബളാൽ പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ തേങ്ങ, തൊണ്ട്, റബ്ബർ, കശുവണ്ടി എന്നിവ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്. തേങ്ങസംസ്കരണത്തിനും കശുവണ്ടി, കശുമാങ്ങ സംസ്കരണത്തിനും റബ്ബർ ഉല്പന്ന നിർമ്മാണത്തിനും പ്രത്യേകം പ്രത്യേകം സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

തൊഴിൽ സാധ്യതകൾ

പഞ്ചായത്തിലെ സഹകരണ മേഖലയിൽ 586 പേർ ജോലിചെയ്തുവരുന്നു. തൊഴിൽ മേഖലകൾ വർദ്ധിപ്പിക്കാൻ സാധിക്കുന്ന ഏറ്റവും നല്ല മേഖലയാണ് സഹകരണം. ചുള്ളി, പുഞ്ച, മൂടോം കടവ് എന്നിവിടങ്ങളിൽ ക്ഷീരസംഘങ്ങൾ സ്ഥാപിതമായാൽ 6 പേർക്ക് നേരിട്ട് ജോലി ലഭിക്കും. കൂടാതെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ തുറന്നാൽ 10 പേർക്കും ജോലിലഭിക്കും.

വള്ളിക്കടവിൽ പ്രവർത്തനമാരംഭിക്കാനിരിക്കുന്ന കയർ വ്യവസായ സഹകരണ സംഘം വിപുലീകരിച്ച് 100 പേർക്ക് നേരിട്ടും 50 പേർക്ക് പരോക്ഷമായും ജോലി ലഭിക്കുന്ന വിധത്തിലാക്കണം. കശുവണ്ടി, കശുമാങ്ങ സംസ്കരണം റബ്ബർ അധിഷ്ടിത വ്യവസായ സഹകരണസംഘങ്ങളും തുടങ്ങിയാൽ 200 പേർക്ക് തൊഴിൽ നൽകാനാകും. കുട്ടനെയ്ത്ത്, പായ നെയ്ത് വനവിഭവങ്ങൾ എന്നിവ തൊഴിൽ കൂടുതൽ ലഭിക്കാൻ സാധിക്കുന്ന മേഖലകളാണ്. കൂടാതെ തേങ്ങ സംസ്കരണം അച്ചാർ, കറിപൗഡർ എന്നിവയുടെ നിർമ്മാണവും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്ന മറ്റൊരാവശ്യം പഞ്ചായത്ത് തല സഹകരണ സെൽ രൂപീകരിക്കുക എന്നതാണ്. സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സഹകരണസെൽ രൂപീകൃതമായാൽ സഹകരണത്തെക്കുറിച്ച് വിദഗ്ദോപദേശങ്ങളും ആവശമായ മേൽ നോട്ട പ്രവർത്തനങ്ങളും നടത്താൻ സാധിക്കും.

സഹകരണരംഗത്തെ വിവിധമേഖലകളിൽ ഈ പഞ്ചായത്തിൽ 310 ലക്ഷം രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. ഇത്രയും തുക മുടക്കുക വഴി 512 പേർക്ക് നേരിട്ടും 600 ഓളം പേർക്ക് പരോക്ഷമായും ജോലിയും പഞ്ചായത്തിലെ മുഴുവൻ കുടുബാംഗങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമ സ്വരാജ് നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 10 വാർഡുകളിൽ നടന്ന വിപുലമായ ഗ്രാമസഭകളിൽ നിന്നും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളെ ക്രോഡീകരിച്ചും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ഊന്നൽ നൽകുന്ന വിധത്തിലുള്ള മറ്റ് പ്രവർത്തനത്തെക്കുറിച്ചുമാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്.

**നമ്മുടെ ഗ്രാമ ലക്ഷങ്ങളെ**
**സേവിക്കുകയാണ് സ്വരാജിന്റെ ഉദ്ദേശം**
**-ഗാന്ധിജി-**

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകൾക്ക് മുമ്പ് നാടോടികളായി കർണാടക, മറാത്ത, ഭൂ പ്രദേശങ്ങളിൽ നിന്ന് ഇവിടെ എത്തിച്ചേർന്ന് വന ഭൂമികളോട് ചേർന്ന ചെറിയ കാട്ടു പ്രദേശങ്ങളിൽ സ്ഥിര താമസം ഉറപ്പിച്ച ദ്രാവിഡ ഗോത്ര വംശജരായ മാവിലർ , വേട്ടുവർ , നായിക്കർ എന്നിവരാണ് പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ.

മണ്ണിന്റെ മക്കൾ എന്ന അവകാശ വാദം ആർക്കെങ്കിലും നൽകാമെങ്കിൽ അത് ഏറ്റവും അർഹമായത് ഈ അധസ്ഥിത വർഗ്ഗത്തിനാണ്. പഞ്ചായത്തിലെ ആദിമ വാസികൾ എന്നല്ല ആദ്യമായി മണ്ണിന്റെ ഗന്ധം നുകർന്ന കൃഷി വലൻമാരും ഈ പട്ടിക ജാതി പട്ടിക വർഗ്ഗ സമൂഹം തന്നെ.

പഞ്ചായത്തിലെ ആകെ ജന സംഖ്യയുടെ 26% പട്ടിക ജാതി വിഭാഗക്കാരും 0.3 % പട്ടിക വർഗ്ഗക്കാരുമാണ്. 1991 ലെ സെൻസസ് പ്രകാരം 5299 പട്ടിക ജാതിക്കാരും 60 പട്ടി വർഗ്ഗക്കാരും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചാത്തിലെ 10 വാർഡുകളിൽ വിവിധ കോളനികളിലായാണ് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ താമസിച്ചു വരുന്നത്. 78 ഹരിജൻ കോളനികൾ നിലവിലുണ്ട്. ഇവയെ ഇപ്പോൾ പട്ടിക ജാതി സങ്കേതങ്ങളായാണ് അറിയപ്പെടുന്നത്. എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ 6 ാം വാർഡിൽ ചുള്ളി എന്ന സ്ഥലത്ത് ആറ് വീടുകളിലായി താമസിച്ചു വരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ് ഇരു വിഭാഗക്കാരും. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഭൂ പരിഷ്ക്കരണ ബില്ല് മൂലം ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിയേണ്ടതുണ്ട്. പട്ടികജാതി വിഭാഗക്കാരെ അപേക്ഷിച്ചു പട്ടിക വർഗ്ഗ വിഭാഗത്തിനു വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വളരെ അധികം മുന്നോട്ട് പോകാൻ കഴിഞ്ഞുട്ടുണ്ട്.

സാമൂഹിക രംഗത്ത് നിരവധി കാലമായി ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിനു കുടികിടപ്പ് അവകാശവും മിച്ച ഭൂമി വിതരണവും ഒരു പരിധിവരെ പുരോഗതി കൈവരിക്കാൻ സഹായകരമായിട്ടുണ്ട്. എന്നിരുന്നാലും ഭവന നിർമ്മാണം മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പദ്ധതികളിൽ വർത്തമാന കാലയളവിൽപോലും ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു.

* പട്ടിക ചേരു /29 കാണുക

പായ നെയ്ത്ത് , പനമ്പ്,കൊട്ട, തടുപ്പ, മുറം നെയ്ത്ത് തുടങ്ങിയവയാണ് ഈ വിഭാഗക്കാരുടെ പരമ്പരാഗത മായ കൈത്തൊഴിലുകൾ. എന്നാൽ മുള ഈറ്റ, ഏരംകോൽ, ചൂരൽ തുടങ്ങിയവയുടെ ദൗർലഭ്യം ഇന്ന് ഈ തൊഴിൽ മേഖലയെ വളരെയേറെ തളർത്തിയിട്ടുണ്ട്. ഇവരുടെ ഉയർച്ച്ക്ക് വേണ്ടി കേന്ദ്ര - സംഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും സാമ്പത്തിക ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധന കൊണ്ടും വേണ്ടത്ര ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടിക ജാതി ജനതയുടെ സമഗ്ര വികസനത്തിന് സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ അടങ്കൽ തുകയിൽ 60 - 65% മാത്രമേ യഥാർത്ഥ ഗുണ ഭോക്താവിന് ലഭിക്കുന്നുള്ളു. നമ്മുടെ പദ്ധതി അടങ്കലിന്റെ 15% മാത്രമേ യഥാർത്ഥ ഗുണഭോക്താവിലെത്തുന്നുള്ളുവെന്ന മുൻ പ്രധാന മന്ത്രി രാജീവ് ഗാന്ധിയുടെ പരാമർശം ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ബാക്കി തുക ഇടനിലക്കാർ കൈകാര്യം ചെയ്യുന്ന പതിവുശീലം ഇപ്പോഴും തുടരുന്നുവെന്നതിൽ ജനകീയാസൂത്രണത്തിന്റെ പ്രസക്തിയേറുന്നു.

ഭൂത കാലത്ത് നടമാടിയിരുന്ന ഉച്ച നീചത്വങ്ങളും സാമൂഹിക അനാചാരങ്ങളും ഒരു പരിധി വരെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണമായും മോചനം നേടിയെന്നു പറയാനാവില്ല. സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ വളരെയേറെ പുരോഗതിയുണ്ടായിട്ടും പൊതു ചടങ്ങുകളിലും പരിപാടികളിലും ഈ വിഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ടോ എന്നുള്ളത് സംശയമാണ്.

വിദ്യാഭ്യാസ സാംസ്ക്കാരിക, സാമൂഹ്യ മേഖലകളിൽ സംഘടിത മുന്നേറ്റം അനിവാര്യമാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന പദ്ധതികളിൽ ഇട നിലക്കാരുടെ നുഴഞ്ഞു കയറ്റവും ചൂഷണവും പൂർണമായും ഒഴിവാക്കേണ്ടതുണ്ട്.

**സാമൂഹ്യ - സാംസ്ക്കാരിക നില**

വിദ്യാഭ്യാസ മേഖലയിൽ കുറേയേറെ പുരോഗതി പ്രാപിച്ചുവെങ്കിലും നമ്മുടെ പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെയും സാംസ്ക്കാരിക പ്രവർത്തനങ്ങളുടെയും മുഖ്യ ധാരയിലേക്ക് ഈ വിഭാഗങ്ങളെകൊണ്ടു വരുവാൻ നമുക്ക് നാളിതുവരെ പൂർണമായും സാധിച്ചിട്ടില്ല. അപൂർവ്വം ചില കുടുംബങ്ങൾ താരതമ്യന മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തന്നുവെങ്കിലും ബഹു ഭൂരി പക്ഷവും ഇപ്പോഴും പിന്നോക്കാവസ്ഥയിൽ തന്നെയാണ്. പൊതുവേ അധ്വാന ശീലരായ ജനങ്ങളാണ് ഈ സമൂഹങ്ങളെങ്കിലും സമ്പാദ്യ പദ്ധതികളിൽ തൽപരരല്ല. സമ്പാദ്യ ശീലം വളർത്തിയെടുക്കുവാനാവശ്യമായ ബോധ വൽക്കരണം അനിവാര്യമണ്.

രണ്ടു മൂന്നു ദശകങ്ങൾക്കു മുമ്പു വരെ നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ അയിത്തം നില നിന്നിരുന്നതായി കാണാം.

സമൂഹത്തിലെ സവർണ ജാതിക്കാർ ഹരിജൻ വിഭാഗത്തിനു ഭക്ഷണം നൽകിയിരുന്നത് വീട്ടു മുറ്റത്ത് പാളകളിലായിരുന്നു. സവർണ ജാതിക്കാരുടെ ഭവനങ്ങളിൽ ഇവർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. അപൂർവ്വം ചില പ്രദേശങ്ങളിൽ ഈ അയിത്തം നില നിൽക്കുന്നതായി കാണാം.

### അചാരാനുഷ്ടാനങ്ങൾ

പല തരത്തിലുള്ള ആചാരങ്ങൾ ഈ സമൂഹത്തിൽ നില നിൽക്കുന്നു. പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗങ്ങളിലെ പ്രമുഖ വിഭാഗങ്ങളാണ് മാവിലരും വേട്ടുവരും. ഇവരിൽ വ്യത്യസ്ത ആചാരഅനുഷ്ഠാനങ്ങളാണ് നില നിൽക്കുന്നതെങ്കിലും വിവാഹ ചടങ്ങുകളിൽ മറ്റും സൗഹൃദപരമായ സമീപനം ദർശിക്കാം. സ്ത്രീധനം എന്ന ദുരാചാരം നാളിതുവരെ ഈ സമൂഹത്തിൽ ഒരു സ്വാധീനവും ചെലുത്തിയിട്ടില്ല. വിവാഹ ചടങ്ങുകളിൽ പണ്ടു കാലത്ത് ഒരു പ്രത്യേക തരം ആചാര രീതി നില നിന്നിരുന്നു. വിവാഹത്തിനു മുമ്പ് കുടുംബത്തിലെ കാരണവർക്ക് 21 രൂപയും അഞ്ചു വെറ്റിലയും അടയ്ക്കയും കാണിക്ക നൽകേണ്ടിയിരുന്നു. കല്യാണം കഴിക്കാൻ ആഗ്രഹിക്കുന്ന പുരുഷൻ സമൂഹത്തിന്റെ മുമ്പിൽ തന്റെ കായ ബലം പ്രദർശിപ്പിക്കേണ്ടിയിരുന്നു. ഇതിനായി ഒരു പൊതി നെല്ല് എടുത്ത് നെഞ്ച് മുട്ടാതെ പൊക്കണമെന്നതായിരുന്നു ചടങ്ങ്. ഇതിനു കഴിഞ്ഞില്ലായെങ്കിൽ ഇയാളെ അനർഹനായി കണക്കാക്കിയിരുന്നു. ഇന്ന് ഈ രീതി നിലവിലില്ല.

പട്ടിക ജാതി വിഭാഗങ്ങളിൽ പല തരത്തിലുള്ള അനാചാരങ്ങൾ നില നിൽക്കുന്നു. രോഗം വരുമ്പോൾ ആശുപത്രികളെ ആശ്രയിക്കുന്നതിനു പകരം വിവിധ വിശ്വാസങ്ങളിൽ അധിഷ്ടിതമായ രീതികൾ അവലംബിച്ചുവരുന്നു. അരി ത്രാവൽ, വെറ്റില നോട്ടം, ക്രിയ കഴിക്കൽ തുടങ്ങിയവ നടത്തുന്ന അപൂർവ്വം ചില കുടുംബങ്ങളും ഇന്ന് നിലവിലുണ്ട്. ശത്രു സംഹാരത്തിനായി മാരണം വെയ്ക്കൽ ഏന്ന. അന്ധവിശ്വാസത്തിലൂന്നിയ രീതികൾ അവലംബിക്കുന്ന കുടുംബങ്ങളും ഇല്ലായെന്നു പറഞ്ഞു കൂടാ.

തെയ്യങ്ങളാണ് ഇവരുടെ പ്രധാന ആരാധനാ മൂർത്തികൾ. തെയ്യം, കുറത്തിപ്പാട്ട് , മംഗലക്കളി, തോറ്റപ്പാട്ട്, പുലികളി, മരമീടൻ, ഇവയാണ് പ്രധാന കലാ രൂപങ്ങൾ. കൂടാതെ ചെണ്ട , തുടി തുടങ്ങിയ വാദ്യോപകരണങ്ങളും ഉപയോഗിച്ചു വരുന്നു.

### വിദ്യാഭ്യാസം

ഒരു കാലഘട്ടത്തിൽ 90 % കോളനി നിവാസികളെയും സാക്ഷരരാക്കാൻ സാധിച്ചിരുന്നുവെങ്കിൽ തുടർ സാക്ഷരതാ പരിപാടിയുടെ അപര്യാപ്തത കാരണം ഇവരിൽ ഭൂരി ഭാഗവും നിരക്ഷരരായി മാറുന്ന സ്ഥിതി വിശേഷമാണ് നിലവിൽ സംജാതമായിരിക്കുന്നത്. ഈ വിഭാഗങ്ങളിലെ കുടുംബ നാഥൻമരുടെ അജ്ഞത ഭാവി തലമുറയെ നിരക്ഷതയിലേക്ക് നയിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. കുട്ടികളെ

വിദ്യാലയങ്ങളിലേക്ക് വിടുന്നതിനും അവരുടെ വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നതിനോ രക്ഷിതാക്കൾ തയ്യാറാകുന്നില്ല എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആരംഭത്തിൽ 80% കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നുവെങ്കിലും പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ എല്ലാകുട്ടികൾക്കും കഴിയാറില്ല. പട്ടിക ജാതി പട്ടി വർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളിലാണ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക് ഏറ്റവും കൂടുതലുള്ളതെന്ന് ഈ രംഗത്ത് നടന്ന സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ഉൾപ്പെടെ ആരും തന്നെ ഈ കൊഴിഞ്ഞു പോക്ക് തടയുന്നതിനോ വിദ്യാർത്ഥികളെ സ്കൂളുകളിലെത്തിക്കുന്നതിനോ കാര്യ മാത്രമായ ശ്രമങ്ങൾ നടത്താറില്ല. പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായുള്ള ഡീപ്പെപ്പ് വളണ്ടിയർമാർ ഈ രംഗത്ത് നടത്തുന്ന ശ്രമം പ്രശംസനീയമാണ്. ഇത്തരത്തിൽ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ അന്യ ഭവനങ്ങളിൽ ഗൃഹ ജോലിക്ക് കൊണ്ട് പോകുന്ന സ്ഥിതിയുമുണ്ട്. കുടുംബത്തിന്റെ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്നത് മൂലം പഠനം നിർത്തേണ്ടിവരുന്ന അപർവ്വം ചില കുട്ടികളുമുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സാമൂഹ്യ സാംസ്ക്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ബോധപൂർവ്വമായ ഇടപെടൽ നടത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയു.

1996 - 97 അദ്ധ്യയന വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ ആകെ 1038 പട്ടിക ജാതി പട്ടിക. വർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട് ഇവരിൽ 555 ആൺകുട്ടികളും 483 പെൺകുട്ടികളുമാണ്. 33 ആൺ കുട്ടികളും 35 പെൺകുട്ടികളുമുൾപ്പെടെ 68 കുട്ടികൾ ഈ അദ്ധ്യായന വർഷത്തിൽ പഠനം നിർത്തിയവരാണെന്ന് ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. കാലാകാലങ്ങളിൽ പഠനം നിർത്തുന്നവരിൽ ഏറിയ പങ്കും പെൺകുട്ടികളാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയം നേരിടുന്ന വിദ്യാർത്ഥികളിൽ തുടർ പഠനം നടത്തുന്നവർ വളരെ കുറവാണ്. തുടർ പഠനം നടത്താൻ കഴിയാത്ത വിദ്യാർത്ഥികളിൽ ഭൂരി ഭാഗവും നിർമാണ മേഖലയിലും കാർഷിക മേഖലയിലും ജോലി തേടുന്നു. ഈ സമുദായത്തിലൊ വിദ്യാർത്ഥികൾ ഉപരി പഠനത്തിന് പോകുന്നത് മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. വിദ്യാഭ്യാസ രംഗത്ത് പല വിധ ആനുകൂല്യങ്ങൾ ഇവർക്കു മാത്രമായി സർക്കാർ നൽകുന്നുണ്ടെങ്കിലും ഫലപ്രദമായി ഇവ ഉപയോഗിക്കുന്നതിന് കഴിയാറില്ല. വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടിയുള്ള യതൊരു പദ്ധതിയും ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ബളാൽ പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്തിലെ ആകെ ജന സംഖ്യയിൽ 26% വും പട്ടിക ജാതി വിഭാഗങ്ങളിൽ ആയിരുന്നിട്ടു പോലും ,കുട്ടികളുടെ പഠന സൗകര്യത്തിനായി പ്രീ മെട്രിക് ഹോസ്റ്റൽ സൗകര്യങ്ങളോ ടൂഷൻ

സംബ്രദായങ്ങളോ നടപ്പിൽ വരുത്തിയിട്ടില്ല. ( അനുബന്ധം വിദ്യാഭ്യാസം എന്ന അദ്ധ്യായം ശ്രദ്ധിക്കുക. )

### തൊഴിൽ

പട്ടിക ജാതി പട്ടിക വർഗ്ഗ സമൂഹങ്ങളിൽ ഭൂരി ഭാഗവും നിർമ്മാണ മേഖലകളിലും കാർഷിക മേഖലകളിലും ജോലി ചെയ്യുന്നു. കാർഷിക മേഖലയെ അപേക്ഷിച്ചു നിർമാണ മേഖലകളിൽ ലഭിക്കുന്ന അധിക കൂലി നിരക്ക് ഈ വിഭാഗങ്ങളെ കാർഷിക മേഖലകളിൽ നിന്നും അകറ്റുന്നു. ഇപ്പോൾ നാം അവലംബിക്കുന്ന കൂട്ടു കൃഷി സംബ്രദായം ഈ വിഭാഗങ്ങളുടെ സഹകരണത്തോടെ കഴിഞ്ഞ കാലങ്ങളിൽ വ്യാപകമായിരുന്നു. കുടുംബങ്ങൾ ഒന്നിച്ച് വനം വെട്ടിത്തെളിച്ച് പുനം വാളുന്ന സംബ്രദായം സാർവ്വത്രികമായിരുന്നു. എന്നാൽ ഇന്ന് ആവശ്യമായ ഭൂമി ലഭിക്കായ്കയാൽ ഈ കൃഷി രീതി പാടെ അപൂർണമായി ക്കൊണ്ടിരിക്കുന്നു.

വ്യവസായ മേഖലകളിൽ ആവശ്യമായ അസംസ്കൃത വസ്തുക്കൾ ( മുള, ഓട, ചൂരൽ, പായമുണ്ടി ) തുടങ്ങിയവ ലഭ്യമല്ലാത്തതിനാലും വിപണന സൗകര്യങ്ങൾ ലഭിക്കായ്കയാലും പാരമ്പര്യ മേഖല തകർച്ചയെ നേരിടുന്നു. തൊഴിൽ മേഖലകളിൽ സ്ത്രീ പുരുഷൻമാർ തമ്മിൽ പ്രകടമായ അന്തരം നില നിൽക്കുന്നു. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പു വരുത്തേണ്ടതാണ്.

### പാർപ്പിടം

പഞ്ചായത്തിലെ ആകെ ജന സംഖ്യയിൽ 26 % വും പട്ടിക ജാതി വിഭാഗമായിരുന്നിട്ടു പോലും ഇവരുടെ പാർപ്പിട പ്രശ്നം 20 % മാത്രമേ പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളു. എട്ട് പഞ്ചവൽസര പദ്ധതികൾ പൂർത്തിയാകുന്ന ഈ അവസരത്തിൽ പോലും പലർക്കും ഇനിയും പാർപ്പിടം ലഭ്യമക്കേണ്ടതുണ്ടെന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക സൂചിപ്പിക്കുന്നു. സർക്കാരിന്റെ വിവിധ പദ്ധതികൾ ഇവരെ ഒരു പരിധി വരെ ചെറ്റക്കുടിലിൽ നിന്നും മോചിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും കോട്ടഞ്ചേരി പ്രദേശത്തുള്ള 10 ഓളം കുടുംബങ്ങൾ ഇന്നും യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ചാപ്പകളിലാണ് താമസിക്കുന്നത് എന്നുള്ള വസ്തുത സമൂഹ മന സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. പൊതുവേ പറഞ്ഞാൽ ഈ വിഭാഗത്തിലെ ഭൂരി ഭാഗം വീടുകളും ഓല മേഞ്ഞവയാണ്. സർക്കാരിന്റെ യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കാത്ത കുടുംബങ്ങളും നിലവിലുണ്ട്. ഭവന നിർമ്മാണത്തിനു ഇന്ന് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ പല വീടുകളും പണി പൂർത്തിയാകാതെ കിടക്കുകയാണ്.

പഞ്ചായത്തിലെ 76 ഓളം കോളനികളിൽ വിരലിൽ എണ്ണാവുന്നവ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. പല വീടുകളും വയറിങ്ങ് നടത്തിയിട്ടു ണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ

അനാസ്ഥമൂലം വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. പഞ്ചായത്തിലെ മിക്ക കോളനികളും വളരെ ചുരുങ്ങിയ ചെലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാമെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. കോളനികളെ കേന്ദ്രീകരിച്ച് സൗരോർജ്ജ വൈദ്യുത പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

പട്ടിക ജാതി സങ്കേതങ്ങളിലധികവും കുന്നിൻ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. കോളനികളിലേക്കുള്ള റോഡ് സൗകര്യം തീരെ അപര്യാപ്തവും ശോചനീയവുമാണ്. റോഡ് സൗകര്യം നിലവിലില്ലാത്ത കോളനികളും പഞ്ചായത്തിലുണ്ട്. റോഡ് സൗകര്യങ്ങളുടെ അപര്യാപ്തതമൂലം കുടിവെള്ള പ്രശ്ന പരിഹാരത്തിന് കുഴൽ കിണർ കുഴിക്കാനാവശ്യമായ നടപടികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല എന്നത് പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു. ( റോഡുകളുടെ ആവശ്യകതയും കോളനികളിലേക്കുള്ള നിലവിലുള്ള റോഡുകളുടെ അവസ്ഥയും ഗതാഗതംഎന്ന വിഷയത്തിലും കുടിവെള്ള പ്രശ്നങ്ങൾ പൊതു ജനാരോഗ്യവും കുടിവെള്ളവും എന്ന വിഷയത്തിലും പ്രതിപാദിച്ചിരിക്കുന്നു. )

പഞ്ചായത്തിൽ മിക്ക കോളനികളിലും പോഷകാഹാര കുറവ് പ്രകടമാണെന്ന് ആരോഗ്യ സ്ഥിതി വിവര കണക്കുകളും ഗ്രാമ സഭാ റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. അതു കൊണ്ട് തന്നെ പല രോഗങ്ങളും ഇന്ന് കോളനിയിൽ കൂടുതലായി കാണപ്പെടുന്നു. ആരോഗ്യ പ്രവർത്തകരുടെ ശ്രദ്ധ കോളനികളിൽ കൂടുതൽ പതിയേണ്ടിരിക്കുന്നു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പല വീടുകളിലും കക്കൂസില്ലാത്തതിനാൽ പരിസര ശുചിത്വത്തിന്റെ കുറവ് പ്രകടമാണ്. പുതിയ വീടുകൾ നിർമ്മിക്കുന്നതോടൊപ്പം എല്ലാ വീടുകളിലും കക്കൂസുകൾ അടിയന്തര പ്രാധാന്യത്തോടെ ലഭ്യമാക്കേണ്ടതാണ്.

### സഹകരണം

ഹരിജനങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി മൂന്നു പഞ്ചായത്തുകളെ ലക്ഷ്യമാക്കി രൂപീകൃതമായ ഇടത്തോട് പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘം ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. ഈ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് ഈ സഹകരണ സംഘം പുനരുജ്ജീവിപ്പിക്കേണ്ടതും പുതിയ സാധ്യതകൾ കണ്ടത്തേണ്ടതുമാണ്.

പരമ്പരാഗത മേഖലയിലെ നാട്ടു ചികിൽസ വിഭാഗത്തിൽ വളരെയധികം ആളുകൾ തങ്ങളുടെ അപൂർവ്വ സിദ്ധികൾ ഇന്നാട്ടിലെ ജനതകൾക്കായി സമർപ്പിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ വിവിധ പച്ചമരുന്നുകളുടെ ഫലപ്രദമായ ഉപയോഗം മുഴുവൻ ജനങ്ങൾക്കും ലഭിക്കത്തക്ക വിധത്തിൽ പാരമ്പര്യ - നാട്ടു വൈദ്യ മേഖലകളെ പരിപോഷിപ്പിക്കേണ്ടതും തങ്ങളുടെ സിദ്ധികൾ പുതിയ തല മുറയ്ക്ക് ലഭിക്കാനാവശ്യമായ ബോധ വൽക്കരണം നടത്തേണ്ടതുമാണ്.

ഒമ്പതാം പഞ്ചവൽസര പദ്ധതി ജനകീയാസൂത്രണത്തിലൂടെ മണ്ണിന്റെ മക്കളായ പട്ടിക ജാതി പട്ടിക വർഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് വഴി തൊളിക്കുമെന്ന് പ്രത്യാശിക്കാം.

**പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും**

1. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ (കുടിവെള്ളം കക്കൂസ് തുടങ്ങിയവ ) ലഭ്യമാക്കിക്കൊണ്ട് വീട് വച്ച് നൽകുക.

2. കൈവശ ഭൂമിക്ക് അവകാശം കിട്ടാത്തവർക്ക് പട്ടയം നൽകുക.

3. പല കോളനികളും സ്ഥിതി ചെയ്യുന്നത് മല മുകളിലാണെന്നതിനാൽ റോഡ് സംവിധാനം അപര്യാപ്തമാണ്. റോഡുകൾ നിർമ്മിക്കുകയും പരിരക്ഷിക്കുകയം ചെയ്യുക.

4. എല്ലാ വീടുകളും വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക. വയറിങ്ങ് കഴിഞ്ഞ വീടുകൾക്ക് കണക്ഷൻ നൽകുക.

5. റേഷൻ കാർഡുകൾ ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുക.

6. കോളനികൾ കേന്ദ്രീകരിച്ച് അംഗൻ വാടികൾ അനുവദിക്കുക.

7. വീടുകൾക്ക് യഥാ സമയം അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ സാമ്പത്തിക സഹായംഅനുവദിക്കുക.

8. ഭൂ രഹിതർക്ക് ഭൂമി നൽകുകയും വീടു വയ്ക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

9. കുടി വെള്ള ക്ഷാമം പരിഹരിക്കുക.

10 തുടർ സാക്ഷരതാ പരിപാടികൾ കാര്യക്ഷമമാക്കുക. ജന ശിക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുക.

11. വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് ഒഴിവാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

12. മുഴുവൻ കോളനികളെയും ഐ.എച്ച് . ഡി.പി. കോളനികളാക്കുക.

13. അർഹരായവർക്ക് വിധവ, വാർദ്ധക്യകാല, അഗതി , കർഷക തൊഴിലാളി പെൻഷൻ ലഭ്യമാക്കുക

14. പഞ്ചായത്തിൽ പ്രീ മെട്രിക്ക് ഹോസ്റ്റൽ ആരംഭിക്കുക.

15. എല്ലാ സ്കൂളുകളെയും കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യ ടൂഷനുള്ള സംവിധാനം ഏർപ്പെടുത്തുക.

16. സ്വയം തൊഴിൽ നേടാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

17. വിവിധ സ്വായം തൊഴിൽ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണവും സാങ്കേതിക പരിശീലനവും നൽകുക.

18. പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യതയുണ്ടാക്കുക.

19. സമ്പാദ്യ ശീലം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക.

20 മദ്യപാനത്തിന്റെ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

21. വ്യാജ മദ്യ വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനായി ജാഗ്രതാ സമിതികൾ രൂപികരിക്കുക.

22. പാരമ്പര്യ ചികിൽസാ രീതികൾ പ്രോത്സാഹിപ്പിക്കുക.

23. ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശന പരിപാടിയിൽ കോളനികൾക്ക്

പ്രാമുഖ്യം നൽകുക.

24. ഡോക്ടർമാരടങ്ങിയ ടീം മാസത്തിൽ ഒരു തവണയെങ്കിലും കോളനികൾ സന്ദർശിച്ച് ആവശ്യമായ ചികിൽസകൾ നൽകുക. ഇതിനായി പഞ്ചായത്തിലെ പ്രത്യേക ഭൂ പ്രകൃതി പരിഗണിച്ച് വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം അനുവദിക്കുക.

25. പരമ്പരാഗത മേഖലയ്ക്കും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനു വിപണ സംവിധാനം ഏർപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങൾ രൂപികരിക്കുക.

26. വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം എസ്.സി., എസ്.ടി. കോ ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകുക.

27. കുടിൽ വ്യവസായ യൂണിറ്റുകൾ രൂപികരിക്കുക.

28. സ്ത്രീ പീഡനങ്ങളും ലിംഗീക ചൂഷണങ്ങളും തടയുന്നതിനു നിയമ നടപടികൾ സ്വീകരിക്കുക.

29. വേതന തുല്യത ഉറപ്പു വരുത്തുകയും ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇടത്തട്ടുകാരെ ഒഴിവാക്കുകയും ചെയ്യുക.

30. കലാ സാംസ്ക്കാരിക രംഗം വികസിപ്പക്കുക. എല്ലാ കോളനികളേയും കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി ഹാളും ടി.വി. സെറ്റും സ്ഥാപിക്കുക.

31. വീട് , കക്കൂസ്, ഇവ നിർമ്മിക്കുന്നതിനു അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുക. നിലവിൽ ഇതിനായി 35000 രൂപയെങ്കിലും അനുവദിക്കുക.

32. പെൻഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

*നമ്മുടെ സഹ ജീവികളോട് ചെയ്യാവുന്ന ഏറ്റവും മോശമായ തെറ്റ് അവരെ ശ്രദ്ധിക്കാതിരിക്കലാണ്.*

*- ബർണാഡ് ഷാ*

# വിഭവസമാഹരണം

മലയോരമേഖലയായ ബളാൽ ഗ്രാമ പഞ്ചായത്തിൽ വിഭവ സമാഹരണത്തിന് പുതിയ സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും പ്രതിസന്ധികൾ നിരവധിയാണ്. ഗ്രാമീണരിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെ നിലകൊള്ളുന്നവരാണ്.

വ്യവസായിക സ്ഥാപനങ്ങളുടെ അഭാവം ഈ പഞ്ചായത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. വിഭവസമാഹരണത്തിന് പുതിയപാത തുറക്കുവാൻ വ്യവസായ സ്ഥാപനങ്ങളുടെ ആഗമനത്തോടെ സാധിക്കും. ഈ രംഗത്ത് സംരംഭകർ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ തയ്യാറാകാത്തത് തുടർച്ചയായി വൈദ്യുതി ലഭിക്കാത്തതിനാലും അസംസ്കൃത വസ്തുക്കളുടെ അഭാവത്തിലും അവ കൊണ്ടുവരുന്നതിന് പര്യാപ്തമായ ഗതാഗത സൗകര്യമില്ലാത്തതിനാലും സാങ്കേതിക വിദഗ്ദരുടെ കുറവും മൂലമാണ്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണെങ്കിൽകൂടി ഈ രംഗത്തെ മാന്യത പ്രത്യേകം പരാമർശം അർഹിക്കുന്നു. പഞ്ചായത്തിലേക്ക് വർദ്ധിച്ചു വരുന്ന കുടിയേറ്റം കൃഷിനിലങ്ങൾ വാസസ്ഥലങ്ങളായി മാറുന്നതിന് കാരണമാകുന്നു. രാസവളത്തിന്റെ അമിത ഉപയോഗം തടഞ്ഞ് പരമ്പരാഗത ജൈവവള പ്രയോഗത്തിലൂടെ കാർഷിക വിഭവങ്ങൾ ഉയർത്തുവാൻ ശ്രമിക്കുന്നതിലൂടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുവാൻ സാധിക്കും.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ സാമ്പത്തിക നില മനസിലാക്കുന്നതിന് വേണ്ടി പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥന്മാരെ നിയോഗിക്കേണ്ടതാണ്. അവരുടെ പട്ടിക വാർഡുകളുടെ ക്രമത്തിൽ താഴെ ചേർക്കുന്നു.

| I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|
| 5 | 50 | 13 | 10 | 24 | 5 | 13 | 75 | 12 | 3 |

(ഗ്രാമസഭ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി)

ഇപ്പോൾ പഞ്ചായത്തിലുള്ള നികുതികളുടെ അപര്യാപ്ത പരിഹരിക്കുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ വികസനോന്മുഖ പ്രവർത്തനങ്ങളിൽ തങ്ങളും പങ്കുകാരാകുന്നു എന്ന ബോധ്യം ജനങ്ങളിലുണ്ടാക്കുക.

2. നികുതിപിരിവിലൂടെ ലഭിക്കുന്ന പണം ജനങ്ങളുടെ ഉന്നമനത്തിനാണെന്ന അവബോധം ജനനേതാക്കൾക്കുണ്ടായിരിക്കുക.

3. ചിലവുകൾ സുതാര്യമാക്കുക. വരവുചിലവ് കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുക.

## കെട്ടിട നികുതി

അപര്യാപ്തവും അശാസ്ത്രീയവുമായ കെട്ടിട നികുതി കണക്കാക്കൽ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചിലവു വരുന്ന കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുക.

2. ആഡംബര പൂർണ്ണമായ വീടുകളുടെ ലിസ്റ്റ് തയ്യാറാക്കി അവർക്ക് ആഡംബര നികുതി ഏർപ്പെടുത്തുക.

3. ഓരോ വീടിനും ചുമത്തിയ നികുതിയുടെ മാനദണ്ഡം എന്താണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകണം.

4. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക.

5. ബിൽഡിംഗ് റൂൾസ് നടപ്പിലാക്കുക.

## തൊഴിൽ നികുതി

ബളാൽ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരെയും എയ്ഡഡ് സ്കൂൾ

അദ്ധ്യാപകരെയും കൂടാതെ മറ്റുള്ള ജോലികളിൽ (ഉദാ: തയ്യൽ തൊഴിലാളി, ഡ്രൈവർമാർ) ഏർപ്പെട്ടവർക്കും കൃഷിക്കാർക്കും ചെറിയ ഒരു സംഖ്യ തൊഴിൽ നികുതിയായി ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ കർഷകത്തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുകയും തൊഴിൽ നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

## വനോദ നികുതി

ബളാൽ ഗ്രാമ പഞ്ചായത്തിൽ 2 സിനിമാ തിയറ്ററുകൾ ഉണ്ട്. പ്രധാന വിനോദനികുതി വരുമാന മാർഗ്ഗവും ഇതാണ്. ഈ രണ്ട് തീയറ്ററിന്റെയും നാൾവഴി കണക്കുകൾ പരിശോധിക്കുമ്പോൾ തീയറ്ററിലെ സീറ്റിന്റെ അടിസ്ഥാനത്തിൽ 5% നികുതിപോലും നമുക്ക് ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാണിക്കുന്നു. നിലവിലുള്ള നികുതിപിരിവ് അപര്യാപ്തമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ഉദ്യോഗസ്ഥന്മാർ പ്രദർശന സമയങ്ങളിൽ തിയറ്ററുകളിൽ മിന്നൽ പരിശോധന നടത്തേണ്ടതാണ്. ഈ പ്രദർശനങ്ങളുടെ ശരാശരി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ട് സിസ്റ്റം ഏർപ്പെടുത്തി വിനോദനികുതി വർദ്ധിപ്പിക്കുക.

ബളാൽ കൊന്നക്കാട് എന്നീ സ്ഥലങ്ങളിൽ ഓരോ സിനിമാ തിയറ്റർ സ്ഥാപിക്കുന്നതിനുവേണ്ട പ്രോത്സാഹനം നൽകാവുന്നതാണ്. ഫൈൻ ആർട്ട്സ് സൊസൈറ്റികളുടെ വിവിധ പരിപാടികൾക്ക് വിനോദനികുതി ഏർപ്പെടുത്താവുന്നതാണ്.

## ലൈസൻസ് ഫീസ്

വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസിന് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥാപനം സന്ദർശിച്ച് വിറ്റുവരവ് ബോധ്യമായതിനുശേഷം ലൈസൻസ് ഫീസും തൊഴിൽ നികുതിയും നിശ്ചയിക്കേണ്ടതാണ്.

## വിവിധ ധനാഗമമാർഗ്ഗങ്ങൾ

ഇതുവരെ പ്രസ്താവിച്ച ധനാഗമമാർഗ്ഗങ്ങൾ കൂടാതെ മറ്റ് ധനാഗമമാർഗങ്ങൾക്കും ഗ്രാമപഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതകൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വാടകയ്ക്ക് ഓടുന്ന എല്ലാ വാഹനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അവർക്ക് ഫീസ് ഏർപ്പെടുത്തുകയും ചെയ്യുക. ബളാൽ, എടത്തോട്, വെള്ളരിക്കുണ്ട്, മാലോം കൊന്നക്കാട് എന്നിവിടങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിച്ച് കൊടുക്കുകയും പാർക്കിങ്ങ് ഫീസ് ഈടാക്കുകയും ചെയ്യുക.

2. ബളാൽ, വെള്ളരിക്കുണ്ട്, മാലോം കൊന്നക്കാട് എന്നീ പ്രദേശങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് കം ബസ്റ്റാൻഡുകൾ നിർമ്മിക്കുക

3. ഡിഷ് ആന്റിന പിടിപ്പിച്ച ടെലിവിഷൻ സെറ്റുകൾ ഉള്ള വീടുകൾ സ്പെഷ്യൽ ഫീസ് ഈടാക്കുക.

4. വിവാഹ ആഘോഷങ്ങളുടെ അമിത ധനവിനിയോഗം തടയുന്നതിനുവേണ്ടി ആഡംബരപൂർണ്ണമായ കല്യാണ ആഘോഷങ്ങൾ ലക്ഷ്വറി ചാർജ്ജ് ഈടാക്കുക.

കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കർഷകർ ഉല്പാദിപ്പിക്കുന്ന ചേന, ചേമ്പ്, കാച്ചിൽ, കപ്പ, കൈത്തൊഴിൽ ഉല്പന്നങ്ങൾ മുതലായ വിഭവങ്ങൾ വില്പന നടത്തുവാൻവേണ്ടി മാലോം, വെള്ളരിക്കുണ്ട്, ബളാൽ എന്നീ സ്ഥലങ്ങളിൽ ഓരോ ആഴ്ച ചന്തകൾ സ്ഥാപിക്കുക.

പഞ്ചായത്ത് തലത്തിൽ കാർഷികമേളകൾ നടത്തി ഉല്പന്നങ്ങൾ സംഭരിക്കുകയും ഏറ്റവും നല്ല വിളകൾക്ക് സമ്മാനം നൽകുകയും കർഷകരെ ആദരിക്കുകയും ചെയ്യുക. ഈ ഉല്പന്നങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ട് വർദ്ധിപ്പിക്കാവുന്നതാണ്.

ബളാൽ പഞ്ചായത്തിലെ മനുഷ്യ വിഭവ ശേഷി ശരിയായി ഉപയുക്തമാക്കുവാൻ സാധിച്ചിട്ടില്ല എന്നത് ഒരു ന്യൂനതയാണ്. മനുഷ്യ വിഭവ ശേഷി ഉപയുക്തമാക്കുവാൻ പറ്റിയ ഏറ്റവും നല്ല മേഖലയാണ് നമ്മുടെ പഞ്ചായത്ത് റോഡുകൾ. ഈ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ഓരോ വർഷവും പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നുണ്ട്. എന്നാൽ ഈ തുക പൂർണ്ണമായും ലക്ഷ്യത്തിലെത്തുന്നില്ല. ഇത് അവസാനിപ്പിക്കുന്നതിന് വേണ്ടി റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുകയും ആ സമിതികൾ

സന്നദ്ധ പ്രവർത്തനത്തിലൂടെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽ മൊത്തം ചിലവാക്കാനുദ്ദേശിക്കുന്ന തുകകൊണ്ട് മുൻഗണനാക്രമത്തിൽ പഞ്ചായത്തിലെ ഏതെങ്കിലും രണ്ട് റോഡുകൾ ടാർ ചെയ്യുകയും മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ പഞ്ചായത്തിലെ ഏറ്റവും നന്നായി സംരക്ഷിക്കപ്പെട്ട റോഡുകൾ തിരഞ്ഞെടുക്കേണ്ടതാണ്.

സജീവമായ ബാങ്കിംഗ് സിസ്റ്റം പഞ്ചായത്തിൽ നിലനിൽക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാർഷികാവശ്യങ്ങൾക്ക് വേണ്ടി വായ്പകൾ നൽകുന്ന മാലോത്ത് സർവ്വീസ് സഹകരണ ബേങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക്, ഭൂവികസന ബേങ്ക് എന്നീ ബേങ്കുകൾ വ്യാവസായിക ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകി വായ്പകൾ അനുവദിച്ചാൽ വ്യാവസായിക വളർച്ച ഈ പഞ്ചായത്തിൽ ത്വരിതപ്പെടും. ഒരു കുടുംബത്തിന് 2 ഹെക്ടറിൽ കൂടുതൽ സ്ഥലം കൈവശമുണ്ടെങ്കിൽ നികുതി ഈടാക്കാവുന്നതാണ്.

സർക്കാരിൽനിന്നും പഞ്ചായത്തിലേക്ക് ലഭിക്കുന്ന VRM, MI, VTC, BASIC TAX, JRY സ്പെഷ്യൽ ഗ്രാൻറ്, ഉപാധിരഹിത ഫണ്ട് ഈഫണ്ടുകളുടെ ശതമാനം വർദ്ധിപ്പിച്ചു തന്ന് വികസന പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലതയും ഉത്തേജനവം നൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിനുള്ള സാദ്ധ്യത വിസ്മരിക്കാവുന്നതല്ല. കോട്ടഞ്ചേരി പോലുള്ള സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി ഉയർത്തിയാൽ ധാരാളം ടൂറിസ്റ്റുകളെ നമ്മുടെ പഞ്ചായത്തിലേക്ക് ആകർഷിക്കപ്പെടും.

പഞ്ചായത്തിലെ അതിർത്തിക്കുള്ളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

ഇവയെല്ലാം വിഭവ സമാഹരണത്തിന്റെ ചില സൂചനകൾ മാത്രമാണ്. ഗ്രാമസഭ റിപ്പോർട്ടുകൾ ജനങ്ങളുടെ ആശയും ആവേശവും പ്രതിഫലിക്കുന്ന റിപ്പോർട്ടുകളായിരുന്നു. അവയുടെ അടിസ്ഥാനത്തിൽ തങ്ങൾ നൽകുന്ന നികുതികൾ തങ്ങളുടെ തന്നെ വികസനത്തിനാണ് എന്ന ബോധ്യം അവരിൽ ഉളവായിരുന്നു.

**മഹത്തായ കാര്യങ്ങൾ ചെയ്യാനൊരുങ്ങുന്ന ചെറിയ മനുഷ്യരാണ് നാം. പക്ഷേ, നാം ചെയ്യാൻ തുടങ്ങുന്ന കാര്യങ്ങൾ മഹത്തായതിനാൽ, ആ മഹത്വത്തിന്റെ ഒരംശം നമ്മിലും വന്ന് വീഴും.**

**– നെഹ്രു –**

## ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 91-96 വർഷങ്ങളിലെ വരവ്-ചിലവ് കണക്ക്.

| | | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 134707.15 | 87895.65 | 173621.25 | 175812.40 |
| 2 | തൊഴിൽ നികുതി | 74153.00 | 73080.00 | 82545.00 | 100570.00 |
| 3 | വിനോദ നികുതി | 28413.42 | 28716.19 | 28841.90 | 31990.15 |
| 4 | അഡീഷണൽ നികുതി | 17161.18 | 17381.86 | 17462.71 | 19350.40 |
| 5 | പ്രദർശന നികുതി | 1579.00 | 1588.00 | 2798.75 | 3316.00 |
| 6 | സർച്ചാർജ്ജ് | | 397.00 | | |
| 7 | ലൈസൻസ് ഫീസ് | 18088.00 | 13257.00 | 12716.00 | 14355.75 |
| 8 | വസ്തുകൈമാറ്റ നികുതി | 152389.00 | 121790.00 | 234956.00 | 151657.00 |
| 9 | ഗവ: ഗ്രാൻറ് | 514487.00 | 578698.00 | 459934.00 | 671343.00 |
| 10 | ഡപ്പോസിറ്റ് | 56619.02 | 12640.70 | 37053.90 | 7444.65 |
| 12 | മറ്റുള്ളവ | 52690.06 | 297817.88 | 339521.54 | 137383.75 |
| | ആകെ | 1045286.83 | 1233261.59 | 1389451.05 | 1313221.10 |

### ചിലവ്

| | | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|
| 1 | ഭരണം | 260998.05 | 275869.10 | 328201.60 | 338613.50 |
| 2 | പൊതുമരാമത്ത് | 166331.00 | 20093.65 | 214509.00 | 182250.25 |
| 3 | വിദ്യാഭ്യാസം | 10541.95 | 15783.05 | 10680.00 | 10578.50 |
| 4 | ജലവിതരണം | | | | |
| 5 | ഓടകൾ | | | | |
| 6 | പൊതുജനാരോഗ്യം | 5265.00 | - | - | 4500.00 |
| 7 | തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 20601.0 | 13476.00 | 14433.00 | 11986.00 |
| 8 | മറ്റുള്ളവ | 438423.53 | 188019.61 | 142698.8 | 996197.4 |
| | ആകെ | 902161.03 | 693941.41 | 610522.40 | 1539565.65 |

## സ്ഥാവരസ്വത്തുക്കൾ സംബന്ധിച്ച വിവരം


| | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| 1 | കനകപ്പള്ളി ശ്മശാനം | ബളാൽ | 0.95 ഏക്കർ | 15200/- |
| 2 | വെള്ളരിക്കുണ്ട് ശ്മശാനം | ബളാൽ | 1 ഏക്കർ | 24000/- |
| 3 | മാലോത്ത് ലൈബ്രറി | മാലോത്ത് | 9 സെൻറ് | 10000/- |
| 4 | വള്ളിക്കടവ് സ്റ്റേഡിയം | മാലോത്ത് | 50 സെൻറ് | 50000/- |
| 5 | ബളാൽ കമ്മ്യൂണിറ്റി ഹാൾ | ബളാൽ | 25 സെൻറ് | സംഭാവന |
| 6 | പഞ്ചായത്ത് ഓഫീസ് | ബളാൽ | 25 സെൻറ് | സംഭാവന |
| 7 | വെള്ളരിക്കുണ്ട് ബസ്റ്റാൻറ് | ബളാൽ | 50 സെൻറ് | സംഭാവന |

## ഏറ്റെടുത്ത ജെ.ആർ.വൈ. പണികൾ സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ പേര് | ജനറൽ | | എസ്.സി./എസ്.ടി. | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| എടത്തോട് പയാളം റോഡ് ടാറിംഗ് | 175000 | 75000 | | |
| ബളാൽ ടൗൺ ബളാൽ-കുണ്ടുപ്പള്ളി റോഡ് ടാറിംഗ് | 264406 | 196000 | | |
| ആനമഞ്ഞൾ-ചെമ്പഞ്ചേരി റോഡ് ടാറിംഗ് | 200000 | 140000 | | |
| കൊന്നക്കാട് തേങ്കയം റോഡ് ടാറിംഗ് | 100000 | 70000 | | |
| 93-94 എസ്.സി./എസ്.ടി. വീട് നിർമ്മിക്കൽ | | | 22200 | 5800 |
| 94-95 എസ്.സി./എസ്.ടി. വീട് നിർമ്മിക്കൽ | | | 51900 | 20700 |
| 95-96 എസ്.സി./എസ്.ടി. വീട് നിർമ്മിക്കൽ | | | 221200 | 171200 |

## ബളാൽ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ആനുപാതിക വർദ്ധനവ്

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| | 5042 | 5294 | 5947 | 6048 | 6166 |



# ഗതാഗതം

സംഘ ബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു ബളാൽ പഞ്ചായത്തിലെ മുൻ കാല ഭൂവുടകൾ കാർഷിക മേഖലയുടെ പുരോഗതിക്കു റോഡുകൾ അത്യന്താപേക്ഷികമായിരുന്നു. ബളാൽ പഞ്ചായത്തിന്റെ രൂപികരണത്തിന് മുമ്പ് തന്നെ പഞ്ചായത്തിലെ പ്രധാന റോഡുകൾ നിലവിലുണ്ടായിരുന്നു. 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഘട്ടത്തിൽ തന്നെ ഭൂവുടമകളുടെ നിയന്ത്രണത്തിലുണ്ടായുരുന്ന കുപ്പു റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു അന്നത്തെ താൽക്കാലിക ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടത്, എന്നത് കൊണ്ട് തന്നെ ഇന്നത്തെ റോഡുകൾ അവയുടെ പോരായ്മകളിൽ തന്നെ നില നിൽക്കുന്നു.

"കുപ്പ്" ആവശ്യങ്ങൽക്കായി ഉപയോഗിച്ചിരുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കിയത് ചെരിപ്പാടി കുഞ്ഞിക്കണ്ണൻ നായർ, കരിമ്പിൽ കുഞ്ഞിക്കോമൻ തോട്ടത്തിൽ ശങ്കരൻ നായർ എന്നിവരുടെയും പുരോഗമന കാംക്ഷികളായ ജനങ്ങളുടെ നിർലോഭമായ സഹകരണത്തിന്റെയും ഫലമായണ്. ആദ്യ കാലഘട്ടങ്ങളിൽ സന്നദ്ധ പ്രവർത്തനത്തിലുടെയാണ് ഇടവഴികൾ റോഡുകളായി മാറിയതെങ്കിൽ പിൽക്കാലത്ത് സേവനോൽസുകത ഇല്ലാതാക്കുകയും സർക്കാർ അല്ലെങ്കിൽ പഞ്ചായത്ത് റോഡ് ഉണ്ടാക്കണമെന്ന ചിന്ത ജനങ്ങളുലുണ്ടാവുകയും ചെയ്തു പഞ്ചായത്തിലെ റോഡിന്റെ അപര്യപ്തതയ്ക്ക് പ്രധാന കാരണം ഇതാണ്.

1960 – കളുടെ ആരംഭത്തിൽ തന്നെ പഞ്ചായത്തിലുടെ ചിറ്റാരിക്കൽ – വെള്ളരിക്കുണ്ട് ഇടത്തോട്ട് – കാഞ്ഞങ്ങാട് റുട്ടിൽ ബസ് ഗതാഗതം ആരംഭിച്ചിരുന്നു. അതുപോലെ 70 കളുടെ ആരംഭത്തിൽ പഞ്ചായത്തിലെ ആസ്ഥാനമായ ബളാലിലെക്കും കിഴക്കൻ പ്രദേശമായ കൊന്നക്കാട്ടേക്കും ബസ് ഗതാഗതം ആരംഭിച്ചു. അതാത് കാലത്ത് നിലവിലുണ്ടായിരുന്ന ഭരണസമിതികളുടെയും ഭൂവുടമകളുടെയും കുടിയേറ്റക്കാരുടെയും അക്ഷിണ പ്രയത്നത്തിന്റെ പരിണിത ഫലമാണ് ഇന്നുള്ള പഞ്ചായത്തിലെ എല്ലാ റോഡുകളും.

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ 121.290 കി.മി റോഡുകളുണ്ട്. ബൃഹത്തായ ഒരു റോഡ് സ്യംഖല പഞ്ചായത്തിലുണ്ടെങ്കിലും ഇന്നും റോഡ് സൗകര്യം ഇല്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ പഞ്ചാത്തിലുണ്ട് ഇന്നുള്ള റോഡുകൾ പലതും തന്നെ അതിന്റെ ശോച്യവസ്ഥയിലാണ്. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ ഉടമസ്തത , ദുരം , യാത്ര സൗകര്യങ്ങൾ എന്നിവ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

( പട്ടിക - 1)

പഞ്ചായത്തിലെ ടാർ റോഡുകൾ (അവലംബം പഞ്ചായത്ത് റോഡ് റജിസ്റ്റർ)

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|
| 1 | പാലച്ചാൽ - മരുതുംകുളം | പഞ്ചായത്ത് | 700m | ഇല്ല |
| 2 | ഖിളാൽ - ആനമഞ്ഞൾ | ,, | 1.km | ഇല്ല |
| 3 | ചുള്ളി - വരിക്കപ്പള്ളി | ,, | 1.500km | ഇല്ല |
| 4 | ബളാൽ - ചുള്ളി | ,, | 1.500km | ഇല്ല |
| 5 | ആനക്കൽ - മുണ്ടമാണി | ,, | 3km | ഇല്ല |
| 6 | ബളാൽ - ആലടിത്തട്ട് | ,, | 1.200km | ഇല്ല |
| 7 | ബളാൽ - കുണ്ടുപ്പള്ളി | ,, | 1km | ഇല്ല |
| 8 | വള്ളക്കൊച്ചി - മഞ്ഞുച്ചാൽ | ,, | 250m | ബളാൽ വരെ ഉണ്ട് |
| 9 | എടത്തോട് - പയാളം | ,, | 1.500km | ഇല്ല |
| 10 | കലൻചിറ - ചെമ്പനൻചേരി | ,, | 300m | ബളാൽ വരെഉണ്ട് |
| 11 | ബളാൽ ടൗൺ | ,, | 500m | ഉണ്ട് |
| 12 | ബളാൽ ഹരിജൻ കോളനി | ,, | 1km | ഇല്ല |
| 13 | കനകപ്പള്ളി - കമല പ്ലാവ് | PWD | 1km | ഉണ്ട് |
| 14 | പത്തക്കര ഹരിജൻ കോളനി | പഞ്ചായത്ത് | 600m | ഇല്ല |
| 15 | വെങ്കല് - കടവത്തുമുണ്ട | ,, | 300m | ഇല്ല |
| 16 | കൊന്നക്കാട് മഞ്ഞുച്ചാൽ | ,, | 200m | ഉണ്ട് |
| 17 | തീയ്യത്തിച്ചാൽ - മുക്കോംകടവ് | ,, | 2km | ഉണ്ട് |
| 18 | കരിവുള്ളടുക്കം - കാറളം | ,, | 160m | ഉണ്ട് |
| 19 | ബളാൽ - ചുള്ളിക്കര | ,, | 200m | ഉണ്ട് |
| 20 | പാത്തിക്കര - ആനമഞ്ഞൾ | ,, | 1.500km | ഉണ്ട് |
| 21 | കൊന്നക്കാട് - മൈക്കയം | ,, | 1.500km | ഉണ്ട് |
| 22 | ബളാൽ - രാജപുരം | PWD | 4km | ഉണ്ട് |
| 23 | മാലോം - കുഴിപ്പനം | പഞ്ചായത്ത് | 1.700km | ഉണ്ട് |
| 24 | മാലോം - കോളിച്ചാൽ | PWD | 1.250km | ഇല്ല |

## ടാർ റോഡുകളുടെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ എല്ലാ റോഡുകളും പ്രശ്ന സങ്കീർണ്ണമാണെങ്കിലും ബസ് ഗതാഗതമുള്ള ടാർ റോഡുകളുടെ പരിമിതികൾ പ്രത്യേകം പ്രതിപാദിക്കുന്നത്. അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

1. പഞ്ചായത്തിലെ പ്രധാന റോഡുകളിൽ വാഹന ബാഹുല്യം ഏറെയുണ്ടെങ്കിലും റോഡുകളുടെ നിലവാരം വളരെ പരിതാപകരമാണ്. അപകടകരമായ വളവുകളും വീതിക്കുറവും കുത്തനെയുള്ള കയറ്റങ്ങളും പാർശ്വങ്ങളിലുള്ള അഗാധ ഗർത്തങ്ങളും, റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങളും വാഹന ഗതാഗതത്തെ സാരമായി ബാധിക്കുന്നു.

2. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ നിയമം ശരിയായി പാലിക്കാതെ നിർമ്മിക്കുന്ന് കെട്ടിടങ്ങൽ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു.

3. വേണ്ട രീതിയിൽ ഓടങ്ങൾ ഇല്ലാത്തതു കാരണം മഴക്കാലത്ത് റോഡ് അപ്പടെ തകരുന്നതിനു കാരണം ആവുന്നു.

കാർഷിക മേഖലയായ ബളാൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് മലയോര ഹൈവേയുടെ നിർമ്മാണം, അത്യന്താപേക്ഷിതമാണ്. നിർദ്ദിഷ്ട മലയോര ഹൈവേ 13 കി.മി. പഞ്ചായത്തിലൂടെ കടന്നു പോകുന്നു. അതുപോലെ ഓടയാം ചാൽ-കൊന്നക്കാട് റോഡ് വീതി കൂട്ടി ലിങ്ക് റോഡുകൾ നിർമ്മിച്ചും പഞ്ചായത്തിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം എന്ന് ഗ്രാമസഭകളിൽ നിന്ന് അഭിപ്രായം ഉയരുന്നു.

## ടാർ ചെയ്യപ്പോടേണ്ട റോഡുകൾ

പഞ്ചായത്തിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കണമെങ്കിൽ നിലവിലുള്ള എല്ലാ റോഡുകലും ടാർ ചെയ്തെങ്കിൽ മാത്രമെ സാധിക്കുകയുള്ളു എന്ന് എല്ലാ ഗ്രാമ സഭകളിൽ നിന്നും അഭിപ്രായെ ഉയരുന്നു. അങ്ങനെ ടാർ ചെയ്യപ്പെടേണ്ട റോഡുകൾ താഴെ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

| നമ്പർ | | ദൂരം |
|---|---|---|
| 1. | ചെന്നൈ മുതൽ [illegible] | 1500 km |
| 2 | പുതുച്ചേരി മുതൽ | 1170 " |
| 3. | ബാംഗ്ലൂർ - തുമകുരു | 1700 " |
| 4. | മൈസൂർ - ചാമുണ്ടി, [illegible] | |
| 5. | വയനാട് - കൽപ്പറ്റ | 1-600 " |
| 6. | ദിണ്ടിഗൽ - പഴനി. | 1-000 " |
| 7 | ഹൊസൂർ - രായക്കോട്ട | 2. 150 " |
| 8. | പുതുച്ചേരി - വില്ലുപുരം ചെഞ്ചി | 1. 000 " |
| 9. | ബാംഗ്ലൂർ - ചിത്തൂർ. | 0 700 " |
| 10. | തൊടുപുഴ - പുനലൂർ. | 4. 500 " |
| 11. | പാലക്കാട് - തൃശൂർ | 2. 200 " |
| 12. | കാഞ്ചീപുരം - പുതുച്ചേരി. | 3- 000 " |
| 13. | ദിണ്ടിഗൽ - ചടയമംഗലം. | 14- 500 " |
| 14. | ബാഗ്ലൂർ - കുലശേഖരം | 2. 500 " |
| 15. | ബാഗ്ലൂർ മൈസൂർ | 4- 400 " |
| 16. | വയനാട്ടൊന്നി - മഞ്ചേരി | 0. 800 " |
| 17. | ഹൊസൂർ - പഴയലം | 0-800 " |
| 18. | തിരുനെൽവേലി - തൈക്കുണ്ടുചേരി | 0. 500 " |
| 19. | തെങ്കാശിപ്പട്ടി - കാരൈക്കുടി | 0-600 " |
| 20. | തിരുച്ചി - തഞ്ചാവൂർ. | 0. 500 " |
| 21. | തൂത്തുക്കുടി തിരുനെൽവേലി. | 2. 800 " |
| 22. | പാലക്കാട് പുതുച്ചേരിക്കടുത്ത്. | 2- 1200 " |
| 23. | തിരുവള്ളൂർ - ചെന്നൈ. | 8. 500 " |
| 24. | കാഞ്ചീപുരം തിരുവണ്ണാമലൈ. | 3 300 " |
| 25 | തൊണ്ണൂറുകൾ തിരുവണ്ണാമലൈ | |

ഇന്ത്യയിലെ ചില പ്രധാന ദൂരങ്ങൾ — ഏകദേശം

| | | |
|---|---|---|
| 26. | പുതിക്കൊച്ചി – [illegible] | 0 [illegible] km |
| 27. | വടുതിക്കൊച്ചി – തൃപ്പൂണിത്തുറ | 6 600 " |
| 28. | കണ്ണങ്കാവ് വഴി – [illegible] | 1 200 " |
| 29. | ബസ്സ്റ്റാൻ്റ്–അമ്പലം. | |
| 30 | തലയുയർ – തിരുവാങ്കുളം. | 2 500 " |
| 31. | വെങ്കിടങ്ങ് – അരയന്നിടം | 1 000 " |
| 32. | മിഷൻ – തൊറക്കൊട്. | 0 600 " |
| 33. | തൊറക്കൊട് – ഇരുമ്പനം ജങ്ക്. | 1 000 " |
| 34. | ഞാറിക്കാവ് – കാവുംപുറം പാലം. | 1 200 " |
| 35. | തൃപ്പൂണിത്തുറ – അമ്പലം മുഖം. | 1 000 " |
| 36. | തിരുവാങ്കുളം – തിരുവുംപുറം – തിരുമുമ്പ. | 2 200 " |
| 37. | തിരുവാങ്കുളം – വടക്കാംപുറം. | 0 500 " |
| 38. | വടക്കാംപുറം – തലയുയർ. | 0 600 " |
| 39. | പുതിക്കാവ് സിനിമാ തിയേറ്റർ കൊച്ചി. | 1 500 " |
| 40. | തൊണ്ടയാൻ – തൊണ്ടയാൻ [illegible] | 0 400 " |
| 41. | മീനാക്ഷിനിവാസ് – നായ്ക്കയം | 0 600 " |
| 42. | തോപ്പുംപടി സിനിമാ തിയേറ്റർ കൊച്ചി. | 0 500 " |
| 43. | തുരയാങ്കുഴി – തൃപ്പൂണിത്തുറ | 0 500 " |
| 44. | പെണ്ണേലി സിനിമാ തിയേറ്റർ കൊച്ചി. | 0 600 " |
| 45. | തൊണ്ടയാൻ – വെങ്കിടങ്ങ് | 2 600 " |
| 46. | പെരുമ്പള്ളി – തിരുവുംപുറം. | 2 400 " |
| 47. | തിരുവുംപുറം – പോസ്റ്റ് ഓഫീസ്. | 0 500 " |
| 48. | തൊണ്ടയാൻ – മിനുപ്പാലം | 0 300 " |
| 49. | വടുതുക്ക് – ചാത്തിയാൻ തോപ്പ്. | |
| 50. | തൈക്കൂടം സിനിമാ തിയേറ്റർ കൊച്ചി. | 1 000 " |
| 51. | തൈക്കാവ് – മിനുപ്പാലം തോപ്പ്. | 0 500 " |
| 52. | തിരുവാങ്കുളം – തിരുമുമ്പനം. | 0 600 " |
| 53. | വടുതുക്ക് – തോപ്പുംപടി. | 0 [illegible] " |

| | | |
|---|---|---|
| 54. | വി ഫണ്ട് – വലിയ | 1000 രൂ |
| 55 | കാളകെണ്ടു – | 5000 " |
| 56. | ചാലഴുക്കു – | 700 " |
| 57. | നെൽവിത്ത് – | 1000 " |
| 58. | തിരിച്ചുടുപ്പിനം – | 650 " |
| 59. | കരിമ്പുകൃഷി – | 350 " |
| 60. | ദർഘാസ് – | 400 " |
| 61. | തൊണ്ടാട് – | 1. 500 " |
| 62. | ദർഘാസ് – | 1. 500 " |
| 63 | ചരക്ക് – | 2-00 " |
| 64. | കണക്കുപുസ്തകം – | 2-50 " |
| 65. | നെൽവയൽ | 2 - 000 " |
| 66. | കിണർ – | 2 - 000 " |

## ജനകീയ പദ്ധതിയും ജനശക്തിയും

പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പിന്നിൽ പ്രവർത്തിച്ചത് പ്രധാനമായും ജനങ്ങളുടെ കായബലമാണ്. എന്നതു കൊണ്ട് തന്നെ റോഡും വികസനത്തിൽ ജനങ്ങളുടെ അനന്യസാധ്യതകൾ വ്യക്തമാണ്. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ അവശ്യകതയും സുലഭമായ ആൾ ബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകലുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമധന ദിനങ്ങലുടെ വിലയും പോതുസംഭാവനയും ചേർന്നതാവണം.ജനങ്ങളുടെ സഹായവും സഹകരണവും വാഗ്ദാനം ചെയത് കൊണ്ട് ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുള്ള അഭിപ്രായങ്ങൾ ശുഭ സൂചകങ്ങളാണ്.

## പൊതു നിർദ്ദേശങ്ങൾ

1 മഴക്കാലത്തു വെള്ളരിക്കുണ്ടിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധം വിച്ഛേധിക്കുവാൻ കാരണമാവുന്ന വെള്ളരിക്കണ്ട് ചാലിനു കുറുകെയുള്ള ചപ്പാത്ത് മാറ്റി പാലം നിർമ്മിക്കണം.

2.ബളാൽ പഞ്ചായത്തിനെയും ഈസ്റ്റ് എളേരി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കൊന്നക്കാട് കാറ്റാം കവല റോഡിന്റെ പൂർത്തികരണം സാധ്യമാക്കണം.

3. കല്ലം ചിറ രാജ പുരം PWD റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം

4. ചന്ദ്രബാനു കമ്മീഷൻ പരമാർഷിച്ചിട്ടുള്ള കോളിച്ചാൽ റോഡിൽ ഭാക്കിയുള്ള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

5. ബളാൽ – അലടിത്തട്ട് – പരപ്പ റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുകയാണങ്കിൽ അത് ബളാലിനേയും കാഞ്ഞങ്ങാടിനേയും ബന്ധിപ്പിക്കുന്ന ബസ് ഗതാഗതം ദൂരം കുറഞ്ഞതും ഏകദേശം സൗകര്യപ്രദവുമായിരിക്കും

6. ബളാൽ ചുള്ളി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയാണങ്ങിൽ പഞ്ചായത്ത് ആസ്ഥാനമായ ബളാലിനേയും കിഴക്കൻ പ്രദേശങ്ങളായ മാലോം കൊന്നക്കാട് എന്നി പ്രദേശങ്ങളേയും എളുപ്പത്തിൽ ബന്ധിപ്പിക്കുവാൻ കഴിയും.

7. ചുള്ളി – പുഞ്ച തുടങ്ങിയ ഉൾ പ്രദേശങ്ങളിലേക്ക് മറ്റ് പ്രധാന കേന്ദ്രങ്ങളിലേക്കും KSRTC ബസ്സുകൾ അനുവദിക്കുക.

8. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ കൾവട്ടുകൾ വർട്ടുകളുമം നിർമ്മിച്ച് ഗതാഗതം സുഗമമാക്കുക.

9 പ്രധാന ബസ് സ്റ്റോപ്പുകളിൽ വൈയിറ്റിങ്ങ് ഷെഡുകൾ പണിയിക്കുക.

10 ഫെയർ സ്റ്റേജ് സമ്പ്രധായത്തിലെ അപാകതകൾ പരിഹരിക്കുക

11 മഴക്കാലത്തുതന്നെ ഓടകളുടെ പണി പൂർത്തിയായി എന്ന് ഉറപ്പ് വരുത്തുക.

12 അപകടങ്ങൾ നിറഞ്ഞ കോലുകാൽ പാലം പുതുക്കി പണിയുക.

13. നമ്മുടെ പഞ്ചായത്തിൽ നിരവധി പഞ്ചായത്തു റോഡുകളുണ്ട് ഈ റോഡുകളുടെ അറ്റകുറ്റ പണിക്ക് ഓരോ വർഷവും ഒരു നശ്ചിത തുക വീതം പഞ്ചായത്ത് ചെലവിടുന്നു. അതിനു പകരം മേൽ റോഡുകളുടെ പണികൾ മനുഷ്യ വിഭവശേഷി ഉപയോഗിച്ച് നന്നാക്കുകയും ഈ ഇനത്തിൽ പഞ്ചായത്ത് മൊത്തം ചിലവാക്കാനുദ്ദേശിക്കുന്ന സംഖ്യകൊണ്ട് മുൻഗണനാ ക്രമത്തിൽ പഞ്ചായത്തിലെ ഏതെങ്ങിലും റോഡ് ടാർ ചെയ്യുന്നതിനു പദ്ധതി ആവിഷ്ക്കരിക്കുക.

15 പഞ്ചായത്തിലുടെ കടന്നു പോകുന്ന പ്രധാന റോഡുകളിൽ ഒന്നായ ഒടയാം ചാൽ, കൊന്നക്കാട് റോഡിനു സമാന്തരമായി പരപ്പ, അലടിത്തട്ട് – ബളാൽ – ചെമ്പൻപ്പൊരി – ആനമഞ്ഞൾ – നാട്ടക്കൽ എന്നി റോഡുകൾ വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കുന്നത് പഞ്ചായത്തിന്റെ ഗതാഗതരംഗത്ത് ഒരു മുതൽ കൂട്ടയിരിക്കും.

16 വലിയ പുഞ്ച – ദുർഘാസ് – കണ്ണീർ വാടി – ചുള്ളി റോഡ് വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കിയാൽ അത് ആ പ്രദേശങ്ങളും ബളാലുമായി ബന്ധപ്പെടാനുള്ള എളുപ്പ വഴിയായിരിക്കും.

17. ടുറിസം രംഗത്ത് ഒട്ടേരെ സാധ്യതകൾ ഉള്ള ഒരു പഞ്ചയത്താണ് ബളാൽ – കോട്ടഞ്ചേരി പോലുള്ള സുഖവാസ കേന്ദ്രത്തിനു വിലങ്ങുതടിയായി നിൽക്കുന്ന പ്രധാനഘടകമാണ് ഗതാഗതത്തിന്റെ അപര്യാപതത.ഇത്തരത്തിൽ നീലേശ്വരം – കാഞ്ഞിരപ്പൊയിൽ – എണ്ണപ്പാറ – നായിക്കയം – കോട്ടക്കുന്ന് – പുളിക്കൽ – ആലടിത്തട്ട് – പാലച്ചുരം തട്ട് – കോട്ടക്കുന്ന് – ചുള്ളിത്തട്ട് – പടയംക്കല്ല് – വലിയപുഞ്ച–കൊന്നക്കാട് വഴി തലക്കാവേരിക്കുള്ള ഒരു റോഡിനു അനന്ത സാധ്യതയുണ്ട് ടുറിസം പ്രധാനമുള്ള പാൽക്കുളംക്ഷേത്രം, കാവേരിക്കുളം, മരുതോം റിസർവ്വ് ഫോറസ്റ്റ്, കോട്ടഞ്ചേരി തുടങ്ങിയ സ്ഥലങ്ങളെ ബന്ധപ്പെടുത്തുന്ന റോഡായിരിക്കും ഇത്. മാത്രമല്ല പ്രകൃതി രമണീയമായ സ്ഥലങ്ങലുലുടെയായിരിക്കും ഈ റോഡ് കടന്നുപോകുന്നത് എന്നതു കൊണ്ട് തന്നെ ഇതിലുടെയുള്ള യാത്ര ഉല്ലാസ പ്രദവുമായിരിക്കും.

ഈ റോഡ് അധിക സാമ്പത്തിക ഭാരമില്ലാതെ പൂർത്തീകരിക്കാൻ സാധിക്കും എന്നത് ഒരു പ്രത്യേകതയാണ്. കാരണം നിലവിലുള്ള കുറേ റോഡുകളെ ബന്ധിപ്പിച്ച് കൊണ്ട് ഇത് യാഥാർത്ഥ്യമാക്കാൻ സാധിക്കും

18. ബളാൽ, വെള്ളരിക്കുണ്ട്, മാലോം കൊന്നക്കാട്, എടത്തോട് എന്നിവിടങ്ങളിൽ ഓട്ടോ സ്റ്റാന്റ് നിർമ്മിക്കുക.

19. പൊടിപ്പളം കോളനി റോഡ് ഗതാഗത യോഗ്യമാക്കുകയാണങ്കിൽ ബളാലിനേയും പുറംകല്ലിനേയും എളുപ്പത്തിൽ ബന്ധപ്പെടുത്താൻ സാധിക്കും.

ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനം ഗതാഗത സൗകര്യമാണ് എന്നതു കൊണ്ട് തന്നെ ഈ വിഷയത്തെ പറ്റി എല്ലാ ഗ്രാമ സഭകളിലും വളരെ സജീവമായ ചർച്ചകളും നിർദ്ദേശങ്ങളും അതുപോലെ നിലവിലുള്ള റോഡുകളുടെ വികസനത്തെ കുറിച്ചുള്ള നിർദ്ദേശങ്ങളും പട്ടികയിൽ പെടുത്തി താഴെ കൊടുക്കുന്നു.

## പുതിയ റോഡുകൾ

ഒന്നാം വാർഡ്

പുള്ളിക്കല്ല് - കുറുമാണം - പള്ളിക്കളം

പരപ്പ - വലിയ മുറ്റം - കായം കുന്നു.

എടത്തോട് - ചോറിയ എടത്തോട്.

പയാളം - പാല വളപ്പ്

മൂന്നാം വാർഡ്

അരിങ്കല്ല് - പാലച്ചുരം.

പാലച്ചുരം തട്ട് - കോട്ടക്കുന്ന് കോളനി.

അത്തിക്കടവു - അരിങ്കല്ല് കോളനി.

കോട്ടക്കുന്ന് തട്ട് - മരുതും കുളം - ആനമഞ്ഞൾ

നാലാം വാർഡ്

ചെമ്പഞ്ചേരി - പെരിയാട്ട്

ചെമ്പഞ്ചേരി - തലക്കുളം

അഞ്ചാം വാർഡ്

ആനമഞ്ഞൾ - കൊടിയം കുണ്ട് - പുന്നക്കുന്ന്

കരിവള്ളുടുക്കം - മയ്യക്കുടി.

പാഞ്ഞിക്കര - കരിവുള്ളടക്കം.

ആറാം വാർഡ്

ചുള്ളി - പെരുങ്കുറ്റിക്കവല - ചുള്ളിത്തട്ട്

പാപ്പഞ്ചാൽ - പുല്ലൊടി

പാലംകല്ല് - കളക്കരതട്ട്

പാവച്ചാൽ - കപ്പള്ളി.

വരിക്കപ്പള്ളി - പുതുമനച്ചാൽ

മാലോം (വയൽ) വഴി കാരോട്ടുചാൽ

ഏഴാം വാർഡ്

പുല്ലൊടി - എടക്കനം.

എട്ടാം വാർഡ്

വള്ളിക്കടവു - ചെറിയപ്പാടി

കളരി മൂല - ഓട്ടേമാളം

വള്ളിക്കടവു - ഓട്ടേമാളം

ചെറിയപുഞ്ച - ആനക്കുഴി ഹരിജൻ കോളനി.

തേങ്കയം - മിഞ്ഞോടി - ഹരിജൻ കോളനി.

ഒമ്പതാം വാർഡ്

കൊന്നക്കാട് - ഓട്ടേമാളം

അശോകച്ചാൽ - ഞെട്ടിക്കുണ്ട് - കാണിച്ചാൽ

മഞ്ചുച്ചാൽ - ശങ്കരങ്കാനം.

മൈക്കായം - കമ്മാടി കോളനി.

പത്താം വാർഡ്

വാഴത്തട്ട് - കോട്ടഞ്ചേരി

അത്തിയടുക്കം - കോളനി റോഡ്

ചെറിയ പാമ - വലിയ പാമ കോളനി.

കൊന്നക്കാട് - കടവത്തുമുണ്ട - വെങ്കല

## നിലവിലുള്ള റോഡുകളുടെ വികസന ത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ

ഒന്നാം വാർഡ്

എടത്തോട് - പയാളം

പപ്പ - പള്ളത്തുമല

ഏഴാം വാർഡ്

കനകാപ്പുള്ളി - ഏറാച്ചിറ

കനകാപ്പുള്ളി - കാരാട്ട്

കല്ലം ചിറ - ഏറാം ചിറ

കല്ലം ചിറ - കുഴിങ്ങാട്

കല്ലം ചിറ - അറിങ്ങല്ലൂർ

മങ്കയം - കാരളം.

മൂന്നാം വാർഡ്

ചാക്കൊട്ടാക്കാൽ - കൊന്നാം കാട്,

മാമ്പള്ളം - പൊടിപ്പുള്ളം

പാലച്ചിറം - ചിറ്റക്കാൽ കോളനി.

പാലച്ചിറം - ബിളാൽ

അത്തിക്കടവു - പോടിപ്പുള്ളം

നാലാം വാർഡ്

ബളാൽ - അരിക്കാ

ബളാൽ - പൊന്നഞ്ചിറ

പാലച്ചാൽ - മരുന്നും കുളം.

മരുന്നും കുളം - കൊണ്ണാം കാട്

ബളാൽ - കുഴിങ്ങാട്

നായർക്കടവു - എടുന്നാൽ കോളനി.

അഞ്ചാം വാർഡ്

പുന്നക്കുന്ന് - ആനമനങ്ങാ

തലക്കുളം - മരുതോം

വരിക്കപ്പുള്ളി - തലക്കുളം.

കരുവുള്ളടക്കം - കാരളം

കരുവുള്ളടക്കം - കുളിപ്പുറം

പാത്തിക്കര ഹരിജൻ കോളനി

പാത്തിക്കര പുള്ളി

ആന മഞ്ഞൾ - തളികയാട്ട് - പുന്നക്കുന്ന്

പുണ്ടോചാൽ - കൊടിയം കുണ്ടു

കാരളം - പൊന്നഞ്ചിറ

തലക്കുളം - മരുന്നം കുളം

ആറാം വാർഡ്

ഞാണിക്കടവു - കണ്ണീർവാടി

മുക്കാട് കുന്നേൽ ഗ്രേറ്റ് - ശിവഗിരി എസ്റ്റേറ്റ്

മരുതോം - പുള്ളിയാട്ട് - കപ്പുള്ളി

കാരോട്ട് ചാൽ - പുള്ളി

പുള്ളി - പുലത്തുമൊട്ട

ഏഴാം വാർഡ്

മാലോം - വലിയ പുഞ്ച

ദുർഘാട് - ചടയം കല്ല്

ദർഘാട് - എടക്കാനം

കണ്ണീർവാടി റോഡ്

പടയം കല്ല് - ആനക്കുഴി - വലിയ പുഞ്ച

എട്ടാം വാർഡ്

വള്ളിക്കടവു സ്കൂൾ – ഒട്ടേമാളം

വള്ളിക്കടവു – കരുവങ്കയം

മാലോം – കരുവങ്കയം

വള്ളിക്കടവു – പറമ്പ

വള്ളിക്കടവു – നാട്ടക്കാൽ

മാലോം – ഞാണിക്കടവു.

പുഞ്ച – മൈക്കയം

കോട്ടക്കൽപ്പാറ – പള്ളിക്കടവു.

ഒമ്പതാം വാർഡ്

കൊന്നക്കാട് – തേക്കയം കടുവത്തുമുണ്ട – മഞ്ചുച്ചാൽ

കൊന്നക്കാട് – മൈക്കയം – കമ്മാടി

വള്ളിക്കൊച്ചി – അരയൻ കുളം

വള്ളിക്കൊച്ചി – അശോകച്ചാൽ

## നിലവിലുള്ള റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ

ഒന്നാം വാർഡ്

എടത്തോട് – കായക്കുന്ന്

എടത്തോട് ചെറിയ എടത്തോട്

മൂന്നാം വാർഡ്

ആനക്കല്ല് – കോട്ടക്കുന്ന്

ബളാൽ ക്ഷേത്രം – ചോണിയാർക്കുന്ന്

അരിക്കര – അത്തിക്കടവു

അത്തിക്കടവു – അരിങ്കല്ല് (വീട്ടിയാടി)

അത്തിക്കടവു – IHPP കോളനി

ഏഴാം വാർഡ്

കക്കുഴി മുക്ക് – കണ്ണിറ വാടി കോളനി

പടയം കല്ല് – എടക്കാനം

പുല്ലൊടി – ഇള്ളാൻ കുന്ന്

കളരി മൂല – ബന്തമല

പുല്ലൊടി – എടക്കാനം

ചെത്തിപ്പുഴത്തട്ട് – പടയം കല്ല്

കരിമ്പാന കുഴി റോഡ്

# ഊർജ്ജം

1981 ഡിസംബർ മാസം 23 തീയ്യതിയിലെ സായം സന്ധ്യയിൽ ബളാലിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ 4 വൈദ്യുത ബൾബുകൾ പ്രകാശിച്ച തോടു കൂടിയാണ് ബളാൽ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നുചെല്ലുന്നത് എങ്കിലും ആവശ്യമായ എൽച്ചി ലൈൻ വലിച്ച് വീടുകളിൽ പ്രകാശം എത്തിക്കുവാൻ വീണ്ടും 3 വർഷം കാത്തിരിക്കേണ്ടി വന്നു.

പഞ്ചായത്തിലെ കിഴക്കൻ മേഖലകളായ മാലോം കൊന്നക്കാട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതീകരിച്ചത് 1985 കാലഘട്ടത്തിൽ സർക്കാരിന്റെ വെളിച്ച വിപ്ലവ പരിപാടിയിലൂടെയാണ്. പഞ്ചായത്തിലെ 23% വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത് ഈ പഞ്ചായത്തിൽ 78 ഹരിജൻ കോളനികൾ ഉണ്ടങ്ങിലും ഏതാനും ചില വീടുകൾ മാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളു. മാവുങ്കാലിലുള്ള 110 KV സബ് സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിലേക്കാവശ്യമായ വൈദ്യുതി യെത്തുന്നത്. ബളാൽ പഞ്ചായത്ത് ഭീമനടി, രാജപുരം എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകളുടെ പരിധിയിലാണ് വരുന്നത് രണ്ടു സെക്ഷൻ ആഫീസുകളുടെ വരുധിയിൽ വരുന്നതുകൊണ്ട് ഈ പഞ്ചായത്തിലേ ജനങ്ങൾ വളരെയധികം കഷ്ടത അനുഭവി ക്കുന്നുണ്ട്. ഉപഭോക്താക്കൾ കറണ്ടുചാർജ് അടക്കുന്നതിനു സുമാർ 10 – 15 കി.മി. യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. വൈദ്യുത ലൈനുകളുടെ റിപ്പയറുകൾക്ക് വേണ്ടി ഡിപ്പാർട്ട്മെന്റ് ആവശ്യമായ ജീവനക്കാരെ നിയമിക്കാറില്ല. ഊർജ്ജ മേഖലയിൽ നേരിടുന്ന എറ്റവും വലിയ പ്രശ്നമാണ് വോൾട്ടേജ് ക്ഷാമം.

വൈകുന്നേരം 6 മുതൽ രാത്രി 10 മണിവരെ 25V 75V കൾക്ക് ഇടയിലാണ് വോൾട്ടേജ് ലഭിക്കുന്നത് പഞ്ചായത്തിലുടനീളം സ്റ്റെപ്പ് അപ്പ് ട്രാൻസ് ഫോർമറുകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ചില വീടുകളിൽ ഇവ ഉപയോഗിക്കുന്നുണ്ട്.

പഞ്ചായത്തിനുള്ളിൽ തെരുവു വിളക്കുകളുടെ എണ്ണം പരിമിതമാണ്. ആകെ 4 ട്യൂബു ലൈറ്റുകളും 40V വോൾട്ടിന്റെ 76 ബൾബുകളും 66V 8 ബൾബുകളും ആണ് ഉപയോഗിക്കുന്നത്. ഇതിൽ പകുതിയിലധികവും പ്രവർത്തനക്ഷമതയുള്ളതല്ല എന്നു എടുത്തു പറയേണ്ടിയിരിക്കുന്നു. മിനിമം ഗ്യാരണ്ടി നൽകി വൈദ്യുതി ലഭിക്കാൻ കാത്തുനിൽക്കുന്ന നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ടെണ്ടർ ചെയ്ത ജോലികൾ പോലും പൂർത്തിയാക്കാൻ വേണ്ട മെറ്റിരിയൽസ് കൊടുക്കാത്തത് ബോർഡിന്റെ തികഞ്ഞ അനാസ്ഥമൂലമാണ്.

പഞ്ചായത്തിലെ വീടുകളിൽ ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന പ്രധാന ഇന്ധനം വിറകാണ്. ഗ്യാസ് മണ്ണെണ്ണ ഇവ ഉപയോഗിക്കുന്ന വീടുകൾ 5 ശതമാനത്തിൽ താഴെയുള്ളു. വർഷങ്ങൾക്ക് മുമ്പ് ഏതാനും കുടുംബങ്ങളിൽ ബയോഗ്യാസ് നിർമിച്ചിരുന്നു എങ്കിലും ഇന്നവയിൽ മിക്കവാറും പ്രവർത്തനരഹിതമാണ്. ഐ. ആർ. ഡി. പി. പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അനർട്ടിന്റെ പ്രവർത്തനം സമീപ പഞ്ചായത്തിൽ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്ത് അനർട്ടിന്റെ കീഴിൽ വരുന്നില്ല. തന്മൂലം ദക്ഷത കൂടിയ അടുപ്പുകളോ മറ്റുപകരണങ്ങളോ ഉപയോഗിക്കുന്നവരുടെ എണ്ണം വിരളമാണ്. സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ബൾബുകളോ മറ്റുപകരണങ്ങളോ പഞ്ചായത്തിലില്ല.

## പ്രശ്നങ്ങൾ

1 സെക്ഷൻ ഓഫീസില്ലാത്തതിനാൽ റിപ്പേയർ പ്രവർത്തനങ്ങൾക്കും ബില്ലടക്കുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നു.
2 പ്രഷണ വിതരണ രംഗങ്ങളിൽ ശ്രദ്ധകുറവുമൂലം മരത്തിനും കൊമ്പുകൾക്കും തട്ടി വൈദ്യുതി നഷ്ടപ്പെടുന്നു.
3 ഭൂരിഭാഗം ഹരിജൻ കോളനികളും വൈദ്യുതികരിക്കാനുണ്ട്
4 ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.
5 നിലവിലുള്ള മീറ്ററുകൾ ശരിക്കും പ്രവർത്തിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. മലയോര മേഖലകളിൽ സ്ഥിരമായി അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനു പഞ്ചായത്തിൽ 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുക.

2. ഈ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ മിനിവൈദ്യുത പദ്ധതി നിർമിക്കാനാവശ്യമായ സ്ഥലമുണ്ട്.
വള്ളിക്കൊച്ചി എന്ന സ്ഥലം.
മാലോം പുഴയിൽ പടയ കല്ല്
ഒട്ടോംമാളം
അച്ചൻകല്ല്.

വൈദ്യുതിക്കുവേണ്ടി കാറ്റാടി നിർമ്മിക്കാൻ പറ്റിയ സ്ഥലങ്ങൾ
അയ്യഗിരി
കോട്ടം ചേരി
ഇടക്കനം
മുത്തപ്പൻ മല
പാൽച്ചുരംതട്ട്

3. മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ ടെണ്ടറായ വർക്കുകൾ എത്രയും പെട്ടന്നു തീർക്കുക.
4. പഞ്ചായത്തിലെ വെള്ളരിക്കുണ്ടിൽ ഒരു ഓഫീസ് ഓഫീസ് സ്ഥാപിക്കുക.
5. കേടായി കിടക്കുന്ന മീറ്ററുകൾ പ്രവർത്തനക്ഷമമാക്കുക
6. വിതരണ നഷ്ടം ഒഴിവാക്കുന്നതിനു വൈദ്യുത ലൈനുകളിൽ തട്ടുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക.
7 മിനിമം ഗ്യാരണ്ടി നൽകിയിരിക്കുന്ന ആളുകൾക്ക് എത്രയും പെട്ടന്ന് വൈദ്യുതി കണക്ഷൻ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക.
8. പഴയതും കപ്പാസിറ്റി കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.
9. കാർഷികാവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതിനു നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക.
10.വൈദ്യുതോപയോഗം ദുരുപയോഗപ്പെടുത്താതിരിക്കാൻ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറും നടത്തുക.
11.അനർട്ടിന്റെ പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തുകളിലും കൂടി വ്യാപിപ്പിക്കുക.

ട്രാൻഫോമറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ

| | |
|---|---|
| 1. | മാമ്പള്ളം |
| 2. | കല്ലച്ചിറ |
| 3. | ബളാൽ |
| 4. | ആനമഞ്ഞൾ |
| 5. | ചുള്ളി |
| 6. | നാട്ടക്കല്ല് |
| 7. | വള്ളിക്കടവ് |
| 8. | മാലോം |
| 9. | കൊന്നക്കാട് |
| 10. | വള്ളിക്കൊച്ചി |
| 11. | വെള്ളരിക്കുണ്ട് |
| 12. | ഇടത്തോട് |

സ്ട്രീറ്റ് ലൈറ്റുകൾ

| | | |
|---|---|---|
| ട്യൂബ് | 4 | |
| ബൾബ് | 76 | 40V |
| ബൾബ് | 8 | 60V |

നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| ഗാർഹികം | 969 |
| വ്യാപാരം | 155 |
| വ്യവസായം | 16 |
| കാർഷികം | 282 |

| | |
|---|---|
| ആകെ വീടുകൾ | 4259 |
| വൈദ്യുതീകരിച്ചത് | 969 |
| ഹരിജൻ കോളനികൾ | 78 |
| വൈദ്യുതീകരിച്ത് | 6 |

അവലംബം വൈദ്യുതി ബോർഡ് സെക്ഷൻ ഓഫീസ്

# മാർക്കറ്റ്

ബളാൽ പഞ്ചായത്ത് പ്രകൃതി വിഭവങ്ങളാൽ സമ്പന്നമാണ്. റബ്ബർ അടക്ക തേങ്ങ കുരുമുളക് തുടങ്ങിയ നാണ്യവിളകളും ഇഞ്ചി മഞ്ഞൾ ജാതി ഗ്രമ്പു തുടങ്ങിയ സുഗന്ധവിളകളും ഹൃസ്യകാല വിളകളായ വാഴ മരച്ചീനി എന്നിവയും ഇവിടെ സുലഭമാണ്. പഞ്ചായത്തിലെ 8% ആളുകളും കർഷകരാണ്. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാധി എല്ലാ ഗ്രാമ സഭകളിലും പൊന്തിവരുന്നു.

ഈ മേഖലയിൽ നിന്ന് എറ്റവും കൂടുതൽ ഉൽപാധിപ്പിക്കപ്പെടുന്നത് റബ്ബർ ആണ്. റബ്ബർ ശേഖരണത്തിനു വേണ്ടി ആവശ്യമായ റബ്ബർ മാർക്കറ്റിങ്ങ് സോസൈറ്റികളുടെ ശാഖകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിൽ കൂടുതൽ വില ലഭിക്കുന്നതിനാൽ പകുതിയിലധികം അന്യസംസ്ഥാനങ്ങളിലേക്ക് വ്യാപകമായി കള്ളക്കടത്തു നടത്തുന്നുണ്ട്.ഇതര ഉൽപ്പന്നങ്ങളുടെ മാർക്കറ്റിങ്ങ് നിയന്ത്രിക്കുന്നത് സ്വാകാര്യ വ്യക്തികൾ ആണ്. നമ്മുടെ പഞ്ചായത്തിൽ സ്റ്റേറ്റ് വേർ ഹൗസിന്റെ ഒരു ശാഖയുണ്ടെങ്കിലും അവയുടെ ശേഖരണ ശേഷി കുറവാണ്, ആഴ്ച ചന്തകളോ പൊതു മാർക്കറ്റിങ്ങ്

സഹകരണങ്ങളൊ നമ്മുടെ പഞ്ചായത്തിൽ ഇല്ല. മത്സ്യം മാംസം എന്നിവ വിൽക്കുന്നതിനുള്ള സ്ഥിര സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

## നിർദ്ദേശങ്ങൾ

1 കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭിക്കാനുള്ള എല്ലാ ഏർപ്പാടുകളും പഞ്ചായത്തിൽ നടപ്പിലാക്കുക.

2 പഞ്ചായത്തിന്റെ സിരാ കേന്ദ്രമായ വെള്ളരിക്കുണ്ടിലും ബളാൽ, ഇടത്തോട്, മാലോം, കൊന്നക്കാട് എന്നീ സ്ഥലങ്ങളിൽ ചന്ത സ്ഥാപിക്കുക.


3 സർക്കാർ നിയന്ത്രണത്തിൽ അടക്ക കൊപ്ര സുഗന്ധ വിളകൾ എന്നീ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

4 സ്റ്റേറ്റ് വേർ ഹൗസിന്റെ ശേഖരണ ശേഷി വർദ്ധിപ്പിക്കുക.

5 പബ്ലിക്ക ഹെൽത്ത ആക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യം മാംസം വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക

6 തുക്കത്തിലും അളവിലും കൃത്യത ഉറപ്പുവരുത്താൻ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധന നടത്തുക.

7. നിത്യോപയോഗ സാധനഹ്ങൾ ന്യായ വിലക്ക് ലഭിക്കുന്നതിനു ആവശ്യമായ മാവേലി സ്റ്റോറുകളും മറ്റു സഹകരണ സ്ഥാപനങ്ങളും പഞ്ചായത്തിൽ ആരംഭിക്കുക.



# ടൂറിസം

ടൂറിസത്തിന്റെ അനന്തസാധ്യതകൾ ബളാൽ പഞ്ചായത്തിനെ ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ നിന്നും വേറിട്ടുനിർത്തുന്നു. സഹ്യാദ്രി യുടെ സ്വന്തമായ നീലിച്ച കുടകുമലനിരക്കുകൾ, അവിടെ നിബിഡമായ വനാന്തരങ്ങൾ, പ്രകൃതി യുടെ വരദാനമായ കൊച്ചു കൊച്ചു ജലാശയങ്ങൾ, വെള്ളച്ചാട്ടങ്ങൾ, പച്ചപ്പട്ടുപുതച്ച താഴ്വാരങ്ങളും ചൈത്രവാഹിനീ തടവും ഒക്കെച്ചേർന്ന് ബളാൽ പ്രകൃതി സൗന്ദര്യത്തിന്റെ നിറകുടമായി വിളങ്ങുന്നു.

ഏതുനാടിന്റെയും വിനോദസഞ്ചാര സങ്കൽപ്പം തീർത്ഥാടനവുമായി ഇഴപിരിഞ്ഞാണ് നിലനിൽക്കുന്നത് . ബളാലിന്റെ പാതയും ഇതുതന്നെ. പുരാതനക്ഷേത്രങ്ങൾ, കാവുകൾ, ദേവസ്ഥാനങ്ങൾ എന്നിവയൊക്കെ ബളാലിന്റെ മഹത്തായ സംസ്കൃതിയുടെ ഈടുവയ്പ്പുകളെന്നതു പോലെ തീർത്ഥാടകരുടെയും വിനോദ സഞ്ചാരികളുടെയും ശാസ്ത്രചരിത്രാന്വേഷകരുടെയും ആകർഷണകേന്ദ്രവുമാണ്. നാഗരികതയുടെ ചെറിയൊരംശംപോലും സ്പർശിക്കാത്തതും പൂർണ്ണഗ്രാമത്തനിമ നിലനിർത്തുന്നതുമായ സൗഭാഗ്യങ്ങൾ ബളാലിന്റെ ടൂറിസത്തെ വികസിപ്പിക്കാൻ പര്യാപ്തമാണ്, അവവേണ്ടത്ര കണ്ടെടുക്കണമെന്നു മാത്രം.

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ അഞ്ചിലൊന്ന് വനമാണ്. ഈ വനഭൂമിയാണ് ടൂറിസത്തിന്റെ വാതായനങ്ങൾ ഏറ്റവുമധികം തുറന്നുതരുന്നതും. അതി കഠിനമായ വരൾച്ചയില്ലാത്തതും ധാരാളം മഴകിട്ടുന്നതും ചൈത്രവാഹിനിയാൽ സമ്പുഷ്ടവുമായ ബളാൽ ജൂൺ മുതൽ സെപ്തംബർ വരെയുള്ള നാലുമാസങ്ങളിലൊഴിച്ച് ബാക്കി ഏതുസമയത്തും ടൂറിസ്റ്റുകൾക്ക് അനിയോജ്യമായ കാലാവസ്ഥ ഒരുക്കുന്നു. ഇനിയും വേണ്ടത്രകണ്ടെത്താനോ പ്രയോജനപ്പെടുത്താനോ കഴിഞ്ഞിട്ടില്ലാത്ത ഒന്നാണ് ബളാലിന്റെ ടൂറിസം. നമുക്കതിനെ വേണ്ടരീതിയിൽ ഉപയോഗിക്കണം. അതിനുകഴിഞ്ഞാൽ ജില്ലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് സെൻററായിരിക്കും ബളാൽ പഞ്ചായത്ത്.

ഒന്നാം വാർഡ് പള്ളത്തുമല-അരൂങ്കല്ല് വനമേഖലയിലെ കാവേരിക്കുളം, 13ാം വാർഡ് കൊന്നനം കാട് പുലികല്ല് ഏഴാം വാർഡ് പോപ്പുലർ വനമേഖലയിലെ ഹിമദുർഗ, 8ാം വാർഡ് വള്ളിക്കടവിലെ ഒട്ടേമാളം വെള്ളച്ചാട്ടം, കോട്ടഞ്ചേരി എന്നിവയാണ് ടൂറിസ്റ്റ് വികസന സാധ്യതയുള്ള പ്രദേശങ്ങൾ. ഇതിൽ കൊട്ടഞ്ചേരി ടൂറിസ്റ്റ് സെൻറർ എന്നനിലയിലും ജൈവശാസ്ത്ര പഠനകേന്ദ്രമെന്നനിലയിലും ഇതിനകം സംസ്ഥാനാന്തര പ്രശസ്തിനേടിക്കഴിഞ്ഞിട്ടുണ്ട്.

**കാവേരിക്കുളം** : കാവേരിക്കുളത്തിന് തലക്കാവേരിയിലെ (കർണാടക) പുരാതനക്ഷേത്ര പാരമ്പര്യവുമായി ബന്ധമുണ്ട്. ഇടത്തോട് പള്ളത്തുമല - അരിങ്കല്ല് വനമേഖലയിൽ കുറുമാണം എന്ന സ്ഥലത്താണ് കാവേരിക്കുളം. ഇടത്തോട് നിന്ന് കാൽനടയായി രണ്ട് മണിക്കൂർ യാത്രയുണ്ട് ഇവിടേയ്ക്ക്. ജീപ്പ് റോഡ് കാവേരിക്കുളം വരെ എത്തും. പ്രകൃതിയുടെ മനോഹരമായ ദൃശ്യമാണ് ഇവിടുത്തെ പ്രധാനപ്രത്യേകത. സമുദ്ര നിരപ്പിൽ നിന്നും 3000ത്തിലധികം അടി ഉയരത്തിലുള്ള ഈ സ്ഥലം സഞ്ചാരികളുടെ മനം കുളിർപ്പിക്കും. ബ്രിട്ടീഷ് ഭരണകാലത്തുതന്നെ അവർ സുഖ വാസകേന്ദ്രമായി ഉപയോഗിച്ചുവന്ന 'ഡമ്പടിച്ചമൊട്ട' എന്ന വനാന്തരത്തിലെ മൈതാനം

ഏറെ ആകർഷകമാണ്.

**പുലിക്കല്ല്** : ബളാൽ-പനത്തടി പഞ്ചായത്തുകളുടെ അതിർത്തിതിരിക്കുന്ന കൊന്നനം കാട് ശൈലശൃംഗത്തിലാണ് പുലിക്കല്ല്. രണ്ട് വമ്പൻ പാറക്കെട്ടുകൾക്കിടയിൽ നിലവിലുള്ള വലിയ ഗുഹയാണ് ഇവിടുത്തെ ആകർഷണകേന്ദ്രം പണ്ട് കാലത്ത് പുലി താമസിച്ചിരുന്നതാണിവിടം എന്ന് കരുതുന്നു. നിബിഡ വനമാണ് ചുറ്റും. ഇതിനോടടുത്ത് തന്നെയുള്ള മുത്തപ്പൻ ക്ഷേത്രം ഏറെ പാരമ്പര്യമുള്ളതും പ്രശസ്തവുമാണ്. ബളാലിൽ നിന്ന് കാൽനടയായി ഒരു മണിക്കൂർ യാത്ര വേണം പുലിക്കല്ലിലേക്ക്. ജീപ്പ് റോഡുണ്ട്.

**ഹിമദുർഗ** : 7ാം വാർഡിലെ പോപ്പുലർ എസ്റ്റേറ്റുഭാഗത്തെ പുലിപ്പാറയും സമീപ ഭൂമിയും പ്രകൃതികനിഞ്ഞനുഗ്രഹിച്ച ദേശമാണ്. സമുദ്ര നിരപ്പിൽ നിന്നും 3500 അടിയിലധികം ഉയരമുള്ള ഈ പ്രദേശം നിബിഡമായ വന ഭൂമിയും പുൽമേടുകളും കൊണ്ട് നിറഞ്ഞതാണെന്ന് മാത്രമല്ല എപ്പോഴും മഞ്ഞുമൂടിക്കിടക്കുന്നവയുമാണ്. പനത്തടി പഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ റാണിപുരം ഹിമദുർഗയിലെ പുലിപ്പാറയിൽ നിന്ന് ഏറെ ദൂരെയല്ല. ഇവിടെ ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ വക ടൂറിസ്റ്റ് കോട്ടേജുകളും റെസ്റ്റ് ഹൗസുകളും നിർമ്മിക്കേണ്ടതാണ്.

**ഒട്ടേമാളം വെള്ളച്ചട്ടം** : വള്ളിക്കടവിൽ നിന്നും അരമണിക്കൂർ നടന്നാൽ ഒട്ടേമാളം വെള്ളച്ചാട്ടത്തിൽ എത്തിച്ചേരാം. ജീപ്പ്റോഡുണ്ട്. വലിയ പാറക്കെട്ടുകൾക്ക് മുകളിൽ നിന്നും 25 മീറ്ററോളം താഴേക്ക് പതിക്കുന്ന ജലപ്രവാഹമാണ് ഇത്. ഏത് കൊടും വേനലിലും വറ്റാത്ത ഈ ജലപാതം വേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതിനോട് ചേർന്നുതന്നെ രണ്ട് മാളങ്ങളുമുണ്ട്. മാളത്തിനുള്ളിൽ ഒരിക്കലും വറ്റാത്തരണ്ട് ചെറിയ തടാകങ്ങൾ ഏതു സഞ്ചാരിയുടെയും മനം കുളിർപ്പിക്കാൻ പര്യാപ്തമാണ്.

**കോട്ടഞ്ചേരി** : ബേക്കൽ കഴിഞ്ഞാൽ ജില്ലയിലേറ്റവുമധികം വിനോദസഞ്ചാരികൾ എത്തുന്നത് കോട്ടഞ്ചേരിയിലാണ്. ഇതിനുകാരണം കോട്ടഞ്ചേരിയിലെ പ്രകൃതിസൗന്ദര്യം മാത്രമല്ല ജൈവശാസ്ത്രപ്രാധാന്യം കൂടിയാണ്. സമുദ്ര നിരപ്പിൽ നിന്നും 3500 അടിയിലധികം ഉയരമുണ്ട് ഇവിടുത്തെ ചിത്രദുർഗ (പന്നിയൂർ മാനി) തായേൻ കല്ല് (കുമ്പൻ മല) എന്നിവയ്ക്ക് കടുത്തവേനലിലും ഇവിടെ കൊടും തണുപ്പ് അനുഭവപ്പെടുന്നു. ചിത്രദുർഗയിലെ ചൈത്രതാരാതടാകത്തിൽ നിന്നുമാണ് പഞ്ചായത്തിലെ പ്രധാന നദിയായ ചൈത്രവാഹിനിയുടെ ഉൽഭവം. ഇവിടെ അമ്പതിൽപ്പരം ഏക്കർ മഞ്ഞപ്പുല്ലുനിറഞ്ഞ മൈതാനമുണ്ട്. തായേൻകല്ല് ഒറ്റപ്പെട്ട കൂർത്ത മലഞ്ചെരിവാണ്. ഈ രണ്ട് ഭാഗങ്ങളിൽ നിന്നുമുള്ള വീക്ഷണം അത്യാകർഷകവും ഹൃദയഹാരിയുമാണ്. കർണാടകയിലെ തലക്കാവേരിയുടെ ബ്രഹ്മഗിരി മലനിരകളും ഡക്കാണുമടക്കം വലിയൊരു ഭൂവിസ്തൃതിമാത്രമല്ല കണ്ണൂർ-കാസർഗോഡ് ജില്ലകളുടെ ഭൂരിഭാഗം പ്രദേശവും ഇവിടെ നിന്ന് ദൃശ്യമാണ്. ഈ ദൂരക്കാഴ്ചയാണ് സഞ്ചാരികളെ ഇങ്ങോട്ടേയ്ക്ക് എത്തിക്കുന്നതും. ഇതിനടുത്ത് 100മീറ്റർ താഴ്ചയുള്ള കാന്തംപാറ സാഹസികർക്ക് താല്പര്യമുള്ള ഒന്നാണ്. 'കൊടൈക്കനാലിലെ സൂയിസൈഡ് പോയിൻറ് ' നെ അനുസ്മരിക്കുന്ന ഈ പാറക്കെട്ട് നല്ലൊരനുഭവം പങ്കുവയ്ക്കും. കോട്ടഞ്ചേരിയിലെ ദേവസ്ഥാനം, പട്ടികജാതി-പട്ടികവർഗ സമൂഹത്തിന്റെ നൂറ്റാണ്ടുകളായുള്ള ആരാധനാ സ്ഥലമാണ്. ഇവിടെ നിന്നും അധിക ദൂരെയല്ലാതെ അച്ചങ്കല്ല് വെള്ളച്ചാട്ടം സ്ഥിതചെയ്യുന്നു. കോട്ടഞ്ചേരിയിൽ നിന്നും തലക്കാവേരിയിലേക്കുള്ള 20കി.മി. വനയാത്രയാണ് സഞ്ചാരികളുടെ താല്പര്യവിഷയങ്ങളിൽ പ്രധാനം. കോട്ടഞ്ചേരി സന്ദർശനത്തിൽ ഇതുകൂടി ഉൾപ്പെടുത്തി പ്രകൃതിയുടെ സുഗന്ധവും രുചിയും ആസ്വദിക്കുന്നവരാണ് സഞ്ചാരികളിൽ ഏറെയും.

ജില്ലാടൂറിസം ഡവലപ്മെൻറ് അതോറിറ്റി ശുപാർശചെയ്തതും പൊതുമരാമത്ത് വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ ആൻറ് പ്ലാനിങ് ഡിപ്പാർട്ട്മെൻറ് സർവ്വേനടത്തി അംഗീകരിച്ചതുമായി പഞ്ചായത്തിന്റെ മധ്യഭാഗത്തു

കൂടിയുള്ള ഇടത്തോട്-ചെമ്പഞ്ചേരി- കോട്ടഞ്ചേരി റോഡിന്റെ വികസനം, കോട്ടഞ്ചേരിയുടെ ടൂറിസം സാധ്യതകളെയും പ്രാദേശിക പുരോഗതിയെയും ത്വരിതപ്പെടുത്തും. കോട്ടഞ്ചരിയിൽ ഇതുവരെയായും ടൂറിസ്റ്റുകൾക്കായി കോട്ടേജോ റെസ്റ്റ് ഹൗസുകളോ നിർമ്മിച്ചിട്ടില്ല എന്നത് ഒരു അപര്യാപ്തതയാണ്. ടൂറിസ്റ്റുഗൈഡുകളെയും നിയമിക്കേണ്ടതുണ്ട്. കൂടാതെ ബന്ധപ്പെട്ട നഗരങ്ങളായ കൊന്നക്കാട്ടും വെള്ളരിക്കുണ്ടും റെസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതും ഉചിതമാണ്. നീലേശ്വരത്തുനിന്നും കാഞ്ഞിരപ്പൊയിൽ-എണ്ണപ്പാറ-പാൽക്കുളം ദേവീക്ഷേത്രം- പള്ളത്തുമല (കാവേരിക്കുളം)- പാലച്ചുരം - കൊന്നനം കാട് (പുലിക്കല്ല്) - മരുതോം- പോപ്പുലർ എസ്റ്റേറ്റ് (ഹിൽ ടോപ്പ്) - പുങ്ങം - മൈക്കയം - കോട്ടഞ്ചേരി വഴി തലക്കാവേരി റോഡ് എന്ന ഒരാശയം പുതുതായി ഉയർന്നുവന്നിട്ടുണ്ട്. ഇത്തരത്തിലൊരു റോഡിന്റെ നിർമ്മാണം പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുമെന്നുമാത്രമല്ല മേൽപ്പറഞ്ഞ മിക്ക ടൂറിസ്റ്റ് സാധ്യതപ്രദേശങ്ങളെ ഒറ്ററോഡിൽ ബന്ധിപ്പിക്കാനാവുകയും ചെയ്യും ബേക്കൽ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തന പരിപാടികളുമായി കോട്ടഞ്ചേരിയെ ബന്ധിപ്പിക്കേണ്ടതാണ്.

പ്രകൃതിയെ നശിപ്പിക്കാതെ ശാസ്ത്രീയ പരിഗണനകളോടെ 'ഇക്കോടൂറിസം' എന്ന ആശയമാണ് പഞ്ചായത്തിന് ഏറ്റവും അനിയോജ്യം. പഞ്ചായത്തിലെ ടൂറിസ്റ്റ് സെൻററുകൾ ഭൂരിപക്ഷവും വനമേഖലയിലാണെന്നതിനാൽ ടൂറിസത്തിന്റെ വരവ് പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. ഇത് മുന്നിൽ കണ്ടുള്ള വികസനമാണ് ആവശ്യം . കോട്ടച്ചേരി പോലുള്ള വനഭൂമികളിലെ ജന്തു-സസ്യ വൈവിധ്യം, ഓർക്കിഡ് പുഷ്പങ്ങളുടെയും അപൂർവ്വചിത്രശലഭങ്ങളുടെയും സഞ്ചയമൊക്കെയും ടൂറിസത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഒരിക്കലും ഈ അപൂർവ്വഭാഗ്യങ്ങളെ നശിപ്പിച്ചുകൊണ്ടാവരുതെന്നു മാത്രം 'ഇക്കോടൂറിസം' എന്ന സങ്കൽപ്പത്തോട് നീതിപുലർത്തികൊണ്ട് പരിസ്ഥിത പ്രവർത്തകരുടെയും ശാസ്ത്രജ്ഞരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ച് കൊണ്ട് തികച്ചും ദീർഘവീക്ഷണത്തോടെ ശാസ്ത്രീയമായ ഒരു ടൂറിസം പദ്ധതിയാവണം പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്. ഇങ്ങനെ ചെയ്താൽ മലയാളക്കരയിലെ ഏറ്റവും മികച്ച വിനോദസഞ്ചാര കേന്ദ്രമായി ബളാൽ മാറും എന്നതിന് സംശയം വേണ്ട.

---

ബളാൽ പഞ്ചായത്തിലെ പട്ടിക ജാതി കോളനികളുടെ അടിസ്ഥാന വിവരം (ദ്രുവനം വെബ്സൈറ്റ്)

| വാർഡ് | കോളനിയുടെ പേര് | നിലവിലുള്ള വീടുകളുടെ എണ്ണം | | തുടർപദ്ധതിയിൽ വീടുകൾ | തൊഴിൽരഹിതരുടെ വിവരം |
|---|---|---|---|---|---|
| I | പടിഞ്ഞാറ്റം | 58 | 16 | 16 | 6 |
| I | കാനുമണം | 1 | -5 | 7 | — |
| II | വലിയമുറി | 4 | -5 | 5 | — |
| II | കാലത്തൂര് | 3 | 9 | 10 | — |
| II | [illegible] | | | | |
| II | പാലാവയൽ | 7 | -10 | 10 | — |
| II | കൂടക്കാവ് | 11 | 8 | 10 | — |
| II | കുടന്നോട് | 6 | 8 | 8 | — |
| II | പാറപ്പള്ളി | 9 | 3 | 5 | — |
| II | പള്ളഞ്ഞിമല | 9 | 7 | 12 | — |
| III | കണ്ണംചേച്ചി | 12 | 4 | 8 | — |

| | | | | | |
|---|---|---|---|---|---|
| " | ചിറ്റാറ്റ ചിറ | 4 | 8 | 10 | — |
| | കല്ലട ചിറ | 0 | 3 | 5 | — |
| | നരിങ്ങര I | 3 | 7 | 10 | — |
| | കിഴക്കേ ചാവ് | 1 | 5 | 10 | — |
| | കുറുമ്പനാടി | 2 | 5 | 10 | — |
| | നാരകമഠം | 5 | 4 | 5 | — |
| III | തൊണ്ണനംകാട് | 4 | 9 | 10 | — |
| " | കിണുച്ചേരി | 1 | 5 | 5 | — |
| " | തോട്ടക്കുന്ന് | 5 | 0 | 2 | — |
| " | കാനം | 0 | 14 | 14 | — |
| " | മുണ്ടമറ്റം | 7 | 3 | 5 | |
| " | ചിറ്റനാൽ | 1 | 2 | 5 | E |
| " | നരിക്കുഴി | 40 | 11 | 12 | E |
| " | അഞ്ഞിലിത്താഴെ | 16 | 8 | 10 | E |
| " | പൊടിപ്പാറ | 13 | 3 | 5 | E |
| III | നരിങ്ങര | 10 | 0 | 3 | E |
| | വീട്ടിലാടി | 4 | 2 | 3 | — |
| | പാലൂരാം | 0 | 7 | 10 | — |
| V | നലിപ്പുറം | 20 | 15 | 15 | — |
| | പെരിങ്ങാട് | 9 | 10 | 10 | — |
| | മരുതുങ്കുഴ | 8 | 16 | 18 | — |
| | മുടമല | 5 | 7 | 8 | — |
| | പൊന്നുരുന്നി | 4 | 5 | 6 | — |
| | നാരകത്താഴെ | 15 | 18 | 18 | E |
| | പെരേരി | 13 | 13 | 22 | — |
| | പാണിഞ്ഞാറ I | 14 | 17 | 25 | E |
| | കാരാമ | 8 | 8 | 10 | — |
| | പാണിഞ്ഞാറ II | 10 | 7 | 10 | E |
| | കുമ്പുക | 4 | 5 | 5 | — |
| | കായത്തുങ്ങ | 11 | 6 | 7 | E |
| | പാടി | 11 | 2 | 5 | E |
| | മുണ്ടി | 6 | 12 | 16 | — |
| | പുരുഷോത്തമൻ | 20 | 15 | 20 | — |
| | കണ്ണിപറമ്പിൽ | 10 | 18 | 22 | — |
| | കുമ്പുങ്കുഴ | 7 | 16 | 22 | — |
| | പാറത്തോട് | 4 | 6 | 6 | — |
| | വലിയപുരയിടം | 6 | 6 | 7 | — |
| | പടപ്പുകുഴി | 3 | 30 | 13 | — |
| | കുന്നി | 7 | 10 | 12 | — |
| | മുക്കുഴി | 1 | 5 | 7 | — |
| | വണ്ടമറ്റം | 2 | 7 | 10 | — |
| | മുതിരപ്പാടം | 4 | 13 | 16 | — |

| | | | | | |
|---|---|---|---|---|---|
| VII | നന്ദ്യാർവട്ടം | | 18 | 23 | — |
| " | പുന്ന. | | 20 | 25 | — |
| " | പുത്തരിച്ചി | 1 | 2 | 5 | — |
| VIII | കാർഗുട്ടിച്ചാൽ | | 24 | 25 | — |
| " | ചെറിചാടി | 7 | 9 | 9 | — |
| " | വട്ടിക്കടവ്. | 5 | 0 | 2 | — |
| " | മരോട്ടിമുക്ക്. | 2 | 3 | 6 | — |
| " | കിഴിച്ചാൽ | 0 | 6 | 8 | — |
| " | വായിൻകൊച്ചു) | 11 | 5 | 6 | — |
| " | നെല്ലായം. | 30 | 20 | 25 | — |
| IX | കണ്ടാടി. | 10 | 7 | 8 | — |
| " | കോഴിക്കര. | 8 | 8 | 14 | — |
| " | തുണ്ടത്തട്ട് | 3 | 10 | 13 | — |
| " | നെടുങ്കാച്ചാൽ | 2 | 14 | 17 | — |
| " | മണ്ണുചാൽ | 6 | 10 | 12 | — |
| X | കോട്ടേരി | 6 | 13 | 15 | — |
| " | വാഴത്തട്ട് | 10 | 3 | 8 | — |
| " | മുതുകാടവ് | 4 | 10 | 15 | — |
| " | വലിയപാലത്തടം | 4 | 10 | 12 | — |
| " | പുഷ്പഗിരി കോളനി. | 21 | 41 | 45 | — |
| " | തെക്കിൽ. | 9 | 15 | 17 | — |
| " | മുണ്ടടി | 12 | 13 | 15 | — |
| " | തിടവന്നൂർ മുണ്ട | 6 | 15 | 15 | — |
| " | അരിപ്പാറ. | 3 | 3 | 8 | — |

(പഞ്ചായത്തിലെ [illegible] തെറ്റായി രേഖപ്പെടുത്തിയതാണ് [illegible] കാരണം ഇവിടെ [illegible] വിട്ടുകൊടുത്തിട്ടുണ്ട്)

# ഉപസംഹാരം

ഉൽപാദന മേഖലകളിലും സേവനത്തുറകളിലും ഇന്നുള്ള പ്രശ്നങ്ങളും സാധ്യതകളും വസ്തുനിഷ്ഠമായി തന്നെ കണ്ടെത്താൻ കഴിഞ്ഞു.വെന്നതു തന്നെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയമായി കാണണം ജനങ്ങൾ ആവേശ പൂർവ്വം ഗ്രാമസഭകളിൽ പങ്കെടുത്ത് അവരുടെ ആശയാഭിലാഷങ്ങൾ അറിയിച്ചു കഴിഞ്ഞു. തങ്ങൾക്ക് അടിസ്ഥാന ജീവിത സൗകര്യംകിട്ടാനുള്ള ആഗ്രഹം സഫലീകരിക്കാനുള്ള പരിപാടികളുടെ തുടക്കം കുറിച്ചു കഴിഞ്ഞതായി അവർ മനസ്സിലാക്കുന്നു. .

വികസന പ്രക്രിയയിൽ സങ്കുചിതമായ ജാതി മത ചിന്തകൾക്കോ കക്ഷിരഷ്ട്രിയ ചിന്തകൾക്കോ പ്രസക്തിയില്ല. നാടിന്റെ സമഗ്രമായ വികസനത്തിനും മാത്രമാണിവിടെ ലക്ഷ്യം. നാം തയ്യാറാക്കിയ വികസന റിപ്പോർട്ട് ജനകീയാസൂത്രണത്തിന്റെ ഏക വിലപ്പെട്ട രേഖയാണ്. പഞ്ചായത്ത് ഫണ്ടുകളെയും സർക്കാർ ഫണ്ടുകളെയും മാത്രം ആശ്രയിച്ച് എല്ലാ വികസന പ്രവർത്തനങ്ങളും നടത്താൻ കഴിയുമെന്ന് തോന്നുന്നില്ല. സന്നദ്ധ സേവന പ്രവർത്തനങ്ങളിലൂടെയുള്ള ബഹുജന മുന്നേറ്റം ആവശ്യമാണ്.

ഉൽപാദന മേഖലയായ കൃഷിയെ പുനരുജ്ജീവിപ്പിക്കുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്താൽ മാത്രമേ പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മയും സാമ്പത്തിക മാന്ദ്യത്തിനും പരിഹാരമാകുകയുള്ളൂ വളരെയേറെ പ്രതീക്ഷകളോടെ ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങളുടെ ആഗ്രഹപൂർത്തികരണത്തിന് 100% സാധ്യതയില്ലങ്കിൽ തന്നെയും പഞ്ചായത്തിന്റെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് പരമാവധി വികസന പ്രവർത്തനങ്ങൾ നടത്താൻ നമുക്ക് കഴിയും. നമ്മുടെ ഇച്ഛാ ശക്തിയും പ്രബുദ്ധതയും അത്രമാത്രം ഉയർന്നതാണ്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആത്മാർത്ഥമായ സേവനം അർപ്പിച്ച എല്ലാ മാന്യ വ്യക്തികൾക്കും ഞങ്ങൾ ഈ അവസരത്തിൽ നന്ദി പറഞ്ഞു കൊള്ളുന്നു.

പത്രാധിപസമിതി.

| | | |
|---|---|---|
| P. K. വർഗ്ഗീസ് മാസ്റ്റർ, | പി. കുഞ്ഞികൃഷ്ണൻ നായർ | പി. മോഹനൻ |
| കെ. അമ്പാടികുഞ്ഞി, | സി. വി. ബാലകൃഷ്ണൻ | വി.എം. ഷാഹുൽ ഹമീദ് |

| | | |
|---|---|---|
| Dr. നരേന്ദ്രൻ | Dr. ടി. കെ. വിജയകുമാർ | പി. കുഞ്ഞമ്പു മാസ്റ്റർ |
| മേലത്ത് മാധവൻ നായർ | ടി. വി. ഭാസ്ക്കരൻ | ടി. എച്ച്. മുഹമ്മദാലി |
| കെ. ശിവദാസ് | ബേബി. എം. പി. | അഗസ്റ്റ്യൻ മാസ്റ്റർ |
| ജി. ടി. മടപ്പള്ളി | എ. പി. ഷാജി | കെ. ബാബു |
| എബ്രഹാം ജോസഫ്. ടി | ഷിബു സ്ക്കറിയ | അജയഘോഷ് |
| ജോയി ആലുങ്കൽ | റോണി ഇ. ജി. | പി. സി. രഘുനാഥൻ |
| ആർ. ഭാസ്ക്കരൻ | ബിജു തോമസ്സ് | ജോസ് കുട്ടി അറയ്ക്കൽ |
| പി. കെ രാമചന്ദ്രൻ | ഷാജു തോമസ്സ് | എൻ. വി. ജോസഫ് |
| എ. സി ലത്തീഫ് | സുദർശൻ മാസ്റ്റർ | മോണിക്കാമ്മ ടീച്ചർ |
| എം. എ. ലൈല | പി. രാഘവൻ | പി. വി. ബൾക്കീസ് |
| ആശ .ആർ | | |

| | | |
|---|---|---|
| യു. സദാനന്ദ | കെ.ജി. ഗോപാലകൃഷ്ണ പിള്ള | കെ. പി. മാത്യു |
| കെ. സുരേഷ് | കെ. അയിത്തപ്പ | ടി. കണ്ണൻ |
| കെ. കുമാരൻ | | |

## ബളാൽ പഞ്ചായത്തിലെ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

| സ്ഥാപനം | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|
| 1. ഗ്രാമ പഞ്ചായത്ത് ഓഫീസ് | ബളാൽ |
| 2. കൃഷി ഭവൻ | ബളാൽ |
| 3. സബ്ബ് രജിസ്ട്രർ ഓഫീസ് | ബളാൽ |
| 4. ഹോമിയോ ഡിസ്പെൻസറി | ബളാൽ |
| 5. പോലീസ് സർക്കിൾ ഓഫീസ് | വെള്ളരിക്കുണ്ട് |
| 6. പോലീസ് സ്റ്റേഷൻ | വെള്ളരിക്കുണ്ട് |
| 7. സ്റ്റേറ്റ് വേർ ഹൗസ് | വെള്ളരിക്കുണ്ട് |
| 8. ജില്ലാ സഹകരണ ബാങ്ക് ശാഖ | വെള്ളരിക്കുണ്ട് |
| 9. ഹൗസിങ്ങ് ബോർഡ് ഓഫീസ് | വെള്ളരിക്കുണ്ട് |
| 10 റബ്ബർബോർഡ് ഫീൽഡ് ഓഫീസറുടെ ഓഫീസ് | വെള്ളരിക്കുണ്ട് |
| 11. സബ്ബ് ട്രഷറി | വെള്ളരിക്കുണ്ട് |
| 12. പട്ടിക ജാതി സഹകരണ സംഘം | ഇടത്തോട് |
| 13. ഫോറസ്റ്റ് ഓഫീസ് | കൊന്നക്കാട്,മരുതോം |
| 14. മൃഗാശുപത്രി | കൊന്നക്കാട് |
| 15. ഐ.സി.ഡി.പി.സബ്ബ് സെൻറർ (4) | ഇടത്തോട്, ബളാൽ, കനകപ്പള്ളി, മാലോം |
| 16. ക്ഷീര സഹകരണ സംഘം (5) | ഇടത്തോട്, ബളാൽ, വെള്ളരിക്കുണ്ട്, മാലോം, കൊന്നക്കാട്. |
| 17. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഡിപ്പോ | വെള്ളരിക്കുണ്ട്, കോലുങ്കാൽ,കൊന്നക്കാട് |
| 18. മാലോം സർവ്വീസ് സഹകരണ ബാങ്ക് | H O ബളാൽ, Br.മാലോം, കൊന്നക്കാട് |
| 19. ചകിരി വ്യവസായ സഹകരണ സംഘം | മാലോം |
| 20 കശുവണ്ടി സംസ്കരണ കേന്ദ്രം | വള്ളിക്കടവ് |
| 21 വില്ലേജ് ഓഫീസ് (2) | ബളാൽ, വള്ളിക്കടവ് |
| 22 വില്ലേജ് ഏക്സ്റ്റൻഷൻ ഓഫീസ് (2) | മാലോം, ബളാൽ |
| 23. ടെലിഫോൺ എക്സ്ചേഞ്ച് (2) | ബളാൽ, മാലോം |

| | |
|---|---|
| 24. ഗ്രാമീൺ ബാങ്ക് ശാഖ (2) | വെള്ളരിക്കുണ്ട്,വള്ളിക്കടവ് |
| 25. ഹൈസ്കൂളുകൾ | ബളാൽ, വെള്ളരിക്കുണ്ട് വള്ളിക്കടവ് |
| 26. പ്രൈമറിസ്കൂളുകൾ (7). | ഇടത്തോട്, കനകപ്പള്ളി കല്ലംചിറ, ചുള്ളി, വെള്ളിരിക്കുണ്ട്, ചെമ്പൻചേരി,കൊന്നക്കാട് |
| 27. പാരൽ കോളജുകൾ(2) | വള്ളിക്കടവ്, മാലോം |
| 28. ജനവിദ്യാ കേന്ദ്രം (2) | ബളാൽ ,കൊന്നക്കാട് |
| 29. പ്രാഥമിക ആരോഗ്യ കേന്ദ്രം (2) | വെള്ളരിക്കുണ്ട്, കൊന്നക്കാട് |
| 30. കുടുംബ ക്ഷേമ ഉപ കേന്ദ്രം (6) | ഇടത്തോട്, കുഴിങ്ങാട്, ബളാൽ, ചുള്ളി, കൊന്നക്കാട്, മാലോം |
| 31. ആയൂർവ്വേദ ഡിസ്പെൻസറി | മാലോം |
| 32 സ്വകാര്യാശുപത്രി (3 ) | വള്ളിക്കടവ്, മാലോം,കൊന്നക്കാട് |
| 33. അംഗൻവാടി (12) | ഇടത്തോട്, കനകപ്പള്ളി, പൊടിപ്പള്ളം, പാത്തിക്കര, മരുതുംകുളം, കാര്യോട്ട് ചാൽ, മാലോം , പുങ്ങ, കൊന്നക്കാട്, അശോകചാൽ, മുട്ടോംകടവ്. |
| 34. പോസ്റ്റോഫീസ് | കനകപ്പള്ളി, ബളാൽ, വെള്ളരിക്കുണ്ട്, ദർഘാസ്, ചുള്ളി, വള്ളിക്കടവ്, കൊന്നക്കാട്, മുട്ടോംകടവ്. |
| 35. റേഷൻ ഷോപ്പുകൾ | ഇടത്തോട്, മങ്കയം, ബളാൽ, പാത്തിക്കര, മാലോം, വള്ളിക്കടവ്, കൊന്നക്കാട്, വാഴത്തട്ട്. |
| 36. സിനിമ ശാലകൾ (2) | വെള്ളരിക്കുണ്ട്, മാലോം |
| 37. കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ സെൻറർ | ബളാൽ |

## THE MALOTH SERVICE CO- OP : BANK LTD.
## NO. C.189 (LL) P.O.Balal

**H.O. BALAL:**
**BR. 1. Maloth 2. Konnakkad.**

| | |
|---|---|
| **No. of Members** | **: 6289** |
| **Share Capital** | **: 15 Lakhs.** |
| **Deposits** | **: 219 Lakhs.** |
| **Berrowings.** | **: 124 Lakhs.** |
| **Members Loan** | **:302 Lakhs.** |
| **Working Capital** | **:361** |

**We accepts all kind of Deposits on attractive rates of interest.**

**GEORGE..K..MUTHOLY.** (PRESIDEENT)

**A.K.LAAKSHMANAN** (SECRETARY)



പ്രകൃതി വിഭവ പഠനപദ്ധതിപ്രവർത്തനങ്ങളുടെ ഭാഗമായി ബളാൽ പഞ്ചായത്ത് സെനേറ്റിൽ കോട്ടഞ്ചേരി മുനിയുന്നു.

## ജനകീയാസൂത്രണം ഉദ്ഘാടനം

വെള്ളരിക്കുണ്ട്: ജനകീയ ആസൂത്രണ പദ്ധതി ബളാൽ ഗ്രാമപഞ്ചായത്ത് ഒരു പുതിയ പരീക്ഷണ പദ്ധതിക്ക് പ്രസിഡന്റ് എസ്. [illegible] ഉദ്ഘാടനം ചെയ്തു. [illegible]

ബളാൽ പഞ്ചായത്തംഗം ജോസ് കോട്ടൂരിനെയും പഞ്ചായത്ത് സെക്രട്ടറി ഇഞ്ചനാട്ടുകുന്നേൽ കെ. ശങ്കരൻ, മാണി കുമ്പതടം, പി.വി. മൈക്കിൾ പ്രസംഗിച്ചു. കെ.കെ. രാഘവൻ, പി. കുഞ്ഞിക്കൃഷ്ണൻ നായർ, ഷാഹുൽ ഹമീദ്, പി.കെ.വർഗീസ് പി മോഹനൻ ക്ലാസുടുത്തു.

സമാപന സമ്മേളനം ബളാൽ പഞ്ചായത്തംഗം എൻ.ടി. മാത്തുക്കുട്ടിയുടെ അധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എവി. മാത്യു ഉദ്ഘാടനം ചെയ്തു. പി.കെ. രാമചന്ദ്രൻ, പി. രാമചന്ദ്രൻ, പി. കുഞ്ഞിക്കണ്ണൻ, ഷാജൻ കൈപ്പൻമ്പ്, ജോർജ്ജ് കുട്ടി നന്ദിയും പ്രസംഗിച്ചു.

# ബളാലിൽ ഗ്രാമസഭ ഇന്നു തുടങ്ങും

വെള്ളരിക്കുണ്ട്: ബളാൽ പഞ്ചായത്തിൽ ഗ്രാമസഭകൾ ഇന്നു തുടങ്ങും. 4-ാം വാർഡിൽ രാവിലെ 10 മണിക്ക് ബളാൽപടി സെന്റ്മേരീസ് എൽ.പി. സ്കൂളിലും 2-ാം വാർഡിൽ 2 മണിക്ക് ആനക്കല്ല് എൽ.പി. സ്കൂൾ കെട്ടിടത്തിലുമാണ് ഗ്രാമസഭകൾ നടക്കുക.


20ന് 10.30ന് 1-ാം വാർഡിലും (ഇരുമ്പോട് എൽ.പി. സ്കൂൾ) 2 മണിക്ക് 6-ാം വാർഡിലും (ചുള്ളി എൽ.പി. സ്കൂൾ) 3 മണിക്ക് 5-ാം വാർഡിലും (നർമ്മദാനഗർ എൽ.പി. സ്കൂൾ) 3 മണിക്ക് 3-ാം വാർഡിലും (കുന്ന് പിറവത്തൂർ പി. എസ്.) 4 മണിക്ക് 9-ാം വാർഡിലും (ബളാൽ എൽ.പി. സ്കൂൾ) 4 മണിക്ക് 7-ാം വാർഡിലും (കൊന്നക്കാട് എൽ.പി. സ്കൂൾ) 4 മണിക്ക് 8-ാം വാർഡിലും (വെള്ളരിക്കുണ്ട് ഗവ. എൽ.പി. സ്കൂൾ) 29ന് രാവിലെ 10 മണിക്ക് 8-ാം വാർഡിലും (ഗവ. എൽ.പി. സ്കൂൾ) ഗ്രാമസഭകൾ നടക്കും.

### ശില്പശാല നടത്തി

കാലാനുസൃത മാറ്റത്തിനനുസരിച്ചുള്ള സാമൂഹ്യ-സാമ്പത്തിക ക്രമീകരണം എന്ന വിഷയത്തിൽ ബളാൽ ഗ്രാമപഞ്ചായത്ത് വെള്ളരിക്കുണ്ട് ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ശില്പശാല നടത്തി. ബളാൽ പഞ്ചായത്ത് പ്രസിഡന്റ് എവി. മാത്യു ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം കെ.പി. സുനിത അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. മോഹനൻ, ഉദ്യോഗസ്ഥരായ കെ. ശങ്കരൻ, പി. കുഞ്ഞിക്കണ്ണൻ നായർ, കെ.പി. സുനിത, പി. കുഞ്ഞിക്കണ്ണൻ നായർ (ബ്ലോ. പ്ല. സി), സി. ഭാസ്കരൻ (സൂക്ഷ്മ) എന്നിവർ ക്ലാസെടുത്തു.

### പ്രേക്ഷേപണം നല്ല

[illegible] പ്രേക്ഷേപണത്തെ [illegible] ഗ്രാമസഭകൾ [illegible] ഗ്രാമസഭകൾ [illegible] ഗ്രാമസഭകൾ






DONATED BY
S.H.S.MALOTHY
VALLIKADAY

